ഗൾഫ് ചന്ദ്രിക

www.chandrikadaily.com

# ഗൾഫ് ചന്ദ്രിക

13
ജൂൺ 2024
വ്യാഴം
1445 ദുൽഹജ്ജ് 07
1199 എടവം 30
പേജ് 20
അബുദാബി

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily | Managing Director: Panakkad Syed Sadikali Shihab Thangal

facebook.com/@gulfchandrika
instagram.com/@gulfchandrika
youtube/@gulfchandrika





കുവൈത്തിലെ മെംഗെഫിൽ മലയാളികൾ ഉൾപ്പെടെ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പിലുണ്ടായ വൻ അഗ്നിബാധയെതുടർന്ന് തീയണക്കാനുള്ള അഗ്നിശമന സേനയുടെ ശ്രമം

# കുവൈത്തിലെ ലേബർ ക്യാമ്പിൽ വൻ അഗ്നിബാധ

## 11 മലയാളികൾ ഉൾപ്പെടെ 49 മരണം | 40 പേരും ഇന്ത്യക്കാർ

ഫാറൂഖ് ഹമദാനി
കുവൈത്ത് സിറ്റി

- ദുരന്തം കുവൈത്തിലെ മംഗെഫിൽ ഇന്നലെ പുലർച്ചെ
- 40ലേറെ ഇന്ത്യക്കാർക്ക് പരിക്ക്, പലരുടേയും നില ഗുരുതരം
- അഗ്നിബാധയുണ്ടായത് ആറു നില കെട്ടിടത്തിൽ, രക്ഷപ്പെടാനായി പുറത്തേക്ക് ചാടിയവരും മരിച്ചു
- കേന്ദ്ര വിദേശകാര്യസഹമന്ത്രി കുവൈത്തിലേക്ക് തിരിച്ചു

കുവൈത്തിലെ മംഗെഫിൽ തൊഴിലാളികൾ താമസിക്കുന്ന ക്യാമ്പിൽ വൻ തീപിടിത്തം. ആറു നില കെട്ടിടത്തിലുണ്ടായ അഗ്നിബാധയിൽ 11 മലയാളികൾ ഉൾപ്പെടെ 40 ഇന്ത്യക്കാർ മരിച്ചു. വിദേശികൾ ഉൾപ്പെടെ 49 പേർ മരിച്ചതായാണ് ഔദ്യോഗിക സ്ഥിരീകരണം. രണ്ട് ഫിലിപ്പൈൻ പൗരന്മാരും രണ്ട് ബംഗ്ലാദേശികളും ഒരു നേപ്പാളി പൗരനും മരിച്ചവരിൽ ഉൾപ്പെടും. 50ലേറെ പേർക്ക് പരിക്കേറ്റിട്ടുണ്ട്.

46 ഇന്ത്യക്കാർക്ക് പരിക്കേറ്റതായി കുവൈത്തിലെ ഇന്ത്യൻ എംബസി വഴി വിവരം ലഭിച്ചതായി കേന്ദ്ര വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു. പരിക്കേറ്റവരിലും നിരവധി മലയാളികൾ ഉൾപ്പെടും. കണ്ണൂർ, കാസർക്കോട് ജില്ലക്കാരാണ് ഏറെയും. ഏതാനും പേരുടെ നില ഗുരുതരമായതിനാൽ മരണ സംഖ്യ ഉയർന്നേക്കും. നടപടികൾ ഏകോപിപ്പിക്കുന്നതിനായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി കുവൈത്തിലേക്ക് തിരിച്ചു.

മലയാളി ഉടമയുടെ കീഴിലുള്ള എൻ.ബി.ടി.സി കമ്പനിയുടെ തൊഴിലാളികൾ താമസിക്കുന്ന കെട്ടിടങ്ങളിൽ ഒന്നിലാണ് ഇന്നലെ പുലർച്ചെ നാലു മണിയോടെ അഗ്നിബാധയുണ്ടായത്. താഴത്തെ നിലയിലെ അടുക്കളയിൽ നിന്നാണ് തീപടർന്നതെന്നാണ് നിഗമനം. അടുക്കളയോടു ചേർന്ന് സൂക്ഷിച്ചിരുന്ന ഗ്യാസ് സിലിണ്ടർ ശേഖരം പൊട്ടിത്തെറിച്ചത് ദുരന്തത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. എൻ.ബി.ടി.സി ലേബർ ക്യാമ്പിലെ നാലാം നമ്പർ കെട്ടിടത്തിലായിരുന്നു അഗ്നിബാധ. നിമിഷ നേരങ്ങൾക്കകം ആദ്യ നില തീവിഴുങ്ങി. താഴെ നിലയുടെ ചുറ്റുഭാഗവും കെട്ടി മറച്ചിരുന്നതിനാൽ പുക മുഴുവൻ കെട്ടിടത്തിനുള്ളിലേക്ക് ഇരച്ചുകയറി. ശ്വാസംമുട്ടിയാണ് കൂടുതൽ പേരും മരിച്ചത്. പൊള്ളലേറ്റു മരിച്ചവരുടെ മൃതദേഹങ്ങൾ തിരിച്ചറിയാൻ കഴിയാത്ത നിലയിലാണ്.

അപകട വിവരമറിഞ്ഞ ഉടനെ വിവിധ ഗവർണറേറ്റുകളിൽ നിന്നും അഗ്നിശമന സേന സംഭവസ്ഥലത്ത് കുതിച്ചെത്തി രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടു. തീ വളരെ വേഗം നിയന്ത്രിക്കാനായെങ്കിലും ബഹുനില കെട്ടിടം കനത്ത പുകയിൽ മൂടിയത് അകത്ത് കുടുങ്ങിയവരെ പുറത്തെത്തിക്കുന്ന ദൗത്യം ദുഷ്കരമാക്കി. മുകളിലെ നിലകളിൽ നിന്ന് പ്രാണരക്ഷാർത്ഥം താഴെക്ക് ചാടിയ ചിലരും മരിച്ചു. മറ്റു ചിലർക്ക് ഗുരുതരമായി പരിക്കേറ്റു.

പരിക്കേറ്റവരിൽ ഏഴു പേരുടെ നില ഗുരുതരമാണെന്നും ഇതിൽ അഞ്ചുപേർ വെന്റിലേറ്ററിലാണെന്നുമാണ് വിവരം. സാരമായി പരിക്കേറ്റ 21 പേരെ അദാൻ ആശുപത്രിയിലും 11 പേരെ മുബാറക് അൽ കബീർ ആശുപത്രിയിലും നാലു പേരെ ജാബിർ ആശുപത്രിയിലും ആറു പേരെ ഫർവാനിയ ആശുപത്രിയിലുമാണ് പ്രവേശിപ്പിച്ചിരിക്കുന്നത്. കുവൈത്ത് പ്രതിരോധ മന്ത്രി ഷെയ്ഖ് ഫഹദ് യൂസഫ് അൽ സബാഹും ഉയർന്ന പ്രതിരോധ മന്ത്രാലയം ഉദ്യോഗസ്ഥരും സംഭവ സ്ഥലത്ത് നേരിട്ടെത്തി.

പരിക്കേറ്റ് വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നവരെ ഇന്ത്യൻ സ്ഥാനപതി ആദർശ് സൈക്യ സന്ദർശിച്ചു. കുവൈത്ത് കെ.എം.സി.സി പ്രസിഡന്റ് സയ്യിദ് നാസർ അൽ മഷ്ഹൂർ തങ്ങൾ, ജനറൽ സെക്രട്ടറി മുസ്തഫ കാരി എന്നിവരും സ്ഥാനപതിക്കൊപ്പമുണ്ടായിരുന്നു. ദുരന്തമുണ്ടായ കെട്ടിടത്തിലെ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപന ഉടമയെയും ഉദ്യോഗസ്ഥരെയും കെട്ടിടത്തിന്റെ കാവൽക്കാരനെയും അറസ്റ്റ് ചെയ്യാൻ ആഭ്യന്തര മന്ത്രി ഷെയ്ഖ് ഫഹദ് അൽ സബാഹ് ഉത്തരവിട്ടു. നിയമങ്ങൾ ലംഘിച്ച് പ്രവർത്തിക്കുന്ന എല്ലാ കെട്ടിടങ്ങളിൽ നിന്നും 24 മണിക്കൂറിനകം താമസക്കാരെ ഒഴിപ്പിക്കാനും നിർദേശം നൽകിയിട്ടുണ്ട്. അഹമ്മദി ഗവർണറേറ്റ് നഗരസഭയിലെ മുതിർന്ന ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യാൻ കുവൈത്ത് നഗരസഭാ ഡയറക്ടർ ജനറൽ എഞ്ചിനീയർ സൗദ് അൽ ദബ്ബൂസ് ഉത്തരവിട്ടു. സംഭവത്തിൽ മുനിസിപ്പാലിറ്റി വിപുലമായ അന്വേഷണം നടത്തുമെന്നും അദ്ദേഹം അറിയിച്ചു.



രഞ്ജിത്ത് · ആകാശ് · ഷമീർ · സ്റ്റീഫൻ · കേളു

### സാദിഖലി തങ്ങൾ അനുശോചിച്ചു

മലപ്പുറം: കുവൈത്തിൽ 49 പേർക്ക് ജീവൻ നഷ്ടമായ അഗ്നിബാധാ ദുരന്തത്തിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അനുശോചനം രേഖപ്പെടുത്തി. വേദനാജനകമായ നിമിഷത്തിലൂടെയാണ് ആ നാടും നമ്മളും കടന്നുപോകുന്നതെന്ന് തങ്ങൾ പറഞ്ഞു. മലയാളികളടക്കം നിരവധി സാധാരണക്കാരായ തൊഴിലാളികൾക്കാണ് ജീവൻ നഷ്ടമായത്. ജീവിതം കരുപിടിപ്പിക്കാനായി പ്രവാസ ലോകത്തെത്തിയവരുടെ വിയോഗത്തിൽ അതീവ ദുഃഖം രേഖപ്പെടുത്തുന്നു. കുവൈത്ത് കെ.എം.സി.സി പ്രസിഡന്റ് സയ്യിദ് നാസർ മഷ്ഹൂർ തങ്ങളുമായി ഫോണിൽ സംസാരിച്ച് കാര്യങ്ങൾ വിലയിരുത്തി. കെ.എം.സി.സി പ്രവർത്തകർ സംഭവസ്ഥലത്ത് സേവനം ചെയ്തു വരുന്നുണ്ട്. കുവൈത്ത് ഗവൺമെന്റിന്റെ ദുരന്ത നിവാരണ പ്രവർത്തനങ്ങളും ഊർജിതമാണ്. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളുടെ ക്ഷമക്കും പരിക്കേറ്റ് ചികിത്സയിൽ കഴിയുന്നവർക്ക് എത്രയുംപെട്ടെന്ന് രോഗശമനത്തിനും വേണ്ടി തങ്ങൾ പ്രാർത്ഥന നടത്തി.

### മരിച്ച ഒമ്പതു മലയാളികളെ തിരിച്ചറിഞ്ഞു

കുവൈത്ത് സിറ്റി: മംഗഫ് തീപിടിത്ത ദുരന്തത്തിൽ മരിച്ചവരിൽ ഏറെയും മലയാളികളെന്ന് സൂചന. 11 മലയാളികൾ മരിച്ചതായാണ് ഔദ്യോഗിക സ്ഥിരീകരണം. അതേസമയം പേരുകൾ പരിശോധിച്ചതിൽ നിന്ന് 25 പേർ മലയാളികളായിരിക്കാം എന്നാണ് സൂചന. മരിച്ച ആറു മലയാളികളെ തിരിച്ചറിഞ്ഞിട്ടുണ്ട്. കൊല്ലം പൂയ്യപ്പള്ളി പയ്യക്കോട് ഓമയൂർ സ്വദേശി ഉമറുദ്ദീൻ ഷമീർ(33), പന്തളം സ്വദേശി ആകാശ് ശശിധരൻ നായർ (23), കാസർകോട് കുണ്ടടുക്കം സ്വദേശി രഞ്ജിത്(34), പത്തനംതിട്ട സ്വദേശി പി.വി മുരളീധരൻ(54), കാസർക്കോട് തൃക്കരിപ്പൂർ പിലിക്കോട് എരവിൽ സ്വദേശി പൊന്മലേരി കേളു (54), സ്റ്റീഫൻ ഏബ്രഹാം സാബു(29), കൊല്ലം വെളിച്ചിക്കാല ലൂക്കോസ് (48), കോന്നി അട്ടച്ചാക്കൽ സജു വർഗീസ് (56), കൊല്ലം പുനലൂർ നരിക്കൽ സാജൻ ജോർജ് എന്നിവരെയാണ് തിരിച്ചറിഞ്ഞത്. മരിച്ച 21 ഇന്ത്യക്കാരുടെ പട്ടികയാണ് ഔദ്യോഗികമായി പുറത്തുവിട്ടത്. ഷിബു വർഗീസ്, തോമസ് ജോസഫ്, പ്രവീൺ മാധവ് സിങ്, ഭൂനാഥ് റിചാർഡ് റോയ് ആനന്ദ, അനിൽ ഗിരി, മുഹമ്മദ് ഷെരീഫ്, ദ്വാരികേഷ് പട്നായക്, വിശ്വാസ് കൃഷ്ണൻ, അരുൺ ബാബു, റെയ്മണ്ട് മഗ് പന്തയ് ഗഹോൽ, ജീസസ് ഒലിവറോസ് ലോപ്സ്, ഡെന്നി ബേബി കരുണാകരൻ എന്നിവരാണ് മരിച്ച മറ്റ് ഇന്ത്യക്കാർ. ഇവരുടെ മറ്റു വിവരങ്ങൾ പുറത്തുവരുന്നതേയുള്ളൂ.

തീപിടുത്തം നടന്ന കമ്പനിയിലെ സ്റ്റോർ ഇൻചാർജ്ജാണ് പന്തളം സ്വദേശി ആകാശ് ശശിധരൻ നായർ. മുടിയൂർക്കോണം ശോഭാ നിലയത്തിൽ പരേതനായ ശശിധരൻ നായരുടേയും ശോഭന കുമാരിയുടേയും മകനാണ്. അവിവാഹിതനാണ്. സഹോദരി ശാരി എസ് നായർ. മരിച്ച ഷമീർ (30)ആനയടി വയ്യാങ്കര തുണ്ടുവിള വീട്ടിൽ ഉമറുദ്ദീന്റേയും ശോഭിതയുടേയും മകനാണ്. അഞ്ച് വർഷമായി എൻ.ടി.ബി.സിയിലെ ഡ്രൈവറാണ്. സുറുമിയാണ് ഭാര്യ. ചെങ്കള കുണ്ടടുക്കത്തെ രവീന്ദ്രന്റെയും രുഗ്മിണിയുടെയും മകനാണ് മരിച്ച രഞ്ജിത്ത്. പത്ത് വർഷമായി കുവൈത്തിലാണ്. ഒരു വർഷംമുമ്പ് വീടിന്റെ പാലുകാച്ചൽ ചടങ്ങിന് എത്തിയിരുന്നു. സഹോദരങ്ങൾ: രജീഷ് (ഗൾഫ്), രമ്യ.

പിലിക്കോട് എരവിലെ പാർവതിയുടെ മകനാണ് കേളു പൊന്മലേരി. അഞ്ച് മാസംമുമ്പാണ് നാട്ടിൽവന്ന് പോയത്. ഭാര്യ: കെ.എം മണി (പിലിക്കോട് പഞ്ചായത്ത് ജീവനക്കാരി). മക്കൾ: കെ.എൻ ഋഷികേശ് (പൂനെ), ദേവകിരൺ (വിദ്യാർഥി, എറണാകുളം). സഹോദരങ്ങൾ: പി തമ്പായി, ലക്ഷ്മി, ഭവാനി, രാധ, പരേതനായ കൃഷ്ണൻ പി, രാമചന്ദ്രൻ.

### എംബസിയിൽ ഹെൽപ്പ്ലൈൻ

അടിയന്തര സഹായങ്ങൾക്ക് ഇന്ത്യൻ എംബസി ഹെൽപ്പ് ലൈൻ സേവനം (നമ്പർ +96565505246) ആരംഭിച്ചു. മരിച്ചവരേയും പരിക്കേറ്റവരെയും കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടാമെന്ന് എംബസി അറിയിച്ചു.

## പൊലീസിന്റെ വീഴ്ച സമ്മതിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: ആഭ്യന്തരവകുപ്പിനും പൊലിസിനുമെതിരെ നിയമസഭയിൽ ആഞ്ഞടിച്ച് പ്രതിപക്ഷം. ആഭ്യന്തര വകുപ്പിന്റെ ധനാഭ്യർത്ഥന ചർച്ചയിലാണ് പ്രതിപക്ഷം പൊലീസ് സേനയുടെ വീഴ്ചകൾ അക്കമിട്ട് നിരത്തിയത്. സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ പൊലീസ് സേനയെ ഇടത് സർക്കാർ അനുവദിക്കുന്നില്ലെന്ന് ചർച്ചയിൽ പങ്കെടുത്തു പ്രതിപക്ഷ അംഗങ്ങൾ കുറ്റപ്പെടുത്തി. സംസ്ഥാനത്ത് ഗുണ്ടാവിളയാട്ടം അരങ്ങ് തകർക്കുമ്പോൾ, ഗുണ്ടാ നേതാക്കളുടെ വീട്ടിലൊരുക്കുന്ന വിരുന്ന സൽക്കാരത്തിൽ ഉന്നത പൊലീസ് ഉദ്യോഗസ്ഥർ പങ്കെടുത്ത് ഗുണ്ടകൾക്ക് സംരക്ഷണമൊരുക്കുകയാണെന്നും പ്രതിപക്ഷം കുറ്റപ്പെടുത്തി. കേരള പൊലീസിൽ കിരാത രാഷ്ട്രീയമാണ് നടക്കുന്നതെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ കുറ്റപ്പെടുത്തി. സംസ്ഥാനത്ത് കുറ്റവാളികൾ യഥേഷ്ടം അഴിഞ്ഞാടുന്ന സ്ഥിതിയാണെന്നും അദ്ദേഹം പറഞ്ഞു. ആഭ്യന്തരവകുപ്പിന്റെ പിന്തുണയോടെയാണ് ഗുണ്ടകൾ അഴിഞ്ഞാടുന്നതെന്ന് കെ.കെ രമ കുറ്റപ്പെടുത്തി.



ലോക്സഭാ തിരഞ്ഞെടുപ്പ് വിജയത്തിൽ വോട്ടർമാർക്ക് നന്ദിപറയാൻ വയനാട് മണ്ഡലത്തിലെത്തിയ രാഹുൽ ഗാന്ധിക്ക് ഇന്നലെ രാവിലെ മലപ്പുറം ജില്ലയിലെ എടവണ്ണയിൽ നൽകിയ സ്വീകരണം

▶ വാർത്ത പേജ് 10

## ഫുട്ബോൾ കോച്ച് ടി.കെ ചാത്തുണ്ണി അന്തരിച്ചു

തൃശൂർ: മുൻ ഇന്ത്യൻ ഫുട്ബോൾ താരവും പരിശീലകനുമായ ടി.കെ ചാത്തുണ്ണി(79) അന്തരിച്ചു. ബുധനാഴ്ച രാവിലെ 7.45ന് കറുകുറ്റി അഡ്‌ലക്സ് അപ്പോളോ ആശുപത്രിയിലായിരുന്നു അന്ത്യം. ക്യാൻസർ ബാധിതനായി ചികിത്സയിലായിരുന്നു. സംസ്കാരം ഇന്ന് ഉച്ചയ്ക്ക് 12ന് വടൂക്കര ശ്മശാനത്തിൽ. തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിൽ പൊതുദർശനത്തിന് വെക്കണമെന്നും റീത്തിന് പകരം ഭൗതികശരീരത്തിൽ ഫുട്ബോൾ വെയ്ക്കണമെന്നും കുറിപ്പെഴുതി വെച്ചാണ് വിടവാങ്ങിയത്.




സന്തോഷ് ട്രോഫിയിൽ കേരളത്തിനും ഗോവയ്ക്കുമായി കളിച്ച ചാത്തുണ്ണി രാജ്യത്ത് ഏറ്റവും കൂടുതൽ ക്ലബുകളുടെ പരിശീലകനുമായിരുന്നു. എഫ്സി കൊച്ചിൻ, ഡെംപോ എസ്സി, സാൽഗോക്കർ എഫ്സി, മോഹൻ ബഗാൻ എഫ്സി, ചർച്ചിൽ ബ്രദേഴ്സ്, ചിരാഗ് യുണൈറ്റഡ് ക്ലബ്, ജോസ്കോ എഫ്സി, കേരള പൊലീസ് ടീമുകളെ പരിശീലിപ്പിച്ചു. ഐ.എം വിജയൻ, സി.വി പാപ്പച്ചൻ അടക്കമുള്ള വലിയ ശിഷ്യ സമ്പത്തുമുണ്ട്.

## തമ്പുകളുടെ നഗരി സജ്ജം
# ഹജ്ജ് കർമ്മങ്ങൾക്ക് നാളെ തുടക്കം

അഷ്റഫ് വേങ്ങാട്ട്
റിയാദ്

ത്യാഗത്തിന്റെയും സമർപ്പണത്തിന്റെയും ഉജ്ജ്വല സ്മൃതികൾ അയവിറക്കി ഒഴുകിയെത്തിയ ദശ ലക്ഷങ്ങളെ സ്വീകരിക്കാൻ മിനായുടെ വിശുദ്ധ താഴ്വരകൾ ഒരുങ്ങി. നാളെയാണ് വിശുദ്ധ ഹജ്ജിന്റെ കർമ്മങ്ങൾക്ക് തുടക്കമാകുന്നത്. ഇന്ന് രാത്രിയോടെ തീർത്ഥാടക ലക്ഷങ്ങൾ മിനായിലേക്ക് നീങ്ങും. തൽബിയത്തിന്റെ മാസ്മരിക ധ്വനികളാൽ മുഖരിതമാകുന്ന മിനായുടെ താഴ്വര അല്ലാഹുവിന്റെ അതിഥികളെ ഭക്തിസാന്ദ്രമായ അന്തരീക്ഷത്തിൽ വരവേൽക്കും.

പാപമോചനത്തിനായുള്ള തേട്ടവുമായി നാഥന്റെ വിളിക്കുത്തരം നൽകി വന്നണഞ്ഞവർ ദുൽഹജ്ജ് എട്ടിന് വെള്ളിയാഴ്ച്ച മിനായിലെ ടെന്റുകളിൽ രാപാർക്കും. മക്കയിൽ നിന്ന് വാഹനങ്ങളിലും കാൽനടയായുമാണ് തീർത്ഥാടകർ മിനായിലെത്തുക. ജീവിതാഭിലാഷമായ ഹജ്ജിന് വേണ്ടിയുള്ള നിയ്യത്തുമായി ഇഹ്റാമിൽ പ്രവേശിച്ചാണ് മക്കയിലെ താമസ കേന്ദ്രങ്ങളിൽ നിന്ന് ഹാജിമാരെത്തുക. മിനായിൽ ആരാധനാ കർമങ്ങളിൽ മുഴുകി ഇഹപര ജീവിത വിജയത്തിനായി നാഥന്റെ മുമ്പിൽ മനസ്സും ശരീരവും സമർപ്പിക്കും.



തീർത്ഥാടകരെ സ്വീകരിക്കാൻ മിനായിൽ ഒരുങ്ങിയ ശീതീകരിച്ച തമ്പുകൾ

സഊദി ഭരണാധികാരിയും തിരുഗേഹങ്ങളുടെ സേവകനുമായ സൽമാൻ രാജാവിന്റെയും കിരീടാവകാശിയും പ്രധാനമന്ത്രിയുമായ മുഹമ്മദ് ബിൻ സൽമാൻ രാജകുമാരന്റെയും നേതൃത്വത്തിൽ വിവിധ മന്ത്രാലയങ്ങളുടെ ഏകോപനത്തിലൂടെ 20 ലക്ഷത്തിലധികം വരുന്ന തീർത്ഥാടകർക്ക് പുണ്യകർമ്മം പരമാവധി ആയാസരഹിതമായി നിർവഹിക്കാനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

ഹജ്ജിന്റെ സുപ്രധാന കർമ്മമായ അറഫാ സംഗമം സഊദിയിൽ ദുൽഹജ്ജ് ഒമ്പതായ ശനിയാഴ്ച്ചയാണ്. മിനായിൽ നിന്ന് ശനിയാഴ്ച്ച പുലർച്ചയോടെ തീർത്ഥാടകർ അറഫയിലേക്ക് നീങ്ങിത്തുടങ്ങും. അറഫാ സംഗമത്തിൽ വിശുദ്ധ ഹറം ഇമാം മാഹിർ ബിൻ ഹമദ് അൽ മുഐക്കലിയാണ് ഇത്തവണ ഖുതുബക്കും നിസ്കാരത്തിനും നേതൃത്വം നൽകുന്നത്.

## ദുബൈയിൽ എഐ അധ്യാപകരെ നിയമിക്കും

ദുബൈ: സർക്കാർ ഓഫീസുകൾക്ക് പുറമെ ദുബൈയിലെ സ്കൂളുകളിലും ആർടിഫിഷ്യൽ ഇന്റലിജൻസിൽ യോഗ്യത നേടിയ അധ്യാപകരെ നിയമിക്കും. എമിറേറ്റിലെ വിദ്യാഭ്യാസ രീതി നവീകരിക്കുന്നതിന്റെ ഭാഗമായും അധ്യാപകരുടെ നൈപുണ്യം വർധിപ്പുക്കുന്നതിനുമായി ഈ പദ്ധതി ഉടൻ നടപ്പാക്കുമെന്ന് ദുബൈ കിരീടാവകാശി ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം പ്രഖ്യാപിച്ചു. എഐ ആപ്ലിക്കേഷനുകൾ നടപ്പാക്കാനും ത്വരിതപ്പെടുത്താനുമുള്ള ദുബൈയുടെ വാർഷിക പദ്ധതിക്ക് അനുസൃതമായാണ് പ്രോഗ്രാം. അധ്യാപന രീതികളിൽ എഐ ഫലപ്രദമായി സമന്വയിപ്പിക്കുന്ന മികച്ച 10 അധ്യാപകരെ 2025 വർഷത്തിൽ നടത്തുന്ന എഐ റിട്രീറ്റിൽ ആദരിക്കും. ദുബൈയുടെ വർത്തമാനത്തിലേക്കും ഭാവിയിലേക്കുമുള്ള നിക്ഷേപമാണ് വിദ്യാഭ്യാസ മേഖലയിൽ നിക്ഷേപിക്കുന്നതെന്ന് ശൈഖ് ഹംദാൻ പറഞ്ഞു.


## ഇത്തിഹാദിന്റെ വളർച്ച ഉയരങ്ങളിലേക്ക്

അബുദാബി: യുഎഇയുടെ ദേശീയ വിമാനക്കമ്പനിയായ ഇത്തിഹാദ് എയർവേയ്സ് മെയ് മാസത്തിൽ ഏകദേശം 1.5 ദശലക്ഷം ആളുകൾ യാത്രചെയ്തു. കഴിഞ്ഞ വർഷം ഇതേ മാസത്തെ അപേക്ഷിച്ച് 38 ശതമാനം വർദ്ധനവ് രേഖപ്പെടുത്തി. അബുദാബി ആസ്ഥാനമായുള്ള ഇത്തിഹാദ് 2023 ലെ ആദ്യ അഞ്ച് മാസങ്ങളെ അപേക്ഷിച്ച് ഈ വർഷം ജനുവരി മുതൽ മെയ് വരെ രണ്ട് ദശലക്ഷം യാത്രക്കാരെ സ്വീകരിച്ചു. ഈ വർഷം മുഴുവൻ ശക്തമായ വളർച്ചാനിരക്ക് രേഖപ്പെടുത്തിയതായി ഇത്തിഹാദ് എയർവേയ്സ് സിഇഒ അന്റൊണാൾഡോ നെവെസ് പറഞ്ഞു. യാത്രക്കാരുടെ എണ്ണത്തിൽ 38 ശതമാനം വർദ്ധനവ് കൈവരിച്ചു. ഇത്തിഹാദ് എയർവേയ്സ് സർവീസിലും സമയത്തിലും മറ്റും ലോകോത്തര നിലവാരത്തിലേക്ക് ഉയർന്നിരിക്കുകയാണ്.




ഗൾഫ് വാർത്തകൾ

SHORT NEWS



### ഹജ്ജിന് ആനുകൂല്യം

മസ്കത്ത്: ഒമാനിൽ ഹജ്ജ് തീർത്ഥാടനത്തിനായി തൊഴിൽ നിയമം ഭേദഗതി ചെയ്ത് സർക്കാർ. ഹജ്ജ് തീർത്ഥാടനത്തിനായി മുസ്‌ലിം തൊഴിലാളികൾക്ക് 15 ദിവസത്തെ ശമ്പളത്തോടു കൂടിയ ലീവ് അനുവദിക്കുന്നതാണ് പുതിയ നിയമം. ജോലിയിൽ പ്രവേശിച്ച് ഒരു വർഷം കഴിഞ്ഞവർക്കാണ് ഈ ആനുകൂല്യം.

### പെരുന്നാൾ പാർക്കിങ്

ദുബൈ: ബലിപെരുന്നാളിന് തിരക്ക് നിയന്ത്രിക്കാൻ വാഹന പാർകിംഗ് സമയക്രമം പ്രഖ്യാപിച്ച് ദുബൈ. പാർക്കുകളിലും പൊതുസ്ഥലങ്ങളിലും രാവിലെ 8 മണി മുതൽ രാത്രി 12 മണി വരെ പാർക്കിംഗ് സൗകര്യം ലഭ്യമാകും. സാബീൽ, അൽ ഖോർ, അൽ മംസാർ, അൽ സഫ, മുഷ്രിഫ് പാർക്ക് എന്നിവിടങ്ങളിൽ രാത്രി 8 മുതൽ 11 വരെയാണ് സൗകര്യമുള്ളതെന്നും അധികൃതർ വ്യക്തമാക്കി.

### ലൈസൻസ് വേഗത്തിൽ

അബുദാബി: യുഎഇയിൽ ഒറ്റ ദിവസം കൊണ്ട് ഡ്രൈവിംഗ് ലൈസൻസ് എടുക്കാവുന്ന പദ്ധതി പ്രഖ്യാപിച്ച് സർക്കാർ. വൺ ഡെ ടെസ്റ്റ് എന്ന പേരിലുള്ള പദ്ധതിയിൽ എഴുത്തു പരീക്ഷ, കണ്ണ് പരിശോധന, റോഡ് ടെസ്റ്റ്, എന്നീ നടപടിക്രമങ്ങൾ ഒറ്റ ദിവസം കൊണ്ട് പൂർത്തിയാക്കാം. ഇപ്പോൾ ഫുജൈറയിൽ നടപ്പാക്കുന്ന പദ്ധതി കഴിഞ്ഞ വർഷം ഷാർജയിലും,റാസൽഖൈമയിലും നടപ്പാക്കിയിരുന്നു.

### സ്വദേശികൾക്കെല്ലാം വീട്

അബുദാബി: യുഎഇ മന്ത്രിസഭ സ്വദേശികൾക്കായി 2,160 ഭവന പദ്ധതിക്ക് അംഗീകാരം നൽകി. 1.68 ബില്യൺ ദിർഹത്തിന്റെ പദ്ധതിക്കാണ് യുഎഇ പ്രധാനമന്ത്രിയും വൈസ് പ്രസിഡന്റും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം അനുമതി നൽകിയത്.

### കുട്ടികളെ ശ്രദ്ധിക്കുക

അബുദാബി: അബുദാബിയിൽ ചൂട് കനത്തതോടെ കുട്ടികൾക്കായി സുരക്ഷ മുന്നറിയിപ്പുമായി പോലീസ്. കുട്ടികളുടെ സുരക്ഷയ്ക്കായി എടുക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച നിർദേശങ്ങൾ രക്ഷിതാക്കൾക്കും വാഹന യാത്രികർക്കുമായി പുറത്തിറക്കി. വേനൽക്കാല സുരക്ഷ എന്ന പേരിലുള്ള പദ്ധതി ഓഗസ്റ്റ് 31 വരെ നടപ്പാക്കും.

# അഗ്നിദുരന്തത്തിൽ കണ്ണീരടങ്ങാതെ...

## കുവൈത്തിലെയും ബഹ്റൈനിലെയും തീപിടിത്തത്തിൽ ആശങ്കയോടെ മലയാളികൾ

അബുദാബി: ഗൾഫ് മേഖലയിൽ ചൂട് കനത്തതോടെ വളരെ ജാഗ്രതയോടെ കഴിയേണ്ട സമയമാണിതെന്നാണ് ഇന്നലെ കുവൈത്തിൽ നിരവധി പേരുടെ മരണത്തിനിടയാക്കിയ ദുരന്തം മുന്നറിയിപ്പ് നൽകുന്നത്. പ്രത്യേകിച്ച് ബാച്ചിലർ മുറികളിൽ കഴിയുന്നവർ. അടുക്കളയും ഗ്യാസും മറ്റും അലക്ഷ്യമായി ഉപയോഗിക്കുന്നവരാണ് അധികമാളുകളും. ഗ്യാസ് അടുപ്പുകൾ പലയിടത്തും കൃത്യമായി സർവീസ് ചെയ്യാതെയാണ് ഉപയോഗിക്കുന്നത്. ഗ്യാസ് പൈപ്പിന്റെ സുരക്ഷ ഉറപ്പുവരുത്താതെയാണ് പലയിടത്തും ഉപയോഗിക്കുന്നത്. കഴിഞ്ഞ ദിവസം ഉമ്മുൽഖുവൈനിൽ ഗ്യാസ് പൈപ്പ് എലികടിച്ചതിനെ തുടർന്ന് പാചകവാതകം ലീക്കായി പ്രവാസി മരണപ്പെട്ട സംഭവവും ഇതിലേക്ക് വിരൽചൂണ്ടുന്നു.

കുവൈത്തിൽ അമ്പതോളം പ്രവാസികളുടെ ജീവനെടുത്ത ദുരന്തത്തിന്റെ വില്ലനും പാചകവാതക സിലിണ്ടറാണെന്നാണ് പ്രാഥമിക വിവരം. ഈജിപ്ഷ്യൻ സ്വദേശിയായ സെക്യൂരിറ്റി ജീവനക്കാരന്റെ മുറിയിലെ സിലിണ്ടറാണ് പൊട്ടിത്തെറിച്ചത്. തലേദിവസം പകലും രാത്രിയിലും ജോലി ചെയ്ത് ക്ഷീണിതരായ തൊഴിലാളികൾ സുഖനിദ്രയിലായിരുന്നു. ബുധനാഴ്ച പുലർച്ചെ 4 മണിക്കാണ് പ്രവാസ ലോകത്തെയാകമാനം കണ്ണീരിലാഴ്ത്തിയ ദുരന്തമുണ്ടാകുന്നത്. പൊട്ടിത്തെറിയുടെ ശബ്ദം പോലും ആരും കേട്ടില്ല. നിമിഷങ്ങൾക്കകം കെട്ടിടത്തെ തീ വിഴുങ്ങി. പിന്നീട് ആകെ പുകമയമായിരുന്നു. ഉറക്കത്തിൽ നിന്നും ഞെട്ടിയുണർന്നവർക്ക് എന്താണ് നടന്നതെന്ന് പോലും മനസ്സിലാക്കുന്നതിന് മുമ്പ് പലരും ബോധരഹിതരായി. ജീവന് വേണ്ടി ഓടിയവർ ആറ് നിലയുള്ള കെട്ടിടത്തിൽ നിന്നും താഴേക്ക് ചാടി. പുക ശ്വസിച്ചും താഴേക്ക് വീണുമാണ് പലരും മരിച്ചതും ഗുരുതരമായി പരിക്കേറ്റതും. ഇരുനൂറോളം പേർ ഇവിടെ താമസിച്ചിരുന്നു. ദുരന്തത്തിന്റെ ഞെട്ടലിൽ നിന്നും പ്രവാസ ലോകം മുക്തമായിട്ടില്ല. ജിസിസിയിലാകമാനം കുവൈത്തിന്റെ കണ്ണീരിനൊപ്പമാണ്.

അപകടത്തിൽ 40 ഇന്ത്യക്കാർ മരണപ്പട്ടതായി വിദേശകാര്യ മന്ത്രാലയം സ്ഥിരീകരിച്ചു. അമ്പതോളം പേർക്ക് പരിക്കുമുണ്ട്. കുവൈത്തിലെ ഇന്ത്യൻ അംബാസഡർ ആദർശ് സ്വൈക സംഭവസ്ഥലവും ആശുപത്രികളും സന്ദർശിച്ച് വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു. പ്രധാനമന്ത്രിയുടെ നിർദേശ പ്രകാരം വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻസിംഗും കുവൈത്തിലേക്ക് തിരിച്ചു. അന്വേഷണങ്ങൾക്ക് എംബസി +96565505246 ഹെൽപ് ലൈൻ തുടങ്ങിയിട്ടുണ്ട്.

### കെഎംസിസി അനുശോചിച്ചു

അബുദാബി: പ്രവാസ ലോകത്തെ നടുക്കിയ ദുരന്തത്തിൽ യുഎഇ കെഎംസിസി, ദുബൈ കെഎംസിസി, അബുദാബി കെഎംസിസി, ഷാർജ കെഎംസിസി, അജ്മാൻ കെഎംസിസി, റാസൽഖൈമ കെഎംസിസി, ഫുജൈറ കെഎംസിസി, ഉമ്മുൽഖുവൈൻ കെഎംസിസി കമ്മിറ്റികൾ ദുഃഖം രേഖപ്പെടുത്തുകയും മരിച്ചവരുടെ കുടുംബങ്ങൾക്ക് അനുശോചനം രേഖപ്പെടുത്തുകയും ചെയ്തു. പ്രവാസ ലോകത്ത് അടുത്തൊന്നും ഇത്രവലിയ ദുരന്തമുണ്ടായിട്ടില്ലെന്നും അപകടത്തിന്റെ ഞെട്ടലിൽ നിന്നും ആരും മുക്തമായിട്ടില്ലെന്നും നേതാക്കൾ വ്യക്തമാക്കി. ഗൾഫിൽ വേനൽ കടുത്തതോടെ ബാച്ചിലർ മുറികളിൽ താമസിക്കുന്നവർ പ്രത്യേകം ജാഗ്രത പാലിക്കേണ്ടതുണ്ട്. ഗ്യാസും ഇലക്ട്രിക് ഉപകരണങ്ങളും ഉപയോഗിക്കുന്നവർ വളരെയധികം ശ്രദ്ധിക്കണം. മാത്രമല്ല വാഹനങ്ങൾ ഉപയോഗിക്കുന്നവർ അധികൃതർ നിർദ്ദേശിച്ച മുൻകരുതലുകൾ സ്വീകരിക്കണമെന്നും കമ്മിറ്റികൾ മുന്നറിയിപ്പ് നൽകി



കുവൈത്തിലെ തൊഴിൽ ക്യാമ്പിലും ബഹ്റൈനിലെ മനാമ സൂക്കിലുമുണ്ടായ തീപിടിത്തം

## അബുദാബിയിലെ ജനസംഖ്യ 3.8 ദശലക്ഷം


### 2011 മുതൽ എമിറേറ്റിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 80% വർധിച്ചതായും സെൻസസ് റിപ്പോർട്ട്

അബുദാബി: പുതിയ സെൻസസ് കണക്കുകൾ പ്രകാരം അബുദാബിയിലെ ജനസംഖ്യ 3.8 ദശലക്ഷത്തിൽ എത്തിയതായി റിപ്പോർട്ട്. ഇതനുസരിച്ചു സ്ത്രീകളേക്കാൾ ഇരട്ടി പുരുഷന്മാർ ആണ് എമിറേറ്റിൽ ഉള്ളത്. കഴിഞ്ഞ വർഷത്തെ അബുദാബി സെൻസസിൽ നിന്നുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ഈ കണ്ടെത്തലുകൾ. അബുദാബിയിലെ സ്റ്റാറ്റിസ്റ്റിക്സ് സെന്ററിൽ നിന്നുള്ള ഡാറ്റ പ്രകാരം 3,789,860 ആളുകൾ എമിറേറ്റിൽ താമസിക്കുന്നുണ്ട്. അവരിൽ 67 ശതമാനം പുരുഷന്മാരുമാണ്.

അബുദാബി മീഡിയ ഓഫീസ് പുറത്തുവിട്ട റിപ്പോർട്ട് പ്രകാരം അബുദാബിയിലെ ജനസംഖ്യയുടെ ശരാശരി പ്രായം 33 ആണ്. അബുദാബി എമിറേറ്റിലെ സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമഗ്ര വികസന പദ്ധതികളെ പിന്തുണയ്ക്കുന്നതിനുമുള്ള ദേശീയ ശ്രമങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സുപ്രധാന ചുവടുവയ്പ്പാണിതിന്നു, അബുദാബി ഗവൺമെന്റ് എനേബിൾമെന്റ് വകുപ്പ് ചെയർമാനും ഹയർ സെൻസസ് കമ്മിറ്റി ചെയർമാനുമായ അഹമ്മദ് തമീം ഹിഷാം അൽ കുത്താബ് പറഞ്ഞു. 2,495,925 ജനസംഖ്യയുള്ള അബുദാബി മേഖലയാണ് ജനസംഖ്യയുടെ കാര്യത്തിൽ ഏറ്റവും വലുത്, ഇത് എമിറേറ്റിലെ മൊത്തം ജനസംഖ്യയുടെ 66 ശതമാനമാണ് .അബുദാബിയിലെ മൊത്തം ജനസംഖ്യയുടെ 27 ശതമാനം( 1,009,735 ജനങ്ങൾ ) ജനസംഖ്യയുള്ള അൽ ഐൻ മേഖലയും, ഏഴ് ശതമാനമുള്ള(284,205 ജനങ്ങൾ) അൽ ദഫ്ര മേഖലയും ഇതിൽ ഉൾപ്പെടുന്നതാണ് മീഡിയ ഓഫീസ് റിപ്പോർട്ടിൽ പറയുന്നു.

2011 മുതൽ അബുദാബിയിൽ റെസിഡൻഷ്യൽ, നോൺ റെസിഡൻഷ്യൽ യൂണിറ്റുകളുടെ എണ്ണത്തിൽ 66 ശതമാനം വർധനയുണ്ടായി. നിലവിൽ ആകെ 754,555 യൂണിറ്റുകൾ ആണുള്ളത്. ഇതിൽ 441,410 റെസിഡൻഷ്യൽ യൂണിറ്റുകളും 313,145 നോൺ റെസിഡൻഷ്യൽ യൂണിറ്റുകളുമാണ്.

സമീപ വർഷങ്ങളിൽ എമിറേറ്റ് നടത്തിയ തുടർച്ചയായ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഗുണഫലങ്ങളുടെ തെളിവാണ് ഈ വളർച്ചയെന്ന് മീഡിയ ഓഫീസ് അറിയിച്ചു.




## സാങ്കേതിക തകരാർ ഷാർജയിൽ യാത്രക്കാരെ തിരിച്ചിറക്കി എയർ ഇന്ത്യ എക്സ്പ്രസ്




ഷാർജ: സാങ്കേതിക തകരാറിനെതുടർന്ന് എയർ ഇന്ത്യാ എക്സ്പ്രസിൽ നിന്നും യാത്രക്കാരെ തിരിച്ചിറക്കി. ബുധനാഴ്ച പുലർച്ചെ 3.30ന് ഷാർജയിൽ നിന്ന് കോഴിക്കോടേയ്ക്ക് പുറപ്പെടാനിരുന്ന വിമാനത്തിൽ നിന്നാണ് യാത്രക്കാരെ തിരിച്ചിറക്കിയത്. ടേക്ക് ഓഫിന് തൊട്ടുമുമ്പാണ് വിമാനത്തിന് സാങ്കേതിക തകരാർ കണ്ടെത്തിയത്. 170ലധികം യാത്രക്കാരുമായി യാത്ര പുറപ്പെടാനിരുന്ന കത 356 എയർ ഇന്ത്യ എക്സ്പ്രസ് വിമാനമാണ് തിരിച്ചിറക്കിയത്. പുലർച്ചെ 2.30ന് പുറപ്പെടേണ്ട വിമാനം ഒരു മണിക്കൂർ വൈകുമെന്ന് നേരത്തേ അറിയിപ്പ് ലഭിച്ചിരുന്നു. ഇതനുസരിച്ച് 3.30ന് യാത്രക്കാരെ കയറ്റി റൺവേയിൽ ടേക്ക്ഓഫിന് തയ്യാറെടുക്കവെയാണ് വിമാനത്തിന് സാങ്കേതിക തകരാറുണ്ടെന്ന അറിയിപ്പ് വന്നത്. ഇതോടെ മുഴുവൻ യാത്രക്കാരെയും ഷാർജ വിമാനത്താവളത്തിൽ തിരിച്ചിറക്കുകയായിരുന്നു. വിമാനം തിരിച്ചിറക്കിയതോടെ എപ്പോൾ യാത്ര പുറപ്പെടുമെന്ന് അറിയാത്ത അവസ്ഥയിലാണ് യാത്രക്കാർ. വിമാനത്താവളത്തിൽ കുടുങ്ങിയ യാത്രക്കാർക്ക് വിമാന കമ്പനി രാവിലെ ഭക്ഷണം വിതരണം ചെയ്തിരുന്നു. എങ്കിലും അത്യാവശ്യത്തിനായി യാത്ര ചെയ്യാനിരുന്നവർ വിമാനത്താവളത്തിൽ കുടുങ്ങുകയായിരുന്നു.


## അറവുശാലകളുടെ ശുചിത്വം ഉറപ്പാക്കാൻ പരിശോധന തുടങ്ങി

അബുദാബി: സിറ്റി മുനിസിപ്പാലിറ്റിയിലെ പരിസ്ഥിതി, ആരോഗ്യം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി അബുദാബിയിലെയും പ്രാന്തപ്രദേശങ്ങളിലെയും അറവുശാലകളിലെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി അബുദാബി മുനിസിപ്പാലിറ്റി പരിശോധനാ ക്യാമ്പയിന് തുടക്കമായി. അബുദാബി മിനയിലെ ഓട്ടോമേറ്റഡ് അറവുശാല, അൽ ഷഹാമ, ബനിയാസ്, അൽ വത്ബ എന്നിവിടങ്ങളിൽ ഇതിനകം തന്നെ ഇതുസംബന്ധിച്ച പരിശോധനയും ബോധവൽക്കരണവും നടത്തിക്കഴിഞ്ഞു. ഈദുൽ അദ്ഹ ആഘോഷത്തിനായുള്ള ഒരുക്കങ്ങളുടെ ഭാഗമായാണ് ബോധവൽക്കരണത്തിന് തുടക്കം കുറിച്ചിട്ടുള്ളത്. അന്താരാഷ്ട്ര ആരോഗ്യ മാനദണ്ഡങ്ങൾ പാലിക്കുന്ന അറവുശാലകളിൽ എല്ലാ സേവന സൗകര്യങ്ങളും സജ്ജമാണെന്നും വിശിഷ്ടമായ സേവനങ്ങൾ നൽകാൻ കഴിയുമെന്നും ഉറപ്പാക്കുന്നുണ്ട്. മാലിന്യങ്ങൾ പു:നരുപയോഗിക്കുന്നതിനുള്ള മികച്ച മാർഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ, അറവുശാല മാലിന്യങ്ങൾ പരിസ്ഥിതിയിലുണ്ടാക്കുന്ന പ്രശ്നങ്ങൾ കുറക്കുകയെന്നതും ഇതിലൂടെ ലക്ഷ്യമിടുന്നു.



അബുദാബി സിറ്റി മുനിസിപ്പാലിറ്റിയിലെ അറവുശാലയിൽ ശുചിത്വ പരിശോധന നടത്തുന്നു

## 15 മുതൽ ഉച്ചവിശ്രമത്തിന് 6,000 കേന്ദ്രങ്ങൾ റെഡി



അബുദാബി: ഈ മാസം 15 മുതൽ നടപ്പാക്കുന്ന നിർബന്ധിത ഉച്ച വിശ്രമത്തിന്റെ ഭാഗമായി ഡെലിവറി തൊഴിലാളികൾക്ക് യുഎഇയുടെ വിവിധ ഭാഗങ്ങളിൽ 6,000 വിശ്രമകേന്ദ്രങ്ങൾ ഒരുക്കിയതായി മാനവ വിഭവശേഷിസ്വദേശിവത്കരണ മന്ത്രാലയം അറിയിച്ചു. 2024 ജൂൺ 15 മുതൽ സെപ്റ്റംബർ 15 വരെ നടക്കുന്ന മിഡ് ഡേ ബ്രേക്ക് സമയത്താണ് ഡെലിവറി തൊഴിലാളികൾക്ക് ഈ സൗകര്യം ലഭ്യമാവുക. ഡെലിവറി സേവന തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനും അവർക്ക് സുരക്ഷിതമായ തൊഴിൽ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനുമുള്ള മന്ത്രാലയത്തിന്റെ ശ്രമങ്ങളുടെ ഭാഗമാണ് ഈ സംരംഭം. ദുബൈ റോഡ്സ് ആൻഡ് ട്രാൻസ്പോർട്ട് അതോറിറ്റി, അബുദാബി ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് സെന്റർ, യുഎഇ യിലുടനീളമുള്ള സാമ്പത്തിക വികസന വകുപ്പുകൾ, തലാബത്ത്, ഡെലിവറോ, നൂൺ, കരീം തുടങ്ങിയ ഡെലിവറി കമ്പനികൾ നിരവധി റെസ്റ്റോറന്റുകൾ, ഷോപ്പിംഗ് സെന്ററുകൾ, റീട്ടെയിൽ സ്റ്റോറുകൾ എന്നിവയുടെ സഹകരണത്തോടെയാണ് വിശ്രമ സ്ഥലങ്ങൾ ഒരുക്കുന്നത്. എല്ലാ തൊഴിലാളികൾക്കും സുരക്ഷിതവും ആരോഗ്യകരവുമായ തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കാൻ ലക്ഷ്യമിട്ടുള്ളതാണ് സുരക്ഷിതമായ വിശ്രമ സങ്കേതങ്ങൾ. ഡെലിവറി സേവനങ്ങൾ ഒരു പ്രധാന ലോജിസ്റ്റിക്കൽ മേഖലയാണ്. അതിന്റെ രീതി അതുല്യമാണ്. ഉച്ചഭക്ഷണം ആവശ്യക്കാർക്ക് എത്തിക്കുമ്പോൾ അതിന്റെ തൊഴിലാളികൾ എവിടെയും തങ്ങുന്നില്ല. ഭക്ഷ്യ വസ്തുക്കൾ കൃത്യസമയത്ത് ഡെലിവറി ചെയ്യേണ്ടത് ആവശ്യമാണ്.

ഈ സംരംഭത്തിൽ പങ്കെടുക്കുന്ന എല്ലാ സ്ഥാപനങ്ങളെയും മന്ത്രാലയം അഭിനന്ദിച്ചു. കഴിഞ്ഞവർഷം 365 വിശ്രമകേന്ദ്രങ്ങളാണ് ഒരുക്കിയിരുന്നത്. ഡെലിവറി തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനും ചൂടിൽ നിന്ന് അവരെ സംരക്ഷിക്കുന്നതിനുമുള്ള പ്രതിബദ്ധതയാണ് ഇവിടെ വ്യക്തമാകുന്നത്. തൊഴിലാളികളെ നേരിട്ട് സൂര്യപ്രകാശത്തിൽ നിന്ന് സംരക്ഷിക്കുന്ന തണലുള്ള സ്ഥലങ്ങളും ആവശ്യത്തിന് ശീതീകരണ ഉപകരണങ്ങളും തണുത്ത കുടിവെള്ളവും മിഡ് ഡേ ബ്രേക്കിന് തൊഴിലുടമകൾ നൽകണമെന്ന് നിർബന്ധിത ഉച്ചവിശ്രമത്തിന്റെ നിബന്ധനയാണ്. ഈ നിബന്ധനകൾ ലംഘിക്കുന്ന തൊഴിലുടമകളെക്കുറിച്ചു 600590000 എന്ന നമ്പറിലോ സ്മാർട്ട് ആപ്ലിക്കേഷൻ, വെബ്സൈറ്റ് എന്നിവയിലൂടെയോ അറിയിക്കാവുന്നതാണ്

## സിവിൽ ഫാമിലി കോടതിയിൽ വിദേശ അഭിഭാഷകർക്കും കേസ് വാദിക്കാം



അബുദാബി:സിവിൽ ഫാമിലി കോടതിയിൽ ഇമാറാത്തി ഇതര അഭിഭാഷകർക്കും കേസ് വാദിക്കാൻ അനുമതി. നേരത്തെ ഇമാറാത്തി അഭിഭാഷകർക്ക് മാത്രമേ രാജ്യത്തെ കോടതി മുറികളിൽ പ്രവർത്തിക്കാൻ കഴിയൂ. അബുദാബി ജുഡീഷ്യൽ വകുപ്പിലെ പുതിയ സിവിൽ കുടുംബ കോടതിയിൽ മാത്രമേ ഈ പുതിയ വിധി ബാധകമാകൂ. അബുദാബി സിവിൽ ഫാമിലി കോടതി 2021ൽ സ്ഥാപിതമായത് ശരീഅത്ത് അല്ലാത്ത നടപടിക്രമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ കേസുകളും കേൾക്കാനാണ്. അബുദാബിയെ അന്താരാഷ്ട്ര നിയമനടപടികൾക്ക് അനുസൃതമായി കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് അമുസ്‌ലിംകൾക്കായി സമർപ്പിത കുടുംബ കോടതി തുറന്നിരിക്കുന്നത്. മേഖലയിൽ സുപ്രധാനവും ചരിത്രപരവുമായ ചുവടുവെപ്പാണുമിതെന്ന് യുഎഇ നിയമ വിദഗ്ദൻ ഹെഷാം റാഫി അഭിപ്രായപ്പെട്ടു. അന്താരാഷ്ട്ര അഭിഭാഷകരെ സ്വാഗതം ചെയ്യുന്നതിലൂടെ പ്രവാസികൾക്ക് അവരുടെ ഭാഷ സംസാരിക്കുകയും അവരുടെ പശ്ചാത്തലങ്ങളും സംസ്കാരങ്ങളും മനസ്സിലാക്കുകയും ചെയ്യുന്ന അഭിഭാഷകരെ ഉപയോഗപ്പെടുത്താം. പ്രധാനമായും സിവിൽ ഫാമിലി കോടതി ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കുന്ന കോടതിയായിരിക്കും. വിദേശികൾക്ക് നിയമ പ്രക്രിയയും നീതിയിലേക്കുള്ള പ്രവേശനവും കൂടുതൽ ലളിതവും ഫലപ്രദവുമാക്കുന്നതിന് വിദേശ അഭിഭാഷകരെ ഉപയോഗിക്കാൻ കഴിയും. മികച്ച അന്താരാഷ്ട്ര പ്രതിഭകളെ യുഎഇയിൽ ജോലി ചെയ്യാൻ ആകർഷിക്കാനും ഈ നീക്കം സഹായിക്കും. ഇത് പ്രാദേശിക അഭിഭാഷകരിലും വലിയ സ്വാധീനം ചെലുത്തും. രജിസ്ട്രേഷന് യോഗ്യത നേടുന്നതിന്, വിദേശ അഭിഭാഷകർ നിരവധി മാനദണ്ഡങ്ങൾ പാലിക്കണം. അവർ ഇംഗ്ലീഷിൽ പ്രാവീണ്യം പ്രകടിപ്പിക്കുകയും എഴുതുകയും സംസാരിക്കുകയും വേണം. കൂടാതെ ഗുരുതരമായ കുറ്റങ്ങൾക്ക് ശിക്ഷിക്കപ്പെടാതെ ശുദ്ധമായ ക്രിമിനൽ റെക്കോർഡ് നിലനിർത്തുകയും വേണം.

## വിമാന യാത്രക്കാർക്കായി അൽഐനിൽ സിറ്റി ചെക്ക് ഇൻ സേവനം ആരംഭിച്ചു

അൽ ഐൻ: അബുദാബി അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ യാത്ര ചെയ്യുന്നവർക്കായി അൽഐനിൽ സിറ്റി ചെക്ക് ഇൻ സൗകര്യം ആരംഭിച്ചു. അൽഐൻ കുവൈത്താത്തിലെ ലുലു ഹൈപ്പർ മാർക്കറ്റ് മാളിലാണ് സിറ്റി ചെക്ക് ഇൻ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത്. വിമാന സമയത്തിന് 7 മണിക്കൂർ മുതൽ 24 മണിക്കൂർ മുമ്പുവരെ ഈ കേന്ദ്രത്തിൽ ബാഗേജ് നൽകി ബോർഡിംഗ് പാസ്സ് കൈപറ്റാൻ കഴിയും. മുറാഫിക് ഏവിയേഷൻ സർവീസിന്റെ കീഴിൽ ആരംഭിച്ചിരിക്കുന്ന കേന്ദ്രം രാവിലെ 10 മുതൽ രാത്രി 10 വരെയാണ് പ്രവർത്തിക്കുക. ഇത്തിഹാദ് എയർവേസ്, എയർ അറേബ്യ, വിസ് എയർ, ഈജിപ്ത് എയർ എന്നീ വിമാനങ്ങളിൽ യാത്ര ചെയ്യുന്നവർക്കാണ് ഇപ്പോൾ സിറ്റി ചെക്ക് ഇൻ സൗകര്യം ഒരുക്കിയിരിക്കുന്നത്. നിലവിൽ അബുദാബി മീന തുറമുഖത്തെ ക്രൂയിസ് ടെർമിനലിൽ 24 മണിക്കൂറും, മുസ്സഫ ഷാബിയ പതിനൊന്നിലെ സിറ്റി ടെർമിനൽ രാവിലെ 10 മുതൽ രാത്രി 10 മണി വരെയും യാസ് മാളിലെ ഫെരാരി വേൾഡ് എൻട്രൻസിൽ സ്ഥാപിച്ചിരിക്കുന്ന കേന്ദ്രം രാവിലെ 10 മുതൽ രാത്രി 10 വരെയും പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങളിൽ ബാഗേജുകൾ നൽകി ബോർഡിംഗ് പാസ്സ് എടുക്കുന്ന യാത്രക്കാർക്ക് വിമാനത്താവളത്തിലെ നീണ്ട ക്യൂവിൽ നിൽക്കാതെ നേരിട്ട് എമിഗ്രേഷൻ വിഭാഗത്തിലേക്ക് പോകാമെന്നതാണ് സിറ്റി ചെക്ക് ഇൻ സേവനത്തെ ജനപ്രിയമാക്കുന്നത്. കുടുംബത്തോടൊപ്പം യാത്ര ചെയ്യുന്നവർക്ക് ഏറെ ആശ്വാസ പ്രദമാണ് മുൻകൂർ ചെക്ക് ഇൻ സൗകര്യം. മുതിർന്നവർക്ക് 35 ദിർഹവും കുട്ടികൾക്ക് 25 ദിർഹവുമാണ് ചെക്ക് ഇൻ സേവനത്തിനുള്ള നിരക്കായി ഈടാക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 800 667 2347 എന്ന ടോൾഫ്രീ നമ്പറിൽ ബന്ധപ്പെടണം.




അൽഐൻ കുവൈത്താത്തിലെ ലുലു ഹൈപ്പർ മാർക്കറ്റിൽ ആരംഭിച്ച സിറ്റി ചെക്ക് ഇൻ സൗകര്യം



ഗസ്സയിലെ അഭയാർത്ഥി ക്യാമ്പിൽ ഭക്ഷണത്തിനായി കാത്തുനിൽക്കുന്ന കുരുന്നുകൾ. ഇസ്രാഈൽ ആക്രമണം നിർത്തിയില്ലെങ്കിൽ കൊടുംപട്ടിണിയിലേക്ക് പോകുമെന്ന് യുഎൻ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

## അജ്മാനിൽ അപകടം: കുറ്റിപ്പുറം സ്വദേശി മരിച്ചു

അജ്മാൻ: വാഹനാപകടത്തിൽ കുറ്റിപ്പുറം സ്വദേശി മരിച്ചു. കുറ്റിപ്പുറം കുളക്കാട് ചേലക്കര പോക്കരിന്റെ മകൻ മുഹമ്മദ് ബഷീർ (39) ആണ് മരിച്ചത്. അജ്മാനിലെ അൽ അർസ് ബേക്കറിയിലെ ജീവനക്കാരനായ ബഷീർ കുബ്ബൂസുമായി പോകുന്നതിനിടെ ഇന്നലെ പുലർച്ചെ 5 മണിയോടെയാണ് അപകടത്തിൽപ്പെട്ടത്. ബഷീർ ഓടിച്ച വാഹനത്തിന് പിറകിൽ മറ്റൊരു വാഹനം ഇടിക്കുകയും ഇടിയുടെ ആഘാതത്തിൽ ബഷീറിന്റെ വാഹനം റിക്കവറി വാഹനത്തിൽ ചെന്ന് ഇടിക്കുകയുമായിരുന്നു. സംഭവ സ്ഥലത്ത്‌വച്ച് തന്നെ ബഷീർ മരിച്ചു. ഒന്നര മാസം മുമ്പാണ് നാട്ടിൽ വന്ന് പോയത്. 9 വർഷമായി ബഷീർ അജ്മാനിൽ ജോലി ചെയ്ത് വരികയാണ്.


മുഹമ്മദ് ബഷീർ



### കറൻസി മൂല്യം

| | |
|---|---|
| 1 യു.എ.ഇ ദിർഹം | 22.72 ₹ |
| 1 ഒമാനി റിയാൽ | 216.80 ₹ |
| 1 സൗദി റിയാൽ | 22.25 ₹ |
| 1 ഖത്തർ റിയാൽ | 22.92 ₹ |
| 1 കുവൈറ്റ് ദിനാർ | 272.42 ₹ |
| 1 ബഹ്റൈൻ ദിനാർ | 221.42 ₹ |



### സ്വർണവില
(ഗ്രാമിന് -ദിർഹം)

| | |
|---|---|
| 24 കാരറ്റ് | 280.25 |
| 22 കാരറ്റ് | 259.50 |
| 21 കാരറ്റ് | 251.25 |
| 18 കാരറ്റ് | 215.25 |

# അജ്മാൻ കോഴിക്കോട് ജില്ലാ കെഎംസിസിക്ക് എമിറേറ്റ്സ് റെഡ് ക്രസെന്റ് അംഗീകാരം

- ചാരിറ്റി പ്രവർത്തനങ്ങൾക്കാണ് അംഗീകാരം
- വനിതാ വിങ്ങിനും റെഡ് ക്രസന്റ് സർട്ടിഫിക്കറ്റ്

അജ്മാൻ: കോഴിക്കോട് ജില്ലാ അജ്മാൻ കെഎംസിസിക്ക് എമിറേറ്റ്സ് റെഡ് ക്രസെന്റ് അംഗീകാരം. അജ്മാൻ റെഡ് ക്രസന്റുമായി സഹകരിച്ച് നടത്തിയ ചാരിറ്റി പ്രവർത്തനങ്ങൾക്കാണ് കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റിക്കും ജില്ലാ വനിതാവിങ് കമ്മിറ്റിക്കും അംഗീകാരം ലഭിച്ചത്. അജ്മാൻ മാരിയറ്റ് സാറാ ലക്ഷ്വറി കളക്ഷൻ റിസോർട്ട് കൺവൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ എമിറേറ്റ്സ് റെഡ് ക്രസെന്റ് ഡയരക്ടർ മുഹമ്മദ് അൽ ഷമ്മാരിയിൽ നിന്നും കെഎംസിസി ജില്ലാ പ്രഡിഡന്റ് കെ.കെ മുഹമ്മദ് എടച്ചേരി ജനറൽ സെക്രട്ടറി എ.എം സിറാജ്,ഇസ്മായിൽ എമിറേറ്റ്സ്,നജ്മുദ്ദീൻ കൊടുവള്ളി, മുനീർ പേരാമ്പ്ര എന്നിവർ ഏറ്റുവാങ്ങി. വനിതാ വിങ്ങിനുള്ള സിർട്ടിഫിക്കറ്റ് ജനറൽ സെക്രട്ടറി ഹൻഷീദ മുനീർ, ഓർഗനൈസിങ് സെക്രട്ടറി ഹാദിയ ഫവാസ്, ട്രഷറർ നാസിയ ഇസ്മയിൽ എന്നിവർ എറ്റുവാങ്ങി.


കോഴിക്കോട് ജില്ലാ അജ്മാൻ കെഎംസിസിക്ക് എമിറേറ്റ്സ് റെഡ് ക്രസെന്റ് അംഗീകാര പത്രം ഡയരക്ടർ മുഹമ്മദ് അൽ ഷമ്മാരി കൈമാറുന്നു


തൃക്കരിപ്പൂർ മണ്ഡലത്തിലെ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളിലും ചന്ദ്രിക 'അറിവിൻ തിളക്കം പദ്ധതി' മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ ഉദ്ഘാടനം ചെയ്യുന്നു

# തൃക്കരിപ്പൂർ മണ്ഡലത്തിലെ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളുകളിലും ചന്ദ്രിക 'അറിവിൻ തിളക്കം പദ്ധതി'

### അജ്മാൻ കെഎംസിസി മണ്ഡലം കമ്മിറ്റിയാണ് പദ്ധതി നടപ്പാക്കുന്നത്

അജ്മാൻ: കെഎംസിസി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റി തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ മുഴുവൻ ഹയർ സെക്കണ്ടറി സ്കൂളിലും ചന്ദ്രിക ദിനപത്രം നൽകുന്ന 'അറിവിൻ തിളക്കം പദ്ധതി' ഉദ്ഘാടനം മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ നിർവഹിച്ചു.

യുഎഇ കെഎംസിസി നാഷണൽ കമ്മിറ്റി ജനറൽ സെക്രട്ടറി പി.കെ അൻവർ നഹ, നെസ്റ്റൊ ഗ്രൂപ്പ് എംഡി സിദ്ദീക് നെസ്റ്റൊ, ഓണംപിള്ളി മുഹമ്മദ് ഫൈസി, മണ്ഡലം കെഎംസിസി പ്രസിഡന്റ് ഖാദർ അത്തൂട്ടി, ട്രഷർ ഫർസിന് ഹമീദ്, വൈസ് പ്രസിഡന്റുമാരായ യൂനുസ് പറമ്പത്ത്, കെഎം സുലൈമാൻ, ജോ.സെക്രട്ടറി ഖാദർ കാടങ്കോട്, ഭാരവാഹികളായ ആസാദ് എജിസി, അബൂബക്കർ പടന്ന എന്നിവർ പങ്കെടുത്തു

# വിജയാരവമടങ്ങാതെ പ്രവാസലോകം

### വർഗീയ ധ്രുവീകരണം സി.പി.എം ഗൂഢാലോചന ജനം തിരിച്ചറിഞ്ഞുവെന്ന് പാറക്കൽ അബ്ദുല്ല

## കോഴിക്കോട് ജില്ലാ കെഎംസിസി വിജയാഹ്ലാദ സംഗമം


കെഎംസിസി ബഹ്റൈൻ കോഴിക്കോട് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ആഹ്ലാദ സംഗമം

മനാമ: ലോക്സഭാ തിരഞ്ഞെടുപ്പിൽ 'ഇന്ത്യ' മുന്നണിയുടെ മുന്നേറ്റത്തിന്റെ ഭാഗമായി കെഎംസിസി ബഹ്റൈൻ കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ മനാമ കെഎംസിസി ഹാളിൽ പവിഴ ദ്വീപിലെ കോഴിക്കോട്ടുകാരുടെ വിജയാഹ്ലാദ സംഗമം സംഘടിപ്പിച്ചു. കോഴിക്കോട് ജില്ലയിൽ ഉൾപ്പെടുന്ന മൂന്ന് ലോകസഭ മണ്ഡലത്തിലും മികച്ച വിജയം സധ്യമാകുന്നതിൽ കെഎംസിസി കോഴിക്കോട് ജില്ലാ കമ്മിറ്റിക്കും മികച്ച പ്രവർത്തനം നടത്താൻ സാധിച്ചതിന്റെ ആഹ്ലാദം പരിപാടിയിൽ പ്രകടമായി.ഷാഫി പറമ്പിലിന്റെ വിജയത്തിലൂടെ വടകരയിലെ ജനങ്ങൾ അക്രമത്തിനോടും വർഗീയതയോടും സന്ധിയില്ലെന്ന പ്രഖ്യാപനമാണ് നടത്തിയിട്ടുള്ളതെന്ന് മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറി പാറക്കൽ അബ്ദുല്ല പറഞ്ഞു. ഗൂഗിൾ മീറ്റിലൂടെ ആഹ്ലാദ സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു.

പ്രവാസി സമൂഹത്തിൽ നിന്നും ലഭിച്ച പിന്തുണക്കും സ്നേഹത്തിനും നന്ദി അറിയിക്കുന്നതായി കോഴിക്കോട് ലോക്സഭാ മണ്ഡലം നിയുക്ത എം.പി എം.കെ രാഘവൻ ഗൂഗിൾ മീറ്റിലൂടെ ആഹ്ലാദ സംഗമത്തിൽ പങ്കെടുത്തു പറഞ്ഞു. കെഎംസിസി ജില്ലാ കമ്മിറ്റി തിരഞ്ഞെടുപ്പ് സമയത്ത് നടത്തിയ പ്രവർത്തനങ്ങൾക്ക് നന്ദി അറിയിക്കുന്നതായി മുസ്‌ലിം യൂത്ത്‌ലീഗ് ജില്ലാ ജനറൽ സെക്രട്ടറി ടി മൊയ്തീൻ കോയ പറഞ്ഞു. കെഎംസിസി ബഹ്റൈൻ കോഴിക്കോട് ജില്ലാ പ്രസിഡന്റ് ഷാജഹാൻ പരപ്പൻപൊയിൽ ആധ്യക്ഷനായിരുന്നു. വോട്ട് രേഖപ്പെടുത്താൻ വേണ്ടി ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ നിരവധി പ്രവർത്തകരെ നാട്ടിലെത്തിക്കാൻ ജില്ലാ കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ടെന്നും അവരോട് നന്ദി അറിയിക്കുന്നതായും ഷാജഹാൻ പരപ്പൻപൊയിൽ പറഞ്ഞു.

കെഎംസിസി സംസ്ഥാന ജനറൽ സെക്രട്ടറി ഹസൈനാർ കളത്തിങ്ങൽ, ആക്റ്റിങ് പ്രസിഡന്റ് എ.പി ഫൈസൽ, ട്രഷറർ റസാഖ് മൂഴിക്കൽ,കെ.പി മുസ്തഫ, ഷംസുദ്ദീൻ വെള്ളികുളങ്ങര, എസ്.വി ജലീൽ, ശരീഫ് വില്ല്യാപ്പള്ളി, റഫീഖ് തോട്ടക്കര, ഉസ്മാൻ ടിപ്പ് ടോപ്പ്, ഫൈസൽ കോട്ടപ്പള്ളി, ഫൈസൽ കണ്ടിതാഴ, അഷ്റഫ് കെകെ പ്രസംഗിച്ചു. കുട്ടികളുടെ വിവിധ പരിപാടികളും ഗസൽ ബഹ്റൈനിന്റെ മുട്ടിപ്പാട്ടും, മർഹബ കോൽക്കളി സംഘത്തിന്റെ കോൽക്കളി പ്രദർശനവും വിവിധ മണ്ഡലം കമ്മിറ്റികളുടെ നേതൃത്വത്തിൽ മധുര പലഹാരങ്ങളുടെ വിതരണവും ആഹ്ലാദ പരിപാടികളെ മികവുറ്റതാക്കി. ജില്ലാ ജനറൽ സെക്രട്ടറി പികെ ഇസ്ഹാഖ് സ്വാഗതവും ട്രഷറർ സുബൈർ കെ.കെ നന്ദിയും പറഞ്ഞു. ഭാരവാഹികളായ നസീം പേരാമ്പ്ര, റസാഖ് ആയഞ്ചേരി, ഷാഹിർ ഉള്ള്യേരി, അഷ്റഫ് തോടന്നൂർ, മൊയ്തീൻ പേരാമ്പ്ര, മുനീർ ഒഞ്ചിയം, മുഹമ്മദ് സിനാൻ, തുമ്പോളി അബ്ദുറഹ്മാൻ,റഷീദ് വാല്യക്കോട് നേതൃത്വം നൽകി

## തൃക്കരിപ്പൂർ മണ്ഡലം കെഎംസിസി വിജയാഘോഷവും ടാലന്റ് മീറ്റും



തൃക്കരിപ്പൂർ മണ്ഡലം കെഎംസിസി വിജയാഘോഷവും ടാലന്റ് മീറ്റും അജ്മാൻ കെഎംസിസി കാസർകോട് ജില്ലാ സെക്രട്ടറി ആസിഫ് പള്ളങ്കോട് ഉദ്ഘാടനം ചെയ്യുന്നു

അജ്മാൻ: കെഎംസിസി തൃക്കരിപ്പൂർ മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ത്യ മുന്നണിയുടെ വിജയാഘോഷവും മണ്ഡലത്തിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ യു.എ.ഇയിൽ ഉന്നത വിജയം നേടിയ കുട്ടികൾക്കുള്ള ടാലന്റ് മീറ്റും സംഘടിപ്പിച്ചു. അജ്മാൻ ബസ്സ്റ്റേഷന് അടുത്തുള്ള 'സആദ സെന്റർ' നടന്ന പരിപാടി അജ്മാൻ കെഎംസിസി കാസർകോട് ജില്ലാ സെക്രട്ടറി ആസിഫ് പള്ളങ്കോട് ഉദ്ഘാടനം ചെയ്തു.

മണ്ഡലം പ്രസിഡന്റ് ഖാദർ അത്തൂട്ടി ആധ്യക്ഷനായി. ചടങ്ങിൽ വനിതാലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് ആമിന ടീച്ചർ മുഖ്യപ്രഭാഷണം നടത്തി. കുവൈറ്റ് കെഎംസിസി കാസർകോട് ജില്ലാ വൈസ് പ്രസിഡന്റ് അഷ്റഫ് തൃക്കരിപ്പൂർ മുഖ്യഥിതിയായിരുന്നു. ചീമേനി സിഎച്ച് സെന്റർ കൺവീനർ എൻ.എം അബ്ദുറഹ്മാൻ ഹാജി, ഷാർജ കെഎംസിസി കാസർകോട് ജില്ലാ സെക്രട്ടറി മുഹമ്മദ് മണിയനോടി, ദുബൈ കെഎംസിസി ജില്ലാ കൗൺസിൽ അംഗം ഖാസിം ചാനടുക്കം എന്നിവർ പ്രസംഗിച്ചു. അജ്മാൻ കെഎംസിസി സംസ്ഥാന കമ്മിറ്റിയിലേക്കും ജില്ലാ കമ്മിറ്റിയിലേക്കും തിരഞ്ഞെടുക്കപ്പെട്ട ഫാത്തിമ എൻ.എം, മിലോഫ മറിയം, സജിദ ഇക്ബാൽ, അഡ്വ.ഫാത്തിമ, ജഫ്സീന സാദിഖ്, സൽമ ജുനൈദ്, നഫീസത്ത് ഷംസീർ എന്നിവർക്ക് മണ്ഡലം കമ്മിറ്റി ഉപഹാരം സമർപ്പിച്ചു. മണ്ഡലം സെക്രട്ടറി ഇക്ബാൽ അബ്ദുല്ല സ്വാഗതവും ട്രഷറർ ഫർസിൻ ഹമീദ് നന്ദിയും പറഞ്ഞു.

## മിന്നും വിജയം ആഘോഷിച്ച് കോട്ടക്കൽ മണ്ഡലം കെഎംസിസി

അബുദാബി: പാർലിമെന്റ് തിരഞ്ഞെടുപ്പിൽ ഇന്ത്യ മുന്നണിയുടെ മുന്നേറ്റത്തിലും കേരളത്തിൽ യു.ഡി.എഫിന്റെ ഐതിഹാസിക വിജയത്തിലും വിശിഷ്യ പൊന്നാനി,മലപ്പുറം പാർലിമെന്റ് മണ്ഡലങ്ങളിലെ മുസ്‌ലിംലീഗ് സ്ഥാനാർഥികളുടെ റെക്കോർഡ് ഭൂരിപക്ഷത്തോടെയുള്ള വിജയത്തിലും ആഹ്ലാദം പ്രകടിപ്പിച്ച് അബുദാബി കെഎംസിസി കോട്ടക്കൽ മണ്ഡലം കമ്മിറ്റി വിജയഘോഷം സംഘടിപ്പിച്ചു.

മലപ്പുറം ജില്ലാ പ്രസിഡന്റ് അസീസ് കാളിയാടൻ ഉദ്ഘടനം ചെയ്തു. ലഡു വിതരണം ചെയ്തും പാട്ട് പാടിയും പ്രവർത്തകർ മിന്നുംവിജയം ആഘോഷിച്ചു. ജില്ലാ ട്രഷറർ അഷ്റഫലി, വൈസ് പ്രസിഡന്റ് മുനീർ മാമ്പറ്റ, സെക്രട്ടറിമാരായ ഷാഹിദ് ചെമ്മുക്കൻ, സൈദ് മുഹമ്മദ് പ്രസംഗിച്ചു.

മണ്ഡലം ആക്റ്റിങ് പ്രസിഡന്റ് മജീദ് ചിറക്കൽ അധ്യക്ഷനായി. ജനറൽ സെക്രട്ടറി ഇബ്രാഹിംകുട്ടി സ്വാഗതവും ട്രഷറർ അബ്ദുൽ സലാം നന്ദിയും പറഞ്ഞു. മണ്ഡലം കെഎംസിസി ഭാരവാഹികളായ സബീൽ, യാഹു, അലി, ഫാറൂഖ്, അഷ്റഫ് ബക്കർ, ഫിറോസ് ബാബു തുടങ്ങിയവർ വിജയഘോഷത്തിന് നേതൃത്വം നൽകി. വിവിധ മുനിസിപ്പൽ പഞ്ചായത്ത് കമ്മിറ്റി ഭാരവാഹികളും പ്രവർത്തകരും വിജയഘോഷത്തിൽ പങ്കാളികളായി.

## ബോച്ചെക്ക് സ്വീകരണം നൽകി


യുഎഇയിലെത്തിയ ബോബി ചെമ്മണ്ണൂരിനെ സ്നേഹയുടെ നേതൃത്വത്തിൽ സ്വീകരിച്ചപ്പോൾ

ദുബൈ: യുഎഇയിലെത്തിയ ബോബി ചേമ്മണ്ണൂരിനെ 'സ്നേഹ സ്വീകരിച്ചു. യു.എ.ഇയിലെ അറബ് സഹോദരങ്ങൾ കേരളീയർക്ക് ഏറെ പ്രിയപ്പെട്ടവരാണെന്നും വർഷങ്ങളായി യു.എ.ഇ ജനതയും കേരളീയരും സഹോദരി സഹോദരങ്ങളായി കഴിയുന്നുവെന്നത് മഹത്തരമാണെന്നും ബോച്ചെ പറഞ്ഞു. കേരളത്തിലേക്ക് അറബ് ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിന് നൂതന ടൂറിസം പ്രമോഷൻ സംഘടിപ്പിക്കും. അഷറഫ് വെള്ളെങ്ങൽ വളാഞ്ചേരിയുടെ നേതൃത്വത്തിൽ ബോച്ചെയെ സ്വീകരിച്ചു. ജീവിതകാലം മുഴുവൻ മനു നന്മക്കും സാന്ത്വന പ്രവർത്തനങ്ങൾക്കും ജനങ്ങളുടെ മുന്നിൽ നിന്ന് പ്രവർത്തിക്കുമെന്നും റഹീമിന്റെ ജയിൽ മോചനത്തിന് വേണ്ടി പ്രവർത്തിച്ചത് ദൈവ പ്രീതിക്കും മനുഷ്യ നന്മക്കും റഹീമിന്റെ മാതാവിന്റെ ദു:ഖം ഇല്ലാതാക്കാൻ വേണ്ടിയാണെന്നും ബോബി ചെമ്മണ്ണൂർ പറഞ്ഞു. കേരളം കൈകോർത്തത് ജീവിതത്തിലെ വലിയ പുണ്യമായി കാണുന്നു. മനുഷ്യ നൻമ്മക്ക് പ്രവർത്തിക്കുന്നതിൽ വലിയ സന്തോഷമുണ്ടെന്നും ഇത് പുണ്യപ്രവർത്തിയായി ദൈവം സ്വീകരിക്കട്ടെയെന്നും ബോച്ചെ പറഞ്ഞു. സ്നേഹയുടെ നേതൃത്വത്തിൽ ഷാളണിയിച്ചാണ് ബോച്ചെയെ സ്വീകരിച്ചത്.

## അഷ്റഫ് കൂട്ടായ്മ അബുദാബി ചാപ്റ്റർ


പ്രസിഡന്റ്


ജനറൽ സെക്രട്ടറി


ട്രഷറർ

അബുദാബി: നാലു പതിറ്റാണ്ടിലധികം നീണ്ട പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്ന അഷ്റഫ് പുതുപ്പള്ളിക്ക് യുഎഇ അഷ്റഫ് കൂട്ടായ്മ അബുദാബി ചാപ്റ്റർ യാത്രയയപ്പ് നൽകി. 43 വർഷം യുഎഇയിൽ പ്രവാസ ജീവിതം നയിച്ച അഷ്റഫ് പുതുപ്പള്ളി ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമായിരുന്നു. അബുദബി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടന്ന ചടങ്ങിൽ യുഎഇ ജനറൽ സെക്രട്ടറി അഷ്റഫ് കേച്ചേരി അഷ്റഫ് പുതുപ്പള്ളിക്ക് മൊമെന്റോയും സർട്ടിഫിക്കറ്റും നൽകി.

അബുദബി അഷ്റഫ് കൂട്ടായ്മയുടെ 2024–26 വർഷത്തെ ഭാരവാഹികളായി അഷ്റഫ് ബക്കറിനെ പ്രസിഡന്റായും അഷ്റഫ് പാപ്പിനിശേരിയെ ജനറൽ സെക്രട്ടറിയായും ബഷര അഷ്റഫിനെ ട്രഷററായും തിരഞ്ഞെടുത്തു. പുതിയ ഭാരവാഹികൾക്ക് യുഎഇ ജനറൽ സെക്രട്ടറി അഷ്റഫ് കേച്ചേരി ആശംസകൾ നേർന്നു. എസ്.എസ്.എൽ.സി, പ്ലസ്ടു, അഫ്സലുൽ ഉലമ പരീക്ഷകളിൽ ഉന്നത വിജയം നേടിയ അഷ്റഫ്മാരുടെ മക്കൾക്കുള്ള സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. അഷ്റഫ് എബി, അഷ്റഫ് ടി.പി, അഷ്റഫ് ബക്കർ, അഷ്റഫ് പാപ്പിനിശേരി, അഷ്റഫ് അലി പുതുക്കോടി നേതൃത്വം നൽകി


പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിലേക്ക് മടങ്ങുന്ന അഷ്റഫ് പുതുപ്പള്ളിക്ക് യുഎഇ അഷ്റഫ് കൂട്ടായ്മ അബുദാബി ചാപ്റ്റർ നൽകിയ യാത്രയയപ്പിൽ ജനറൽ സെക്രട്ടറി അഷ്റഫ് കേച്ചേരി മൊമെന്റോയും സർട്ടിഫിക്കറ്റും സമർപ്പിക്കുന്നു

## അധ്യാപകർക്ക് സൗജന്യ പരിശീലനം

അബുദാബി: മലയാളം മിഷൻ അബുദാബി ചാപ്റ്ററിലേക്കുള്ള അധ്യാപകരുടെ സൗജന്യ അധ്യാപക പരിശീലനം ഈ മാസം അബുദാബി കേരള സോഷ്യൽ സെന്ററിൽ വെച്ച് സംഘടിപ്പിക്കുന്നു. അബുദാബി, മുസഫ, ബനിയാസ്, ബദാസായിദ്, അൽ ദഫ്റ, ഷഹാമ തുടങ്ങി അബുദാബിയുടെ വിവിധ പ്രദേശങ്ങളിൽ മലയാളം മിഷന്റെ പാഠ്യപദ്ധതിയനുസരിച്ച് സൗജന്യമായി മലയാള ഭാഷ പഠിപ്പിക്കുവാൻ താൽപര്യമുള്ളവർ ജൂൺ 20 നകം കേരള സോഷ്യൽ സെന്ററുമായി 02 6314455 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണെന്ന് കേരള സോഷ്യൽ സെന്റർ ജനറൽ സെക്രട്ടറി നൗഷാദ് യൂസഫ് അറിയിച്ചു.

മലയാളം മിഷൻ അബുദാബി ചാപ്റ്ററിനു കീഴിൽ കീഴിൽ കേരള സോഷ്യൽ സെന്റർ, അബുദാബി മലയാളി സമാജം, അബുദാബി സിറ്റി, ഷാബിയ, ബദാസായിദ്, അൽ ദഫ്റ എന്നീ മേഖലകളിൽ 85 സെന്ററുകളിലായി 100 അധ്യാപകരുടെ കീഴിൽ രണ്ടായിരത്തിലേറെ വിദ്യാർത്ഥികൾക്ക് മലയാള ഭാഷാ പഠനം നൽകിക്കൊണ്ടിരിക്കുന്നുണ്ട്.

പഠനക്ളാസുകളിലേക്ക് പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പുതിയ ബാച്ചുകളിലേയ്ക്ക് തങ്ങളുടെ കുട്ടികളെ ഉൾപ്പെടുത്താൻ ആഗ്രഹിക്കുന്നവർ 2024 ജൂൺ 20 നകം കേരള സോഷ്യൽ സെന്ററുമായി ബന്ധപ്പെടേണ്ടതാണ്.

## കുവൈത്ത് കെഎംസിസി ജില്ലാ കമ്മിറ്റി അനുശോചിച്ചു

കുവൈത്ത് സിറ്റി: കുവൈത്തിലെ മങ്കഫിലുണ്ടായ ദാരുണമായ തീപിടിത്തത്തിൽ കുവൈത്ത് കെഎംസിസി മലപ്പുറം ജില്ലാ കമ്മിറ്റി അതിയായ ദുഃഖവും മരണപ്പെട്ടവർക് അനുശോചനവും രേഖപ്പെടുത്തി. വിവിധ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്ന പരിക്ക് പറ്റിയവരെ കെഎംസിസി നേതാക്കൾ സന്ദർശിക്കുകയും കെഎംസിസി മെഡിക്കൽ വിങ്ങുമായി സഹകരിച്ചു ആവശ്യമായ സഹായങ്ങൾ ഉറപ്പു വരുത്തുകയും ചെയ്തുവെന്ന് പ്രസിഡന്റ് ഹമീദ് മൂടാൽ ജനറൽ സെക്രട്ടറി റസീൻ പടിക്കൽ എന്നിവർ പറഞ്ഞു.

## എ.എം.എഫ് പെരുന്നാൾ ഫിയെസ്റ്റ 17ന്



അബുദാബി മലയാളി ഫോറം ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ

അബുദാബി: അബുദാബി മലയാളി ഫോറം ഒരുക്കുന്ന എ.എം.എഫ് ഫിയെസ്റ്റ പെരുന്നാൾ ആഘോഷം 17ന് തിങ്കളാഴ്ച ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ അറിയിച്ചു. വൈകുന്നേരം നാലുമണിക്ക് ആരംഭിക്കുന്ന പരിപാടിയിൽ വിവിധ കലാപരിപാടികൾ അരങ്ങേറും. ഡാൻസ് ഫെസ്റ്റ് (നൃത്ത മത്സരം) മാജിക് ഷെഫ് (പാചക മത്സരം) സംഗീത നിശ, തുടങ്ങിയവയാണ് പെരുന്നാൾ ആഘോഷത്തിന്റെ ഭാഗമായി ഒരുക്കുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന സ്പോൺസർഷിപ്പ് സഹായങ്ങൾ ചാരിറ്റി പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുമെന്ന് ഭാരവാഹികൾ പറഞ്ഞു. സിനിമാതാരം അന്നാ രാജൻ മുഖ്യാതിഥിയായിരിക്കും. പ്രമുഖ ഗായകരായ ഫാദർ സെവാരിയോസ്, സിന്ധു പ്രേംകുമാർ, ഇസ്മായിൽ തളങ്കര, ഇംറാൻ ഖാൻ, സിയ ജാസ്മിൻ എന്നിവരുടെ നേതൃത്വത്തിലാണ് സംഗീത പരിപാടികൾ നടക്കുകയെന്ന് പ്രസിഡന്റ് ജിഷ വ്യക്തമാക്കി. മത്സരവിജയികൾക്ക് ക്യാഷ് പ്രൈസ് നൽകും. വാർത്താസമ്മേളനത്തിൽ റുബീന ഷംസീർ, ജ്യോതി, സി.എം.വി ഫത്താഹ്, മുകേഷ് ചന്ദ്ര, മുഹമ്മദ് അസ്ഹർ, സലിൻ ജിജി, നിതീഷ എന്നിവർ പങ്കെടുത്തു.

# നിരീക്ഷണം

പ്രഭാതത്തെ പിളർത്തിക്കൊണ്ട് വരുന്നവനാണവൻ. രാത്രിയെ അവൻ ശാന്തമായ വിശ്രമവേളയാക്കിയിരിക്കുന്നു. സൂര്യനെയും ചന്ദ്രനെയും കണക്കുകൾക്ക് അടിസ്ഥാനവും (ആക്കിയിരിക്കുന്നു.) പ്രതാപിയും സർവ്വജ്ഞനുമായ അല്ലാഹുവിന്റെ ക്രമീകരണമത്രെ അത്.

(വിശുദ്ധ ഖുർആൻ: 06: 96)

ഗൾഫ് ചന്ദ്രിക
1445 ദുൽഹജ്ജ് 07 • 1199 എടവം 30 • 1946 ജ്യേഷ്ഠം 23

## കുവൈത്ത് അഗ്നിബാധ സഹായം ഉറപ്പ് വരുത്തണം

കുവൈത്തിൽ ആറുനില കെട്ടിടത്തിലുണ്ടായ അഗ്നിബാധ സ്വന്തം നാട്ടിലുണ്ടായ ദുരന്തമെന്ന പോലെ മലയാളികളെ നടുക്കിയിരിക്കുകയാണ്. മരണപ്പെട്ട അൻപതോളം പേരിൽ കൂടുതൽ ഇന്ത്യക്കാരും അതിൽ അധികം പേരും മലയാളികളുമാണെന്നതാണ് ഈ നടുക്കത്തിന്റെ കാരണം. പ്രവാസി മലയാളിയുടെ ഉടമസ്ഥതയിലുള്ള കമ്പനിയിലെ ജീവനക്കാരാണ് മരണപ്പെട്ട മുഴുവൻ പേരുമെന്നത് ആഘാതം വർധിപ്പിക്കുന്നു. അനുവദിക്കപ്പെട്ടത്തിലധികം പേർ തിങ്ങിത്താമസിക്കുന്നതും സംഭവം നടന്നത് പുലർക്കാലത്തായിരുന്നുവെന്നതും ദുരന്തത്തിന്റെ ആഴം വർധിപ്പിക്കാൻ കാരണമായിത്തീർന്നിരിക്കുകയാണ്. രക്ഷാ പ്രവർത്തനം കാര്യക്ഷമമായി നടക്കുകയും അധികൃതരുടെ ഭാഗത്തുനിന്ന് കാര്യമായ ഇടപെടലുകൾ ഉണ്ടാവുകയും ചെയ്തത് ദുരന്തത്തിന്റെ വ്യാപ്തികുറക്കുന്നതിന് സഹായിച്ചുവെങ്കിലും നഷ്ടപ്പെട്ടുപോയ ജീവനുകളുടെ വിലയോർക്കുമ്പോൾ അതൊന്നും ആശ്വാസത്തിന് വക നൽകുന്നില്ല. കെട്ടിട ഉടമക്കും കെട്ടിടത്തിന്റെ കാവൽക്കാരനും തൊഴിലാളികളുടെ ഉടമസ്ഥതയുള്ള കമ്പനി ഉടമക്കുമെതിരെ അറസ്റ്റ്‌വാറണ്ടിനും വീഴ്ച്ചവരുത്തിയ മുനിസിപ്പൽ ഉദ്യോഗസ്ഥരെ മുഴുവൻ സസ്‌പെന്റു ചെയ്യാനും സർക്കാർ ഉത്തരവിട്ടിരിക്കുകയാണ്.

മലയാളികൾ കടന്നുചെല്ലാത്ത ഇടങ്ങൾ ഭൂമുഖത്ത് ഇല്ല എന്നത് ഒട്ടും അതിശയോക്തിപരമല്ല. ലോകത്തിന്റെ ഏതെങ്കിലുമൊരു കോണിൽ സാധ്യതകളുടെ പുതിയ വാതായനങ്ങൾ തുറക്കപ്പെടുമ്പോൾ ആദ്യമായി ആ വാതിലിൽ മുട്ടുന്നവരുടെ കൂട്ടത്തിൽ മലയാളിയുമുണ്ടാകുമെന്നത് ഒരു യാഥാർത്ഥ്യം മാത്രമാണ്. ഭാഷയുടെയോ ദേശത്തിന്റെയോ അതിർവരമ്പുകൾ നമുക്കു മുന്നിൽ തടസ്സമായി മാറാറില്ല. ഉപജീവനത്തിന്റെ പേരിലായാലും ഉപരിപഠനത്തിന്റെ പേരിലായാലുമുള്ള ഈ കൂടുവിട്ടുള്ള സഞ്ചാരം നമ്മുടെ കാഴ്ചപ്പാടിന്റെയും അന്വേഷണ ത്വരയുടെയുടെയും ഊർജ്ജസ്വലതയുടെയുമെല്ലാം തെളിവാണ്. ജീവിതത്തെ ക്രിയാത്മകവും സർഗാത്മകവുമാക്കാനുള്ള ചോദനകളാണ് നമ്മെ നിരന്തരം യാത്ര ചെയ്യിപ്പിക്കുന്നത്. പട്ടിണിയും പരിവട്ടവും കൂടെപ്പിറപ്പായി മാറിയ പോയ കാലത്താണ് മധ്യേഷ്യയിൽ പ്രതീക്ഷകളുടെ വാതിലുകൾ തുറക്കപ്പെടുന്നത്. രണ്ടാമതൊന്നാലോചിക്കാതെ ജീവനും ജീവിതവും കൈയ്യിലെടുത്ത് നമ്മളിൽ പലരും ആ പിടിവള്ളിയിൽ കയറിപ്പിടിച്ചു. പ്രതീക്ഷകൾക്ക് നിറംപകർന്നുകൊണ്ട് മണലാരുണ്യം കനിഞ്ഞരുളിയെങ്കിലും ആ ജീവിത യാത്രയിൽ വിയർപ്പിന്റെയും കണ്ണീരിന്റെയും കദനകഥകൾ വേണ്ടുവോളമുണ്ടായിരുന്നു. വീടിനെയും നാടിനെയും കുളിരണിയിപ്പിക്കാൻ വെയിലിനോടും ചൂടിനോടും മാത്രമല്ല, ജീവിത സാഹചര്യങ്ങളോടും പ്രവാസികൾ പൊരുതുകയായിരുന്നു. ആ ദുരിതങ്ങൾ അവർ പുറം ലോകത്തെ അറിയിച്ചില്ലെങ്കിലും അനുഭവങ്ങളും കഥകളും സിനിമകളുമൊക്കെയായി അവ ഓരോന്നായി പുറത്തെത്തിയപ്പോൾ സ്വന്തംനാട് അവിശ്വസനീയതയോടെയാണ് അതെല്ലാം അറിഞ്ഞു തീർത്തത്.

കുവൈത്തിലുണ്ടായ അഗ്നിബാധയും നമ്മോട് പറയുന്നത് ആ കഷ്ടപ്പാടിന്റെയും അധ്വാനത്തിന്റെയും കഥയാണ്. അനുവദിക്കപ്പെട്ടത്തിലുമധികം ആളുകൾ എന്ന് അലങ്കാരത്തോടെ വിശേഷിപ്പിക്കപ്പെടുമ്പോഴും ഇടുങ്ങിയ റൂമുകളിൽ കൂട്ടത്തോടെ കഴിയുന്ന നമ്മുടെ സഹോദരങ്ങളാണ് അവിടെ വെന്തുമരിച്ചിരിക്കുന്നത്. മതിയായ ഭക്ഷണമോ വിശ്രമമോ ഇല്ലാത്തതിനാൽ എത്ര കഠിനമായി സാഹചര്യമാണെങ്കിലും ആ ഇടുക്കവും ഞെരുക്കവുമൊക്കെ സൗകര്യങ്ങളുടെ പറുദീസയായി അവർക്ക് അനുഭവപ്പെടുകയായിരുന്നു. ഇങ്ങനെയുള്ള ദുരന്തങ്ങളുണ്ടാകുമ്പോൾ മാത്രമാണ് സ്വന്തം നാടും ഭരണകൂടവുമെല്ലാം ഇവരെക്കുറിച്ചോർക്കുന്നത് എന്നതാണ് ഇവിടെ ചിന്തനീയമായിട്ടുള്ളത്. സംഭവിച്ച ദുരന്തങ്ങളുടെ അലയൊലികൾ എരിഞ്ഞടങ്ങുമ്പോൾ അവർ വീണ്ടും സ്വാഭാവിക വിസ്മൃതിയിലേക്ക് വലിച്ചെറിയപ്പെടുകയാണ്. ദുരന്തത്തിലകപ്പെടുന്നവർക്ക് മതിയായ സംരക്ഷണം നൽകാനോ സ്വന്തം നാട്ടിലേക്ക് തിരിച്ചെത്തിക്കാനോ ഉള്ള ശ്രമങ്ങളിൽ മറ്റുള്ളവരേക്കാൾ നാം ഏറെ പിറകിലായിപ്പോകുന്നത് സർവ സാധാരണമാണ്. സംസ്ഥാനത്ത് ലോക കേരള സഭക്ക് കളമൊരുങ്ങിക്കൊണ്ടിരിക്കുകയാണ്. പ്രവാസികളുടെ പേരുപറഞ്ഞ് കോടികൾ ചെലവഴിക്കുന്ന ഈ മാമാങ്കത്തിൽ സാധാരണ പ്രവാസികൾക്കോ അവരുടെ പ്രശ്നങ്ങൾക്കോ ഇടം ലഭിക്കാറില്ലെന്നത് മുൻകാല അനുഭവമാണ്. ദുരന്തങ്ങൾക്കു കാത്തു നിൽക്കാതെ പ്രവാസി സമൂഹത്തിനു വേണ്ടിയുള്ള കാര്യക്ഷമമായ ഇടപെടലുകളും സഹായവും ഭരണകൂടങ്ങളുടെ ഭാഗത്തു നിന്നുണ്ടാവണമെന്ന ഓർമപ്പെടുത്തൽ കൂടി ഈ അഗ്നിബാധ നൽകുകയാണ്.

### അടിക്കുറിപ്പ്

കേരളത്തെ കരയിച്ച ദുരന്തമാണ് കുവൈത്തിൽ ഉണ്ടായത്. ജീവിതം തേടി പോയ സാധാരണക്കാരാണ് ദുരന്തത്തിന്റെ ഇരകൾ. മുഖ്യമന്ത്രിയുമായി സംസാരിച്ചു. കേന്ദ്ര സംസ്ഥാന സർക്കാരുകൾ തമ്മിൽ ആശയവിനിമയം നടക്കുന്നുണ്ട്. എല്ലാവരും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്ന് കുവൈത്തിലെ മലയാളികളോടും മലയാളി സംഘടനകളോടും അഭ്യർഥിക്കുന്നു. മരിച്ചവരുടെയും പരിക്കേറ്റവരുടേയും കുടുംബങ്ങൾക്ക് എല്ലാ പിന്തുണയും നൽകും.

വി.ഡി സതീശൻ

### ചരിത്രത്തിൽ ഇന്ന്

1878 യു.എസ്.എസ്. ജെന്നറ്റ് എന്ന യുദ്ധക്കപ്പൽ ആർട്ടിക്ക് സമുദ്രത്തിൽ ഐസ് പാളികളിൽ ഇടിച്ച് തകർന്നു.
1942 രണ്ടാം ലോക മഹായുദ്ധകാലത്ത് യുദ്ധ വിവരങ്ങൾ അറിയാൻ അമേരിക്ക യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് വാർ ഇൻഫോർമേഷൻ എന്ന ഒരു സംവിധാനം തുറന്നു.
1955 മിർ മൈൻ എന്ന ആദ്യത്തെ വജ്ര ഖനി റഷ്യയിൽ കണ്ടെത്തി
1956 റയൽ മാഡ്രിഡ് ആദ്യത്തെ യൂറോപ്യൻ ചാമ്പ്യൻ ക്ലബ്സ് കപ്പ് കരസ്ഥമാക്കി.
1978 ഇസ്രായേൽ സൈന്യം ലെബനനിൽ നിന്നു പിന്മാറി.
2007 അൽ അസ്‌കാരി പള്ളി വീണ്ടും ബോംബിനിരയായി

# ആരും തിരുത്തേണ്ട നമുക്കവരെ തുരത്താം



അഡ്വ. കെ.എൻ.എ ഖാദർ

ലോക്സഭാ തിരഞ്ഞെടുപ്പിൽ നേരിട്ട കനത്ത പരാജയത്തെ തുടർന്ന് ഇടതു മുന്നണിയിലും അതിന്റെ ഘടക കക്ഷികളിലും പല വിധ ചർച്ചകൾ നടന്നു വരികയാണ്. 2019ലെ പ്പോലെ ഒരു സീറ്റാണ് സിപിഎം നേടിയത്. അതും കെ. രാധാകൃഷ്ണൻ നേടിക്കൊടുത്തതെന്നു പറയുകയാണ് ഭേദം. വിലയിരുത്തും, തെറ്റുണ്ടെങ്കിൽ തിരുത്തും എന്നൊക്കെ സി.പി.എം സി.പി.ഐ കക്ഷികൾ പറയുന്നു. പാർട്ടിയുടെ സെക്രട്ടറി ഗോവിന്ദൻ മാഷ് ആകെ അവകാശപ്പെട്ടിരുന്നത് നാലു സീറ്റാണ്, അതിന്റെ കാൽ ഭാഗം ശരിയായി അതു പോരെ. ഗോവിന്ദൻ മാഷ് സാത്വികനും താത്വികനുമാണ്.

> ഇടതു മുന്നണിയിലെ ഒരു ഘടകകക്ഷി കേരള മന്ത്രി സഭയിലും, കേന്ദ്ര മന്ത്രിസഭയിലും ഒരേ സമയം മന്ത്രി പദം വഹിക്കുന്നു. മോദി മന്ത്രി സഭയിൽ അവർ തുടരുന്ന കാലത്തോളം പിണറായി മന്ത്രി സഭയിലും മുന്നണിയിലും അവരെ നിലനിർത്തണോ? അവർ സ്വമേധയാ ചില രാഷ്ട്രീയ ഉഡായിപ്പുകൾ കാണിക്കുകയാണെന്നു സംശയമുണ്ട്. അവരുടെ ദേശീയ സമിതിയുടെ അറിവോടെയാകാം ഇത്.

എന്താണ് സംഭവിക്കാൻ പോകുന്നതെന്നു അവർക്കെല്ലാം അറിയാമായിരുന്നു. അതു കൊണ്ട് അവർ വലിയ അവകാശ വാദങ്ങളൊന്നും ഉന്നയിക്കാൻ പോയില്ല. പ്രസംഗിച്ച സകല വേദികളിലും, മുഖ്യമന്ത്രി കോൺഗ്രസ് വിമർശനത്തിൽ കേന്ദ്രീകരിച്ചു. അതിന്റെ ഗുണം കൂടുതൽ കിട്ടിയത് ബി.ജെ.പിക്കാവും. ഇത്രയൊക്കെ ഇവിടെ കേരളത്തിൽ പറഞ്ഞ സ്ഥിതിക്ക് പിന്നെ തിരഞ്ഞെടുപ്പ് നടക്കാനുള്ള മറ്റു സംസ്ഥാനങ്ങളിലൊന്നും പോകാതെ അദ്ദേഹം വിദേശത്തു പോയി. തിരഞ്ഞെടുപ്പ് ചൂട് കെട്ടടങ്ങിയപ്പോൾ സാവധാനം തിരിച്ചു വന്നു. സി.പി.എം മത്സരിക്കുന്ന ഇടങ്ങളിൽ പോകാമായിരുന്നുവെന്ന് തോന്നി. എല്ലാം അദ്ദേഹത്തിന്റെ ഇഷ്ടം. ഫലം വന്നപ്പോൾ ഇന്ത്യൻ ജനതയെ പത്തു കൊല്ലമായി പിന്തുടരുന്ന ഭീതി കുറച്ചെങ്കിലും ഒഴിഞ്ഞു പോയി.

ഇന്ത്യാ മുന്നണി ആവേശകരമായ വിജയം നേടി. മോദിയും പരിവാരങ്ങളും നടുങ്ങി. കോൺഗ്രസ് ഒറ്റക്ക് നൂറു സീറ്റു നേടി. അങ്ങിനെ ജനങ്ങൾക്ക് ഒരു പുതു ജീവൻ തന്നെ തിരിച്ചു കിട്ടിയിട്ടും, കേരളത്തിലെ ഇടതു വൃത്തങ്ങളിൽ വലിയ സന്തോഷം ഒന്നും കണ്ടില്ല. ഇടതു സീറ്റുകൾ കുറഞ്ഞിട്ടും ഒരു നിർവികാരത സി.പി.എമ്മിലുണ്ട്. ഇങ്ങിനെ തോറ്റതിന്റെ കാരണം സാധാരണ പാർട്ടിക്കാർക്കറിയാം. പക്ഷേ അവർ പറയില്ല. അതാണ് അവരുടെ ഈ നിസ്സംഗതക്കു കാരണം. കഴിഞ്ഞ തവണത്തേതിന്റെ രണ്ടിരട്ടി കിട്ടുമെന്ന് ഗോവിന്ദൻ മാഷ് പരസ്യമായി പറഞ്ഞിരുന്നു. അതായത് കഴിഞ്ഞ തവണ ഒന്നു കിട്ടി അപ്പോൾ ഇരട്ടിയെന്നാൽ രണ്ട് രണ്ടിരട്ടിയെങ്കിൽ നാലു സീറ്റ്. അതാണ് സംസ്ഥാന സെക്രട്ടറി വരെ പ്രതീക്ഷിച്ചത്. ഈ സാഹചര്യത്തിൽ പരാജയ കാരണം മുഖ്യമന്ത്രിയുടെ ശൈലിയാണെന്നും, അദ്ദേഹം രാജിവെക്കണമെന്നും ചിലർ പറഞ്ഞു. സി.പി.ഐയുടെ വിവിധ കമ്മിറ്റികളിൽ അത്തരം അഭിപ്രായങ്ങൾ വന്നതായി ശ്രുതിയുണ്ട്. ഉറക്കെപ്പറയാൻ അൽപം മടിയുള്ള കൂട്ടത്തിലാണല്ലോഅവർ. ഇത്ര കാലമായിട്ടും ലജ്ജ വിട്ടു മാറിയിട്ടില്ല. ശരിയായ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ഒന്നു മാത്രമല്ലെ കാണു.

അത് തങ്ങളാണെന്ന് അവർക്കറിയാം ധാരാളം രേഖകളും തെളിവുകളും സാക്ഷികളും അവരുടെ പക്ഷത്തുണ്ട്. എങ്കിലും സിപിമ്മിനോടുള്ള ബഹുമാനക്കൂടുതൽ കാരണം അവരെ വിഷമിപ്പിക്കുന്ന ഒന്നും തന്നെ വിട്ടു പറയില്ല. ഉച്ചത്തിൽ പറയുകയുമില്ല. പാർട്ടി ക്ലാസിലും കമ്മിറ്റികളിലും നല്ല വ്യത്തിയായി പറയും. ലോകത്തിൽ ആദ്യമായി തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ വന്ന പാർട്ടിയാണ് സി.പി.ഐ. അതും 1957ൽ ഈ കേരളത്തിൽ. സി.പി.എമ്മിനെ സി.പി.ഐ ഗർഭം ധരിക്കുന്നതിനും മുമ്പാണത്. ആ ഗർഭത്തിനു ഉത്തരവാദി ആരെന്ന തർക്കം നിലവിലുണ്ട്. എന്നാൽ ഇത് പോലും തെളിച്ചു പറയാതെ പോയതിനാൽ ഈ സത്യം ഇപ്പോഴും സംശയത്തിന്റെ നിഴലിൽ ആണ്. 1964ൽ പിറന്നതാണ് സിപിഎം. പിളർപ്പിനു ശേഷം ആറുമാസം കഴിഞ്ഞ് ഇഎംഎസ് സി.പി.എമ്മിൽ പോകയാൽ ആദ്യ മന്ത്രിസഭ അദ്ദേഹത്തോടൊപ്പം സഞ്ചരിക്കുന്നതാണ് പിന്നെ കണ്ടത്. എന്തായാലും സിപിഐ ഇനിയും ഒപ്പനയിലെ മണവാട്ടി പോലെ ആടാതെ പാടാതെ പുള്ളിക്കസവുള്ള ചേല ചുറ്റി പാൽ പുഞ്ചിരി തൂകി വെറുതെ ഇരിക്കരുത് .'ഇടതില്ലെങ്കിൽ ഇന്ത്യയില്ല.' എന്ന് സിപിഎം പറയുമ്പോൾ 'ഇന്ത്യ ഉണ്ടെങ്കിലേ ഇടതുള്ളു' എന്ന് സിപിഐ പറയണം.

ആ ഇന്ത്യയുടെ നിർമ്മിതിക്കു വേണ്ടി രാജ്യമാകെ കോൺഗ്രസുമായി ചേരണം. അപ്പോൾ കേരളത്തിൽ ഒരു ചെറിയ തിരുത്തൽ വേണ്ടിവരും. എന്തായാലും ഇടതു മുന്നണിയും മുഖ്യമന്ത്രിയും സി.പി.എമ്മും തിരുത്തണം തിരുത്തണം എന്നു പറയുമ്പോൾ, അവർ നല്ലവരായി തീരണം, ജനങ്ങൾക്കു വേണ്ടതെല്ലാം ചെയ്തു കൊടുക്കണം, അഴിമതി ഒട്ടും നടത്തരുത്, കുറ്റങ്ങൾ ഏറ്റു പറയണം, പൊലീസിനെ നിയന്ത്രിക്കണം, അഹങ്കാരവും ധാർഷ്ട്യവും ഉപേക്ഷിക്കണം, പരനാറി, നികൃഷ്ട ജീവി, കടക്കെടാ പുറത്ത്, എടാ ഗോപാലകൃഷ്ണാ, വിവര ദോഷി തുടങ്ങിയ നല്ല വാക്കുകൾ ഇനി മുഖ്യമന്ത്രി പ്രയോഗിക്കരുത്, പാവപ്പെട്ട മൈക്ക് പിടിച്ച് അതിന്റെ നടുവൊടിക്കരുത്, അദ്ദേഹത്തെക്കുറിച്ച് വല്ലപ്പോഴും ആരെങ്കിലും നല്ലതു പറഞ്ഞു കേൾക്കാൻ ഉള്ള കൊതികൊണ്ട് പ്രതിഫലം കൊടുത്ത് ഏർപ്പാടു ചെയ്ത അവതാരികമാരോട് വേദിയിൽ വെച്ചു തട്ടിക്കയറരുത്, ഇതൊക്കെയല്ലെ ഉദ്ദേശിച്ചത്. ഇതൊക്കെ ഇങ്ങിനെ തുടരുന്നതും, കൂടുതൽ വഷളാവുന്നതും, യു.ഡി.എഫിന്റെ ഭൂരിപക്ഷം വർദ്ധിപ്പിക്കാൻ വരാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ സഹായകമാകുന്ന ഘടകങ്ങളാണ്. അത് വേണ്ടെന്നു വെക്കണൊ? ഇവരെ നന്നാക്കാൻ നടന്നു സമയം കളയണോ? ഇവർ നന്നാവണോ? അവർ തിരുത്തണോ? അതോ നമുക്കവരെ തുരത്തണോ? അവർക്ക് തിരുത്താൻ കഴിയുമോ? എന്തൊക്കെയാണ്ചെയ്തു കൂട്ടിയിട്ടുള്ളത് എന്നിവയെല്ലാം ആലോചിക്കേണ്ടതാണ്.

പ്രകാശ് ജാവദേക്കർക്ക് കറന്റ് ബില്ലും വെള്ളക്കരവും നികുതികളും കുറക്കാനോ മുഖ്യമന്ത്രിയുടെ നാക്കിനു മുദ്രവെക്കാനോ കഴിയില്ലല്ലോ. അദ്ദേഹത്തിന്റെ ചുമലിൽ സ്വർണ്ണം മാസപ്പടി കരിമണൽ ലാവലിൻ ഇത്യാദി തന്നെ എമ്പാടുമുണ്ടല്ലോ കുരുക്കുകൾ. ഒരു താമരയല്ലേ വിരിഞ്ഞത്. ജനപക്ഷത്തു നിൽക്കുന്ന പ്രതിപക്ഷം സർക്കാരിനെ വിമർശിക്കുന്നതിൽ ഒരു കുറവും വരുത്തരുത് .ജനങ്ങളോടൊപ്പം നിന്നു സമരങ്ങൾ നയിക്കണം. പക്ഷേ താൻ വേറൊരു ജനുസ്സാണെന്നാണ് മുഖ്യമന്ത്രി അവകാശപ്പെട്ടിട്ടുള്ളത്. മാർക്സ് അംഗീകരിച്ച ഡാർവിനിസം അനുസരിച്ച്, ഉറാങ് ഉട്ടാങ്, പിത്തക്കാന്ത്രോപസ്, നിയാണ്ടർത്താൽ, ക്രോമാഗ്നൻ തുടങ്ങിയ കക്ഷികൾ പരിണമിച്ചാണ് മനുഷ്യർ ഉണ്ടായത്. പിന്നെ ഏതപ്പാ വേറൊരു ജനുസ്സ്.? അറിയില്ല. ബിജെപി കൂടുതൽ വോട്ട് കേരളത്തിൽ നേടിയതും, ഒരു സീറ്റ് ജയിച്ചതും അവഗണിക്കാവുന്നതല്ല.

ജന്മ സിദ്ധമായ ഈ കോൺഗ്രസ് വിരുദ്ധത സിപിഎം കേരളത്തിലും ഉപേക്ഷിക്കണം. ബി.ജെ.പി വളർച്ച സി.പി.എമ്മിന്റെ വിളർച്ച കാരണമാണ്. വിരലിൽ എണ്ണാവുന്നത്ര സീറ്റെങ്കിലും അവർക്കു കിട്ടിയത് കോൺഗ്രസ് നൽകിയ ലക്ഷക്കണക്കിനു വോട്ടുകൾ കൊണ്ടാണ്. രാജസ്ഥാനിലെ സിക്കാറിലും തമിൾനാട്ടിലെ ഡിണ്ടിഗലും ഒക്കെ അവർക്കതു കാണാം. ഇടതു മുന്നണിയിലെ ഒരു ഘടകകക്ഷി കേരള മന്ത്രി സഭയിലും, കേന്ദ്ര മന്ത്രിസഭയിലും ഒരേ സമയം മന്ത്രി പദം വഹിക്കുന്നു. മോദി മന്ത്രി സഭയിൽ അവർ തുടരുന്ന കാലത്തോളം പിണറായി മന്ത്രി സഭയിലും മുന്നണിയിലും അവരെ നിലനിർത്തണോ? അവർ സ്വമേധയാ ചില രാഷ്ട്രീയ ഉഡായിപ്പുകൾ കാണിക്കുകയാണെന്നു സംശയമുണ്ട്. അവരുടെ ദേശീയ സമിതിയുടെ അറിവോടെയാകാം ഇത്. പലവിധ തട്ടിപ്പുകളിലും വൈദഗ്ധ്യം നേടിയ മലയാളികളെ നാം കണ്ടിട്ടുണ്ട്. ഇപ്പോഴിതാ രാഷ്ട്രീയത്തിലും ചില വിളഞ്ഞ വിത്തുകൾ പിണറിമായിയെപ്പോലും മണ്ടനാക്കുന്നു. അതല്ല കേരളത്തിൽ കാണപ്പെടുന്നത് മറ്റൊരു പാർട്ടിയാണെങ്കിൽ അവർ അതു തെളിയിക്കണം കുമാര സ്വാമിയെയും ദേവഗൗഡയേയും മോദി സർക്കാരിനെയും പരസ്യമായി തള്ളിപ്പറയണം.

ഇതൊന്നും ഇടതു വിരുദ്ധത മൂലമല്ല പറയുന്നത്. ഇന്നത്തെ ഇന്ത്യയിൽ ജനാധിപത്യ മതേതര കക്ഷികൾ ക്കിടയിൽ പരസ്പര വിരുദ്ധത അപ്രസക്തവും വിനാശകരവുമാണ്. ഒരു രാഷ്ട്രീയ കക്ഷിയിലും അംഗങ്ങളല്ലാത്ത ജന കോടികളാണ് ഭരിക്കുന്നവരെ തിരഞ്ഞെടുക്കുന്നത് ,പാർട്ടികളല്ല. അവരെ സംരക്ഷിക്കുവാനുള്ള ബാധ്യത സകല പാർട്ടികളിലും നിക്ഷിപ്തമാണ്. ആശയപരമായ വേർതിരിവുകൾ അനിവാര്യമെങ്കിലും ജനാധിപത്യ വഴികൾ അവയെ സഹിഷ്ണുത യിലേക്ക് നയിക്കുന്നു. തിരഞ്ഞെടുപ്പല്ല ജനാധിപത്യം. രണ്ട് തിരഞ്ഞെടുപ്പുകൾക്ക് ഇടയിലാണ് അതു കാണപ്പെടേണ്ടത്.

# സഭ ഏതായാലും കനൽ കനലുതന്നെ

കടകംപള്ളി മുതൽ കാനത്തിൽ ജമീല വരെയുള്ളവർ നിയമസഭയിലെ 'കനലു'കളാണ്. ലോക്സഭാ തിരഞ്ഞെടുപ്പിൽ സി.പി.എമ്മിനും ഇടതുപക്ഷത്തിനാകെയുമുണ്ടായ തോൽവി, തോൽവിയേ അല്ലെന്ന് ആശ്വസിക്കാൻ അവർ ആളിക്കത്തുന്നുണ്ട്. 20ൽ ഒന്ന് നേടിയവർ 18 സീറ്റിൽ വിജയിച്ച യു.ഡി.എഫിനെതിരെ കണക്കുനിരത്തിയത് സഭാതലത്തെ രസകരമായ സംവാദവേദിയാക്കി മാറ്റി.

ആലപ്പുഴയിലെ കനൽ ഇനി ആലത്തൂരിൽ നിന്ന് കത്തും. ആ തീ മതിയെന്നാണ് നേതാക്കളുടെ പക്ഷം. എന്നാൽ ലോക്സഭയിൽ നാല് തരി കനൽ ഉണ്ടെന്ന് അവകാശപ്പെട്ടാൽ പി. ഉബൈദുള്ള അതങ്ങ് സമ്മതിച്ചു കൊടുക്കില്ല. പാർലമെന്റിലുള്ള നാല് കനലുകളിൽ മൂന്നെണ്ണത്തിന്റെ അവകാശികൾ ഞങ്ങളാണെന്ന് ഉറക്കെ തന്നെ പറയും. ആലത്തൂരിൽ വിജയിച്ച കെ. രാധാകൃഷ്ണൻ നിങ്ങളുടെ കനൽ തന്നെ. പക്ഷേ, തമിഴ്നാട്ടിൽ ജയിച്ച രണ്ട് കനലുകൾക്ക് മേൽ രാഹുൽ ഗാന്ധി, സ്റ്റാലിൻ, പ്രൊഫ. ഖാദർ മൊയ്തീൻ എന്നീ നേതാക്കൾക്കു കൂടി അവകാശമുണ്ട്. പിന്നെ, രാജസ്ഥാനിലെ ഒരു കനൽ. അതും രാഹുൽഗാന്ധിയുടെ സംഭാവനയെന്ന് ഉബൈദുള്ള. പക്ഷേ, പിണറായി അത് സമ്മതിക്കില്ല. സിക്കാർ മണ്ഡലം സി.പി.എമ്മിന്റെ ശക്തികേന്ദ്രമാണെന്ന് മുഖ്യമന്ത്രി. സംഭവമൊക്കെ ശരിയാണ്. പാർട്ടി എങ്ങനെ തോറ്റു എന്നതാണല്ലോ വിഷയം. കുമാരപിള്ള സാർ പാർട്ടിയുടെ ബുദ്ധിജീവി ആയതുപോലെ കാര്യകാരണ സഹിതം കടകംപള്ളി സാറും പറയും. കൊളോണിയലിസ്റ്റ് ചിന്താസരണികളൊന്നുമല്ല. മനസിലാകുന്ന ഭാഷയിൽ തന്നെയാണ് കടകംപള്ളി പറഞ്ഞത്. അത് ഇത്രയേ ഉള്ളൂ- പ്രതിപക്ഷവും മാധ്യമങ്ങളും ചേർന്ന് കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിച്ചു. അവർ സി.പി.എമ്മിന് എതിരായി വോട്ട് ചെയ്തു. അതാണ് തോൽക്കാൻ കാരണം. ഉത്തമന് മനസിലായോ എന്നറിയില്ല. പക്ഷേ, എൻ. ഷംസുദ്ദീൻ മനസിലായി. താനടക്കമുള്ള പ്രതിപക്ഷ നേതാക്കളും മാധ്യമങ്ങളും കൂടി തെറ്റിദ്ധരിപ്പിച്ചാൽ തെറ്റിദ്ധരിക്കുന്നവരാണോ കേരളത്തിലെ ജനങ്ങൾ എന്ന സംശയം ആദ്യമുണ്ടായത് എൻ. ഷംസുദ്ദീനുതന്നെ. ഒരു പക്ഷേ അങ്ങനെ ആണെങ്കിൽ സി.പി.എമ്മിന്റെ അണികളും ആ തെറ്റിദ്ധാരണയിൽ വീണോ? എന്ന ചോദ്യമെറിഞ്ഞു അദ്ദേഹം. ഇരവിപുരം അംഗം എം. നൗഷാദ് അടുത്തിടെയായി ദേശീയ രാഷ്ട്രീയത്തിൽ കൂടുതൽ തൽപരനാണ്. 2004ൽ അസ്തമിക്കാറായ കോൺഗ്രസിന് ഓക്സിജൻ നൽകിയത് ഹർകിഷൻ സിംഗ് സുർജിത് ആണെന്ന് ഓർക്കണമെന്നായിരുന്നു നൗഷാദിന്റെ ഉപദേശം. രാഹുൽ ഗാന്ധി നിങ്ങളുടെ നേതാവൊക്കെ തന്നെ. പക്ഷേ, കേരളത്തിൽ വന്ന് പിണറായിയെ പിടിച്ച് ജയിലടക്കണമെന്ന് പറഞ്ഞാൽ കെ.വി സുമേഷ് തിരിച്ചും പറയും. 'ജയിലിലിടാൻ ഇങ്ങ് വന്നാൽ മതി, കാണാം' എന്ന ഭീഷണി മുഴക്കാനും സുമേഷിന് മടിയില്ല. രാഹുൽ ഗാന്ധിയെ താൻ ഒന്നും പറഞ്ഞിട്ടില്ലെന്ന് മുഖ്യമന്ത്രി. രാഹുൽ ഗാന്ധിയെ കുറിച്ച് മുഖ്യമന്ത്രി ഒരു നല്ലവാക്കുപോലും പറഞ്ഞിട്ടില്ലെന്ന് തിരുവഞ്ചൂരിന്റെ തിരിച്ചടി. യു.ഡി.എഫികാരാണല്ലോ രാഹുൽ ഗാന്ധിയെ അങ്ങനെയാക്കിയതെന്ന് വീണ്ടും മുഖ്യമന്ത്രി. വിമർശനം സ്വാഭാവികമാണത്രേ.



നടുക്കളം
ഫിർദൗസ് കായൽപ്പുറം

എം. വിൻസന്റ് നിരന്തരം ചോദിക്കുന്ന ചോദ്യത്തിന് പിണറായി മറുപടി പറയാത്തതിലുള്ള അമർഷം അദ്ദേഹം ഇന്നലെയും മറച്ചുവെച്ചില്ല. രാജ്യം വളരെ പ്രധാനപ്പെട്ട തിരഞ്ഞെടുപ്പിനെ നേരിടുന്ന ഘട്ടത്തിൽ മുഖ്യമന്ത്രി നാടുവിട്ടത് എന്തിനെന്നാണ് ആ ചോദ്യം. കോവളം അംഗത്തിന്റെ ചോദ്യം അങ്ങനെ തന്നെ നിൽക്കട്ടെ.

പൊലീസ് വകുപ്പിനെ കുറിച്ചുള്ള ചർച്ചയാകുമ്പോൾ രംഗം കൊഴുക്കുമെന്ന് അറിയാമല്ലോ. കേരളത്തിലെ പൊലീസ് മികച്ച പൊലീസെന്നും മുഖ്യമന്ത്രിയെ അഭിനന്ദിക്കുന്നെന്നും ജോബ് മൈക്കിൾ. എന്നാൽ പൊലീസിനെ കുറിച്ചുള്ള പരാതികൾ കുന്നുപോലെ ഉയർത്തിയായിരുന്നു പ്രതിപക്ഷ അംഗങ്ങളുടെ പ്രസംഗങ്ങളെല്ലാം.

ആലത്തൂരിൽ നിന്ന് വിജയിച്ച കെ. രാധാകൃഷ്ണന്റെ വിടവാങ്ങൽ പ്രസംഗം ഹൃദ്യവും വൈകാരിവുമായിരുന്നു. ഭരണപ്രതിപക്ഷ ഭേദമന്യേ സർവ്വസമ്മതനായ അദ്ദേഹത്തോട് എല്ലാവരും സ്നേഹം പങ്കുവെച്ചു. കേരളത്തിൽ നിന്ന് താൻ ഒറ്റക്കല്ല പാർലിമെന്റിലേക്ക് പോകുന്നതെന്നും കേരളത്തിലെ മറ്റ് എം.പിമാർക്കൊപ്പം ചേർന്ന് സംസ്ഥാനത്തിനു വേണ്ടി പ്രവർത്തിക്കുമെന്നും രാധാകൃഷ്ണൻ പറഞ്ഞു.

*സഭാ സ്റ്റാറ്റസ്: ഇടതുപക്ഷം ഹൃദയപക്ഷത്തുനിന്ന് മുതലാളി പക്ഷത്തേക്ക് മാറി. തോൽവിയിൽ നിന്ന് പാഠം പഠിച്ചില്ലെങ്കിൽ മഷിയിട്ടു നോക്കിയാൽ പോലും ഹൃദയപക്ഷത്തെ കാണാനാകാത്ത സ്ഥിതിയാകും -കെ.കെ രമ*

# കേരള ഉർദുവിന്റെ പിതാവ്

ഡോ: കെ.പി. ശംസുദ്ദീൻ തിരൂർക്കാട്

ഈയിടെ അന്തരിച്ച പ്രശസ്ത ഉർദു സാഹിത്യകാരനും നിരൂപകനുമായ പ്രൊഫ. ഡോ: ശാറിബ് റുദോൽവി ഒരിക്കൽ ഇങ്ങനെ പറഞ്ഞു 'എസ്.എം. സർവറിന്റെ കവിതകളും വിവർത്തന കൃതികളും അവയിലൂടെ വികസിച്ചു വന്ന കേരളത്തിലെ ഉർദു ഭാഷാ പ്രചരണ പ്രവർത്തനങ്ങളും വിലയിരുത്തുമ്പോൾ തീർച്ചയായും എസ്.എം. സർവറിനെ കേരളത്തിലെ ഉർദുവിന്റെ പിതാവ് എന്ന് വിശേഷിപ്പിക്കാവുന്നതാണ്'. 1916 ജൂൺ 13 ന് തൃശൂർ ജില്ലയിലെ കാട്ടൂരിൽ ജനിച്ച അദ്ദേഹം സർഗ ധന്യമായ കർമംകൊണ്ട് മലപ്പുറത്തുകാരനായിട്ടാണ് ജീവിച്ചത്. സ്വാതന്ത്ര്യത്തോടൊപ്പം സംഭവിച്ച വിഭജനം ഏറ്റവുമധികം നഷ്ടമുണ്ടാക്കിയത് ഉർദു ഭാഷക്കായിരുന്നു. കേരളത്തിലും ഉർദു ഭാഷ നല്ല നിലയിൽ വളർന്നുകൊണ്ടിരിക്കെ സംഭവിച്ച ദുരന്തം ചെറുതായിരുന്നില്ല. ഈ തകർച്ചയിൽ നിന്ന് ഉർദുവിനെ കരകയറ്റുന്നതിൽ മുന്നിൽ നിന്ന് പോരാടിയ മഹദ് വ്യക്തി സർവർ സാഹിബായിരുന്നു.



എസ്.എം.സർവറിന്റെ നൂറ്റിഎട്ടാം ജന്മദിനം ഇന്ന്

1944 മുതൽ1971 വരെ മലപ്പുറം ഗവൺമെന്റ് സ്കൂളിൽ ഉർദു അധ്യാപകനായി സേവനമനുഷ്ഠിക്കുന്ന കാലത്ത് പൊതുജനങ്ങൾക്കിടയിൽ ഭാഷാ പ്രചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ സർവറിന് സാധിച്ചു. മലയാള മാധ്യമങ്ങളും ആനുകാലികങ്ങളും ഇതിനായി അദ്ദേഹം സമർത്ഥമായി ഉപയോഗിച്ചു. ഇതിൽ ചന്ദ്രിക ദിനപത്രവും ആഴ്ചപ്പതിപ്പും നിർവഹിച്ച പങ്ക് സവിശേഷമായി എടുത്തു പറയേണ്ടതുണ്ട്. നിരവധി ഉർദു രചനകളും ലേഖനങ്ങളും ചന്ദ്രിക ആഴ്ചപ്പതിപ്പിൽ വിവർത്തനം ചെയ്ത് പ്രസിദ്ധീകരിച്ചു. ചന്ദ്രിക വാരാന്തപ്പതിപ്പിൽ സ്ഥിരമായി പ്രസിദ്ധീകരിച്ചിരുന്ന ലേഖനങ്ങളും ഫീച്ചറുകളും സാധാരണക്കാരിൽ ഏറെ സ്വാധീനം ചെലുത്തിയിരുന്നു. അതോടൊപ്പം തന്നെ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ഉർദു ആനുകാലികങ്ങളിലേക്ക് കവിതകൾ അയച്ചു കൊടുത്തിരുന്നു. അങ്ങനെയാണ് എസ്.എം. സർവർ എന്ന മലയാളിയായ ഉർദു കവി കേരളത്തിന് പുറത്ത് പ്രശസ്തനായിത്തീർന്നത്. മലയാള സാഹിത്യത്തിലെ മുൻ നിര എഴുത്തുകാരായ എം.ടി പൊൻകുന്നം വർക്കി, പോഞ്ഞിക്കര റാഫി, വൈക്കം മുഹമ്മദ് ബഷീർ, എന്നിവരുടെ കഥകൾ ഉർദുവിലേക്ക് വിവർത്തനം ചെയ്ത് വിവിധ ഉർദു മാസികകളിൽ പ്രസിദ്ധീകരിച്ചു. ഇതു വഴി സാധ്യമായ ഉർദു മലയാളം സാഹിത്യ സാംസ്കാരിക സമന്വയത്തിന്റെ വാക്താവ് കൂടിയായി സർവർ മാറുകയായിരുന്നു.

1942 മുതൽ ഉർദു കവിതകൾ, ലേഖനങ്ങൾ, വിവർത്തനങ്ങൾ, എന്നിങ്ങനെ ധാരാളമായി അദ്ദേഹം രചിച്ചു. അദ്ദേഹത്തിന്റെ രണ്ട് കവിതാ സമാഹാരങ്ങൾ' അർമഗാനെ കേരള്','നവായെ സർവർ', എന്നിവ പ്രസിദ്ധീകൃതമായി.1988 ൽ പ്രസിദ്ധീകരിച്ച 'നവായെ സർവർ'( സർവറിന്റെ ശബ്ദം) എന്ന സമാഹാരത്തിന് ഉത്തർപ്രദേശ് ഉർദു അക്കാദമിയുടെ പ്രത്യേക പുരസ്കാരവും ക്യാഷ് അവാർഡും ലഭിക്കുകയുണ്ടായി. അല്ലാമാ ഇഖ്ബാലിന്റെ കവിതകളിൽ അതീവ ആകൃഷ്ടനായിരുന്നു അദ്ദേഹം. ആദ്യകാല രചനകളിൽ ഇഖ്ബാൽ കവിതകളുടെ സ്വാധീനം കൂടുതൽ പ്രകടമാണ്. പിന്നീടുള്ള രചനകൾ തനി സർവർ ശൈലിയിലേക്ക് പരിണമിക്കുകയായിരുന്നു.' അർമഗാനെ കേരള്'(കേരളത്തിന്റെ ഉപഹാരം) എന്ന കവിതാ സമാഹാരം അല്ലാമാ ഇഖ്ബാലിന്റെ പുത്രൻ ജാവേദ് ഇഖ്ബാലിന് ലഭിച്ച പ്പോൾ അദ്ദേഹം സർവറിനെ പ്രശംസിച്ചു കൊണ്ട് കത്തയച്ചത് അമൂല്യമായൊരു അംഗീകാരമായിട്ടാണ് അദ്ദേഹം കണ്ടിരുന്നത്.

1942 ൽ മദ്രാസ് സർവകലാശാലയിൽ നിന്ന് ഉർദു പഠനം കഴിഞ്ഞ് തിരിച്ചെത്തിയ അദ്ദേഹം ആദ്യമായി ഉർദു അധ്യാപകനായി ജോലിയിൽ പ്രവേശിച്ചത് തലശ്ശേരിയിലെ ഒരു വിദ്യാലയത്തിലായിരുന്നു. രണ്ട് വർഷക്കാലത്തെ തലശ്ശേരി താമസത്തിനിടയിൽ പല ദിവസങ്ങളിലും വൈകുന്നേരം കെ.എം. സീതിസാഹിബ് അദ്ദേഹത്തെ തന്റെ വീട്ടിലേക്ക് വിളിപ്പിക്കുകയും ശിബിലി നുഅ്മാനിയുടെ പ്രശസ്ത ഉർദു ഗ്രന്ഥമായ' സീറത്തുന്ന ബി' പാരായണം ചെയ്ത് മലയാള അർത്ഥം മനസ്സിലാക്കിയിരുന്നതായി സർവർ സ്മരിച്ചിരുന്നു.1947 ന് ശേഷം മദ്രാസ് സർവകലാശാലയുടെ അദീബെ ഫാസിൽ കോഴ്സ് കേരള സർവകലാശാലയിലേക്ക് മാറ്റിയത് സീതീ സാഹിബ് ആയിരുന്നു. കെ.എം.സീതീ സാഹിബിനോടുള്ള അടുപ്പവും സ്നേഹവുമാണ് സീതീ സാഹിബിന്റെ നിര്യാണത്തിന് ശേഷം ' കെ.എം. സീതതി' എന്ന സുദീർഘമായ ഉർദു കവിത സർവർ സാഹിബിന്റെ തൂലികയിൽ നിന്ന് പിറക്കാൻ കാരണമായത്.

RNI 3018/1957 Vol No. 91. Issue No.153 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## വിദ്യാർത്ഥികളെ ബലിയാടാക്കി

ന്യൂഡൽഹി: നീറ്റ് പരീക്ഷാ ക്രമക്കേടിൽ കേന്ദ്ര സർക്കാർ കർശന നടപടി സ്വീകരിച്ചില്ലെന്ന് എ.ഐ.സി.സി ജനറൽ സെക്രട്ടറി പ്രിയങ്ക ഗാന്ധി. ലക്ഷക്കണക്കിന് കുട്ടികൾ നീറ്റ് പോലുള്ള പരീക്ഷകൾക്ക് കഠിനമായി തയാറെടുക്കുകയും തങ്ങളുടെ ജീവിതത്തിലെ ഏറ്റവും വിലപ്പെട്ട നിമിഷങ്ങൾ അതിനായി ചെലവവിക്കുകയും ചെയ്യുന്നു. മുഴുവൻ കുടുംബവും ഈ പരിശ്രമത്തിൽ വിശ്വാസവും ശക്തിയും അർപ്പിക്കുന്നു. എന്നാൽ വർഷം തോറും പരീക്ഷകളിൽ പേപ്പർ ചോർച്ചയും, ഫലവുമായി ബന്ധപ്പെട്ട ക്രമക്കേടുകളും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. വിഷയത്തിൽ സർക്കാർ അശ്രദ്ധമായ മനോഭാവം ഉപേക്ഷിച്ച് നടപടിയെടുക്കണം.



## അയോധ്യയിലേത് തിരിച്ചറിവ്

പൂനെ: രാമക്ഷേത്രം തിരഞ്ഞെടുപ്പ് പ്രചാരണമാക്കിയ ബി.ജെ.പിക്ക് കനത്ത തിരിച്ചടിയാണ് അയോധ്യ ഉൾപ്പെട്ട ഫൈസാബാദ് മണ്ഡലത്തിലെ ജനവിധിയെന്ന് എൻ.സി.പി സ്ഥാപക നേതാവ് ശരത് പവാർ. വോട്ട് പിടിക്കാൻ ബി.ജെ.പി ക്ഷേത്രത്തെ ഉപയോഗിക്കുന്നതിൽ ഞങ്ങൾ ആശങ്കപ്പെട്ടിരുന്നു. എന്നാൽ ബി.ജെ.പിയുടെ ഈ ഗൂഢനീക്കത്തെ ജനങ്ങൾ തിരിച്ചറിഞ്ഞു. ക്ഷേത്രത്തിന്റെ രാഷ്ട്രീയം എങ്ങനെ തിരുത്താമെന്ന് അയോധ്യയിലെ വോട്ടർമാർ കാണിച്ചുകൊടുത്തു. നമ്മുടെ രാജ്യത്തെ ജനങ്ങൾ ജ്ഞാനികളാണ്. പഴയതു പോലെ ഏകപക്ഷീയമായി ഭരിക്കാൻ കഴിയില്ലെന്ന് നരേന്ദ്ര മോദിയും ബി.ജെ.പി നേതാക്കളും ഓർക്കണം.



### ചുരുക്കത്തിൽ

#### എം.എൽ.എ സ്ഥാനമൊഴിഞ്ഞ് അഖിലേഷ്; വീണ്ടും ലോക്സഭയിലേക്ക്

ലക്നൗ: ലോക്സഭാ തിരഞ്ഞെടുപ്പിൽ കനൗജിൽ നിന്നും നിന്ന് വിജയിച്ച സമാജ്വാദി പാർട്ടി അധ്യക്ഷൻ അഖിലേഷ് യാദവ് എം.എൽ.എ സ്ഥാനം രാജിവെച്ചു. കർഹാൽ നിയോജക മണ്ഡലത്തിൽ നിന്നായിരുന്നു അദ്ദേഹം നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഫൈസാബാദ് ലോക്സഭാ സീറ്റിൽ നിന്ന് വിജയിച്ച എസ്.പി നേതാവ് അവധേഷ് പ്രസാദും എം.എൽ.എ സ്ഥാനം രാജിവെച്ചു. മിൽകിപൂർ സീറ്റിൽ നിന്നുള്ള എം.എൽ.എയായിരുന്നു അദ്ദേഹം. രണ്ട് മണ്ഡലങ്ങളിലെയും പാർട്ടി നേതാക്കളുമായും പ്രവർത്തകരുമായും കൂടിയാലോചിച്ച ശേഷമാണ് തീരുമാനമെന്ന് എസ്.പിയുടെ മുതിർന്ന നേതാവ് പ്രതികരിച്ചു. 37 എം.പിമാരുള്ള എസ്.പി രാജ്യത്തെ പ്രധാന രാഷ്ട്രീയ ശക്തിയാണ്. അംഗങ്ങളുടെ എണ്ണത്തിൽ ലോക്സഭയിലെ മൂന്നാമത്തെ വലിയ കക്ഷിയാണ് ഞങ്ങൾ. രാജ്യ തലസ്ഥാനത്ത് അഖിലേഷിന്റെ സാന്നിധ്യം അനിവാര്യമാണെന്നും പാർട്ടിയുടെ അടിത്തറ വിപുലീകരിക്കാൻ ഇത് സഹായിക്കുമെന്നും എസ്.പി നേതാക്കൾ പറഞ്ഞു. പാർട്ടിയുടെ ശക്തികേന്ദ്രമായ കനൗജിൽ ബി.ജെ.പി സ്ഥാനാർത്ഥി സുബ്രത് പഥക്കിനെ 1,70,922 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് അഖിലേഷ് ലോക്സഭയിലേക്ക് എത്തുന്നത്. അയോധ്യ ഉൾപ്പെടുന്ന ഫൈസാബാദ് മണ്ഡലത്തിലെ അവധേഷ് പ്രസാദിന്റെ വിജയം ഏറെ ചർച്ചയായിരുന്നു. രണ്ട് തവണ എം.പിയായിരുന്ന ബി.ജെ.പിയുടെ ലല്ലു സിങ്ങിനെ 52,000 വോട്ടുകൾക്കാണ് അവധേഷ് കെട്ടുകെട്ടിച്ചത്. 2019ൽ അസംഗഡിൽ നിന്നും ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അഖിലേഷ് എം.പി സ്ഥാനം രാജിവെച്ചാണ് 2022ൽ നിയമസഭയിലേക്ക് മൽസരിച്ചത്. അതേസമയം അഖിലേഷ് എം.എൽ.എ സ്ഥാനം രാജിവെക്കുന്നതോടെ യു.പിയിൽ പുതിയ പ്രതിപക്ഷ നേതാവിനെ തിരഞ്ഞെടുക്കേണ്ടിവരും. അഖിലേഷിന്റെ അമ്മാവൻ ശിവ്പാൽ സിങ് യാദവിനാണ് സാധ്യത. കർഹാൽ സീറ്റിൽ അഖിലേഷിന്റെ അനന്തരവൻ തേജ് പ്രതാപ് യാദവ് മത്സരിച്ചേക്കും.

#### 300 കോടിയുടെ സ്വത്തിന് ഭർതൃപിതാവിനെ കൊന്നു; മരുമകൾ അറസ്റ്റിൽ

നാഗ്പൂർ: 82 വയസുകാരൻ വാഹനാപകടത്തിൽ മരിച്ച സംഭവം കൊലപാതകമെന്ന് തെളിഞ്ഞു. 300 കോടി രൂപയുടെ കുടുംബ സ്വത്തിനു വേണ്ടി മരുമകളാണ് കൊലപാതകം ആസൂത്രണം ചെയ്തത്. പുരുഷോത്തം പുത്തേവാർ എന്നയാളാണ് കൊല്ലപ്പെട്ടത്. സംഭവത്തിൽ മരുമകളായ അർച്ചന മനീഷ് പുത്തേവാറിനെ പൊലീസ് അറസ്റ്റ് ചെയ്തു. നഗരാസൂത്രണ വിഭാഗത്തിൽ അസിസ്റ്റന്റ് ഡയറക്ടറാണ് അർച്ചന. കൊലപാതകം നടത്താൻ അർച്ചന വാടകകൊലയാളികളെ ഏർപ്പെടുത്തിയെന്നാണ് പൊലീസ് പറയുന്നത്. ഇതിനായി ഭർത്താവിന്റെ ഡ്രൈവറെയും മറ്റ് രണ്ട് പ്രതികളായ നീരജ് നിംജെ, സച്ചിൻ ധാർമിക് എന്നിവരുടെ സഹായം തേടി. പ്രതിഫലമായി ഒരു കോടി രൂപ നൽകിയെന്നും പൊലീസ് പറഞ്ഞു. ഐപിസി, മോട്ടോർ വെഹിക്കിൾ ആക്ട് എന്നിവ പ്രകാരം കൊലപാതകം ഉൾപ്പെടെയുള്ള വകുപ്പുകൾ പൊലീസ് ഇവർക്കെതിരെ ചുമത്തിയിട്ടുണ്ട്. രണ്ട് കാറുകളും സ്വർണാഭരണങ്ങളും മൊബൈൽ ഫോണുകളും പ്രതികളുടെ കൈയിൽ നിന്ന് പിടിച്ചെടുത്തിട്ടുണ്ട്. ശസ്ത്രക്രിയ കഴിഞ്ഞ് ചികിത്സയിലായിരുന്ന തന്റെ ഭാര്യയെ കാണാൻ ആശുപത്രിയിൽ പോകുന്നതിനിടെയാണ് പുരുഷോത്തം പുത്തോവാർ കൊല്ലപ്പെട്ടത്. ഇദ്ദേഹത്തിന്റെ മകനും അർച്ചനയുടെ ഭർത്താവുമായ മനീഷ് പ്രശസ്തനായ ഇഎൻടി ഡോക്ടറാണ്.

# സ്പീക്കർ തിരഞ്ഞെടുപ്പ്
# മോദി സർക്കാറിന് ആദ്യ പരീക്ഷണം

- ലോക്സഭാ സമ്മേളനം 24 മുതൽ
- 26ന് സ്പീക്കർ തിരഞ്ഞെടുപ്പ്
- ഇന്ത്യാ മുന്നണി യോഗം 24ന്
- ഡെ. സ്പീക്കർ സ്ഥാനം ആവശ്യപ്പെടും

ന്യൂഡൽഹി: 18-ാം ലോക്സഭയുടെ ആദ്യ സമ്മേളനം ഈ മാസം 18 മുതൽ ജൂലൈ മൂന്നുവരെ നടക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയും പുതിയ ലോക്സഭാ സ്പീക്കറുടെ തിരഞ്ഞെടുപ്പും സമ്മേളനത്തിൽ നടക്കും. സമ്മേളനത്തിന്റെ ഭാഗമായി രാജ്യസഭ, ലോക്സഭ സംയുക്ത സമ്മേളനത്തെ രാഷ്ട്രപതി അഭിസംബോധന ചെയ്യും.

ജൂലൈ മൂന്നിന് രാഷ്ട്രപതിയുടെ നന്ദിപ്രമേയ ചർച്ചയ്ക്കുള്ള മറുപടിയോടെ സഭാ സമ്മേളനം അവസാനിക്കും. സഭാ സമ്മേളനത്തിന്റെ ആദ്യ മൂന്ന് ദിവസങ്ങളിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തിരഞ്ഞെടുപ്പും നടക്കും. 27ന് രാഷ്ട്രപതി സംയുക്ത സഭകളെ അഭിസംബോധന ചെയ്യും. രാജ്യസഭയുടെ 264-ാം സമ്മേളനം ഈ മാസം 27 മുതൽ ജൂലൈ മൂന്ന് വരെ നടക്കുമെന്ന് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി കിരൺ റിജിജു അറിയിച്ചു. രാഷ്ട്രപതിയുടെ അഭിസംബോധനക്ക് ശേഷം പുതിയ മന്ത്രിമാരെ പ്രധാനമന്ത്രി മോദി സഭയിൽ അവതരിപ്പിക്കും. വർധിത വീര്യത്തോടെ കൂടുതൽ അംഗങ്ങളുമായി പ്രതിപക്ഷം സഖ്യം എത്തുന്നതിനാൽ രാഷ്ട്രപതിയുടെ നന്ദി പ്രമേയ ചർച്ച ഇത്തവണ പൊടിപാറും. സഭാ സമ്മേളനം ആരംഭിക്കുന്നതിന് തൊട്ടുമുമ്പായി പ്രൊട്ടം സ്പീക്കർ രാഷ്ട്രപതി മുമ്പാകെ സത്യപ്രതിജ്ഞ ചെയ്യും.

ലോക്സഭയിലെ ഏറ്റവും മുതിർന്ന അംഗമാണ് പ്രോട്ടം സ്പീക്കറാവുക. മുതിർന്ന എം.പിമാരുടെ പട്ടിക പാർലമെന്ററികാര്യ മന്ത്രാലയം രാഷ്ട്രപതിക്ക് കൈമാറിയിട്ടുണ്ട്. മാവേലിക്കരയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസിലെ കൊടിക്കുന്നിൽ സുരേഷാണ് നിലവിൽ സഭയിലെ ഏറ്റവും മുതിർന്ന അംഗം. എട്ടാം തവണയാണ് കൊടുക്കുന്നിൽ ലോക്സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

ബി.ജെ.പിയുടെ എട്ടു തവണ എം.പിയായ വീരേന്ദർ കുമാർ മന്ത്രിയായതിനാൽ കൊടിക്കുന്നിൽ പ്രോട്ടം സ്പീക്കറാവാനാണ് സാധ്യത. മൂന്നാം മോദി സർക്കാറും പ്രതിപക്ഷവും തമ്മിൽ 18-ാം സഭയുടെ ആദ്യ നേർക്കു നേരെ പോരാട്ടം 26ന് നടക്കുന്ന സ്പീക്കർ തിരഞ്ഞെടുപ്പിലായിരിക്കും. സ്പീക്കർ പദവി സഖ്യ കക്ഷികൾക്ക് വിട്ടു നൽകാൻ ബി.ജെ.പിക്ക് താൽപര്യമില്ല. എന്നാൽ ബി.ജെ.പി അംഗത്തെയാണ് സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിക്കുന്നതെങ്കിൽ പ്രതിപക്ഷവും സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചേക്കും. നിലവിലെ സ്പീക്കർ ഓം ബിർളയും പി.എ സാംഗ്മയും മാത്രമാണ് രണ്ട് തവണ സഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്.

എന്നാൽ ഇത്തവണ സ്പീക്കർ സ്ഥാനത്തേക്ക് ആന്ധ്ര പ്രദേശിൽ നിന്നുള്ള ഡി പുരന്ദേശ്വരിയെയാണ് ബി.ജെ.പി പരിഗണിക്കുന്നത്. ഇക്കാര്യത്തിൽ ഔദ്യോഗിക സ്ഥിരീകരണമായിട്ടില്ല. സ്പീക്കർ തിരഞ്ഞെടുപ്പും മറ്റ് വിഷയങ്ങളും ചർച്ച ചെയ്യുന്നതിനായി ഇന്ത്യ സഖ്യം 24ന് യോഗം ചേരും. പ്രതിപക്ഷത്തിന് അർഹമായ ഡെപ്യൂട്ടി സ്പീക്കർ സ്ഥാനം ഇത്തവണ ഏർപ്പെടുത്തണമെന്നും പ്രതിപക്ഷം ആവശ്യപ്പെടും.

കഴിഞ്ഞ സഭയിൽ പ്രതിപക്ഷത്തിന് അർഹമായ പ്രതിപക്ഷ നേതാവ്, ഡെപ്യൂട്ടി സ്പീക്കർ സ്ഥാനങ്ങൾ മുഖ്യപ്രതിപക്ഷ കക്ഷിയായ കോൺഗ്രസിന് മോദി സർക്കാർ അനുവദിച്ചിരുന്നില്ല. അംഗബലം കുറവാണെന്ന് കാണിച്ചായിരുന്നു ഈ നീക്കം. ഭരണഘടനാ പദവികളാണ് ഇവ രണ്ടും.

### ജമ്മു കശ്മീരിൽ വീണ്ടും ഭീകരാക്രമണം

# രണ്ട് ഭീകരരെ വധിച്ചു; ജവാന് വീരമൃത്യു

■ പ്രധാനമന്ത്രിയുടെ മൗനം ചോദ്യം ചെയ്ത് കോൺഗ്രസ്

ശ്രീനഗർ: ജമ്മുകശ്മീരിലെ കത്വയിൽ സുരക്ഷാ സേന രണ്ട് ഭീകരരെ വകവരുത്തി. ഭീകരരുമായുള്ള ഏറ്റുമുട്ടലിൽ ഒരു ജവാനും കൊല്ലപ്പെട്ടു. ചൊവ്വാഴ്ച രാത്രി രണ്ടിടത്തായി ആരംഭിച്ച ഏറ്റുമുട്ടൽ ഇന്നലെ പുർച്ചവരെ നീണ്ടു നിന്നു. കത്വയിൽ ആക്രമണം നടത്തിയ രണ്ട് ഭീകരരെയും വകവരുത്തിയതായി സൈന്യം അറിയിച്ചു.

ഭീകരർ ഗ്രാമത്തിലെ പല വീടുകളിലുമെത്തി വെള്ളം ആവശ്യപ്പെട്ടുവെന്നും സംശയം തോന്നിയ ഗ്രാമീണർ സൈന്യത്തെ വിവരം അറിയിക്കുകയായിരുന്നു. വെടിവെപ്പിൽ ഒരു സാധാരണക്കാരനും പരിക്കേറ്റിട്ടുണ്ട്. ദോഡയിൽ നടന്ന രണ്ടാമത്തെ ഏറ്റുമുട്ടലിൽ അഞ്ചു സൈനികർക്കും ഒരു സ്പെഷ്യൽ പൊലീസ് ഓഫീസർക്കും പരിക്കേറ്റു. മൂന്നു ദിവസത്തിനിടെ നടക്കുന്ന മൂന്നാമത്തെ ഭീകരാക്രമണമാണിത്. രണ്ട് ദിവസം മുമ്പ് തീർത്ഥാടകരുമായി പോയ ബസിന് നേരെ റേസിയിൽ ഭീകരർ നടത്തിയ വെടിവെപ്പിനെ തുടർന്ന് ബസ് കൊക്കയിലേക്ക് മറിഞ്ഞ് ഒമ്പത് പേർ കൊല്ലപ്പെട്ടിരുന്നു.



കത്വയിൽ ഭീകരരുമായി ഏറ്റുമുട്ടലുണ്ടായ പ്രദേശത്തേക്ക് കൂടുതൽ സൈനികരെ വിന്യസിക്കുന്നു

അതേ സമയം മൂന്നു ദിവസത്തിനിടെ ജമ്മുകശ്മീരിൽ മൂന്ന് ഭീകരാക്രമണം നടന്നിട്ടും പ്രധാനമന്ത്രി നരേന്ദ്ര മോദി മൗനം പാലിക്കുന്നതിനെ ചോദ്യം ചെയ്ത് കോൺഗ്രസ് രംഗത്തെത്തി. ജമ്മുകശ്മീർ സാധാരണ നിലയിലേക്കെത്തിയെന്ന ബി.ജെ.പിയുടെ അവകാശവാദം പൊള്ളയാണെന്ന് തെളിയിക്കുന്നതാണ് ഇപ്പോഴത്തെ സംഭവ വികാസങ്ങളെന്ന് കോൺഗ്രസ് ആരോപിച്ചു. പാകിസ്താനിൽ നിന്നും എത്തുന്ന അഭിനന്ദന സന്ദേശങ്ങൾക്ക് മറുപടി പറയുന്ന തിരക്കിലാണ് മോദിയെന്നും കോൺഗ്രസ് മാധ്യമ വിഭാഗം ചെയർപേഴ്സൺ പവൻ ഖേര പറഞ്ഞു.

#### ചെങ്കോട്ട ഭീകരാക്രമണം: പാക് പൗരന്റെ ദയാഹർജി തള്ളി രാഷ്ട്രപതി

ന്യൂഡൽഹി: 2000ത്തിലെ ചെങ്കോട്ട ഭീകരാക്രമണ കേസിൽ വധശിക്ഷക്ക് വിധിച്ച പാക് പൗരൻ മുഹമ്മദ് ആരിഫിന്റെ ദയാഹർജി രാഷ്ട്രപതി തള്ളി. വധശിക്ഷക്കെതിരെ ആരിഫ് നൽകിയ പുനഃപരിശോധനാ ഹർജി 2022ൽ സുപ്രീം കോടതി തള്ളിയിരുന്നു. 2000 ഡിസംബർ 22ന് ഡൽഹിയിലെ ചെങ്കോട്ടയിലേക്ക് അതിക്രമിച്ചു കടന്ന നാല് ഭീകരരുടെ വെടിവെപ്പിൽ മൂന്ന് സൈനികർ വീരമൃത്യു വരിച്ചിരുന്നു. നാലു ദിവസത്തിനു ശേഷമാണ് ലഷ്കർ ഇ ത്വയ്ബ അംഗമായ ആരിഫ് ഡൽഹി പൊലീസിന്റെ പിടിയിലായത്. ഗൂഢാലോചന നടത്തുകയും ആക്രമണത്തിന് നേതൃത്വം നൽകുകയും ചെയ്തെന്ന് കണ്ടെത്തിയതിനെ തുടർന്ന് 2005 ഒക്ടോബറിൽ വിചാരണ കോടതി ആരിഫിന് വധശിക്ഷ വിധിച്ചു. ഡൽഹി ഹൈക്കോടതിയും സുപ്രീംകോടതിയും വിധി ശരിവച്ചു. ആരിഫിനൊപ്പം ചെങ്കോട്ടയിൽ അതിക്രമിച്ചു കടന്ന അബു ഷാദ്, അബു ബിലാൽ, അബു ഹൈദർ എന്നിവർ വ്യത്യസ്ത ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.

### മുഖ്യമന്ത്രിയും മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു

# ആന്ധ്രയെ നയിക്കാൻ നാലാമതും നായിഡു

വിജയവാഡ: ടി.ഡി.പി അധ്യക്ഷൻ എൻ ചന്ദ്രബാബു നായിഡു ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. ഗന്നവാരം വിമാനത്താവളത്തിന് സമീപത്തെ കേസരപ്പള്ളിയിലെ മേധ ഐ.ടി പാർക്ക് ഗ്രൗണ്ടിൽ ഇന്നലെ രാവിലെ 11:27 നായിരുന്നു ചടങ്ങുകൾ. ദൈവനാമത്തിലായിരുന്നു നായിഡുവിന്റെ സത്യപ്രതിജ്ഞ.

ജനസേന പാർട്ടി അധ്യക്ഷൻ പവൻ കല്യാൺ, നായിഡുവിന്റെ മകനും ടി.ഡി.പി ജനറൽ സെക്രട്ടറിയുമായ നാരാ ലോകേഷ് ഉൾപ്പെടെ 24 കാബിനറ്റ് മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. പവൻ കല്യാ ൺ ഉപമുഖ്യമന്ത്രിയാകുമെന്നാണ് സൂചന. പ്രധാനമന്ത്രി മോദി, ആഭ്യന്തര മന്ത്രി അമിത് ഷാ, ബി.ജെ.പി അധ്യക്ഷനും കേന്ദ്രമന്ത്രിയുമായ ജെ.പി നദ്ദ, സിനിമാതാരങ്ങളായ രജനികാന്ത്, ചിരഞ്ജീവി, നന്ദമുരി ബാലകൃഷ്ണ, മഹാരാഷ്ട്ര മുഖ്യമന്ത്രി ഏക്നാഥ് ഷിൻഡെ, കേന്ദ്ര മന്ത്രിമാരായ നിതിൻ ഗഡ്കരി, ചിരാഗ് പാസ്വാൻ, കിഞ്ജരാപ്പു രാം മോഹൻ നായിഡു, എൻ.സി.പി നേതാവ് പ്രഫുൽ പട്ടേൽ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

നേരത്തെ ഈ മാസം 9 നായിരുന്നു ചടങ്ങ് നിശ്ചയിച്ചിരുന്നതെങ്കിലും കേന്ദ്രമന്ത്രിസഭയുടെ സത്യപ്രതിജ്ഞ കണക്കിലെടുത്ത് തിയ്യതി മാറ്റുകയായിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിനൊപ്പം മെയ് 13ന് നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ടി.ഡി.പിയുടെ നേതൃത്വത്തിലുള്ള എൻ.ഡി.എ സഖ്യം 175ൽ 164 സീറ്റ് നേടിയാണ് ഭരണം പിടിച്ചത്. നാലാം തവണയാണ് നായിഡു ആന്ധ്രയുടെ മുഖ്യമന്ത്രിയാവുന്നത്. ഇതിന് മുമ്പ് ടി.ഡി.പി സ്ഥാപകൻ എൻ.ടി രാമറാവു നാല് തവണ സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിക്കസേരയിലിരുന്നത്.



ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത ശേഷം സദസിനെ അഭിവാദ്യം ചെയ്യുന്ന ചന്ദ്രബാബു നായിഡു

1995ലാണ് നായിഡു ആദ്യമായി മുഖ്യമന്ത്രിയാകുന്നത്. 2004 വരെ സ്ഥാനത്ത് തുടർന്നു. 2014ൽ സംസ്ഥാന വിഭജനത്തിന് ശേഷമുള്ള ആന്ധ്രാപ്രദേശിന്റെ ആദ്യ മുഖ്യമന്ത്രിയും നായിഡു ആയിരുന്നു. 2019 വരെ അദ്ദേഹം പദവിയിൽ തുടർന്നു. 2019 ലെ തിരഞ്ഞെടുപ്പിൽ ജഗൻ മോഹൻ റെഡ്ഡിയുടെ വൈ.എസ്.ആർ കോൺഗ്രസിനോട് പരാജയമേറ്റതോടെ പ്രതിപക്ഷ നേതാവായി. കഴിഞ്ഞ സെപ്തംബറിൽ നൈപുണ്യ വികസന കോർപ്പറേഷൻ അഴിമതിയുമായി ബന്ധപ്പെട്ട നായിഡു 50 ദിവസം ജയിലിൽ കിടന്നിരുന്നു.

#### ഒഡിഷയിൽ ആദ്യ ബി.ജെ.പി സർക്കാർ അധികാരമേറ്റു



ഭുവനേശ്വർ: ഒഡിഷയിലെ ആദ്യ ബി.ജെ.പി മുഖ്യമന്ത്രിയായി മോഹൻ ചരൺ മാജി സത്യപ്രതിജ്ഞ ചെയ്തു. നാലു തവണ എം.എൽ.എയും ബി.ജെ.പിയുടെ ആദിവാസി മുഖവുമായിരുന്നു മാജി. മുതിർന്ന ബി.ജെ.പി നേതാവും പട്നഗർ എം.എൽ.എയുമായ കെവി സിങ് ദിയോ, നിമാപാറ നിയമസഭാ മണ്ഡലത്തിലെ അരങ്ങേറ്റക്കാരിയായ പ്രവതി പരിദ എന്നിവർ ഉപമുഖ്യമന്ത്രിയായും ചുമതലയേറ്റു. ജനതാ മൈതാനിയിൽ നടന്ന ചടങ്ങിൽ ഗവർണർ രഘുബർ ദാസ് സത്യവാചകം ചൊല്ലിക്കൊടുത്തു. പ്രധാനമന്ത്രി മോദി, അമിത് ഷാ, രാജ്നാഥ് സിങ്, ജെ.പി നദ്ദ, ഭുപേന്ദർ യാദവ്, ധർമേന്ദ്ര പ്രധാൻ തുടങ്ങിയ കേന്ദ്രമന്ത്രിമാരും യു.പി മുഖ്യമന്ത്രി യോഗി ആദിത്യനാഥും ചടങ്ങിൽ പങ്കെടുത്തു. 24 വർഷത്തെ ബി.ജെ.ഡി ഭരണത്തിൽ നിന്ന് മാറി ഒഡിഷയിൽ ആദ്യമായാണ് ബി.ജെ.പി സർക്കാർ അധികാരത്തിലെത്തുന്നത്. 147ൽ 78 സീറ്റ് നേടിയായിരുന്നു ബി.ജെ.പിയുടെ വിജയം. 24 വർഷം സംസ്ഥാനം ഭരിച്ച നവീൻ പട്നായിക്കിന്റെ പിൻഗാമിയായാണ് മാജി മുഖ്യമന്ത്രി സ്ഥാനത്തെത്തുന്നത്. ഗോത്ര വിഭാഗങ്ങൾക്ക് ഭൂരിപക്ഷമുള്ള കേന്ദുജർ ജില്ലയിലെ റായ്കാല ഗ്രാമത്തിലാണ് മാജിയുടെ ജനനം. ആർ.എസ്.എസിലൂടെയാണ് അദ്ദേഹം ബി.ജെ.പി നേതൃനിരയിലെത്തിയത്.

# തമിഴിസൈയെ പരസ്യമായി ശാസിച്ച് അമിത് ഷാ

അമരാവതി: തമിഴ്നാട് ബി.ജെ.പി മുൻ അധ്യക്ഷയും തെലങ്കാന മുൻഗവർണറുമായിരുന്ന തമിഴിസൈ സൗന്ദർരാജനെ പൊതുവേദിയിൽ പരസ്യമായി ശാസിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ആന്ധ്ര മുഖ്യമന്ത്രിയായി ചന്ദ്രബാബു നായിഡു സത്യപ്രതിജ്ഞ ചെയ്യുന്ന വേദിയിലായിരുന്നു വിവാദ നടപടി. തമിഴ്നാട്ടിലെ ബി.ജെ.പി പാർട്ടി പോരുമായി ബന്ധപ്പെട്ടായിരുന്നു അമിത് ഷായുടെ ശാസന. ലോക്സഭാ തിരഞ്ഞെടുപ്പിൽ തമിഴ്നാട്ടിൽ ബി.ജെ.പി കനത്ത തിരിച്ചടി നേരിട്ടതിനു പിന്നാലെ സംസ്ഥാന അധ്യക്ഷൻ അണ്ണാമലൈക്കെതിരെ വിമർശനവുമായി തമിഴിസൈ രംഗത്തെത്തിയിരുന്നു. അതസമയം മുൻ ഗവർണർ കൂടിയായ വനിതാ നേതാവിനെ പൊതുവേദിയിൽ ശാസിച്ചതിനെതിരെ



രൂക്ഷ വിമർശനവുമായി ഡി.എം.കെ രംഗത്തെത്തി. അമിത് ഷായുടെ നടപടി എന്ത് രാഷ്ട്രീയമാണെന്ന് ഡി.എം.കെ വക്താവ് ശരവണൻ അണ്ണാദുരൈയെ ചോദിച്ചു. സത്യപ്രതിജ്ഞാ ചടങ്ങിന്റെ വേദിയിലേക്ക് എത്തുമ്പോൾ അമിത് ഷായെ വണങ്ങിയ ശേഷം മുന്നോട്ടു നീങ്ങുന്നതിനിടെ തമിഴിസൈയെ തിരിച്ചുവിളിച്ചായിരുന്നു ശകാരം. തമിഴിസൈ വിശദീകരിക്കാൻ ശ്രമിച്ചെങ്കിലും അമിത് ഷാ വിലക്കുന്നതും ദൃശ്യങ്ങളിലുണ്ട്.

#### പേമ ഖണ്ഡു വീണ്ടും അരുണാചൽ മുഖ്യമന്ത്രിയാകും

ഇറ്റാനഗർ: അരുണാചൽ പ്രദേശിൽ പേമ ഖണ്ഡു വീണ്ടും മുഖ്യമന്ത്രിയായി അധികാരമേൽക്കും. ബി.ജെ.പി നിയമസഭ കക്ഷി നേതാവായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. സർക്കാർ രൂപവത്കരിക്കാനുള്ള അവകാശവാദവുമായി അദ്ദേഹം വൈകാതെ ഗവർണർ കെ.ടി പർണായികിനെ കാണും. സത്യപ്രതിജ്ഞ ഇന്ന് നടക്കും. മുതിർന്ന നേതാക്കളായ രവിശങ്കർ പ്രസാദ്, തരുൺ ചുഗ് എന്നിവരാണ് പാർട്ടി നിയമസഭ കക്ഷി യോഗത്തിൽ നിരീക്ഷകരായെത്തിയത്. 60 അംഗ തിരഞ്ഞെടുപ്പിൽ ബി.ജെ.പിക്ക് 46 സീറ്റാണ് ലഭിച്ചത്. രണ്ടാം സ്ഥാനത്തെത്തിയ നാഷനൽ പീപ്പിൾസ് പാർട്ടിക്ക് അഞ്ചും എൻ.സി.പിക്ക് മൂന്നും അരുണാചൽ പീപ്പിൾസ് പാർട്ടിക്ക് രണ്ടും കോൺഗ്രസിന് ഒന്നും സീറ്റുകൾ വീതമാണ് ലഭിച്ചത്. മൂന്ന് സ്വതന്ത്രരും ജയിച്ചുകയറി.

# മജിസ്ട്രേറ്റിനു മുന്നിൽ പൊട്ടിക്കരഞ്ഞ് ദർശനും പവിത്രയും

#### ഇരുവരും ഏഴു ദിവസം റിമാന്റിൽ

ബെംഗളൂരു: യുവാവിനെ കൊന്ന് ഓടയിൽ തള്ളിയ കേസിൽ അറസ്റ്റിലായ കന്നഡ നടൻ ദർശൻ തൊഗുദീപ, കോടതിയിൽ ഹാജരാക്കിയപ്പോൾ മജിസ്ട്രേറ്റിനു മുന്നിൽ പൊട്ടിക്കരഞ്ഞു. ദർശന്റെ സുഹൃത്തും നടിയുമായ പവിത്ര ഗൗഡയും കോടതിയിൽവച്ച് പലവട്ടം കരഞ്ഞു. ഇരുവരെയും ഏഴു ദിവസത്തേക്ക് പൊലീസ് കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

പൊലീസുകാർ മോശമായി പെരുമാറിയോ എന്ന് ജഡ്ജി വിശ്വനാഥ് സി. ഗൗഡർ ചോദിച്ചപ്പോൾ ഇല്ലെന്നായിരുന്നു ഇരുവരുടെയും മറുപടി. 10 ദിവസത്തേക്കാണ് പൊലീസ് ഇവരെ കസ്റ്റഡിയിൽ ചോദിച്ചിരുന്നത്. ജൂൺ 17 വരെ കസ്റ്റഡി തുടരും. അതേ സമയം, കൊല്ലപ്പെട്ട രേണുകസ്വാമി ദർശന്റെ കടുത്ത ആരാധകനാണെന്നും അതിരു



ദർശനെ കോടതിയിൽ ഹാജരാക്കുന്നു

കവിഞ്ഞ ആരാധന കാരണമാണ് പവിത്രയുമായുള്ള നടന്റെ സൗഹൃദത്തെ എതിർത്തതെന്നുമുള്ള വിവരങ്ങൾ പുറത്തുവന്നു. ഭാര്യയുമായി അകന്നു താമസിക്കുന്ന ദർശനുമായി പത്തു വർഷമായി പവിത്ര ഗൗഡ അടുപ്പത്തിലാണ്.

പവിത്രയുടെ സമൂഹമാധ്യമ അക്കൗണ്ടുകളിൽ കമന്റിട്ടും നേരിട്ട് അശ്ലീല സന്ദേശങ്ങളയച്ചും രേണുകസ്വാമി അപമാനിച്ചതാണ് കൊലപാതക കാരണമെന്നാണ് പൊലീസ് പറയുന്നത്.

#### ഇറ്റലിയിൽ മോദി അനാഛാദനം ചെയ്യാനിരുന്ന ഗാന്ധി പ്രതിമ തകർത്തു

റോം: ഇറ്റലിയിൽ പ്രധാനമന്ത്രി മോദി ഇന്ന് അനാഛാദനം ചെയ്യാനിരുന്ന ഗാന്ധി പ്രതിമ ഖാലിസ്ഥാൻ വാദികൾ തകർത്തു. കൊല്ലപ്പെട്ട ഖാലിസ്ഥാൻ നേതാവ് ഹർദീപ് സിങ് നിജ്ജാറിനായി മുദ്രാവാക്യം വിളിച്ചാണ് അക്രമികൾ പ്രതിമ തകർത്തതെന്നാണ് റിപ്പോർട്ടുകൾ. ബ്രിൻഡിസിലിയാണ് പ്രതിമ സ്ഥാപിച്ചിരുന്നത്. സംഭവത്തിൽ ഇന്ത്യയുടെ പ്രതിഷേധം ഇറ്റലിയെ അറിയിച്ചതായി വിദേശകാര്യ സെക്രട്ടറി വിനയ് ക്വത്ര അറിയിച്ചു. 2022ൽ ഇറ്റലിയിലെ മിലാനിരും സമാനമായ രീതിയിൽ ഗാന്ധി പ്രതിമക്കു നേരെ ആക്രമണം നടന്നിരുന്നു. ഇന്നു മുതൽ 15 വരെ നടക്കുന്ന ജി 7 ഉച്ചകോടിക്കായി മോദി എത്താനിരിക്കെയാണ് സംഭവം. മൂന്നാം തവണ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത മോദി ഉച്ചകോടിക്കായി ഇന്ന് അപൂലിയയിലേക്ക് തിരിക്കും.

# കർഷകരുടെ ചോര പുരണ്ട കൈകളാണ് അയാളുടേത്



### ശിവരാജ് സിങ് ചൗഹാനെ കൃഷിമന്ത്രിയാക്കിയതിൽ പ്രതിഷേധം

ന്യൂഡൽഹി: മധ്യപ്രദേശ് മുൻ മുഖ്യമന്ത്രിയും മുതിർന്ന ബി.ജെ.പി നേതാവുമായ ശിവരാജ് സിങ് ചൗഹാനെ കേന്ദ്ര കൃഷിമന്ത്രിയായി നിയമിച്ചതിനെതിരെ കർഷക സംഘടനകൾ.

2017 ജൂണിൽ മധ്യപ്രദേശിലെ മന്ദ്സൗറിൽ പൊലീസ് വെടിവെപ്പിൽ ആറ് കർഷകർ കൊല്ലപ്പെട്ടതിന് ഉത്തരവാദി ശിവരാജ് സിങ്ങാണെന്ന് സംയുക്ത കിസാൻ മോർച്ച (എസ്കെഎം) നേതാക്കൾ പറഞ്ഞു. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുക, കടങ്ങൾ എഴുതി തള്ളുക, മിനിമം താങ്ങു വില (എംഎസ്പി) പ്രഖ്യാപിക്കുക, കർഷക ആത്മഹത്യകൾ തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉയർത്തിയായിരുന്നു കർഷകർ പ്രതിഷേധിച്ചത്. കർഷകരോട് നീതികാണിക്കാത്ത, കർഷക രക്തം കയ്യിൽ പുരണ്ട ഒരാളെ കൃഷിമന്ത്രിയാക്കുന്നത് ഒരിക്കലും സ്വീകാര്യമല്ലെന്നും ഈ നടപടി അംഗീകരിക്കാനാവില്ലെന്നും എസ്കെഎം പ്രസ്താവനയിൽ പറഞ്ഞു. കർഷകരുടെ ചോര പുരണ്ട രാഷ്ട്രീയക്കാരന് കാർഷിക മന്ത്രിസ്ഥാനം നൽകിയത് ധാർമികമായി അപലപനീയമാണ്. ഈ തീരുമാനം കർഷകരോടും കാർഷിക പ്രശ്നങ്ങളോടുമുള്ള കേന്ദ്ര സർക്കാരിന്റെ മനോഭാവത്തെയാണ് കാണിക്കുന്നത്.

സംഘടനയുടെ ജനറൽ ബോഡി യോഗം അടുത്തമാസം 10 ന് ഡൽഹിയിൽ ചേരുമെന്നും രാജ്യത്തെ എല്ലാ കർഷക സംഘടനാ പ്രതിനിധികൾ പങ്കെടുക്കുമെന്നും നേതാക്കൾ അറിയിച്ചു. രൂക്ഷമായ കാർഷിക പ്രതിസന്ധിയും കർഷക ആത്മഹത്യയും പരിഹരിക്കാൻ മൂന്നാം എൻഡിഎ സർക്കാരിന്റെ ആദ്യ മന്ത്രിസഭാ യോഗത്തിൽ ഒരു തീരുമാനവുമെടുത്തിട്ടില്ല. എംഎസ്പി ഉൾപ്പെടെയുള്ള ദീർഘകാല ആവശ്യങ്ങളും അവഗണിച്ചു.

പി.എം കിസാൻ പദ്ധതി പ്രകാരം കർഷകർക്ക് മാസം 2000 രൂപ നൽകുന്നത് പര്യാപ്തമല്ല. 2019ൽ ആരംഭിച്ച പദ്ധതി അന്ന് 14.5 കോടി കർഷകരെ ഉൾപ്പെടുത്തിയിരുന്നുവെങ്കിലും ഇപ്പോൾ അത് 9.3 കോടി കർഷകരായി കുറഞ്ഞു- നേതാക്കൾ വ്യക്തമാക്കി.

## ചർച്ചയ്ക്കിടെ അശ്ലീല പദപ്രയോഗം; ഇന്ത്യ ടി.വി എഡിറ്റർക്കെതിരെ കേസ്

ന്യൂഡൽഹി: ചാനൽ ചർച്ചക്കിടെ ഇന്ത്യ ടി.വി എഡിറ്റർ ഇൻ ചീഫ് രജത് ശർമ, കോൺഗ്രസ് വക്താവ് രാഗിണി നായികിനെ അധിക്ഷേപിച്ചതിൽ കേസ്. സംഭവവുമായി ബന്ധപ്പെട്ട് രാഗിണി ഡൽഹി തുഗ്ലക് റോഡ് പൊലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. വോട്ടെണ്ണൽ ദിനത്തിൽ രാവിലെ 11.30ഓടെ ഫലം ചർച്ച ചെയ്യുമ്പോൾ രാഗിണിക്കു നേരെ ശർമ അശ്ലീല പദപ്രയോഗം നടത്തുകയായിരുന്നു. മുന്നണിയുടെ പേര് 'ഇൻഡി അലയൻസ്' എന്ന് ആവർത്തിച്ചത് രാഗിണി ചോദ്യം ചെയ്തു. ഇതോടെയാണ് ശർമ അശ്ലീല പദപ്രയോഗം നടത്തിയത്. ലൈവ് ഷോ ആയതിനാൽ ഇത് ടെലികാസ്റ്റ് ചെയ്യുകയും ചെയ്തു. ചാനലിന്റെ യൂട്യൂബ് അക്കൗണ്ടിൽ അപ്‌ലോഡ് ചെയ്ത വിഡിയോയിൽനിന്ന് വിവാദ ഭാഗം നീക്കിയിട്ടുണ്ട്.



## കുവൈത്ത് തീപിടിത്തം; നോർക്ക ഹെൽപ്പ് ഡെസ്ക്ക്

തിരുവനന്തപുരം: കുവൈത്തിലെ തീപിടിത്തത്തിന്റെ സാഹചര്യത്തിൽ അടിയന്തിര സഹായത്തിനായി നോർക്ക റൂട്ട്സ് ഹെൽപ്പ് ഡെസ്ക്ക് തുറന്നു. നമ്പരുകൾ:
അനുപ് മങ്ങാട്ട് +965 90039594
ബിജോയ് +965 66893942
റിച്ചി കെ ജോർജ് +965 60615153
അനിൽ കുമാർ +965 66015200
തോമസ് ശെൽവൻ +965 51714124
രഞ്ജിത്ത് +965 55575492
നവീൻ +965 99861103
അൻസാരി +965 60311882
ജിൻസ് തോമസ് +965 65589453,
സുഗതൻ +96 555464554, ജെ.സജി + 96599122984.

പ്രവാസികേരളീയർക്ക് 24 മണിക്കൂറും പ്രവർത്തിക്കുന്ന നോർക്ക ഗ്ലോബൽ കോൺടാക്ട് സെന്ററിന്റെ ടോൾ ഫ്രീ നമ്പറുകളായ 1800 425 3939 (ഇന്ത്യയിൽ നിന്നും) +918802 012 345 (വിദേശത്തുനിന്നും, മിസ്സ്ഡ് കോൾ സർവീസ്) ബന്ധപ്പെടാവുന്നതാണ്. അപകടത്തിൽ മലയാളികൾ ഉൾപ്പെടെ നിരവധിപേർക്ക് ജീവൻനഷ്ടമായതിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചനം അറിയിച്ചു. അടിയന്തര സഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രി കേന്ദ്ര വിദേശകാര്യമന്ത്രിക്ക് കത്തയച്ചു.

## പ്ലസ് വൺ സീറ്റ് പ്രതിസന്ധി: സർക്കാർ നിലപാട് വിദ്യാർഥികളോടുള്ള അക്രമം

കോഴിക്കോട്: മലബാറിൽ പ്ലസ്വൺ സീറ്റുകളുടെ അഭാവം രൂക്ഷമായിരിക്കെ പ്ലസ് വൺ സീറ്റുകളുടെ കുറവില്ലെന്നും പ്രതിസന്ധിയില്ലയെന്നുമുള്ള വിദ്യാഭ്യാസ മന്ത്രിയുടെ നിലപാട് വിദ്യാർഥികളോടുള്ള അക്രമമാണെന്ന് എം.എസ്.എം സംസ്ഥാന സെക്രട്ടറിയേറ്റ് അഭിപ്രായപ്പെട്ടു. നല്ല മാർക്കോടെ പത്താം ക്ലാസ് പാസായ വിദ്യാർഥികളടക്കം സീറ്റ് കിട്ടാതെ പുറത്ത് നിൽക്കുന്ന അവസ്ഥയിൽ സർക്കാറിന്റെ നിലപാട് വിദ്യാർഥികൾക്കിടയിൽ ആശങ്കയുണ്ടാക്കിയിട്ടുണ്ട്. ഉടൻ പരിഹാരം കാണാനുള്ള നടപടികളിലേക്ക് സർക്കാർ നീങ്ങിയില്ലെങ്കിൽ പ്രതിഷേധം ശക്തമാക്കുമെന്നും സംസ്ഥാന സെക്രട്ടറിയേറ്റ് അറിയിച്ചു. ജസീം സാജിദ് അധ്യക്ഷത വഹിച്ചു.

കേരള വാർത്തകൾ



പാണക്കാട് സന്ദർശിച്ച മുസ്‌ലിംലീഗ് രാജ്യസഭ സ്ഥാനാർത്ഥി അഡ്വ. ഹാരിസ് ബീരാനെ സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി തങ്ങൾ മധുരം നൽകി സ്വീകരിക്കുന്നു

## അഡ്വ. ഹാരിസ് ബീരാൻ പാണക്കാട് സന്ദർശിച്ചു

മലപ്പുറം: മുസ്‌ലിംലീഗ് രാജ്യസഭ സ്ഥാനാർത്ഥി അഡ്വ. ഹാരിസ് ബീരാൻ പാണക്കാട് സന്ദർശിച്ചു. ഇന്നലെ ഉച്ചക്ക് മൂന്ന് മണിയോടെയാണ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് സാദിഖലി തങ്ങളുടെ വസതിയിലെത്തിയത്. പാർട്ടി പ്രവർത്തകരും നേതാക്കളും ഉൾപ്പെടെ നൂറുകണക്കിന് പേരാണ് സന്ദർശന സമയത്ത് പാണക്കാടുണ്ടായിരുന്നത്. സാദിഖലി ശിഹാബ് തങ്ങൾ മധുരം നൽകിയാണ് ഹാരിസ് ബീരാനെ സ്വീകരിച്ചത്. പിന്നാക്ക ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണങ്ങൾക്കു വേണ്ടി പോരാടുന്ന വ്യക്തിയാണ് ഹാരിസ് ബീരാനെന്നും രാജ്യസഭാംഗമായി തിരഞ്ഞെടുത്ത് എം.പി പദവിയിലെത്തുന്നതോടെ അത്തരം പ്രവർത്തനങ്ങൾക്ക് ഔദ്യോഗിക മുഖം നൽകാൻ പാർട്ടിക്കാവുമെന്നും തങ്ങൾ പറഞ്ഞു. മുസ്‌ലിംലീഗിന്റെ എം.പി മാത്രമല്ല കേരളക്കരയുടെ കാവൽക്കാരനായി, മലയാളികളുടെ ശബ്ദമായി ഡൽഹിയിൽ ഹാരിസുണ്ടാവും. ഏകസിവിൽകോഡ്, സി.എ.എ പോലെയുള്ള വിഷയങ്ങളിൽ പാർലമെന്റിനകത്തും കോടതി മുറിയിലും ഹാരിസിന്റെ നേതൃത്വത്തിൽ നിയമപോരാട്ടം ശക്തമാക്കുമെന്നും തങ്ങൾ പറഞ്ഞു. ഭരണഘടന വിരുദ്ധമായി രാജ്യസഭയിലെത്തുന്ന ബില്ലുകളെ നിയമവശങ്ങൾക്ക് ചേർത്ത് പ്രതിരോധിക്കുക എന്ന വലിയ ദൗത്യമാണ് പാർട്ടി തന്നിൽ ഏൽപ്പിച്ചിട്ടുള്ളതെന്ന് ഹാരിസ് ബീരാൻ പറഞ്ഞു. ന്യൂനപക്ഷവിഭാഗങ്ങളെ കരിനിഴലിൽ നിർത്തുന്ന അനവധി ബില്ലുകളാണ് ഈ അടുത്ത കാലത്തായി ഭരണകൂടം അവതരിപ്പിച്ചത്. അതിനെ പ്രതിരോധിക്കാൻ ഒരു അഭിഭാഷകൻ എന്ന നിലയിൽ തന്നാലാവുന്നതെല്ലാം ചെയ്യും.

ഏകസിവിൽ കോഡ് ഉൾപ്പെടെയുള്ള വിഷയങ്ങളിൽ കൂടുതൽ പഠനവിധേയമാക്കി ശക്തമായി പോരാടുമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് മുസ്‌ലിംലീഗ് ജില്ലാ കമ്മിറ്റി അംഗങ്ങൾ, ലോയേഴ്സ് ഫോറം ഭാരവാഹികൾ, എം.എസ്.എഫ് സംസ്ഥാന കമ്മിറ്റി ഭാരവാഹികൾ, മലപ്പുറം ജില്ലാ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങൾ എന്നിവർ ഹാരമണിയിച്ചു. തുടർന്ന സയ്യിദ് സാദിഖലി ശിഹാബ് തങ്ങളുടെ നേതൃത്വത്തിൽ പാണക്കാട് മഖാം സന്ദർശിച്ചു പ്രാർത്ഥന നടത്തി. പി.കെ ബഷീർ എം.എൽ.എ, മുസ്‌ലിംലീഗ് ദേശീയ സെക്രട്ടറി സി.കെ സുബൈർ, എം.എസ്.എഫ് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു, സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, എൻ.സി അബൂബക്കർ, ഇസ്മാഈൽ മൂത്തേടം, എം.എ ഖാദർ, പി.എസ്.എച്ച് തങ്ങൾ, നൗഷാദ് മണ്ണിശ്ശേരി, വല്ലാഞ്ചിറ മുഹമ്മദലി, അഡ്വ. പി.പി ഹാരിഫ്, ഇബ്രാഹീം മുതൂർ, ശരീഫ് കുറ്റൂർ, അഡ്വ. അബൂസിദ്ദീഖ്, അഡ്വ. അബ്ദുറഹിമാൻ കാരാട്ട്, അഡ്വ. പി.വി മാനാഫ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എം.കെ റഫീഖ, സറീന ഹസീബ്, ഹക്കീം ഫൈസി ആദൃശ്ശേരി, നസീം പുളിക്കൽ, അഡ്വ. എൻ.എ കരീം, അഡ്വ. ഹനീഫ പെരിഞ്ചീരി, അഷ്ഹർ പെരുമുക്ക്, ഷറഫുദ്ദീൻ പിലാക്കൽ, എം.ടി മുഹമ്മദ് അസ്‌ലം പങ്കെടുത്തു.



വിദ്യാമൃതം സൗജന്യ വിദ്യാഭ്യാസ പദ്ധതിയുടെ ധാരണാപത്രം കെയർ ആന്റ് ഷെയർ മുഖ്യരക്ഷാധികാരി മമ്മൂട്ടിയും എം.ജി.എം ഗ്രൂപ്പ് വൈസ് ചെയർമാൻ ജാപ്സൺ വർഗീസും ഒപ്പുവെച്ചപ്പോൾ. വിനോദ് തോമസ്, ആൽഫ മേരി, എച്. അഹിനസ്, നിതിൻ ചിറത്തിലാട്ട്, ഡോ.വിജു ജേക്കബ്, തോമസ് കുര്യൻ മരോട്ടിപ്പുഴ, റോയ്. എം. മാത്യു, ജോർജ് സെബാസ്റ്റ്യൻ, എ. മോഹനൻ, റോബർട്ട് കുര്യാക്കോസ്, പി. രാജകുമാർ തുടങ്ങിയവർ സമീപം

## വിദ്യാമൃതത്തിന് കൊച്ചിയിൽ തുടക്കം

കൊച്ചി: എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം കൈവരിച്ച നിർധന വിദ്യാർഥികൾക്ക് എം.ജി.എം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസുമായി ചേർന്ന് തുടർപഠനത്തിന് 'വിദ്യാമൃതം' പദ്ധതിയിലൂടെ മമ്മൂട്ടിയും കെയർ ആന്റ് ഷെയർ ഇന്റർനാഷണലും അവസരമൊരുക്കുന്നു. പദ്ധതിയുടെ ധാരണാപത്രം കെയർ ആന്റ് ഷെയർ മുഖ്യരക്ഷാധികാരി മമ്മൂട്ടിയും എം.ജി.എം ഗ്രൂപ്പ് വൈസ് ചെയർമാൻ ജാപ്സൺ വർഗീസും ഒപ്പുവച്ചു.
കേരളത്തിൽ 22 വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി വിദ്യാഭ്യാസരംഗത്ത് മികവു തെളിയിച്ച എം.ജി.എമ്മിൽ കെയർ ആന്റ് ഷെയർ ഇന്റർനാഷണൽ കണ്ടെത്തുന്ന സമർഥരായ വിദ്യാർഥികൾക്ക് തുടർപഠന സൗകര്യമൊരുക്കുന്നതിൽ അഭിമാനമുണ്ടെന്ന് എം.ജി.എം ഗ്രൂപ്പ് ചെയർമാൻ ഡോ. ഗീവർഗീസ് യോഹന്നാൻ പറഞ്ഞു.
ചടങ്ങിൽ എം.ജി.എം കോളജസ് വൈസ് ചെയർമാൻ വിനോദ് തോമസ്, എം.ജി.എം സ്കൂൾസ് സി.ഓ.ഓ ആൽഫ മേരി, എം.ജി.എം കോളജസ് ഡയറക്ടർ എച്. അഹിനസ്, നിതിൻ ചിറത്തിലാട്ട് കെയർ ആന്റ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വിജു ജേക്കബ്, മാനേജിംഗ് ഡയറക്ടർ തോമസ് കുര്യൻ മരോട്ടിപ്പുഴ, ഡയറക്ടർമാരായ റോയ്. എം. മാത്യു, ജോർജ് സെബാസ്റ്റ്യൻ, എ. മോഹനൻ, റോബർട്ട് കുര്യാക്കോസ്, കൊച്ചി സിറ്റി അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പൊലീസ് പി. രാജകുമാർ പങ്കെടുത്തു. വിവരങ്ങൾക്ക്: 9946483111, 9946485111




ലോക്സഭാ തിരഞ്ഞെടുപ്പിലെ വൻ വിജയത്തിന് ശേഷം കൽപ്പറ്റയിൽ വോട്ടർമാരോട് നന്ദി പറയാനെത്തിയ രാഹുൽ ഗാന്ധിയെ അനുമോദിച്ച് സംസാരിക്കുന്ന മുസ്‌ലിം ലീഗ് ദേശീയ ട്രഷറർ പി.വി അബ്ദുൽ വഹാബ് എം.പി. കെ സുധാകരൻ, കെ.സി വേണുഗോപാൽ, വി.ഡി സതീശൻ, കെ.കെ അഹമ്മദ് ഹാജി സമീപം

### ദേശാഭിമാനിക്ക് പാർട്ടി ക്വാട്ട

## ലോണെടുത്ത പ്രാദേശിക നേതാക്കൾ കുടുങ്ങി

ആലപ്പുഴ: "ഞാനിപ്പോൾ രോഗങ്ങളാൽ അവശനാണ്. പാർട്ടി വരുത്തിയ ഈ കടം എനിക്ക് വീട്ടുവാൻ കഴിയില്ല. നിവർത്തികേട് കൊണ്ടാണ് ഇത് പുറത്ത് പറയേണ്ടി വന്നത്. എനിക്കും എന്റെ കുടുംബത്തിനും വേറെ വഴിയില്ല. ഇതിനൊരു തീരുമാനം ഉണ്ടാക്കിയില്ലെങ്കിൽ വലിയ പ്രശ്നങ്ങളിലേക്ക് എനിക്ക് കടക്കേണ്ടിവരും". ദേശാഭിമാനിയുടെ വാർഷിക വരിസംഖ്യ അടയ്ക്കാൻ ലോണിന് ജാമ്യം നിന്ന് കുടുങ്ങിയ 78കാരനായ കുട്ടൻ സഖാവിന്റെ ഫേസ്ബുക്ക് കുറിപ്പാണിത്.

സി.പി.എം ലോക്കൽ കമ്മിറ്റി അംഗം ഉൾപ്പെടെയുള്ള സ്ഥാനങ്ങൾ വഹിച്ച കായംകുളം കൃഷ്ണപുരം സ്വദേശിയുടെ തുറന്ന് പറച്ചിൽ പാർട്ടി നേതൃത്വത്തെ ഒന്നാകെ വെട്ടിലാക്കി. പത്രത്തിന് വരിക്കാരെ ചേർക്കാൻ ഓരോ സി.പി.എം ഘടകത്തിനും ക്വാട്ടാ നിശ്ചയിച്ചിരുന്നു. പാർട്ടി പത്രത്തിന്റെ വാർഷിക വരിക്കാരാകാൻ പലരും തയാറാകാതിരുന്ന സാഹചര്യത്തിലാണ് സി.പി.എം സമർദ്ദത്തെ തുടർന്ന് വാർഷിക തുക ലോണെടുത്ത് ഒരുമിച്ച് അടയ്ക്കാൻ പ്രദേശിക നേതൃത്വങ്ങൾ നിർബന്ധിതരായത്.

ഇതിന്റെ അടിസ്ഥാനത്തിൽ വാർഷിക വരിസംഖ്യ അടക്കാൻ പ്രവർത്തകർക്ക് സി.പി.എം നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾ പ്രത്യേകം വായ്പകൾ അനുവദിച്ചു. ഇതിന് ജാമ്യമായി നിന്നവരാണ് ഇപ്പോൾ പ്രതിസന്ധിയിലായിരിക്കുന്നത്. വായ്പ തുക വീതം വച്ച് നിശ്ചിത എണ്ണം വരിക്കാരുടെ പേരിൽ അടച്ച ശേഷം മാസവരി പിരിച്ച് ബാങ്കിൽ തിരികെ അടയ്ക്കാനായിരുന്നു നിർദ്ദേശം. എന്നാൽ പാർട്ടി പദ്ധതികളെല്ലാം പാളിയതോടെ ജാമ്യക്കാരെ തേടി ബാങ്ക് എത്തി. ഇതോടെയാണ് തങ്ങളെ പാർട്ടിപെടുത്തുകയായിരുന്നു എന്ന സത്യം പ്രാദേശിക നേതാക്കൾ ഉൾപ്പെടെയുള്ളവർ തിരിച്ചറിഞ്ഞത്. ഇപ്പോൾ വിവരം പുറത്ത് കൊണ്ടുവന്ന കുട്ടൻ സഖാവിനും മകനും ഭാര്യയ്ക്കും കൂടി രണ്ടു ബാങ്കുകളിലായി 50,000 രൂപയുടെ ബാധ്യതയുണ്ട്.

# പോരാട്ടം ഭരണഘടന സംരക്ഷിക്കാൻ: രാഹുൽ ഗാന്ധി

എടവണ്ണ: ഇന്ത്യാ സഖ്യം രാജ്യത്തെ കോടിക്കണക്കിന് ജനങ്ങളെ ഒരുമിച്ച് നിർത്തി നടത്തിയ പോരാട്ടം ഭരണഘടന സംരക്ഷിക്കാൻ ആണെന്ന് ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിച്ച് രാഹുൽ ഗാന്ധി പറഞ്ഞു. എടവണ്ണയിൽ തന്റെ വോട്ടർമാരെ നേരിൽ കണ്ട് നന്ദി അറിയിക്കുന്നതിനു വേണ്ടി സംഘടിപ്പിച്ച പൊതു സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഭരണഘടനയെ ബഹുമാനിക്കാൻ നരേന്ദ്ര മോദിയെ പഠിപ്പിച്ച തിരഞ്ഞെടുപ്പാണിത്. താൻ ഒരു സാധാരണ മനുഷ്യൻ ആണ്, തന്റെ ദൈവം പാവപ്പെട്ട ജനങ്ങളാണ്. എന്നാൽ നരേന്ദ്ര മോഡിക്ക് പരമാത്മാവ് എല്ലാ നിർദേശവും നൽകുന്നു എന്നാണ് പറയുന്നത്.

പക്ഷെ പരമാത്മാവ് അംബാനിക്കും അദാനിക്കും വേണ്ടി മാത്രമാണ് നിർദേശങ്ങൾ നൽകുന്നത് എന്നതാണ് യഥാർത്ഥ ചിത്രമെന്നും തമാശ രൂപേണ രാജ്യത്തെ നിലവിലുള്ള രാഷ്ട്രീയ പരിതസ്‌ഥിതിയെ രാഹുൽ സൂചിപ്പിച്ചു. താൻ ഒരു ധർമ സങ്കടത്തിൽ ആണ്. വയനാടാണോ റായ്ബറേലി ആണോ തിരഞ്ഞെടുക്കേണ്ടത് എന്ന ധർമ സങ്കടം ഉണ്ട്. എന്നാൽ താൻ എടുക്കുന്ന തീരുമാനം ഇരു മണ്ഡലത്തിലുമുള്ള സാധാരണക്കാർക്കും സന്തോഷം നൽകുന്ന ഒന്നായിരിക്കും എന്നും രാഹുൽ പറഞ്ഞു.

പൊതുസമ്മേളനത്തിൽ എ.പി അനിൽകുമാർ എം.എൽ.എ അധ്യക്ഷനായി. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ എം.പി, പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ, മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കെ.പി.സി.സി മുൻ പ്രസിഡന്റ് എം.എം ഹസ്സൻ, നിയുക്ത മുസ്‌ലിം ലീഗ് രാജ്യസഭ സ്ഥാനാർത്ഥി ഹാരിസ് ബീരാൻ, യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിൽ, ഷാഫി പറമ്പിൽ എം.പി, ജെബി മേത്തർ എം.പി, പി.കെ ബഷീർ എം.എൽ.എ, ഡി.സി. സി പ്രസിഡന്റ് വി.എസ് ജോയ്, മുസ്‌ലിംലീഗ് സംസ്ഥാന സെക്രട്ടറിയും, വയനാട് പാർലമെന്റ് തിരഞ്ഞെടുപ്പ് കമ്മിറ്റി വർക്കിങ് ചെയർമാനുമായ സി.പി ചെറിയ മുഹമ്മദ്, കെ.പി.സി.സി ജനറൽ സെക്രട്ടറി ആര്യാടൻ ഷൗക്കത്ത്, ആലിപ്പറ്റ ജമീല, കെ.പി.സി.സി സെക്രട്ടറി കെ.പി നൗഷാദലി, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ഇസ്മായിൽ മൂത്തേടം, ടി.പി അഷ്റഫലി, ഗഫൂർ കൂറുമാടൻ, വി.കെ കരീം, അഡ്വ. കെ.കെ അബ്ദുല്ല കുട്ടി, പി. പി സഫറുല്ല, ഖാലിദ് മാസ്റ്റർ, കെ.സി കുഞ്ഞി അഹമ്മദ്, ഇ.എ കരീം, കാസിം കൂടരിഞ്ഞി, സി.ജെ ആന്റണി, അജീഷ് എടാലത്ത്, ഷഹർബാൻ പങ്കെടുത്തു.



ലോക്സഭാ തിരഞ്ഞെടുപ്പിൽ വൻ ഭൂരിപക്ഷത്തിൽ വിജയിപ്പിച്ച വയനാട് മണ്ഡലത്തിലെ വോട്ടർമാർക്ക് നന്ദി പറയാനെത്തിയ കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഭിന്നശേഷിക്കാരനിൽനിന്ന് നിവേദനം സ്വീകരിക്കുന്നു
സി.കെ തൻസീർ

## ബി.ടെക് പ്രവേശനം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലാ എഞ്ചിനീയറിങ് കോളജിൽ (ഐ.ഇ.ടി.) 2024-25 അധ്യയന വർഷത്തേക്കുള്ള ബി.ടെക്. എൻ.ആർ.ഐ. സീറ്റുകളിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിച്ചു. കമ്പ്യൂട്ടർ സയൻസ് ആന്റ് എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്, ഇലക്ട്രോണിക്സ് ആന്റ് കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിങ്, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എഞ്ചിനീയറിങ്, മെക്കാനിക്കൽ എഞ്ചിനീയറിങ്, പ്രിന്റിങ് ടെക്നോളജി എന്നീ ബ്രാഞ്ചുകളിലേക്കുള്ള പ്രവേശനം. കൂടുതൽ വിവരങ്ങൾക്ക് 9567172591.

### കത്രിക വയറ്റിൽ കുത്തി കയറി യുവാവ് മരിച്ച സംഭവം

## കൊലപാതകമെന്ന് പൊലീസ്

പറവൂർ: കത്രിക വയറ്റിൽ കുത്തി കയറി യുവാവ് മരിച്ച സംഭവം കൊലപാതകമെന്ന് പൊലീസ്. കുഞ്ഞിത്തൈ നികത്തിൽ സിബിൻ (38) മരിച്ച സംഭവത്തിൽ ഭാര്യ രമണി (38) സിബിനെ കുത്തിയതാണ് മരണകാരണമെന്ന് വ്യക്തമായതിനെ തുടർന്ന് ഇവരെ വടക്കേക്കര പൊലീസ് അറസ്റ്റ് ചെയ്തു. സ്വയരക്ഷക്കാണ് ഇതു ചെയ്തതെന്നാണ് രമണിയുടെ മൊഴി. മനപൂർവമല്ലാത്ത നരഹത്യക്കാണ് കേസെടുത്തിരിക്കുന്നത്. പള്ളിപ്പുറം കോവിലകത്തുംകടവ് സ്വദേശിയായ സിബിനും കുടുംബവും കുഞ്ഞിത്തൈയിൽ വാടകക്കാണ് താമസിച്ചിരുന്നത്. സിബിന്റെയും രമണിയുടേയും പ്രണയവിവാഹമാണ്.
മേയ് രണ്ടിന് സിബിനും രമണിയും തമ്മിൽ വഴക്കുണ്ടായി. കൈയിൽ കിട്ടിയ കത്രിക എടുത്ത് സിബിൻ രമണിയെ ആക്രമിക്കാനൊരുങ്ങി. മുറിയിൽ കയറി വാതിൽ അടയ്ക്കാൻ ശ്രമിച്ചെങ്കിലും തള്ളിത്തുറന്നു. അപ്പോഴാണ് പ്രാണരക്ഷാർഥം കത്രിക പിടിച്ചുവാങ്ങി സിബിന്റെ വയറ്റിൽ കുത്തിയതത്രെ. പരിക്കേറ്റ സിബിനെ ആശുപത്രിയിൽ കൊണ്ടുപോകാനായി പരിസരത്തുള്ള ഓട്ടോ ഡ്രൈവറെ രമണി വിളിച്ചെങ്കിലും അയാൾ എത്തിയില്ല. മറ്റൊരു വാഹനത്തിലാണ് സിബിനെ പറവൂർ താലൂക്ക് ആശുപത്രിയിൽ എത്തിച്ചത്. ഈ സംഭവം മറച്ചുവയ്ക്കാനുള്ള പരമാവധി ശ്രമം രമണി നടത്തിയിരുന്നു. വഴക്കിനിടെ കത്രിക സിബിൻ മുകളിലേക്ക് എറിഞ്ഞപ്പോൾ ഭിത്തിയിൽ തട്ടിയ ശേഷം വയറിൽ കുത്തിക്കയറിയെന്നാണ് ബന്ധുക്കളോടും പൊലീസിനോടും ആദ്യം പറഞ്ഞത്. ആശുപത്രിയിൽ പ്രവേശിപ്പിച്ചപ്പോൾ ഡോക്ടറോട് സിബിൻ പറഞ്ഞതും ഇതു തന്നെയാണ്.


രമണി


മരിച്ച സിബിൻ

പറവൂർ താലൂക്ക് ആശുപത്രിയിലും തൃശൂർ മെഡിക്കൽ കോളജിലും സിബിൻ ചികിത്സ തേടിയിരുന്നു. തൃശൂർ മെഡിക്കൽ കോളജിൽ ചികിത്സയിൽ കഴിയവേ 31നാണ് മരിച്ചത്. കത്രിക ആഴത്തിൽ വയറിൽ കുത്തിക്കയറിയിരുന്നതിനാൽ സംഭവത്തിൽ ദുരൂഹതയുണ്ടെന്നും അന്വേഷണം വേണമെന്നും ആവശ്യപ്പെട്ട് സിബിന്റെ അമ്മ പൊലീസിൽ പരാതി നൽകി. കത്രിക ഭിത്തിയിൽ തട്ടിയ ശേഷം വയറിൽ കുത്തിയാൽ ഉണ്ടാകുന്ന തരം മുറിവല്ല സിബിന്റെ ശരീരത്തിൽ ഉണ്ടായതെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. കോടതിയിൽ ഹാജരാക്കിയ രമണിയെ റിമാൻഡ് ചെയ്തു.

## രവീന്ദ്രൻ പട്ടയം: സർക്കാരിന് ഹൈക്കോടതിയുടെ വിമർശനം

കൊച്ചി: രവീന്ദ്രൻ പട്ടയക്കേസിൽ സർക്കാരിനെതിരെ ഹൈക്കോടതിയുടെ വിമർശനം. കേസിൽ ആത്മാർഥമായ അന്വേഷണം നടന്നില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.വിഷയത്തിൽ സർക്കാർ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് സമർപ്പിക്കണമെന്നും കോടതി നിർദ്ദേശിച്ചു. വ്യാജ പട്ടയ കേസുകൾ അഴിമതി നിരോധന നിയമത്തിൻറെ പരിധിയിൽ ഉൾപ്പെടുത്തി അന്വേഷിക്കണമെന്നും കോടതി നിർദേശിച്ചു.ഉദ്യോഗസ്ഥർ പണം വാങ്ങിയോ എന്ന കാര്യങ്ങളും അന്വേഷണ വിധേയമാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും കോടതി വ്യക്തമാക്കി. വ്യാജ പട്ടയക്കേസുകളിൽ പലതിലും ഗൂഢാലോചന കുറ്റം മാത്രമാണോ ചുമത്തിയതെന്ന കോടതിയുടെ ചോദ്യത്തിന് കൂടുതൽ വകുപ്പുകൾ ചുമത്താൻ തെളിവുകളില്ലെന്ന് സർക്കാർ മറുപടി ബോധിപ്പിച്ചു. സംശയത്തിൻറെ പുറത്ത് നടപടി സ്വീകരിക്കാനാകില്ലെന്നും സർക്കാർ വ്യക്തമാക്കി. കൂടാതെ 42 വ്യാജ പട്ടയ കേസുകളിൽ നടപടി പുരോഗമിക്കുകയാണെന്നും സർക്കാർ അറിയിച്ചു. എന്നാൽ അന്വേഷണത്തിൽ കോടതി അസംതൃപ്തി പ്രകടിപ്പിച്ചു.

## പള്ളിത്തർക്കം: സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാത്തത് സർക്കാരിന്റെ കഴിവുകേടെന്ന് ഹൈക്കോടതി

കൊച്ചി: യാക്കോബായ ഓർത്തഡോക്സ് പള്ളിത്തർക്കം സുപ്രീംകോടതി ഉത്തരവ് നടപ്പാക്കാത്തത് സർക്കാരിന്റെ കഴിവുകേടാണെന്ന് ഹൈക്കോടതി. ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്ന കാരണത്താൽ കോടതി വിധി നടപ്പാക്കാനാവില്ലെന്നു പറയുന്നത് ശരിയല്ലെന്നു വ്യക്തമാക്കിയാണ് കോടതി വിമർശനമുന്നയിച്ചത്. സുപ്രീം കോടതി ഉത്തരവനുസരിച്ച് യാക്കോബായ സഭയുടെ കൈവശമുള്ള പള്ളികൾ ഏറ്റെടുത്ത് കൈമാറാത്ത സർക്കാർ നടപടി ചോദ്യം ചെയ്ത് ഓർത്തഡോക്സ് വിഭാഗം സമർപ്പിച്ച കോടതിയലക്ഷ്യ ഹർജികൾ പരിഗണിക്കവെയാണ് കോടതി സർക്കാരിനെ വിമർശിച്ചത്. ക്രമസമാധാന പ്രശ്നം ഉണ്ടാകുമെന്നു പറഞ്ഞു വിധി നടപ്പാക്കാനുള്ള ഉത്തരവാദിത്വത്തിൽ നിന്നു പിൻമാറാനാവില്ലെന്നു കോടതി വ്യക്തമാക്കി. യാക്കോബായ ഓർത്തഡോക്സ് പള്ളിത്തർക്കം സമവായത്തിലൂടെ പരിഹരിക്കാൻ ശ്രമം തുടരുകയാണെന്ന് സർക്കാർ ഹൈക്കോടതിയെ അറിയിച്ചു.

## മൂടൽമഞ്ഞ്; കരിപ്പൂരിൽ ഏഴ് വിമാനങ്ങൾ തിരിച്ചുവിട്ടു

കൊണ്ടോട്ടി: മൂടൽമഞ്ഞ് കാരണം റൺവേ കാണാനാവാതെ കരിപ്പൂരിൽ ഏഴ് വിമാനങ്ങൾ തിരിച്ച് വിട്ടു. എയർഇന്ത്യ എക്സ്പ്രസ്സിന്റെ അബുദാബി, ദമാം, മസ്ക്കറ്റ്, ഷാർജ എന്നിവിടങ്ങളിൽ നിന്ന് വന്ന സർവീസുകളും ഒമാൻ എയറിന്റെ മസ്ക്കറ്റ് കരിപ്പൂർ, ഇൻഡിഗോ എയറിന്റെ ദുബായ് കരിമൂർ, ദമാം, ഫ്ളൈനാസിന്റെ റിയാദ് കരിപ്പൂർ വിമാനങ്ങളാണ് നെടുമ്പാശ്ശേരി, കോയമ്പത്തൂർ, ബെംഗളുരു വിമാനത്താവളങ്ങളിലേക്ക് തിരിച്ചുവിട്ടത്. കാലാവസ്ഥ അനുകൂലമായതിനെ തുടർന്ന് രാവിലെ 11 മണിയോടെ കരിപ്പൂരിൽ തിരിച്ചെത്തി തുടർ സർവീസ് നടത്തി.




കൊച്ചി വൈറ്റിലക്ക് സമീപം പൊന്നുരുന്നിയിൽ പ്രവർത്തനമാരംഭിച്ച ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് ലക്ഷ്യയുടെ പുതിയ ക്യാംപസ്

## കൊച്ചിയിൽ പുതിയ ക്യാംപസ് ആരംഭിച്ച് ലക്ഷ്യ

കൊച്ചി: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ് ലക്ഷ്യയുടെ പുതിയ ക്യാംപസ് കൊച്ചി വൈറ്റിലക്ക് സമീപം പൊന്നുരുന്നിയിൽ പ്രവർത്തനമാരംഭിച്ചു. ബികോം ഡിഗ്രിയ്ക്കൊപ്പം എ.സി.സി.എ യോഗ്യത കൂടി നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്കായി ബികോം + എ.സി.സി.എ കോഴ്സും ഡിഗ്രി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി എം.ബി.എ + എ.സി.സി.എ കോഴ്സും ഐ.ഐ.സി ലക്ഷ്യ വാഗ്ദാനം ചെയ്യുന്നു. വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ സൗകര്യങ്ങളും ഉറപ്പാക്കി 75,000 സ്ക്വയർ ഫീറ്റിലധികം വിസ്തീർണമുള്ളതാണ് പുതിയ ക്യാംപസ്. നൂതന സൗകര്യങ്ങളോടുകൂടിയ ക്ലാസ്മുറികൾ, ഓഡിറ്റോറിയം, ലൈബ്രറി, ഹോസ്റ്റൽ, സ്റ്റഡി ഏരിയ തുടങ്ങിയ സൗകര്യങ്ങൾ ക്യാംപസിൽ ഒരുക്കിയിട്ടുണ്ട്. കൊമേഴ്സ് മേഖലയിൽ മികച്ച കരിയർ സ്വപ്നം കാണുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും പൂർണ പിന്തുണയും വിജയവും ഉറപ്പാക്കുന്നതിലുള്ള പ്രതിബദ്ധതയാണ് ഐ.ഐ.സി ലക്ഷ്യയുടെ ക്യാംപസ് വിപുലീകരണത്തിലൂടെ വ്യക്തമാകുന്നതെന്ന് ഐ.ഐ.സി ലക്ഷ്യ മാനേജിംഗ് ഡയറക്ടർ ഓർവൽ ലയണൽ പറഞ്ഞു.



അമേരിക്കയുടെ വെടിനിർത്തൽ നിർദ്ദേശങ്ങൾക്ക് ഹമാസ് നിരവധി ഭേദഗതികൾ മുന്നോട്ടുവെച്ചിട്ടുണ്ട് അതിൽ ചിലത് പ്രായോഗികമാണ്. എന്നാൽ മറ്റു ചില നിർദ്ദേശങ്ങൾ പ്രായോഗികവുമല്ല. അഭിപ്രായ വ്യത്യാസങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് തന്നെയാണ് എന്റെ വിശ്വാസം. അതിനർത്ഥം അവ പരിഹരിക്കപ്പെടുമെന്നല്ല. കാരണം ആത്യന്തികമായി ഹമാസാണ് തീരുമാനമെടുക്കേണ്ടത്.

**ആന്റണി ബ്ലിങ്കൻ**
യു.എസ് സ്റ്റേറ്റ് സെക്രട്ടറി

## വെള്ളാപ്പള്ളിയുടെ പ്രസ്താവന പ്രതിഷേധാർഹം: ശ്രീനാരായണ സേവാസംഘം

കൊച്ചി: പാർലമെന്റ് തിരഞ്ഞെടുപ്പിനെ തുടർന്ന് കരുതിക്കൂട്ടി വർഗീയ ചേരിതിരിവുണ്ടാക്കി സ്വാർത്ഥം നേടുന്നതിനു വേണ്ടിയാണ് എസ്.എൻ.ഡി.പി യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ മുസ്‌ലിം സമുദായത്തിനെതിരെ വിഷലിപ്തമായ പ്രസ്താവന നടത്തുന്നതെന്ന് ശ്രീനാരായണ സേവാസംഘം. വെള്ളാപ്പള്ളിയുടെ പ്രസ്താവനയെ സംഘം ഡയറക്ടർ ബോർഡ് യോഗം ശക്തമായി അപലപിച്ചു. എൽഡിഎഫ് സർക്കാർ ജാതി സെൻസസ് കാര്യത്തിലും സവർണ സംവരണം നടപ്പാക്കുന്നതിലും സ്വീകരിച്ച നിലപാടിനെതിരെ കേരളത്തിലെ ദളിത്-പിന്നോക്ക-ന്യൂനപക്ഷ സമുദായങ്ങളുടെ പ്രതികരണമാണ് പാർലമെന്റ് തിരഞ്ഞെടുപ്പിലുണ്ടായതെന്ന് സെക്രട്ടറി പി.പി രാജൻ അഭിപ്രായപ്പെട്ടു.



## ഗസ്സയിൽ വെടിനിർത്തൽ സാധ്യത തള്ളി ബ്ലിങ്കൻ

# ശമനമില്ലാതെ കൂട്ടക്കശാപ്പ്

ഗസ്സ: യു.എൻ രക്ഷാസമിതി അംഗീകരിച്ച അമേരിക്കൻ വെടിനിർത്തൽ പ്രമേയത്തെയും പുച്ഛിച്ചു തള്ളി ഇസ്രാഈൽ ഗസ്സയിൽ കൂട്ടകുരുതി തുടരുന്നു. ജനവാസ കേന്ദ്രങ്ങളിൽ നടക്കുന്ന ബോംബുവർഷത്തിൽ ഓരോ മണിക്കൂറിലും അനവധി പേരാണ് കൊല്ലപ്പെടുന്നത്. 37,202 ആയി മരണനിരക്ക് ഉയർന്നിട്ടും ഇസ്രാഈലിനെതിരെ ശക്തമായ നീക്കങ്ങൾക്ക് ഒരു രാജ്യവും ധൈര്യപ്പെടുന്നില്ല.

വെടിനിർത്തൽ ആവശ്യപ്പെട്ട് സയണിസ്റ്റ് ഭീകരർക്കുമുന്നിൽ യാചിച്ചുനിൽക്കുന്ന അന്താരാഷ്ട്ര നിലപാട് വംശഹത്യയുമായി മുന്നോട്ടുപോകാൻ ഇസ്രാഈലിന് ധൈര്യംപകരുകയാണ്. ഇന്നലെ ഗസ്സയിലെ മുഗ്റഖയിൽ നടന്ന ബോംബാക്രമണത്തിൽ അഞ്ചുപേരാണ് കൊല്ലപ്പെട്ടത്. അനവധി ആളുകൾക്ക് പരിക്കേറ്റു. സുരക്ഷിത കേന്ദ്രങ്ങൾ തേടി വടക്കൻ ഗസ്സയിലേക്ക് കാൽനടയായി പോകുന്ന ഫലസ്തീനികളെ ഇസ്രാഈൽ സേന വെടിവെച്ചു കൊല്ലുന്ന വീഡിയോ ദൃശ്യങ്ങൾ അൽജസീറ പുറത്തുവിട്ടു. ബയ്ത് ഹാനൂനിൽ ഒരാൾ കൊല്ലപ്പെടുകയും മറ്റൊരാൾക്ക് പരിക്കേൽക്കുകയും ചെയ്തു.

24 മണിക്കൂറിനിടെ ഗസ്സയിൽ മുപ്പതോളം കേന്ദ്രങ്ങൾ തകർത്തതായി ഇസ്രാഈൽ സേന തന്നെ അവകാശപ്പെടുന്നുണ്ട്. റഫയിലാണ് ആക്രമണങ്ങളിൽ ഏറെയും നടന്നത്. അതേസമയം യു.എൻ അംഗീകരിച്ച വെടിനിർത്തൽ കരാർ പ്രാബല്യത്തിൽ വരാൻ സാധ്യതയില്ലെന്ന് യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കൻ വ്യക്തമാക്കി.

അമേരിക്കൻ പ്രസിഡന്റ് ജോ ബൈഡന്റെ വെടിനിർത്തൽ പദ്ധതി ഇസ്രാഈൽ അംഗീകരിക്കില്ലെന്ന് ബോധ്യമായതോടെയാണ് ബ്ലിങ്കൻ വെടിനിർത്തൽ സാധ്യത തള്ളിയത്. അതിനും അദ്ദേഹം കുറ്റപ്പെടുത്തുന്നത് ഹമാസിനെയാണ്. വെടിനിർത്തൽ പദ്ധതിക്ക് ഹമാസ് മുന്നോട്ടുവെച്ച ഭേദഗതിയിൽ പലതും പ്രായോഗികമല്ലെന്ന് അദ്ദേഹം പറഞ്ഞു.

## ഇസ്രാഈലിനെ മെരുക്കാനാവാതെ യു.എസ്

ഗസ്സ: യു.എൻ രക്ഷാസമിതി അംഗീകരിച്ച വെടിനിർത്തൽ പ്രമേയം സ്വാഗതാർഹമാണെന്ന് ഹമാസ് വ്യക്തമാക്കിയിട്ടും അമേരിക്കക്ക് തൃപ്തി പോര. യു.എസ് പ്രസിഡന്റ് ജോ ബൈഡൻ അവതരിപ്പിച്ച വെടിനിർത്തൽ പദ്ധതിയോട് ഇസ്രാഈലാണ് മുഖംതിരിഞ്ഞുനിൽക്കുന്നതെങ്കിലും ഹമാസിന്റെ പ്രതികണത്തെക്കുറിച്ച് പഠിക്കട്ടേയെന്ന നിലപാടിലാണ് അമേരിക്കയുള്ളത്.

ഇസ്രാഈലിന്റെ ശാഠ്യമാണ് കൂട്ടക്കുരുതി അവസാനിപ്പിക്കാൻ തടസ്സമെന്ന് യു.എസ് ഭരണകൂടത്തിന് പൂർണ ബോധ്യമുണ്ട്. പക്ഷേ, ഹമാസിനെ ഒറ്റപ്പെടുത്തിയും ഇസ്രാഈലിനെ വെള്ളപൂശിയുമാണ് യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ലിങ്കനും വൈറ്റ് ഹൗസ് ദേശീയ സുരക്ഷാ വക്താവ് ജോൺ കിർബിയും സംസാരിക്കുന്നത്. യു.എസ് നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു വെടിനിർത്തൽ കരാറുണ്ടാക്കുന്നതിനോട് തങ്ങൾക്ക് പൂർണ യോജിപ്പാണുള്ളതെന്ന് ഹമാസും ഇസ്‌ലാമിക് ജിഹാദും കഴിഞ്ഞ ദിവസവും ആവർത്തിച്ച് വ്യക്തമാക്കി. മധ്യസ്ഥർക്ക് ചില നിർദ്ദേശങ്ങൾ നൽകിയതായി ഹമാസ് നേതാവ് ഉസാമ ഹംദാൻ അറിയിച്ചു. ഇസ്രാഈൽ സേനയെ പുറത്താക്കാനും അധിനിവേശം അവസാനിപ്പിക്കാനും സഹായകമായ ഏത് നീക്കത്തോടും തങ്ങൾക്ക് യോജിപ്പാണുള്ളതെന്ന് അദ്ദേഹം വ്യക്തമാക്കി. അന്തിമ കരാറുണ്ടാകുന്നതുവരെ അമേരിക്കയുമായി സഹകരിച്ച് മധ്യസ്ഥ ശ്രമങ്ങൾ തുടരുമെന്ന് ഖത്തറിന്റെയും ഈജിപ്തിന്റെയും വിദേശകാര്യ മന്ത്രിമാർ അറിയിച്ചിട്ടുണ്ട്. റഫ അതിർത്തി കവാടവും ഫിലാഡൽഫി ഇടനാഴിയും ഉൾപ്പെടെ ഗസ്സയിൽനിന്നുള്ള പൂർണ സൈനിക പിന്മാറ്റമാണ് ഹമാസ് ആവശ്യപ്പെടുന്നത്. പക്ഷേ, ഹമാസിനെ സൈനികമായും രാഷ്ട്രീയമായും തകർക്കാതെ ആക്രമണം അവസാനിപ്പിക്കില്ലെന്നാണ് ഇസ്രാഈൽ പറയുന്നത്. യു.എൻ അംഗീകരിച്ച വെടിനിർത്തൽ പദ്ധതിയുമായി ബന്ധപ്പെട്ട ചർച്ചകൾക്ക് ആന്റണി ബ്ലിങ്കൻ പശ്ചിമേഷ്യയിൽ എത്തിയിട്ടുണ്ട്.

ഈജിപ്ഷ്യൻ പ്രസിഡന്റ് അബ്ദുൽ ഫത്താഹ് അൽ സിസിയുമായും ഇസ്രാഈൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായും അദ്ദേഹം ചർച്ച നടത്തി. ഗസ്സയിൽ ഇസ്രാഈൽ വംശഹത്യ ആരംഭിച്ച ശേഷം ബ്ലിങ്കൻ നടത്തുന്ന എട്ടാമത്തെ പശ്ചിമേഷ്യൻ പര്യടനമാണിത്.



**പറയൂ... ഈ കുരുന്ന് എന്തു പിഴച്ചു**

*ഉമ്മയുടെ കരങ്ങളിൽ പിടഞ്ഞു കരയുന്ന ഈ കുഞ്ഞിന്റെ പേര് അംജദ് ഖാനു. ഇസ്രാഈലിന്റെ ആക്രമണത്തെ തുടർന്ന് ഗസ്സയിൽ പോഷകാഹാരം കിട്ടാതെ അവശ നിലയിൽ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ഈ മൂന്നു വയസുകാരൻ ഇന്നലെ ലോകത്തോട് യാത്ര പറഞ്ഞു. സഹായ പ്രവാഹം ഇസ്രാഈൽ സേന പൂർണമായും തടഞ്ഞുവെച്ചതോടെ ഗസ്സയിൽ പട്ടിണി കിടന്ന് മരിക്കുന്ന കുട്ടികളുടെ എണ്ണം ഉയരുകയാണ്*

## പുലിവാല് പിടിച്ച് കൊക്കക്കോള

ധാക്ക: ഗസ്സയിലെ ഇസ്രാഈൽ ആക്രമണവമായി ബന്ധപ്പെട്ട് ബഹിഷ്കരണം നേരിടുന്ന കൊക്കക്കോളയുടെ പുതിയ പരസ്യത്തിനെതിരെ ബംഗ്ലാദേശിൽ വ്യാപക പ്രതിഷേധം.

കൊക്കക്കോള ഉൾപ്പെടെ ഇസ്രാഈലുമായി ബന്ധമുള്ള കമ്പനികളെല്ലാം മുസ്‌ലിം ഭൂരിപക്ഷ രാജ്യങ്ങളിൽ ബഹിഷ്കരണം നേരിടുമ്പോൾ ബംഗ്ലാദേശിലെ പത്രങ്ങൾക്ക് ഫുൾപേജ് പരസ്യങ്ങളാണ് കൊക്കക്കോള നൽകുന്നത്. അതിനിടെ ടിവി ചാനലുകളിലും മറ്റ് ഓൺലൈൻ മാധ്യങ്ങളിലും പ്രത്യക്ഷപ്പെട്ട ഒരു പരസ്യം വൻ വിവാദങ്ങൾക്ക് തിരികൊളുത്തിയിട്ടുണ്ട്. ദുബായ്, സ്പെയിൻ, തുർക്കി തുടങ്ങി 190 രാജ്യങ്ങളിൽ ജനങ്ങൾ കുടിക്കുന്ന കൊക്കക്കോളക്ക് ഫലസ്തീനിൽ ഒരു ഫാക്ടറി തന്നെയുണ്ടെന്നാണ് പരസ്യത്തിൽ പറയുന്നത്. എന്നാൽ പരസ്യം വന്നതോടെ കൊക്കക്കോളക്കെതിരെ ജനരോഷം ആളിക്കത്തി. കമ്പനിക്കെതിരെ ബഹിഷ്കരണ നീക്കങ്ങൾ ശക്തമാകുകയും ചെയ്തു. ഫലസ്തീനിലും കോക്ക് ഫാക്ടറിയുണ്ടെന്ന വാചകമാണ് ആളുകളെ ഏറ്റവും കൂടുതൽ ചൊടിപ്പിച്ചത്.

ഗസ്സയിൽ ഇസ്രാഈൽ ആക്രമണം തുടങ്ങിയ ശേഷം ബംഗ്ലാദേശിൽ കൊക്കക്കോള വിൽപ്പന 23 ശതമാനം ഇടിഞ്ഞിട്ടുണ്ട്. ഇസ്രാഈൽ ഭരണകൂടവുമായും സൈന്യവുമായും പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധമുള്ള കമ്പനികളെല്ലാം മുസ്‌ലിം രാജ്യങ്ങളിൽ ബഹിഷ്കരണം നേരിടുകയാണ്. അത്തരം കമ്പനികൾ മാർക്കറ്റിലെത്തിക്കുന്ന ഉൽപന്നങ്ങളുടെ വിൽപനയിൽ ലോകമെങ്ങും വൻ ഇടിവാണ് സംഭവിച്ചിരിക്കുന്നത്.

## യുക്രെയ്നുള്ള നാറ്റോ സഹായം: തൽക്കാലം അടങ്ങി ഹംഗറി

ബുഡാപെസ്റ്റ്: റഷ്യയുമായുള്ള യുദ്ധത്തിൽ നാറ്റോ സൈനിക സഖ്യം യുക്രെയ്ന് നൽകുന്ന സഹായത്തിന് തടസ്സം നിൽക്കില്ലെന്ന് ഹംഗറി ഉറപ്പുതന്നതായി നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്‌റ്റോൾട്ടൻബെർഗ്. ഹംഗറി പ്രധാനമന്ത്രി വിക്ടർ ഓർബാനുമായുള്ള ചർച്ചക്കുശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

യുക്രെയ്ൻ-റഷ്യ യുദ്ധവുമായി ബന്ധപ്പെട്ട നാറ്റോ നീക്കങ്ങളിൽ ഹംഗറി നേരിട്ട് ഇടപെടില്ല. നാറ്റോ അംഗരാജ്യമായ ഹംഗറിയുടെ ഒരു സൈനികനും യുക്രെയ്നുമായി ബന്ധപ്പെട്ട നീക്കങ്ങളിൽ പങ്കെടുക്കേണ്ടതില്ലെന്നും ഹംഗേറിയൻ ഫണ്ട് അതിന് ഉപയോഗിക്കേണ്ടതില്ലെന്നും സ്‌റ്റോൾട്ടൻബെർഗ് പറഞ്ഞു. പകരം അംഗരാജ്യമെന്ന നിലയിൽ നാറ്റോയുടെ സൈനിക നീക്കങ്ങളെ ഹംഗറി എതിർക്കില്ല. റഷ്യൻ പ്രസിഡന്റ് വ്‌ളാഡമിർ പുടിന്റെ ഉറ്റ സുഹൃത്തായ ഓർബാൻ യുക്രെയ്ന് ആയുധങ്ങളും ധനസഹായവും നൽകാനുള്ള നാറ്റോ ശ്രമങ്ങളെ നിരന്തരം എതിർത്തുപോരുന്നുണ്ട്. റഷ്യയുമായുള്ള യുദ്ധത്തിൽ യുക്രെയ്ന് ദീർഘദൂര മിസൈലുകൾ ഉൾപ്പെടെയുള്ള ആയുധങ്ങളും 100 ബില്യൺ ഡോളറും നൽകുമെന്ന് നാറ്റോ പ്രഖ്യാപിച്ചിരുന്നു. അതിനെതിരെ എതിർപ്പുമായി ഹംഗറി രംഗത്തുവന്ന സാഹചര്യത്തിലാണ് ഓർബാനെ നേരിൽ കണ്ട് സ്‌റ്റോൾട്ടൻബെർഗ് ചർച്ച നടത്തിയത്.

അടുത്ത മാസം നടക്കുന്ന ഉച്ചകോടിയിൽ സൈനിക സഹായ പദ്ധതിക്ക് അംഗീകാരം നൽകാൻ നാറ്റോ ആലോചിക്കുന്നുണ്ട്. അതിനുമുമ്പ് സഖ്യത്തിലെ 32 അംഗങ്ങളും സമവായത്തിൽ എത്തേണ്ടത് ആവശ്യമാണ്. ഏതെങ്കിലുമൊരു അംഗം എതിർത്താൽ പദ്ധതിക്ക് തടസ്സം നേരിടും. യുക്രെയ്ൻ യുദ്ധം ആരംഭിച്ചതുമുതൽ ഹംഗറി റഷ്യൻ അനുകൂല നിലപാടാണ് സ്വീകരിച്ചുപോരുന്നത്. അതിൽ പാശ്ചാത്യ ശക്തികൾക്ക് അതൃപ്തിയുണ്ട്. റഷ്യക്കെതിരായ യൂറോപ്യൻ ഉപരോധങ്ങളുമായി സഹകരിക്കാൻ ഹംഗറി വിസമ്മതിച്ചിരുന്നു. മേഖലയിലെ രാഷ്ട്രീയ, ഭൂമിശാസ്ത്ര സംഘർഷങ്ങൾ റഷ്യയുമായുള്ള ഹംഗറിയുടെ ബന്ധങ്ങളെ തകർക്കാൻ അനുവദിക്കില്ലെന്നാണ് ഓർബാന്റെ നിലപാട്.



*കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ ആത്മകഥ 'വിശ്വാസപൂർവം' മുഖ്യമന്ത്രി പിണറായി വിജയൻ ശശി തരൂർ എം.പിക്ക് നൽകി പ്രകാശനം ചെയ്യുന്നു*

## കാന്തപുരത്തിന്റെ ആത്മകഥ 'വിശ്വാസപൂർവം' പ്രകാശനം ചെയ്തു

തിരുവനന്തപുരം: കാന്തപുരം എ.പി അബൂബക്കർ മുസ്‌ലിയാരുടെ ആത്മകഥ 'വിശ്വാസപൂർവം' പ്രകാശനം ചെയ്തു. തിരുവനന്തപുരം ഹയാത്ത് റിജൻസിയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പുസ്തകം പ്രകാശനം ചെയ്തത്. ശശി തരൂർ എം.പി ഏറ്റുവാങ്ങി.

മർകസ് നോളജ് സിറ്റി കേന്ദ്രമായി പ്രവർത്തിക്കുന്ന ഗവേഷണ സംരംഭം മലബാർ ഫൗണ്ടേഷൻ ഫോർ റിസർച്ച് ആൻഡ് ഡെവലപ്മെന്റാണ് പ്രസാധകർ. ചടങ്ങിൽ സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി ആമുഖ പ്രഭാഷണം നടത്തി. മന്ത്രി പി രാജീവ്, മുൻകേന്ദ്ര മന്ത്രി വിമുരളീധരൻ, പി.വി അൻവർ എം.എൽ.എ, ഡോ. സിദ്ദീഖ് അഹ്മദ്, ടി എൻ.എം ജവാദ്, വണ്ടൂർ അബ്ദുർറഹ്മാൻ ഫൈസി, സയ്യിദ് ത്വാഹ സഖാഫി കുറ്റിയാടി, ഫിർദൗസ് സഖാഫി കടവത്തൂർ എന്നിവർ സംസാരിച്ചു. നൂറുദ്ദീൻ മുസ്തഫ സ്വാഗതവും സിദ്ദീഖ് സഖാഫി നേമം നന്ദിയും പറഞ്ഞു.

### വെള്ളാപ്പള്ളിയുടെ മുസ്‌ലിംവിരുദ്ധ പ്രസ്താവന

## പിൻവലിക്കണമെന്ന് സാംസ്കാരിക പ്രവർത്തകർ

കോഴിക്കോട്: ഇടതുമുന്നണിയുടെ തോൽവിയുടെ കാരണം മുസ്‌ലിം പ്രീണനമാണെന്നുള്ള, എസ്എൻഡിപി യോഗം ജനറൽ സെക്രട്ടറിവെള്ളാപ്പള്ളി നടേശന്റെ പ്രസ്താവന വസ്തുതാവിരുദ്ധവും മതവിദ്വേഷം വളർത്തുന്നതും കേരളത്തിലെ സമാധാനാന്തരീക്ഷം തകർക്കുന്നതും അതുകൊണ്ടുതന്നെ, അധിക്ഷേപാർഹവുമാണെന്ന് പ്രമുഖ ശ്രീനാരായണീയ ഈഴവ ദളിത് സംഘനാ നേതാക്കളും സാംസ്കാരിക പ്രവർത്തകരും സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.കേരളത്തിൽ ജനസംഖ്യയുടെ ഏതാണ്ട് 30 ശതമാനത്തോളം വരുന്ന ജനവിഭാഗമാണ് മുസ്‌ലിംകൾ.

സർക്കാർ സർവീസിലോ ഇതര സാമൂഹികരാഷ്ട്രീയ സാംസ്കാരിക മണ്ഡലങ്ങളിലോ അർഹമായ പ്രാതിനിധ്യം പോലും നാളിതുവരെ മുസ്‌ലിംകൾക്കു ലഭ്യമായിട്ടില്ലെന്ന് വസ്തുതാപരമായി തെളിയിക്കപ്പെട്ട സംഗതിയാണ്.

പ്രസ്താവനയിൽ ഒപ്പ് വെച്ചവർ: പി.കെ സുധീഷ്ബാബു (മാള ശ്രീനാ ി.കെ സുധീഷ്ബാബു (മാള ശ്രീനാരായണ ഗുരുധർമ ട്രസ്റ്റ്), പിപി രാജൻ (ശ്രീനാരായണ സേവാസംഘം), അഡ്വ.പിആർ സുരേഷ് (അഖില കേരള എഴുത്തച്ഛൻ സമാജം), ആർ രാജഗോപാൽ (എഡിറ്റർഅറ്റ് ലാർജ്, ടെലഗ്രാഫ്), സി.വി മോഹൻ കുമാർ (ശ്രീനാരായണ ദർശനവേദി), ഫാദർ.ഡോ.വൈ.ടി വിനയരാജ്, ചെറായി രാമദാസ്, ജെ രഘു, ഡോ. അജയ് ശേഖർ, കെ.കെ ബാബുരാജ്, സണ്ണി എം കപിക്കാട്, ഡോ. കെഎ സ് മാധവൻ, മൈത്രി പ്രസാദ്, ഏലിയാമ്മ, ഡോ.എം.എച്ച് ഇല്യാസ്, എ.എസ് അജിത്കുമാർ, പ്രഫ.ടി.ബി വിജയകുമാർ, സുദേഷ് എം രഘു, ഡോ.എ.കെ ആദർശ, പ്രദീപ് കുളങ്ങര, വി.ബി ഉണ്ണിക്ക്യഷ്ണൻ, കണ്ണൻ കാർത്തികേയൻ, എം.പി പ്രശാന്ത്, ബാബുരാജ് ഭഗവതി, മനോജ് വി കൊടുങ്ങല്ലൂർ, അജിതൻ എൻ.ബി, അനൂപ് വി.ആർ, നിക്സൻ പി ഗോപാൽ, അഖിൽ കുന്നേൽ, ലക്ഷ്മിപ്രഭ സ്നേഹലത, കെ സുനിൽകുമാർ, സി.എസ് മുരളി, ഡോ.ഒ.കെ സന്തോഷ്, ഡോ.എ.കെ വാസു, ഡോ.ടി. എസ് ശ്യാംകുമാർ, ബിജു ഗോവിന്ദ്, രെൻഷ നളിനി, ശ്രീജ നെയ്യാറ്റിൻകര, ഡോ. വർഷ ബഷീർ, ബഷീർ മിസ് അബ്, ഡോ.ഔസാഫ് അഹ്സൻ, ഡോ. കെ അഷറഫ്, ആബിദ് അടിവാരം, ലാലി പി.എം, ജോളി ചിറയത്ത്, ഷമീർ കെ മുണ്ടോത്ത്, ദേവദാസ് ക്ലാപ്പന, പ്രശാന്ത് ഗീത അപ്പുൽ, സിന്ധു നെപ്പോളിയൻ, ലെനിൻ വി.ആർ, പ്രശാന്ത് കോളിയൂർ, എം.കെ അബ്ദുസ്സമദ്, ഇല്യാസ് മംഗലത്ത്, അനൂപ് എം ദാസ്, പി.എം മാഹിൻ, കെ.എം അബ്ദുൾ, എം.എ ബക്കർ, എൻ.കെ അലി മെക്ക.



*പൊതുമേഖലാ ജീവനക്കാരുടെ അവകാശ പത്രിക പ്രതിപക്ഷ ഉപനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടിക്ക് എസ്.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി കെ.പി മുഹമ്മദ് അഷ്റഫ് നൽകുന്നു. അഡ്വ: എം. റഹ്മത്തുള്ള, ജി. മാഹീൻ അബൂബക്കർ സമീപം.*

### പൊതുമേഖലാ സംരക്ഷണം

## സർക്കാർ ബാധ്യത നിറവേറ്റണമെന്ന് പി.കെ കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: മാസങ്ങളായി ശമ്പളം ലഭിക്കാതെയും വിരമിക്കുന്നവർക്ക് ആനുകൂല്യങ്ങൾ കിട്ടാതെയും പൊതുമേഖലാ ജീവനക്കാർ ദുരിതമനുഭവിക്കുമ്പോൾ ഇടത് സർക്കാർ ബാധ്യത നിറവേറ്റണമെന്ന് മുസ്‌ലിംലീഗ് നിയമസഭാ കക്ഷി നേതാവ് പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. സംസ്ഥാനത്തെ പല സ്ഥാപനങ്ങളിലും മാസങ്ങളായി ശമ്പളം നൽകുന്നില്ല. പി.എഫ് വിഹിതവും ഗ്രാറ്റുവിറ്റിയും വർഷങ്ങളായി നൽകാത്ത സ്ഥാപനങ്ങൾ നിരവധിയാണ്. ജീവനക്കാരുടെ ദുരിതമകറ്റാൻ നടപടികൾ സ്വീകരിക്കാത്ത സർക്കാർ ജനവിധിയിൽ നിന്ന് പാഠം പഠിക്കണമെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

പൊതുമേഖലയേയും ജീവനക്കാരെയും സംരക്ഷിക്കുക എന്ന മുദ്രാവാക്യവുമായി പബ്ലിക് സെക്ടർ എംപ്ലോയീസ് കോൺഫെഡറേഷൻ (എസ്.ടി.യു) തിരുവനന്തപുരത്ത് നടത്തിയ സമര പ്രഖ്യാപന നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കോൺഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് കെ.പി മുഹമ്മദ് അഷ്റഫ് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ആലങ്കോട് സിദ്ധീഖ് സ്വാഗതം പറഞ്ഞു. എസ്.ടി.യു സംസ്ഥാന പ്രസിഡണ്ട് അഡ്വ.എം.റഹ്മത്തുള്ള, മുസ്‌ലിം ലീഗ് രാജ്യസഭാ സ്ഥാനാർത്ഥി അഡ്വ.ഹാരിസ് ബീരാൻ മുഖ്യപ്രഭാഷണം നടത്തി.

എസ്.ടി.യു സംസ്ഥാന ഭാരവാഹികൾക്കുള്ള ഉപഹാരം മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി അഡ്വ.എൻ.ഷംസുദ്ദീൻ എം.എൽ.എ വിതരണം ചെയ്തു. എൻ.എ.നെല്ലിക്കുന്ന് എം.എൽ.എ സമര പ്രഖ്യാപനം നടത്തി.

ഡോ. അനിൽ മുഹമ്മദ് സംഗീത് സാലി അനുസ്മരണ പ്രഭാഷണം നടത്തി. എസ്.ടി.യു സംസ്ഥാന ട്രഷറർ ജി. മാഹിൻ അബൂബക്കർ, മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സി.ശ്യാം സുന്ദർ, ജില്ലാ പ്രസിഡണ്ട് ബീമാപള്ളി റഷീദ്, എസ്.ടി.യു സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വല്ലാഞ്ചിറ അബ്ദുൽ മജീദ്, ജില്ലാ പ്രസിഡണ്ട് മംഗലപുരം ഷാജി, ജനറൽ സെക്രട്ടറി എ.സക്കീർ ഹുസൈൻ, ട്രഷറർ ബിജു കടമ്പാട്ടുകോണം, ലുക്മാൻ അരീക്കോട്, കോൺഫെഡറേഷൻ നേതാക്കളായ എ.കുഞ്ഞയമ്മു, എൻ.കെ.അസ്ലം, പി.എം.അബ്ദുൽ റസാഖ്, ഷാജി ഫെർണാണ്ടസ്, എസ്.അനസ്, കെ.ബി അബ്ദുൽ കരീം, സിദ്ധീഖ് താനൂർ, എം.പി ഹംസ, എം.എ ഗഫൂർ, കെ.പി ഉമ്മർ, എ.നഹാസ്, അസീം കരകുളം, മുഹമ്മദ് സിയ, ടി.പി മുഹമ്മദ് ഷരീഫ്, ടി.പി മുഹമ്മദ് അനീസ്,പനവൂർ അസനാരാശാൻ, എസ് എം ഇക്ബാൽ, വട്ടക്കരിക്കകം ദിലീപ് ,പള്ളിവേട്ട ഷമീം, പാലച്ചിറ അൻസാരി, എസ്.എം ലോക്ക് ഷാജഹാൻ, വഞ്ചുവം ഷറഫ്, കല്ലമ്പലം ജവാദ്, അസീം നെടുമങ്ങാട്, കമറുദീൻ, കാച്ചണിക്കര ശ്രീകുമാർ, കാരേറ്റ് മഞ്ചു, അഡ്വ. പ്രസന്ന കുമാർ, സുജൻസേവ്യർ, ബേബി ജോൺ, അബ്ദുൽ റഷിദ് പ്രസംഗിച്ചു.

## ഭരണഘടനയെ തൊടാൻ അനുവദിക്കില്ല: രാഹുൽ ഗാന്ധി

കൽപ്പറ്റ: നാനൂറിലധികം സീറ്റുനേടി ഇന്ത്യയുടെ പാരമ്പര്യത്തെയും ഭരണഘടനയെയും തിരുത്താമെന്ന് കരുതിയ നരേന്ദ്രമോദിയെ രാജ്യത്തെ വോട്ടർമാർ തിരുത്തിയെന്നതാണ് ഇത്തവണത്തെ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ ഏറ്റവും വലിയ സവിശേഷതയെന്നും ഭരണഘടനയെ തൊടാൻ ഒരാളെയും അനുവദിക്കില്ലെന്നും രാഹുൽ ഗാന്ധി പ്രസ്താവിച്ചു. ഭരണഘടന മാറ്റിമറിക്കുമെന്ന പ്രഖ്യാപനത്തോടെ തിരഞ്ഞെടുപ്പിനെ നേരിട്ട മോദിക്ക് അതേ ഭരണഘടനയെ വന്ദിച്ചു നിൽക്കേണ്ടിവന്നു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ ആകെത്തുകയെന്നും രാഹുൽ പറഞ്ഞു. ലോക്സഭാ തിരഞ്ഞെടുപ്പിൽ തിളക്കമാർന്ന വിജയം നേടിയ ശേഷം വോട്ടർമാർക്ക് നന്ദി പറയാൻ വയനാട്ടിലെത്തിയ രാഹുൽ, കൽപ്പറ്റയിൽ യു.ഡി.എഫ് ഒരുക്കിയ സ്വീകരണ യോഗത്തിൽ സംസാരിക്കുകയായിരുന്നു.

തിരഞ്ഞെടുപ്പിനു മുമ്പ് നാനൂറിലധികം സീറ്റെന്നായിരുന്നു മോദിയുടെ അവകാശവാദം. പിന്നീടത് മുന്നൂറിലധികം എന്നായി. തിരഞ്ഞെടുപ്പ് കഴിഞ്ഞതോടെ ഇരുനൂറിലധികം എന്നിടത്തേക്ക് ബി.ജെ.പിക്ക് തിരുത്തേണ്ടിവന്നു. ഇന്ത്യ മുന്നണി തുടങ്ങിയിട്ടേയുള്ളുവെന്നും രാജ്യത്തെ ഓരോ പൗരനും നീതി ലഭിക്കുന്നിടം വരെ അതിന്റെ പോരാട്ടം തുടരുമെന്നും രാഹുൽ വ്യക്തമാക്കി.

വലിയ നാടകങ്ങളാണ് തിരഞ്ഞെടുപ്പ് കാലത്ത് നടന്നത്. തെരഞ്ഞെടുപ്പ് കമ്മീഷൻ മോദിക്ക് വേണ്ടി രൂപകൽപന ചെയ്തതായിരുന്നു തിരഞ്ഞെടുപ്പ് തിയ്യതികൾ. വാരാണസിയിൽ ഏറ്റവും അവസാനം തെരഞ്ഞെടുപ്പ് നടത്തിയത് ഈ നാടകത്തിന്റെ ഭാഗമാണ്. മറ്റെല്ലാവരും പ്രചാരണത്തിൽ നിന്ന് വിട്ടുനിന്നപ്പോൾ മാധ്യമങ്ങളെയും കൂട്ടി ധ്യാനം നടത്തുകയായിരുന്നു മോദി. ഇതൊക്കെയായിട്ടും വരാണസിയിൽ കഷ്ടിച്ചാണ് മോദി ജയിച്ചുകയറിത്. രാഹുൽ പറഞ്ഞു. ഏകാധിപത്യത്തിനും സ്വജനപക്ഷപാതത്തിനുമെതിരെ ശക്തമായ പ്രതിപക്ഷമായി ഇന്ത്യ മുന്നണി നിലകൊള്ളും. രാജ്യത്തിന്റെ യശസ്സുയർത്താൻ സർക്കാരിൽ സക്തമായ സമ്മർദ്ദം ചെലുത്തുമെന്നും രാഹുൽ കൂട്ടിച്ചേർത്തു. തന്നെ വേട്ടയാടിയപ്പോഴെല്ലാം വയനാട് കൂടെ നിന്നുവെന്നും ഈ നാടുമായുള്ള ബന്ധം തിരഞ്ഞെടുപ്പിന് അതീതമാണെന്നും സ്നേഹവും വാൽസല്യവും നൽകി കുടുംബത്തിലെ ഒരംഗമായി തന്നെ കണ്ടതിന് നന്ദിയുണ്ടെന്നും ജീവിതകാലം മുഴുവൻ ഈ സ്നേഹം ഓർത്തിരിക്കുമെന്നും രാഹുൽ പറഞ്ഞു.

എ ഐ സി സി ജനറൽ സെക്രട്ടറി കെ സി വേണുഗോപാൽ എം പി, കെ പി സി സി പ്രസിഡന്റ് കെ സുധാകരൻ, പ്രതിപക്ഷനേതാവ് വി ഡി സതീശൻ, പാണക്കാട് സയ്യിദ് ബഷീറലി തങ്ങൾ, എം പിമാരായ പി വി അബ്ദുൽ വഹാബ്, ജെബി മേത്തർ, എം എൽ എമാരായ ടി സിദ്ധീഖ്, എ പി അനിൽകുമാർ, ഐ സി ബാലകൃഷ്ണൻ, യു.ഡി.എഫ് ജില്ലാ ചെയർമാൻ കെ കെ അഹമ്മദ് ഹാജി, മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി സി പി ചെറിയ മുഹമ്മദ്, ജില്ലാ ജനറൽ സെക്രട്ടറി ടി.മുഹമ്മദ്, ഡി സി സി പ്രസിഡന്റ് എൻ ഡി അപ്പച്ചൻ, ഷാഫി പറമ്പിൽ, രാഹുൽ മാങ്കൂട്ടത്തിൽ, പി വി മോഹനൻ, പി കെ ജയലക്ഷ്മി, എൻ.കെ റഷീദ്, സംഷാദ് മരക്കാർ തുടങ്ങിയവർ സംബന്ധിച്ചു.

## മുസ്‌ലിം സമുദായത്തെ തീവ്രവാദ ചാപ്പകുത്തുന്നത് അവസാനിപ്പിക്കണം: കെ.എൻ എം മർകസുദ്ദഅവ

കോഴിക്കോട് : നീതി നിഷേധത്തെക്കുറിച്ച് സംസാരിച്ചാൽ മുസ് ലിം സമുദായത്തെ തീവ്രവാദ ചാപ്പകുത്തുന്നത് വെള്ളാപ്പള്ളി നടേശനെ പ്പോലുള്ളവർ അവസാനിപ്പിക്കണമെന്ന് കെ.എൻ എം മർകസുദ്ദഅവ സംസ്ഥാന പ്രസിഡന്റ് ഡോ. ഇ.കെ അഹ് മദ്കുട്ടിയും ജനറൽ സെക്രട്ടറി സി.പി ഉമർ സുല്ലമിയും പ്രസ്താവനയിൽ പറഞ്ഞു. ഈഴവ സമുദായത്തിന്റെ അവകാശങ്ങളെ സവർണ തമ്പുരാക്കൻമാർക്കു മുമ്പിൽ പണയം വെച്ച് സ്വാർത്ഥ താൽപര്യം സംരക്ഷിക്കുന്ന വെള്ളാപള്ളി മുസ്‌ലിം സമുദായത്തിന്റെ അവകാശങ്ങൾക്കു നേരെ അധിക്ഷേപം നടത്തുന്നത് പരിഹാസ്യമാണ്. മുസ്‌ലിം സമുദായത്തിനുനേരെ വ്യാജ ആരോപണങ്ങളുന്നയിച്ച് വർഗീയ ധ്രുവീകരണം നടത്തുന്ന ഒരാളെ നവോത്ഥാന സംരക്ഷണ സമിതി ചെയർമാനായി നിലനിർത്തണമോയെന്ന് ഇടത് സർക്കാർ പുനരാലോചിക്കണം. കേരളത്തിൽ സംഘ്പരിവാർ അക്കൗണ്ട് തുറന്ന സാഹചര്യത്തെക്കുറിച്ച് മതേതര രാഷ്ട്രീയ നേതൃത്വങ്ങളുടെ ജാഗ്രതക്കുറവുണ്ടായെന്നും കെ എൻ എം മർകസുദ്ദഅവ നേതാക്കൾ പറഞ്ഞു.

ഗൾഫ് ചന്ദ്രിക



# ആശാന് ലൈഫ്

## സിദാൻ വരുന്നില്ല

ലണ്ടൻ: സിനദിൻ സിദാൻ വരുന്നില്ല. മാഞ്ചസ്റ്റർ യുനൈറ്റഡ് മറ്റാരേയും തേടി പോവുന്നുമില്ല. പുതിയ സീസണിലും ടീമിന്റെ അമരത്ത് എറിക് ടെൻ ഹാഗ് തന്നെ. ഇന്നലെ ചേർന്ന ക്ലബിന്റെ മാനേജ്മെന്റ് യോഗം പോയ സീസൺ അവലോകനം ചെയ്തപ്പോൾ ടെൻ ഹാഗിന് ഒരവസരം കൂടി നൽകാൻ തീരുമാനിക്കുകയായിരുന്നു. അടുത്ത സീസൺ വരെയാണ് പുതിയ കരാർ. അവസാനിച്ച സീസണിൽ എഫ്.എ കപ്പ് മാത്രമായിരുന്നു യുനൈറ്റഡ് നേട്ടം. ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ ടീം വൻ നിരാശയാണ് സമ്മാനിച്ചത്. ഇതിനെ തുടർന്ന് അദ്ദേഹത്തെ മാറ്റുമെന്ന റിപ്പോർട്ടുകൾ ശക്തമായിരുന്നു. എഫ്.എ കപ്പ് ഫൈനലിൽ ബദ്ധവൈരികളായ മാഞ്ചസ്റ്റർ സിറ്റിയെ തോൽപ്പിക്കാനായതാണ് അന്തിമ വിശകലനത്തിൽ ടെൻ ഹാഗിന് തുണയായത്. വെംബ്ലിയിൽ നടന്ന എഫ്.എ കപ്പ് ഫൈനലിൽ സിറ്റി കിരീടം അനായാസം സ്വന്തമാക്കുമെന്നായിരുന്നു കരുതിയിരുന്നത്. എന്നാൽ ടെൻ ഹാഗ് സംഘം തുടക്കത്തിൽ തന്നെ രണ്ട് ഗോളുകളുമായി ലീഡ് നേടി. അവസാനത്തിൽ മാത്രമാണ് സിറ്റിക്ക് ഒരു ഗോൾ തിരികെ അടിക്കാനായത്. പുതിയ സീസൺ മുൻനിർത്തി താരങ്ങളുടെ സെലക്ഷൻ ജോലിയിലേക്ക് കടക്കാൻ മാനേജ്മെന്റ് അദ്ദേഹത്തിന് നിർദ്ദേശം നൽകിക്കഴിഞ്ഞു.

## കട്ടപ്പൊക



ലൗഡർഡഹിൽ (ഫ്ളോറിഡ): ലോകകപ്പിൽ പാക്കിസ്താന്റെ സ്ഥിതി അവതാളത്തിലാവുന്നു... കഴിഞ്ഞ ദിവസം കാനഡക്കെതിരെ നേടിയ ആദ്യ വിജയത്തിന്റെ ആശ്വാസത്തിലിരിക്കുന്ന ബബർ അസമിന്റെ സംഘത്തെ തേടി വന്നിരിക്കുന്ന പുതിയ വാർത്ത ആശാവഹമല്ല. ജൂൺ 16ന് അയർലൻഡിനെ പാക്കിസ്താൻ നേരിടുന്നത് ഫ്ളോറിഡയിലെ ലൗഡർഹില്ലിൽ വെച്ചാണ്. ഇവിടെ അടുത്ത ഒരാഴ്ച്ച കനത്ത മഴയാണ് പ്രവചിക്കപ്പെട്ടിരിക്കുന്നത്. ഇന്നലെ ഇവിടെ നടക്കേണ്ട ശ്രീലങ്ക-നേപ്പാൾ മൽസരം ഒരു പന്ത് പോലും എറിയാനാവാതെ ഉപേക്ഷിച്ചിരുന്നു. ന്യൂയോർക്കിന് പകരം ഇനിയുള്ള മൽസരങ്ങളെല്ലാം ഫ്ളോറിഡയിലാണ്. ഗ്രൂപ്പ് എ-യിലെ മൂന്ന് മൽസരങ്ങൾ ഈ വേദിയിലാണ്. 14ന് അമേരിക്ക-അയർലൻഡ്, 15ന് ഇന്ത്യ-കാനഡ, 16ന് പാക്കിസ്താൻ-കാനഡ. ഈ മൽസരങ്ങളെല്ലാം അവതാളത്തിലാവുമ്പോൾ ടെൻഷൻ പാക്കിസ്താനാണ്. ഒരു മൽസരം മാത്രം ബാക്കിനിൽക്കെ കേവലം രണ്ട് പോയിന്റ് മാത്രമാണ് പാക്കിസ്താൻ സമ്പാദ്യം. ഇന്ത്യയും അമേരിക്കയും ആദ്യ രണ്ട് മൽസരങ്ങളും ജയിച്ച് നാല് പോയിന്റ് ഇതിനകം സ്വന്തമാക്കിയിട്ടുണ്ട്.

# ചന്ദ്രിക സ്പോർട്സ്



23 യുവാക്കളുടെയും ഒരു രാജ്യത്തിന്റെയും സ്വപ്നമാണ് റഫറി ഇല്ലാതാക്കിയത്. ലോകകപ്പ് മൂന്നാം റൗണ്ട് ലക്ഷ്യമാക്കി ടീമിലെ 23 പേരും കഠിനാദ്ധ്വാനം തുടങ്ങിയിട്ട് മാസങ്ങളായി. അവരുടെ വലിയ സ്വപ്നമാണ് വെറുതെ ഇല്ലാതായത്. ഇന്നത്തെ കാലത്ത് ഇത്തരത്തിലുള്ള അബദ്ധങ്ങൾ ഫുട്ബോളിൽ സംഭവിക്കരുത്. നിങ്ങൾ നോക്കു- ആ പന്ത് കൃത്യമായി പുറത്താണ്. ഖത്തർ ഭാഗ്യവാന്മാരാണ്. ഒരു ഗോളിന് പിറകിൽ നിൽക്കുമ്പോഴാണ് അവർക്ക് റഫറിയുടെ ആനുകൂല്യം ലഭിച്ചത്

–ഇഗോർ സ്റ്റിമോക്

www.chandrikadaily.com

**BREAKING** പാരീസ് ഒളിംപിക്സ്:പുരുഷ ഡബിൾസിൽ സ്പാനിഷ് താരങ്ങളായ റഫേൽ നദാലും കാർലോസ് അൽകറാസും ഒരുമിക്കും



## ഇന്ന്

ടി-20 ലോകകപ്പ്
വിൻഡീസ്-കിവീസ്
(പുലർച്ചെ 6-00 മുതൽ)
ബംഗ്ലാദേശ്-നെതർലൻഡ്സ്
(രാത്രി 8-00 മുതൽ)
സ്റ്റാർ സ്പോർട്സ് ലൈവ്

## ശ്രീലങ്ക പുറത്തേക്ക്

ലൗഡർഹിൽ (ഫ്ളോറിഡ) : ശ്രീലങ്ക ടി-20 ലോകകപ്പിൽ നിന്നും പുറത്തേക്ക്. ഗ്രൂപ്പ് ഡി-യിൽ ഇന്നലെ നടക്കേണ്ട നേപ്പാളിനെതിരായ മൽസരം മഴ മൂലം ഉപേക്ഷിച്ചതോടെ മൂന്ന് കളികളിൽ ദ്വീപുകാർക്ക് ആകെ ഒരു പോയിന്റ് മാത്രമാണുള്ളത്. ഇനി നെതർലൻഡ്സിനെതിരെ ഒരു മൽസരം മാത്രമാണ് പ്രാഥമിക റൗണ്ടിൽ ബാക്കി. കനത്ത മഴയിൽ ടോസ് പോലും അസാധ്യമായിരുന്നു. ആദ്യ രണ്ട് കളികളിലും തോറ്റ ലങ്കക്ക് ഇനി ഭാഗ്യത്തിനായി പ്രാർത്ഥിക്കണം. ആദ്യ മൂന്ന് മൽസരങ്ങളും സ്വന്തമാക്കിയ ദക്ഷിണാഫ്രിക്ക ഗ്രൂപ്പിൽ നിന്നും നേരത്തെ സൂപ്പർ എട്ട് ഉറപ്പിച്ചവരാണ്. രണ്ട് പോയിന്റുള്ള ബംഗ്ലാദേശാണ് നിലവിൽ രണ്ടാമത്. ലങ്കക്ക് ഇനി പ്രതീക്ഷ 13 ന് നടക്കുന്ന ബംഗ്ലാദേശ്-നെതർലൻഡ്സ് മൽസരമാണ്. ഈ മൽസരം മഴയിൽ ഉപേക്ഷിക്കപ്പെടണം. പിന്നെ 16ന് നടക്കുന്ന അവസാന മൽസരത്തിൽ ലങ്കക്ക് നെതർലൻഡ്സിനെ വൻ മാർജിനിൽ തോൽപ്പിക്കാനുമാവണം. അവിടെയും തീർന്നില്ല-14 ന് നടക്കുന്ന മൽസരത്തിൽ ദക്ഷിണാഫ്രിക്ക വലിയ മാർജിനിൽ നേപ്പാളുകാരെ തോൽപ്പിക്കയും വേണം. അവസാന കാര്യമാണ് അതിലും പ്രശ്നം. നേപ്പാൾ തങ്ങളുടെ അവസാന മൽസരത്തിൽ ചെറിയ മാർജിനിൽ ബംഗ്ലാദേശിനെ തോൽപ്പിക്കണം.

## ഓസീസ്

അന്റിഗ്വ: കുഞ്ഞന്മാരായ നമീബിയക്കെതിരെ ഒമ്പത് വിക്കറ്റിന്റെ അനായാസ വിജയവുമായി മുൻ ചാമ്പ്യന്മാരായ ഓസ്ട്രേലിയ ടി-20 ലോകകപ്പിൽ തുടർച്ചയായ മൂന്നാം വിജയവുമായി സൂപ്പർ എട്ട് ഉറപ്പാക്കി. ഗ്രൂപ്പ് ബി-യിൽ ഇന്നലെ നടന്ന മൽസരത്തിൽ ആദ്യം ബാറ്റ് ചെയ്ത നമീബിയ 17 ഓവറിൽ 72 റൺസിനിടെ എല്ലാവരും പുറത്തായപ്പോൾ ഓസീസ് 5.4 ഓവറിൽ കളി അവസാനിപ്പിച്ചു. 17 പന്തിൽ പുറത്താവാതെ 34 റൺസ് നേടിയ ട്രാവിസ് ഹെഡിന്റെ കരുത്തിലായിരുന്നു വൻ വിജയം. ഓസീസ് സ്പിന്നർ ആദം സാംപയായിരുന്നു നമീബിയെക്കാരെ തകർത്തത്. 12 റൺസ് മാത്രം നൽകി അദ്ദേഹം നാല് വിക്കറ്റ് നേടി. ഈ മികവോടെ ടി-20 ക്രിക്കറ്റിൽ സാംപയുടെ വിക്കറ്റ് സമ്പാദ്യം നൂറായി ഉയരുകയും ചെയ്തു. ജോഷ് ഹേസിൽവുഡ്, മാർക്കസ് സ്റ്റോനിയിസ് എന്നിവർ രണ്ട് വീതം വിക്കറ്റുകൾ നേടി.

## കണ്ണൂർ സ്ക്വാഡ്...



ഈ സുന്ദര ചിത്രം ദോഹയിലെ ജാസിം ബിൻ ഹമദ് സ്റ്റേഡിയത്തിൽ നിന്ന്. ചൊവ്വാഴ്ച്ച രാത്രി ഇവിടെ ഇന്ത്യയും ഖത്തറും തമ്മിൽ നടന്ന ലോകകപ്പ് യോഗ്യതാ മൽസരത്തിനിടെ ഇന്ത്യൻ താരം സഹൽ അബ്ദുൾ സമദും ഖത്തറിനായി കളിക്കുന്ന മലയാളി താരം തഹ്സിൻ മുഹമ്മദ് ജംഷിദും കണ്ട്മുട്ടിയപ്പോൾ. ഇരുവരും കണ്ണൂരുകാരാണ്. സഹൽ പയ്യന്നൂരിന് സമീപം കവ്വായി സ്വദേശി. തഹ്സിൻ തലശ്ശേരിക്കാരനും. 17-കാരനായ തഹ്സിൻ ഖത്തർ ദേശീയ സംഘത്തിൽ ഇടം നേടിയത് വലിയ വാർത്തയായിരുന്നു. ഖത്തൽ സൂപ്പർ ലീഗിൽ അൽ ദുഹൈലിനായി കളിക്കുന്ന കൗമാരക്കാരൻ ആ മികവിലാണ് ഖത്തർ ദേശീയ സംഘത്തിലെത്തിയത്. ദീർഘകാലമായി ഇന്ത്യൻ സംഘത്തിലുണ്ട് സഹൽ.

# റഫറിയുടെ ചതി

കൊൽക്കത്ത: അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ വലിയ പ്രതിഷേധവുമായി പരാതികൾ നൽകി. ഇന്ത്യ-ഖത്തർ ലോകകപ്പ് മൽസരം നിയന്ത്രിച്ച മാച്ച് കമ്മീഷണർക്കും ഫിഫക്കും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷനും ഏ.എഫ്.സിയുടെ റഫറിസ് കമ്മീഷണർക്കും. പരാതി ഔദ്യോഗികം മാത്രം. അത് കൊണ്ട് മൽസര ഫലം മാറില്ലെന്നറിഞ്ഞ് കൊണ്ട് തന്നെയാണ് അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ തലവൻ കല്ല്യാൺ ചൗബേ പരാതി നൽകിയിരിക്കുന്നത്. ദോഹയിലെ ജാസിം ബിൻ ഹമദ് സ്റ്റേഡിയത്തിൽ നടന്ന ഇന്ത്യ-ഖത്തർ മൽസരം നിയന്ത്രിച്ച ദക്ഷിണ കൊറിയൻ റഫറി കിം വുസംഗിനെതിരെ പ്രതിഷേധം ശക്തമാവുകയാണ്. നൂറ് ശതമാനം തെറ്റായ തീരുമാനമെടുത്തിട്ടും ഇന്ത്യൻ താരങ്ങൾ ശക്തമായി പ്രതിഷേധിച്ചിട്ടും അദ്ദേഹമോ മറ്റ് ഓഫീഷ്യൽസോ തീരുമാനം മാറ്റിയില്ല. ലാലിൻസുവാല ചാംഗ്തേ ആദ്യ പകുതിയിൽ സ്വന്തമാക്കിയ ഗോളിൽ ഇന്ത്യ ലീഡ് ചെയ്യവെയാണ് നിർണായക മൽസരത്തിൽ തെറ്റായ തീരുമാനം റഫറി എടുത്തത്. 73-ാം മിനുട്ടിൽ അബ്ദുല്ല അൽഹാർക് എടുത്ത ഫ്രീകിക്കിൽ നിന്നും ഉയർന്ന പന്ത് ഹെഡ്ഡറിലൂടെ യൂസഫ് ഐമൻ ഇന്ത്യൻ പോസ്റ്റിലേക്ക് തിരിച്ചപ്പോൾ ഗോൾക്കീപ്പർ ഗുർപ്രീത്സിംഗ് സന്ധു പന്ത് തട്ടി പുറത്താക്കിയിരുന്നു. പന്ത് കൃത്യമായി പുറത്തായിട്ടും സന്ധുവിന്റെ ഇടയിലൂടെ പന്തിനെ തോണ്ടിയെടുത്താണ് ഹാഷ്മി ഹുസൈൻ എന്ന താരം ഐമന് വീണ്ടും പന്ത് നൽകിയത്. അദ്ദേഹം അത് പോസ്റ്റിലേക്ക് തട്ടി ഗോൾ അവകാശപ്പെട്ടതും റഫറി അംഗീകരിച്ചതും. അപ്പോൾ തന്നെ ഗുർപ്രീത് ശക്തമായ പ്രതിഷേധവുമായി അസിസ്റ്റൻഡ് റഫറിയുടെ അരികിലേക്ക് കുതിച്ചെത്തിയിരുന്നു. പക്ഷേ അദ്ദേഹം അംഗീകരിച്ചില്ല. അസിസ്റ്റൻഡ് റഫറിയുടെ അനുമതിയോടെയാണ് മുഖ്യ റഫറി ഗോൾ അംഗീകരിച്ചത്. തൊട്ട് പിറകെ മറ്റൊരു ഗോൾ നേടി ഖത്തർ മൽസരം ജയിക്കുകയും ചെയ്തു. ലോകകപ്പ് ഏഷ്യൻ യോഗ്യതാ മൂന്നാം റൗണ്ടിലെത്താൻ ഇന്ത്യക്ക് വിജയം അത്യാവശ്യമായ മൽസരമായിരുന്നു ഇത്. തോൽവിയോടെ ഇന്ത്യ പുറത്താവുകയും ചെയ്തിരുന്നു. വിജയ-പരാജയം മൽസരത്തിൽ സ്വാഭാവികമാണെന്നും എന്നാൽ തീർത്തും ഇല്ലാത്ത ഗോളാണ് റഫറി ഖത്തറിന് അനുവദിച്ചതെന്നും എ.ഐ.എഫ്.എഫ് തലവൻ കല്ല്യാൺ ചൗബേ പറഞ്ഞു. ഇത്തരത്തിൽ ഇനി സംഭവിക്കരുത്. അത് കൊണ്ടാണ് പരാതി നൽകിയതെന്നും അദ്ദേഹം വ്യക്തമാക്കി. എന്നാൽ വിവാദ ഗോളിൽ പ്രതികരിക്കാൻ കൊറിയൻ റഫറി തയ്യാറായില്ല. ഇന്ത്യ നൽകിയ പരാതി ഫിഫയും ഏ.എഫ്.സിയും മുഖവിലക്കെടുത്താൽ റഫറിക്കെതിരെ നടപടി വരും. റഫറിമാരുടെ പ്രകടനങ്ങൾ നിരീക്ഷിക്കാൻ എത്തിക്സ് സമിതിയുമുണ്ട്.



ഈ രണ്ട് ചിത്രങ്ങൾ നോക്കു.... രണ്ടും ഒരേ ചിത്രമാണ്. ഖത്തർ താരം യൂസഫ് ഐമന്റെ ഗോൾ ശ്രമത്തിൽ നിന്നും ഇന്ത്യൻ ഗോൾക്കീപ്പർ ഗുർപ്രീത് സിംഗ് സന്ധു രക്ഷപ്പെടുത്തിയ പന്ത് പുറത്താണ് (വൃത്തം). ഖത്തറിന് കോർണർ കിക്ക് ഉറപ്പായ നിമിഷം. എന്നാൽ ഈ പന്താണ് ഖത്തറിന്റെ അഞ്ചാം നമ്പറുകാരൻ ഹാഷ്മി ഹുസൈൻ തോണ്ടിയെടുക്കുന്നത്. ഈ പന്താണ് ഐമൻ വീണ്ടും പോസ്റ്റിലേക്ക് തട്ടിയത്. ഇതാണ് കൊറിയക്കാരൻ റഫറി ഗോളായി അനുവദിച്ചതും

## മൂന്നാം റൗണ്ടിന് ഫലസ്തീനും



ഫലസ്തീൻ ടീം മൽസരത്തിന് മുമ്പ്

ദോഹ: ലോകകപ്പ് ഫുട്ബോൾ ഏഷ്യൻ യോഗ്യതാ മൂന്നാം റൗണ്ടിന് ടീമുകളായി. ഗ്രൂപ്പ് എ-യിൽ നിന്ന് ഇന്ത്യ വിവാദ ഗോളിൽ പുറത്തായപ്പോൾ ഖത്തറും കുവൈറ്റും ആദ്യ രണ്ട് സ്ഥാനങ്ങൾ സ്വന്തമാക്കി അടുത്ത റൗണ്ടിലെത്തി. ഗ്രൂപ്പ് ബി-യിൽ നിന്ന് ജപ്പാനും ഉത്തര കൊറിയയുമാണ് ടിക്കറ്റ് നേടിയത്. അവസാന മൽസരത്തിൽ ജപ്പാൻ അഞ്ച് ഗോളിന് സിറിയയെ വീഴ്ത്തിയപ്പോൾ ഉത്തര കൊറിയക്കാർ 4-1ന് മ്യാന്മറിനെ പരാജയപ്പെടുത്തി. ഗ്രൂപ്പ് സി-യിൽ നിന്നും ദക്ഷിണ കൊറിയയും ചൈനയുമാണ് യോഗ്യത നേടിയത്. ചൈന കൊറിയക്കാരോട് തോറ്റുവെങ്കിലും മെച്ചപ്പെട്ട ഗോൾ ആവറേജിൽ തായ്ലൻഡിനെ പിറകിലാക്കിയാണ് ചൈന മൂന്നാം റൗണ്ടിലെത്തിയത്. ഡി-യിൽ നിന്നും ഒമാനും കിർഗിസ്ഥാനുമാണ് യോഗ്യത നേടിയത്. ഇന്നലെ നടന്ന ഒമാൻ-കിർഗിസ്താൻ മൽസരം 1-1 ലാണ് കലാശിച്ചത്. ഗ്രൂപ്പ് ഇ-യിൽ നിന്ന് ഇറാനും ഉസ്ബെക്കിസ്താനും അടുത്ത റൗണ്ടിലെത്തി. ഇരു ടീമുകൾക്കും 14 പോയിന്റ് വീതമുണ്ട്. എഫിൽ- നിന്നും ഇറാഖും ഇന്തോനേഷ്യയും ജി-യിൽ നിന്നും ജോർദ്ദാനും സൗദി അറേബ്യയും എച്ചിൽ- നിന്നും യു.എ.ഇയും ബഹറൈനും യോഗ്യത നേടിയപ്പോൾ ഐ-യിൽ നിന്നും ഓസ്ട്രേലിയക്കൊപ്പം ഫലസ്തീനുമെത്തി. ഓസീസിനെതിരെ ഇന്നലെ ഫലസ്തീൻ അഞ്ച് ഗോൾ വഴങ്ങി തോറ്റുവെങ്കിലും ഗ്രൂപ്പിൽ ലെബനോൺ, ബംഗ്ലാദേശ് എന്നിവർക്കെതിരെ നേടിയ വിജയമാണ് ഫലസ്തീന് കരുത്തായത്.

# റിയൽ ആശാൻ

K **അഷ്റഫ് തൈവളപ്പ്**
കൊച്ചി



ഇന്ത്യയിലെ തന്നെ എക്കാലത്തെയും മികച്ച പരിശീലകരിലൊരാളായിരുന്നു അന്തരിച്ച ടി.കെ ചാത്തുണ്ണി. കേരള പൊലീസ് ടീമിനെ ആദ്യമായി ഫെഡറേഷൻ കപ്പ് ചാമ്പ്യന്മാർക്കിയതും, മോഹൻ ബഗാനെ ഇന്ത്യൻ ഫുട്ബോളിലെ കരുത്തരാക്കിയതും, സാൽഗോക്കർ, ചർച്ചിൽ ബ്രദേഴ്സ്, ഡെംപോ തുടങ്ങിയ ഗോവൻ ക്ലബ്ബുകൾ ഫുട്ബോളിൽ മേൽവിലാസം ഉണ്ടാക്കിയതും ചാത്തുണ്ണിയുടെ പരിശീലന കാലയളവിലാണ്. ഇന്ത്യയിലെ വമ്പൻ ക്ലബുകളുടെ പരിശീലകനായി തിളങ്ങിയ ചാത്തുണ്ണിക്ക് കേരളത്തിലെയും മറ്റും ചെറിയ ക്ലബുകളുടെ പരിശീലകനാവാനും മടിയുണ്ടായില്ല. എഫ്സി കൊച്ചിൻ, വിവാ കേരള ക്ലബ്ബുകളുടെ പരിശീലകന്റെ റോളിലും ചാത്തുണ്ണിയുണ്ടായിരുന്നു. താരങ്ങളുടെ പ്രകടനം എങ്ങനെ പുറത്തെടുക്കാമെന്ന് ചാത്തുണ്ണിക്ക് വ്യക്തമായ ധാരണയുണ്ടായിരുന്നു. താരങ്ങളോട് മികച്ച ബന്ധം സൂക്ഷിക്കുമ്പോൾ തന്നെ പരിശീലനത്തിൽ കർക്കശക്കാരനായിരുന്നു ചാത്തുണ്ണി. കളത്തിനകത്തും പുറത്തും ഫുട്ബോളിനെ സ്വജീവിതത്തോടു ചേർത്തു നിർത്തുകയും ചെയ്തു. തന്റെ ജീവിതം ഫുട്ബോൾ മാത്രമാണെന്ന് ആണെന്ന് അദ്ദേഹം പലതവണ വ്യക്തമാക്കി. അസുഖബാധിതനായി വീട്ടിൽ കഴിയുമ്പോഴും ഫുട്ബാൾ മാത്രമായിരുന്നു ചാത്തുണ്ണിക്ക് സംസാരവിഷയമെന്ന് മുൻ ഇന്ത്യൻ താരം സി.സി ജേക്കബ് ഓർത്തെടുക്കുന്നു. അസുഖബാധിതനാണെന്ന് അറിഞ്ഞ് രണ്ട് മാസം മുമ്പ് സുഹൃത്തുക്കളുമൊത്ത് ചാത്തുണ്ണിയെ കാണാൻ പോയിരുന്നു. ഐ.എസ്.എലിന്റെ വരവോടെ കൂടുതൽ കുട്ടികൾ ഫുട്ബാളിനെ നെഞ്ചേറ്റാൻ തുടങ്ങിയതിൽ ചാത്തുണ്ണിയെ അതീവ സന്തോഷവാനാക്കിയിരുന്നു. പക്ഷേ ഫുട്ബാൾ പോലും കളിക്കാത്ത ആളുകൾ കോച്ചുമാരായി കുട്ടികളെ പരിശീലിപ്പിക്കുന്നതിലെ നീരസം അദ്ദേഹം തുറന്ന് പറഞ്ഞെന്നും സി.സി ജേക്കബ് ഓർക്കുന്നു.

ഐ.എം വിജയൻ, സി.വി. പാപ്പച്ചൻ മുതൽ ചാത്തുണ്ണിയുടെ കീഴിൽ വളർന്ന് ഇന്ത്യൻ ടീമിൽ എത്തിയവർ ഏറെയുണ്ട്. വിക്ടർ മഞ്ഞില ഉൾപ്പെടെയുള്ള താരങ്ങൾക്ക് ചാത്തുണ്ണിക്കൊപ്പം കളിക്കാനും ചാത്തുണ്ണിയുടെ പരിശീലനത്തിനു കീഴിൽ കളിക്കാനും ഭാഗ്യമുണ്ടായി. വാസ്കോ ഗോവ, സർവീസസ്, ഗോവ തുടങ്ങിയ ടീമുകളുടെ പ്രതിരോധ നിരയിലെ വിശ്വസ്ത താരം കൂടിയായിരുന്നു ചാത്തുണ്ണി. ഇന്ത്യക്കു വേണ്ടി നിരവധി മത്സരങ്ങൾ കളിച്ച അദ്ദേഹം ഒരിക്കൽപ്പോലും കേരളത്തിനായോ, കേരള ക്ലബുകൾക്കായോ കളിച്ചിട്ടില്ലെന്നതും ശ്രദ്ധേയമാണ്. സർവീസസ്, ഗോവ, മഹാരാഷ്ട്ര ടീമുകളുടെ സന്തോഷ് ട്രോഫി ടീമുകളിൽ ഭാഗമായി. ക്ലബ് തലത്തിൽ ഇഎംഇ സെക്കന്ദരാബാദ്, വാസ്കോ ഗോവ, ഓർക്കെ മിൽസ് ബോംബേ ടീമുകൾക്കും കളിച്ചു. നാഗ്ജി ഉൾപ്പടെ നൂറോളം കിരീടങ്ങൾ നേടി.

## വാഹ്... സി.ആർ

UEFA EURO2024 GERMANY

**ഇനി 02 നാൾ**



അവിയേറോ (പോർച്ചുഗൽ): സമ്മതിക്കണം ഈ 39-കാരനെ. എന്തൊരു കിടിലൻ ഷോട്ടും ഗോളും. അയർലൻഡ് ഗോൾക്കീപ്പർ മാത്രമല്ല പ്രതിരോധനിരക്കാർ പോലും പന്ത് കണ്ടില്ല. അത്രയും വേഗതയിൽ പന്ത് ഐറിഷ് വലയിൽ കയറിയ അതിമനോഹര കാഴ്ച്ചയോടെ പോർച്ചുഗൽ ജർമനിയിലേക്ക് യൂറോ വിമാനം കയറി. നാളെ ജർമനിയിൽ ആരംഭിക്കുന്ന യൂറോപ്യൻ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന് മുമ്പ് അവസാന സന്നാഹ മൽസരത്തിൽ റൊണാൾഡോ ഡബിൾ ഉൾപ്പെടെ മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് പോർച്ചുഗൾ റിപ്പബ്ലിക് ഓഫ് അയർലൻഡിനെ വീഴ്ത്തി. പതിനെട്ടാം മിനുട്ടിൽ ജാവോ ഫെലിക്സിലൂടെയാണ് പറങ്കികൾ ലീഡ് സ്വന്തമാക്കിയത്. രണ്ടാം പകുതിയിൽ പത്ത് മിനുട്ടിനിടെയായിരുന്നു സി.ആറിന്റെ ഗോളുകൾ. റൂബൻ നെവസ് നൽകിയ പന്തിൽ നിന്നും ബോക്സിന് പുറത്ത് നിന്നും പായിച്ച അതിമനോഹര ഷോട്ടായിരുന്നു ഗ്യാലറി ഏറെ ആസ്വദിച്ചത്. സൗദി പ്രോ ലീഗിൽ അൽ നസറിനായി കളിക്കുന്ന സി.ആർ അവിടെ നിന്നും പോയ വാരത്തിലാണ് ദേശീയ ടീമിനൊപ്പം ചേർന്നത്. മൽസരം ഒരു മണിക്കൂർ പിന്നിട്ടപ്പോൾ സി.ആർ രണ്ടാംഗോളും നേടി.

# വിറച്ച് വിജയിച്ചു

## ഇന്ത്യ സൂപ്പർ എട്ടിൽ



ന്യൂയോർക്ക്: വിറച്ചാണെങ്കിലും തുടർച്ചയായ മൂന്നാം വിജയവുമായി ഇന്ത്യ ടി-20 ലോകപ്പിൽ സൂപ്പർ എട്ട് ഉറപ്പാക്കി. ഏഴ വിക്കറ്റിനായിരുന്നു വിജയം. ജയിക്കാൻ 111 റൺസ് ആവശ്യമായ ഇന്ത്യയെ സൂര്യകുമാർ യാദവ്, ശിവം ദുബേ സഖ്യമാണ് തീരത്ത് എത്തിച്ചത്. 111 റൺസിലെത്താൻ ഇന്ത്യക്ക് 18. 2 ഓവർ വേണ്ടി വന്നു. ആശ്വാസം സുര്യകുമാർ ഫോമിലെത്തിയതാണ്. അദ്ദേഹം പുറത്താവാതെ 50 റൺസ് നേടി. ശിവം ദുബേ പുറത്താവാതെ 31 റൺസിലെത്തി.

ഇന്ത്യയെ വിറപ്പിച്ചു അമേരിക്കൻ ബൗളർമാർ. ആദ്യ പന്തിൽ തന്നെ വിരാത് കോലിക്ക് മടക്കം. ലോകകപ്പിൽ സമ്പൂർണ നിരാശ നൽകുന്ന മുൻ നായകൻ സൗരബ് നേത്രവാൽക്കറുടെ രണ്ടാം പന്തിലായിരുന്നു വിക്കറ്റ് കീപ്പർ ഗൗസിന് പിടി നൽകിയത്. ആദ്യ പന്ത് നേരിട്ട രോഹിത് ശർമ സിംഗിളെടുത്ത് വിരാതിന് സ്ട്രൈക്ക് കൈമാറിയതായിരുന്നു. ഐസൻഹോവർ പാർക്കിലെ ഇന്ത്യൻ കാണികൾ ഞെട്ടിയ നിമിഷം. ഒരു ഇന്ത്യക്കാരൻ സീമർ തന്നെ ഇന്ത്യയുടെ സൂപ്പർ താരത്തെ അതിവേഗം മടക്കുന്നു. തന്റെ രണ്ടാം ഓവറിൽ നേത്രവാൽക്കർ രോഹിത് ശർമക്കും മടക്ക ടിക്കറ്റ് നൽകി. ആറ് പന്തിൽ മൂന്ന് റൺ നേടിയ രോഹിത് ചിപ്പ് ഷോട്ടിനാണ് ശ്രമിച്ചത്. പക്ഷേ ഹർമിത്സിംഗ് പന്ത് ഓടി കൈപ്പിടിയിലാക്കി. ഇന്ത്യയുടെ ഏറ്റവും മികച്ച രണ്ട് പേർ മടങ്ങുമ്പോൾ സ്ക്കോർ ബോർഡിൽ 10 റൺ മാത്രം. റിഷാഭ് പന്ത് നേരിട്ട ആദ്യ പന്തിൽ തന്നെ ഭാഗ്യത്തിനാണ് രക്ഷപ്പെട്ടത്. പക്ഷേ 18 ൽ അദ്ദേഹവും മടങ്ങി. പാക് വംശജനായ അലിഖാന് വിക്കറ്റ്. ശിവം ദുബേയും സുര്യകുമാർ യാദവും ഭാഗ്യത്തിന് പലവട്ടം രക്ഷപ്പെട്ടു. ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്യാൻ നിർബന്ധിതരായ അമേരിക്കക്കാരെ സ്വന്തം പിച്ച് വീണ്ടും ചതിച്ചു. എട്ട് വിക്കറ്റിന് 110 റൺസായിരുന്നു ആതിഥേയരുടെ സമ്പാദ്യം. 27 റൺസ് നേടിയ നിതിഷ് കുമാറും 24 റൺസ് സ്വന്തമാക്കിയ ഓപ്പണർ സ്റ്റീവൻ ടെയ്ലറുമാണ് മെച്ചപ്പെട്ടത്. സൂപ്പർ താരവും നായകനുമായ അരോൺ ജോൺസിനെ (11) ഹാർദിക് പാണ്ഡ്യ വേഗം പുറത്താക്കി. അർഷദിപ് സിംഗ് ഇന്ത്യക്ക് ഗംഭീര തുടക്കമാണ് നൽകിയത്. ആദ്യ പന്തിൽ തന്നെ യു.എസ് ഓപ്പണർ ഷയാൻ ജഹാംഗീർ വിക്കറ്റിന് മുന്നിൽ. ഇതേ ഓവറിലെ അവസാന പന്തിൽ ആൻഡ്രിയാസ് ഗൗസിനെയും പഞ്ചാബുകാരൻ മടക്കി. അർഷദിപ് നാലോവറിൽ 9 റൺസ് മാത്രം നൽകി നാല് വിക്കറ്റുകളാണ് സ്വന്തമാക്കിയത്. പാക്കിസ്താനെ തരിപ്പണമാക്കിയ ജസ്പ്രീത് ബുംറക്ക് നല്ല ദിവസമായിരുന്നില്ല. കോറി ആൻഡേഴ്സണ് മുന്നിൽ സിക്സർ വഴങ്ങിയ ബുംറ 25 റൺസ് വഴങ്ങി. നിതിഷ് കുമാറിനെ പുറത്താക്കാൻ അതിർത്തിയിൽ അതിഗംഭീര ക്യാച്ച് നേടിയ മുഹമ്മദ് സിറാജ് നാലോവറിൽ 25 റൺസ് വഴങ്ങി. 14 റൺസിന് രണ്ട് വിക്കറ്റ് ഹാർദിക് പാണ്ഡ്യ നേടിയപ്പോൾ ഇതാദ്യമായി പന്ത് കിട്ടിയ ശിവം ദുബേ ഓരോവറിൽ 11 റൺസ് വഴങ്ങി. സ്റ്റീവൻ ടെയ്ലറുടെ വിക്കറ്റ് നേടിയ അക്സർ പട്ടേൽ മൂന്നോവറിൽ 25 റൺസ് വഴങ്ങി. ഇന്ത്യ ടീമിൽ മാറ്റം വരുത്താതിനാൽ ഒരിക്കൽ കൂടി സഞ്ജു സാംസൺ കാഴ്ച്ചക്കാരനായി. ഇന്ത്യയുടെ അവസാന മൽസരം 16ന് കാനഡക്കെതിരെയാണ്.



ഒമ്പത് റൺസ് മാത്രം നൽകി അമേരിക്കയുടെ നാല് വിക്കറ്റുകൾ നേടി കളിയിലെ കേമൻപ്പട്ടം സ്വന്തമാക്കിയ ഇന്ത്യൻ സീമർ അർഷദിപ് സിംഗിന്റെ ആഹ്ലാദം



മോദിയുടെ സംസാരം കേട്ടാലറിയാം, വർഷങ്ങളായി മോദിക്ക് വിവേകം കുറഞ്ഞുവരികയാണ്. താൻ ആജീവനാന്ത കാലത്തേക്കുള്ള പ്രധാനമന്ത്രിയാണെന്ന് അദ്ദേഹം കരുതുന്നു. ഈ ലോക്സഭാ തിരഞ്ഞെടുപ്പ് ബി.ജെ.പിയുടെ മോശം സമയം ആയിരുന്നു. 10 വർഷത്തിനിടയിലെ ഏറ്റവും മോശം ലോക്സഭാ ഫലത്തിലേക്ക് ബി.ജെ.പി കൂപ്പുകുത്തിയെന്ന വാർത്ത കേട്ടപ്പോൾ ഞാൻ ശരിക്കും സന്തോഷിച്ചു. ആശ്വാസത്തിന്റെ നെടുവീർപ്പായിരുന്നു എനിക്കപ്പോൾ. പ്രതിപക്ഷ പാർട്ടികൾക്കും ജനങ്ങൾക്കും മോദിയുടെ നയങ്ങൾക്കെതിരെ പ്രതികരിക്കാനുള്ള വലിയ ഒരവസരം കൂടിയാണ് ഇത്.

– നസ്‌റുദ്ദീൻ ഷാ



ലോക്സഭ തിരഞ്ഞെടുപ്പിൽ സി.പി.എം–ബി.ജെ.പി അന്തർധാര സംശയിക്കുന്നു. തിരുവനന്തപുരത്തെയും തൃശൂരിലേയും തിരഞ്ഞെടുപ്പ് ഫലം അത് കാണിക്കുന്നുണ്ട്. സംസ്ഥാനത്ത് ഭരണ വിരുദ്ധ വികാരമുണ്ട്. ജനതാദൾ എസ് കേരളത്തിൽ എൽ.ഡി.എഫിന്റെ ഭാഗമാണ്. അതേസമയം, കേന്ദ്രത്തിൽ ജനതാദൾ എസ് നേതാവ് മോദി മന്ത്രിസഭയിൽ അംഗമാണ്. ഇത് സി.പി.എമ്മിന്റെ മതേതര നിലപാടിനെ ചോദ്യം ചെയ്യുന്നതാണ്. ഈ വിഷയത്തിൽ സി.പി.എം നിലപാട് പറയണം. തിരഞ്ഞെടുപ്പ് ഫലം മോദി സർക്കാരിനുള്ള താക്കീതാണ്.

– എൻ.കെ പ്രേമചന്ദ്രൻ

കേരള വാർത്തകൾ

## വിവാദം അടങ്ങാതെ എൽ.ഡി.എഫ്, വലിഞ്ഞുകയറി വന്നവരല്ലെന്ന് ശ്രേയാംസ്കുമാർ

# വാളെടുത്ത് ആർ.ജെ.ഡി

### കേന്ദ്രഭരണത്തിലുള്ള ജെ.ഡി.എസിന് ഇവിടെ കിട്ടുന്നത് മുന്തിയ പരിഗണന

കോഴിക്കോട്: ലോക്സഭാ തിരഞ്ഞെടുപ്പിലെ കനത്ത പരാജയത്തിനും രാജ്യസഭാ തിരഞ്ഞെടുപ്പിനെ ചൊല്ലിയുള്ള വിവാദങ്ങൾക്കും പിറകെ എൽ.ഡി.എഫിൽ പൊട്ടിത്തെറി. ഇടതുമുന്നണിയിൽ പരിഗണന കിട്ടുന്നില്ലെന്ന് ആർ.ജെ.ഡി നേതാവ് എം.വി ശ്രേയാംസ് കുമാർ വാർത്താസമ്മേളനത്തിൽ തുറന്നടിച്ചു. മുന്നണിയിലെ നാലാമത്തെ കക്ഷിയാണ് ആർ.ജെ.ഡി. രാജ്യസഭാ സീറ്റിന്റെ കാര്യത്തിൽ സി.പി.എം മാന്യത കാട്ടണമായിരുന്നു. രാജ്യസഭാ സീറ്റ് കാര്യത്തിൽ ചർച്ച പോലും ഉണ്ടായില്ല.

രാജ്യസഭാ അംഗത്വവുമായാണ് 2018ൽ ഞങ്ങൾ മുന്നണിയിൽ എത്തിയത്. 2019 ൽ ഞങ്ങളുടെ സീറ്റ് സി.പി.ഐക്ക് നൽകി വിട്ടുവീഴ്ച ചെയ്തു. എന്നാൽ പിന്നീട് യാതൊരു പരിഗണനയും കിട്ടിയില്ല. 2024 ൽ ആ സീറ്റ് തിരികെ നൽകാൻ സി.പി.ഐ തയ്യാറാകണമായിരുന്നു. മുന്നണിയിലേക്ക് വലിഞ്ഞുകയറി വന്നവരല്ല തങ്ങൾ; ക്ഷണിച്ചിട്ട് വന്നതാണ്. കേരളത്തിൽ എൽ.ഡി.എഫിനൊപ്പവും കേന്ദ്രത്തിൽ എൻ.ഡി.എ മന്ത്രിസഭയിലുമുള്ള ഒരു പാർട്ടിയുണ്ട്. ജെ. ഡി.എസ് സാങ്കേതികമായി ദേശീയ തലത്തിൽ ബി.ജെ.പിക്കൊപ്പമാണ്. കേരളത്തിലെ ഘടകം ബി.ജെ.പിക്കൊപ്പമല്ലെങ്കിലും അവരുടെ നേതാവ് കേന്ദ്ര സർക്കാരിൽ മന്ത്രിയാണ്. അതിലാർക്കും ഒരു പ്രശ്നവുമില്ല. കേന്ദ്രമന്ത്രിയായി കുമാരസ്വാമി സത്യപ്രതിജ്ഞ ചെയ്തു. ഇവിടെ അതേ കൊടിയും ചിഹ്നവും പേരും ഉപയോഗിക്കുന്ന ജെ.ഡി.എസ് ഇടതു മുന്നണി മന്ത്രിസഭയിലുണ്ട്. ഇതേ ജെ.ഡി.എസിന് എഴുപതോളം സ്ഥാനങ്ങൾ നൽകിയപ്പോൾ ഞങ്ങൾക്ക് അർഹമായതു പോലും കിട്ടുന്നില്ല. സംസ്ഥാനത്ത് ആർ.ജെ.ഡിക്ക് മന്ത്രിപദവി വേണമെന്നും ശ്രേയാംസ് കുമാർ ആവശ്യപ്പെട്ടു. തങ്ങളുടെ ആവശ്യം ന്യായമാണ് പരിഗണിക്കണം.

എൽ.ഡി.എഫ് യോഗത്തിൽ നിന്ന് വിട്ടുനിന്നതല്ല. മറ്റ് പരിപാടികൾ നേരത്തെ നിശ്ചയിച്ചതുകൊണ്ട് പോകാൻ കഴിയാതിരുന്നതാണ്. ജെ.ഡി.എസിന് നൽകുന്ന പരിഗണന പോലും മുന്നണിയിൽ തങ്ങൾക്ക് നൽകുന്നില്ല. ഒരു തരത്തിലും ബി.ജെ.പിയുമായി വിട്ടുവീഴ്ച ചെയ്യാത്ത പാർട്ടിയാണ് ആർ.ജെ.ഡി. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജെ.ഡി.എസ് ഒരേ കൊടിയാണ് രാജ്യത്തെമ്പാടും ഉപയോഗിച്ചത്. പ്രവർത്തകർ നിരാശരാണ്. അതേസമയം മുന്നണി മാറ്റം നിലവിൽ അജണ്ടയിലില്ല. ഇനിയങ്ങോട്ട് ഞങ്ങളുടെ ആവശ്യം പരിഗണിക്കണം. എൽ.ഡി.എഫിൽ പരിഗണന ലഭിക്കുന്നില്ലെന്നാണ് പറഞ്ഞത്. ഒറ്റയ്ക്ക് നിന്നാൽ പോരേയെന്ന് പ്രവർത്തകർ ചോദിക്കുന്നുണ്ട്. യു.ഡി.എഫിലേക്ക് പോകാനുള്ള രാഷ്ട്രീയ മാറ്റമൊന്നും ആഗ്രഹിക്കുന്നില്ലെന്നും അദ്ദേഹം മറുപടി നൽകി.

## ജോസ് കെ മാണിക്കെതിരെ പാലായിൽ ഫ്ലക്സ് ബോർഡുകൾ

### ബിനു പുളിക്കകണ്ടത്തിനെതിരായ നടപടിക്കെതിരെ സിപിഎമ്മിൽ അമർഷം പുകയുന്നു




*പാലാ നഗരത്തിൽ പ്രത്യക്ഷപ്പെട്ട ബോർഡുകളിലൊന്ന്*

കോട്ടയം: പാലാ നഗരസഭ പാർലമെന്ററി പാർട്ടി നേതാവ് ബിനു പുളിക്കകണ്ടത്തിനെ പാർട്ടിയുടെ പ്രാഥമിക അംഗത്വത്തിൽ നിന്നും സി.പി.എം പുറത്താക്കിയതിൽ അമർഷം പുകയുന്നു. വിശദീകരണം പോലും ചോദിക്കാതെ തിടുക്കപ്പെട്ടാണ് ബിനുവിനെ പാർട്ടിയിൽനിന്ന് പുറത്താക്കിത്. ഇതിൽ പാലായിലെ സി.പി.എം പ്രവർത്തകർ കടുത്ത അമർഷത്തിലാണ്. ഇതിനിടെ രാജ്യസഭാ അംഗമായി മത്സരിക്കാൻ നാമനിർദ്ദേശ പത്രിക നൽകിയ ജോസ് കെ മാണിക്കെതിരെ ഇന്നലെ ഫ്ലക്സ് ബോർഡും ഉയർന്നു. പാലാ നഗരത്തിന്റെ പലയിടത്തും ഫ്ലക്സ് ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തെ ഭയക്കുന്ന ജോസ് കെ മാണി നാടിന് അപമാനമെന്നാണ് ബോർഡ്. പാലാ പൗരാവലിയുടെ പേരിലുള്ള ബോർഡിൽ ബിനു പുളിക്കാക്കണ്ടത്തിന് അഭിവാദ്യങ്ങളെന്നും എഴുതിയിട്ടുണ്ട്. ഫ്ലക്സുകൾക്ക്പിന്നിൽ ബിനുവാണെന്ന് ആരോപിച്ച് കേരള കോൺഗ്രസ് എം പ്രവർത്തകരും രംഗത്ത് എത്തി ബോർഡുകൾ നീക്കം ചെയ്തു.

സി.പി.എമ്മിൽനിന്ന് പുറത്താക്കിയത് പാർട്ടിയെ വിമർശിച്ചതിനല്ലെന്ന് ബിനു പുളിക്കക്കണ്ടം പറയുന്നു. മുന്നണി നിലനിൽപിനായി ജോസ് കെ. മാണിക്കു വേണ്ടി പാർട്ടിയെടുത്ത നടപടിയാണ്. ചില ആളുകളുടെ താൽപര്യങ്ങൾ കണക്കിലെടുത്താണ് പാർട്ടിയിൽനിന്ന് പുറത്താക്കിയ നടപടി. രാജ്യസഭ സീറ്റ് നൽകി സംരക്ഷിച്ചില്ലായിരുന്നെങ്കിൽ കേരള രാഷ്ട്രീയത്തിൽനിന്ന് അപ്രസക്തമാകുമായിരുന്ന ജോസ് കെ മാണിക്കും കേരള കോൺഗ്രസിനും വേണ്ടി തന്നെ പാർട്ടിയിൽനിന്ന് പുറത്താക്കിയതിൽ അത്ഭുതമില്ലെന്നും ബിനു പറഞ്ഞു. രാഷ്ട്രീയ അഭയംതേടി വന്ന ജോസ് കെ മാണിയെ സംരക്ഷിക്കേണ്ട ബാധ്യത സി.പി.എമ്മിനുണ്ട്. പാർട്ടിയുടെ വെറും ബ്രാഞ്ച് അംഗത്തെ വേണോ, ഒരു രാഷ്ട്രീയ പാർട്ടിയുള്ള ജോസ് കെ മാണിയെ വേണോ എന്ന് പാർട്ടിക്ക് തോന്നിയിട്ടുണ്ടാകും. എന്നാൽ പ്രദേശിക സി.പി.എം പ്രവർത്തകർക്ക് തന്നെ പുറത്താക്കിയ തീരുമാനത്തിൽ അതൃപ്തിയുണ്ട്. വിവിധ രാഷ്ട്രീയ പാർട്ടി നേതാക്കൾ വിളിച്ച് സംസാരിച്ചതായും രാഷ്ട്രീയ തീരുമാനം ഉടനില്ലെന്നും ബിനു പുളിക്കക്കണ്ടം പറഞ്ഞു.

ജോസ് കെ മാണിയുമായി നിരന്തരം സംഘർഷത്തിൽ ഏർപ്പെട്ടു കൊണ്ടിരുന്ന ബിനു കേരള കോൺഗ്രസ് (എം) ന് തലവേദന സൃഷ്ടിച്ചിരുന്നു. 2019ലെ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് ബി.ജെ.പി വിട്ട് സി.പി.എമ്മിൽ എത്തിയ ബിനു ഈ കൗൺസിലിൽ പാർട്ടി ചിഹ്നത്തിൽ പാലാ നഗരസഭയിലേക്കു വിജയിച്ച ഏക സി.പി.എം അംഗം കൂടിയാണ്. മുന്നണി ധാരണ പ്രകാരം സി.പി.എമ്മിനു ലഭിക്കേണ്ട നഗരസഭ അധ്യക്ഷ സ്ഥാനത്തേക്ക് ബിനുവിനെ പരിഗണിക്കാതിരിക്കാൻ കേരള കോൺഗ്രസ് (എം) സി.പി.എം സംസ്ഥാന നേതൃത്വത്തിൽ വരെ സമ്മർദം ചെലുത്തിയിരുന്നു.

## തിരഞ്ഞെടുപ്പ് തോൽവി പരാമർശം തിരിച്ചടിയായി: എം.വി ജയരാജനെതിരെ സി.പി.എം സൈബർ കൂട്ടം

ഫൈസൽ മാടായി
കണ്ണൂർ

തിരഞ്ഞെടുപ്പിലെ തോൽവിയുമായി ബന്ധപ്പെട്ട് എം.വി ജയരാജൻ നടത്തിയ പരാമർശത്തിനെതിരെ പാർട്ടി അണികളിൽനിന്ന് തന്നെ മുറുമുറുപ്പ് ശക്തം. വെല്ലുവിളിയുയർത്തി പോരാളി ഷാജിയും കൂട്ടവും. കണ്ണൂരിൽ സി.പി.എം നേതൃത്വത്തിനെതിരെ സൈബർ പോര് കനക്കുന്നു. വോട്ട് ചോർച്ചയുൾപ്പെടെ സി.പി.എമ്മിന് കനത്ത തോൽവി നേരിട്ട തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇടത് അനുകൂല സമൂഹമാധ്യമ ഗ്രൂപ്പുകളെ പ്രതിക്കൂട്ടിലാക്കിയ എം.വി ജയരാജന്റെ പരാമർശമാണ് പാർട്ടിക്കുള്ളിലെ സൈബർ കൂട്ടത്തെ പിണക്കിയത്. നിലവിൽ കണ്ണൂരിൽ പി ജയരാജ അനുകൂല സംഘം ഉൾപ്പെടുന്നതാണ് എം.വി ജയരാജനെതിരെ പോർവിളിയുമായെത്തിയ സൈബർ സംഘങ്ങൾ. എം.വി ജയരാജനെ ലക്ഷ്യംവെച്ചുള്ള സൈബർ ആക്രമണത്തോടെ പുറത്തുവരുന്നത് കണ്ണൂർ ലോബിക്കുള്ളിൽ നിലനിൽക്കുന്ന പി.ജെ പക്ഷ വിഭാഗീയതയാണ്. വോട്ട് ചോർച്ച ഔദ്യോഗിക പക്ഷത്തിനെതിരെ ആയുധമാക്കിയാണ് സമൂഹമാധ്യമങ്ങളിൽ പാർട്ടി സൈബർ കൂട്ടങ്ങളുടെ ആക്രമണം. പാർലമെന്റ് തിരഞ്ഞെടുപ്പ് തോൽവിക്ക് കാരണം സൈബർ സഖാക്കളെന്ന എം.വി ജയരാജന്റെ ആരോപണങ്ങൾക്ക് 'അങ്ങാടിയിൽ തോറ്റതിന് വീട്ടുകാരുടെ നെഞ്ചത്ത്' എന്ന മറുപടിയാണ് ഫെയ്സ്ബുക്ക് പേജിലൂടെ പോരാളി ഷാജിയിൽ നിന്നുണ്ടായത്. എപ്പോഴെങ്കിലും സമൂഹമാധ്യമ ഇടങ്ങളുടെ പ്രസക്തി എത്രമാത്രമുണ്ടെന്ന് ഇടത് നേതാക്കൾക്ക് ബോധ്യപ്പെട്ടിട്ടുണ്ടോയെന്നും എം. വി ജയരാജൻ പരാമർശിച്ച പോരാളി ഷാജി മുതൽ ചെങ്കോട്ട വരെ പ്രൊഫൈലുകളിൽ എവിടെയാണ് ഇടത് വിരുദ്ധതയെന്നുമാണ് ചോദ്യം.

പോരാളി ഷാജി പോലെ നിരവധി വ്യാജ പേജുകളും പ്രവർത്തിക്കുന്നുണ്ട്. അതിലൊക്കെ വരുന്ന എല്ലാ പോസ്റ്റുകളുടെയും പിതൃത്വം മെയിൻ പേജുകൾക്കോ ഗ്രൂപ്പുകൾക്കോ ഏറ്റെടുക്കാൻ കഴിയില്ലെന്നും ഓർമിപ്പിക്കുന്നുണ്ട് കുറിപ്പിലൂടെ. തിരഞ്ഞെടുപ്പ് ദിവസം രാവിലെ വന്ന് ബി.ജെ.പി നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയ നേതാവിന്റെ കുറ്റസമ്മതം ഈ തിരഞ്ഞെടുപ്പിൽ എവിടെയെങ്കിലും ബാധിച്ചിട്ടുണ്ടോയെന്ന് സ്വയം വിമർശനം നടത്തുന്നത് നന്നായിരിക്കുമെന്ന ആക്ഷേപത്തിൽ പാർട്ടി നിലപാട് തന്നെ ചോദ്യം ചെയ്യുന്നതാണ് ഫെയ്സ്ബുക്ക് പോസ്റ്റ്. എം.വി ജയരാജൻ ശരിയെന്ന് വിചാരിക്കുന്നതിനെ ചോദ്യം ചെയ്തും ആരോപണങ്ങൾ വരുമ്പോഴും വിവാദങ്ങളിൽ നിറയുമ്പോഴും ചാനൽ ചർച്ചകളിൽ ചോദ്യങ്ങളിൽ ഉരുണ്ട് കളിച്ച് എല്ലാം ജനം തിരിച്ചറിയും എന്ന പതിവ് ശൈലിയെ പരിഹസിക്കയാണ് സമൂഹ മാധ്യമ പേജിലൂടെ പോരാളി ഷാജി. പാർട്ടിയെ ഇത്രയ്ക്ക് പ്രതിരോധത്തിലാക്കാനായെങ്കിൽ കീറിമുറിച്ച് പരിശോധിക്കണമെന്നും എവിടെ നിന്ന് തിരുത്തി തുടങ്ങണം ആരെയൊക്കെ തള്ളിപ്പറയണമെന്നും തുടങ്ങി ജയരാജനുൾപ്പെടെ സി.പി.എം നേതൃത്വത്തെ തന്നെ പ്രതിക്കൂട്ടിൽ നിർത്തുന്നതാണ് കുറിപ്പ്. ഇടത് പക്ഷം പാർട്ടി ഒഫീഷ്യൽ പേജുകൾ എങ്ങനെ കൈകാര്യം ചെയ്യേണ്ടതിനെ കുറിച്ച് പഠിക്കണമെന്നും അതിന് ശ്രമിക്കാതെ സ്ഥിരം സൈബർ സഖാക്കളുടെ മണ്ടയ്ക്ക് കൊണ്ട് വെക്കുന്ന ഈ പരാജയത്തിന്റെ വിഴിപ്പ് ഇനിയെങ്കിലും അവസാനിപ്പിച്ചുകൂടെയെന്നാണ് 'റെഡ് കമാൻഡോ' എന്ന പേജിലെ ചോദ്യം. സമൂഹമാധ്യമങ്ങളിൽ ഇടത് പക്ഷമെന്ന് തോന്നുന്ന പല ഗ്രൂപ്പുകളും വിലക്ക് വാങ്ങപ്പെട്ടെന്നും തിരഞ്ഞെടുപ്പ് തോൽവിക്ക് സൈബർ സഖാക്കൾ കാരണമായെന്നുമാണ് സി.പി.എം കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി ജയരാജന്റെ പരാമർശം.

### പന്തീരാങ്കാവ് കേസ്: ആരോപണങ്ങൾ നിഷേധിച്ച് യുവതി വീണ്ടും രംഗത്ത്

കൊച്ചി: പന്തീരാങ്കാവ് ഗാർഹിക പീഡന കേസിൽ വീണ്ടും ആരോപണങ്ങൾ നിഷേധിച്ച് പരാതിക്കാരിയായ യുവതി രംഗത്ത്. തന്നെ ആരും ഭീഷണിപ്പെടുത്തുന്നില്ലെന്നും താൻ സുരക്ഷിതയാണെന്നും യൂട്യൂബിലൂടെ പുറത്ത്‌വിട്ട പുതിയ വീഡിയോയിൽ യുവതി വെളിപ്പെടുത്തി. സമ്മർദം കൊണ്ടാണ് മാറി നിൽക്കുന്നത്. അമ്മയെ അറിയിച്ചിട്ടാണ് വീട്ടിൽ നിന്നും മാറി നിൽക്കുന്നത്. താൻ പരാതി പറയാത്തതിനാലാണ് പന്തീരാങ്കാവ് പൊലീസ് ആദ്യം കേസെടുക്കാതിരുന്നത്. തന്റെ ബന്ധുക്കൾ പലഘട്ടത്തിലും ആശയക്കുഴപ്പമുണ്ടാക്കി. മാധ്യമങ്ങൾക്ക് മുന്നിൽ കരഞ്ഞ് അഭിനയിക്കാൻ വീട്ടുകാർ നിർബന്ധിച്ചു. ചാർജർ കേബിൾ വച്ച് കഴുത്ത് ഞെരിച്ചുവെന്ന് പറഞ്ഞത് പച്ചക്കള്ളമാണ്. കഴുത്തിലുള്ളത് ജന്മനാ ഉള്ള പാടാണ്. കയ്യിൽ ഉണ്ടായിരുന്ന പരിക്കും റിസപ്ഷൻ പാർട്ടിക്ക് ഡാൻസ് കളിച്ചപ്പോൾ ഉണ്ടായതാണ്. അന്ന് തനിക്ക് പക്വമായ നിലപാട് എടുക്കാൻ കഴിഞ്ഞില്ല. അതിൽ കുറ്റബോധമുണ്ടെന്നും അന്ന് രഹസ്യമൊഴി നൽകിയപ്പോൾ അച്ഛന്റെ സമ്മർദ്ദം കാരണമാണ് കോടതിയോട് കള്ളം പറയേണ്ടി വന്നതെന്നും പുതിയ വീഡിയോയിൽ യുവതി പറഞ്ഞു. തനിക്ക് പരാതിയുണ്ടായിരുന്നില്ലെന്നും രാഹുലേട്ടന്റെ കൂടെ പോകാനാണ് ആഗ്രഹിച്ചിരുന്നതെന്നും വീട്ടുകാർ ഇടപെട്ട് കാര്യങ്ങൾ വഷളാക്കുകയായിരുന്നുവെന്നും യുവതി പറഞ്ഞു.

### മൊഴിമാറ്റം വിശദമായി അന്വേഷിക്കണം വനിതാ കമ്മീഷൻ

കൊച്ചി: പന്തീരങ്കാവ് പൊലീസ് സ്റ്റേഷൻ പരിധിയിലെ ഭർത്തൃഗൃഹത്തിലുണ്ടായ പീഡനത്തെ തുടർന്ന് പരാതിക്കാരിയായ പെൺകുട്ടി മൊഴി മാറ്റിയ സംഭവം ഗൗരവമായാണ് കാണുന്നതെന്ന് വനിതാ കമ്മിഷൻ അധ്യക്ഷ പി. സതീദേവി. മൊഴി മാറ്റിയ സാഹചര്യം കൃത്യമായി പരിശോധിക്കുകയും വിശദമായി അന്വേഷിക്കുകയും വേണം. പറവൂരിലെ വീട്ടിലെത്തി നേരിട്ട് സംസാരിച്ചപ്പോഴും യാതൊരു സമ്മർദവുമില്ലാതെ പെൺകുട്ടി കാര്യങ്ങൾ തുറന്നു സംസാരിച്ചിരുന്നു. വനിതാകമ്മിഷന്റെ കൗൺസിലറോടും കാര്യങ്ങൾ സംസാരിച്ചു. മൊഴി മാറ്റുന്നതിന് മറ്റു സമ്മർദങ്ങളുണ്ടായിട്ടുണ്ടോ എന്നു പരിശോധിക്കണം. സംഭവത്തിൽ വനിതാ കമ്മിഷനു മുന്നിലെത്തിയ പരാതിയെ തുടർന്ന് കോഴിക്കോട് ജില്ലാ പൊലീസ് മേധാവിയിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. പെൺകുട്ടിയെ കാണാനില്ലെന്ന് കാണിച്ച് പെൺകുട്ടിയുടെ അച്ഛൻ പരാതി നൽകിയിട്ടുണ്ട്.

## സി.പി.എമ്മിന്റെയും ബി.ജെ.പിയുടെയും വർഗീയ അജണ്ടക്കെതിരെയുള്ള ജനവിധി: പി. ഉബൈദുള്ള

തിരുവനന്തപുരം: ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുകയെന്ന ഭരണകൂടത്തിന്റെ പ്രഥമവും പ്രധാനവുമായ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ സമ്പൂർണമായും പരാജയപ്പെട്ട പിണറായി സർക്കാരിനുള്ള ശക്തമായ തിരിച്ചടിയാണ് തിരഞ്ഞെടുപ്പിലുണ്ടായതെന്ന് പി.ഉബൈദുള്ള. സി.പി. എം ഇപ്പോൾ സ്വീകരിക്കുന്ന രാഷ്ട്രീയ നിലപാടുമായി മുന്നോട്ട് പോയാൽ ബംഗാളിലെപ്പോലെ കേരളത്തിലും പാർട്ടി നാമാവശേഷമാകുമെന്നും അദ്ദേഹം പറഞ്ഞു.

നിയമസഭയിൽ ആഭ്യന്തര വകുപ്പിന്റെ ധനാഭ്യാർത്ഥനയെ എതിർത്ത് സംസാരിക്കുകയായിരുന്നു പി.ഉബൈദുള്ള. കേരളത്തിൽ സി.പി.എമ്മിന്റെ വർഗീയ ധ്രുവീകരണ ശ്രമങ്ങൾക്കേറ്റ കനത്ത പ്രഹരമാണ് വടകരയിൽ കണ്ടത്. വ്യാജ വീഡിയോയും കാഫിർ പ്രയോഗ വാട്സ്ആപ്പ് മെസേജും നിർമ്മിച്ച് ജനങ്ങൾക്കിടയിൽ വർഗീയ ചേരിതിരിവുണ്ടാക്കാൻ സി.പി. എം ശ്രമിച്ചു. ടി.പി ചന്ദ്രശേഖരനെ കൊലപ്പെടുത്താൻ ക്വട്ടേഷൻ സംഘത്തെ അയച്ചപ്പോൾ വാഹനത്തിൽ 'മാശാ അല്ലാഹ്' സ്റ്റിക്കർ ഒട്ടിച്ചവർ, നാല് വോട്ടിന് വേണ്ടി വീണ്ടും വർഗീയ ചേരിതിരിവുണ്ടാക്കാൻ ശ്രമിച്ചു. എന്നാൽ വടകരയിലെ ജനങ്ങൾ ഒരു ലക്ഷത്തിലധികം വോട്ടിന്റെ ഭൂരിപക്ഷത്തിനാണ് ഷാഫിയെ ജയിപ്പിച്ചത്. തിരഞ്ഞെടുപ്പിലെ താൽക്കാലിക നേട്ടത്തിനുവേണ്ടി സി.പി.എം നടത്തുന്ന വർഗീയ പ്രചരണങ്ങളുടെ ഗുണഫലം അനുഭവിക്കുന്നത് ബി.ജെ.പിയാണ്. ബി.ജെ.പി സ്ഥാനാർഥികൾ മുന്നിലെത്തിയ 11 നിയമസഭാ മണ്ഡലങ്ങളും ഇടത് എം.എൽ.എമാരുടെ മണ്ഡലങ്ങളാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ലോക്സഭയിൽ പ്രതിപക്ഷ നേതാവിന്റെ കസേരയിൽ ഇരുന്ന ഏ.കെ.ജിയുടെ പാർട്ടിക്ക്, 543 പാർലമെന്റ് അംഗങ്ങളിൽ നാല് അംഗങ്ങൾ മാത്രമാണുള്ളത്. ഇതിൽ തന്നെ യഥാർത്ഥ ഇടത് ഒന്ന് മാത്രം. തമിഴ്നാട്ടിൽ നിന്ന് ലഭിച്ച രണ്ട് സീറ്റും രാജസ്ഥാനിലെ ഒരു സീറ്റും ഇന്ത്യാ മുന്നണിയുടെ ഭാഗമായി ലഭിച്ചതാണ്. തമിഴ്നാട്ടിൽ സി.പി.എം സ്ഥാനാർഥിയുടെ പോസ്റ്ററിന് മുകളിലെ ഫോട്ടോകൾ മുഖ്യമന്ത്രി സ്റ്റാലിൻ, രാഹുൽ ഗാന്ധി, മുസ്‌ലിംലീഗ് അഖിലേന്ത്യാ പ്രസിഡന്റ് പ്രൊഫ.ഖാദർ മൊയ്തീൻ എന്നിവരുടേതായിരുന്നു.

സ്വതന്ത്രമായും നിഷ്പക്ഷമായും പ്രവർത്തിക്കാൻ പൊലീസ് സേനയെ സംസ്ഥാന സർക്കാർ അനുവദിക്കുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി. പൊലീസ് ഉദ്യോഗസ്ഥരിൽ ആത്മഹത്യ വർധിക്കുന്നു. ആത്മഹത്യയുടെ കാരണം അന്വേഷിച്ചാൽ മേലുദ്യോഗസ്ഥരുടെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും കടുത്ത സമ്മർദ്ദമാണെന്ന് വ്യക്തമാണ്.

### കെ.പി.എ മജീദിന്റെ സബ്മിഷൻ

## പ്ലസ് വൺ പ്രവേശനം: വിദ്യാർഥിനിയുടെ ആത്മഹത്യ സഭയിൽ ഉന്നയിച്ച് പ്രതിപക്ഷം

തിരുവനന്തപുരം: പ്ലസ് വൺ അഡ്മിഷൻ ലഭിക്കാത്തതിന്റെ മനോവിഷമത്തിൽ മലപ്പുറം പരപ്പനങ്ങാടിയിൽ വിദ്യാർഥിനി ആത്മഹത്യ ചെയ്ത സംഭവം നിയമസഭയിലുന്നയിച്ച് പ്രതിപക്ഷം. കെ.പി.എ. മജീദാണ് സബ്മിഷനിലൂടെ വിഷയം സഭയിൽ ഉന്നയിച്ചത്. കഴിഞ്ഞ ദിവസം പ്ലസ് വൺ പ്രവേശനത്തിൽ മലബാർ മേഖലയോട് സർക്കാർ കാട്ടുന്ന അവഗണനയ്ക്കെതിരെ പ്രതിപക്ഷം ചൊവ്വാഴ്ച അടിയന്തര പ്രമേയം കൊണ്ടുവന്നിരുന്നു. മലബാർ മേഖലയിൽ അരലക്ഷത്തോളം വിദ്യാർത്ഥികളാണ് പ്ലസ് വൺ പ്രവേശനവുമായി ബന്ധപ്പെട്ട് പ്രതിസന്ധി നേരിടുന്നത്. ഇതിനിടയിലാണ് കുട്ടിയുടെ ദാരുണ മരണം ഉണ്ടായത്.

വിദ്യാർഥിനിയുടെ ആത്മഹത്യ ദൗർഭാഗ്യകരമാണെന്നും പ്ലസ് വണിൽ സീറ്റ് ലഭിക്കാത്ത പ്രശ്നമല്ല ആത്മഹത്യക്ക് കാരണമെന്നാണ് പ്രാഥമിക നിഗമനമെന്നും വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി സഭയിൽ മറുപടി നൽകി. ഒന്നാം ഘട്ട അലോട്ട്മെന്റ് മാത്രമാണു പൂർത്തിയായിട്ടുള്ളത്. മിക്കവാറും എല്ലാവർക്കും രണ്ടാമത്തെയും മൂന്നാമത്തെയും അലോട്ട്മെന്റോടെ സീറ്റുകൾ ലഭിക്കും. ഇതിനു ശേഷം സപ്ലിമെന്ററി അലോട്ട്മെന്റുകളും ഉണ്ടാകും. ജൂൺ 24ന് മാത്രമാണ് ക്ലാസുകൾ ആരംഭിക്കുക. അതിനു മുന്നോടിയായി തന്നെ എല്ലാ കുട്ടികൾക്കും വിവിധ കോഴ്സുകളിൽ പ്രവേശനം ഉറപ്പാക്കും. ഇതൊന്നും കാത്തുനിൽക്കാതെ കുട്ടി വിട പറഞ്ഞത് ഏറെ വേദനാജനകമാണെന്നും മന്ത്രി പറഞ്ഞു. വിദ്യാർഥിനി ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം വേണമെന്ന് കെ.പി.എം മജീദ് ആവശ്യപ്പെട്ടു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

## കേരളത്തിൽ ബംഗാളും ത്രിപുരയും മണക്കുന്നുവെന്ന് എൻ.ഷംസുദ്ദീൻ

തിരുവനന്തപുരം: ചരിത്രത്തിലെ ഏറ്റവും വലിയ തോൽവിയാണ് കേരളത്തിൽ സി.പി.എമ്മിനുണ്ടായതെന്ന് എൻ.ഷംസുദ്ദീൻ. ഇത്തരത്തിലാണ് മുന്നോട്ട് പോകുന്നതെങ്കിൽ ബംഗാളിനും ത്രിപുരക്കും സമാനമായി കേരളത്തിലും സി.പി. എം തകർന്നടിയുമെന്ന് അദ്ദേഹം പറഞ്ഞു. നിയമസഭയിൽ ആഭ്യന്തര വകുപ്പിന്റെ ധനാഭ്യാർത്ഥനയെ എതിർത്ത് സംസാരിക്കുകയായിരുന്നു എൻ. ഷംസുദ്ദീൻ. കേരളത്തിൽ യു.ഡി.എഫ് ഒന്നാമതും ബി.ജെ.പിയും സി.പി.എമ്മും രണ്ടാം സ്ഥാനത്തിനു വേണ്ടി മത്സരിക്കുന്ന കാഴ്ചയാണ് തിരഞ്ഞെടുപ്പ് ഫലത്തിൽ കണ്ടത്. സി.പി.എമ്മിന്റെ ഇടങ്ങളിലേക്ക് ബി.ജെ.പി കയറിവരികയാണ്. കാസർകോട്, പാലക്കാട്, ആറ്റിങ്ങൽ, ആലപ്പുഴ എന്നിവിടങ്ങളിൽ ആശങ്ക ജനിപ്പിക്കുംവിധം വോട്ട് മറിഞ്ഞു എന്ന് സി.പി.എം തന്നെ വിലയിരുത്തിയിട്ടുണ്ട്. ഇവിടങ്ങളിൽ സി.പി.എം തളരുകയും ബി.ജെ.പിയുടെ വോട്ട് വിഹിതം വർധിപ്പിക്കുകയും ചെയ്തു.

ലോക്സഭാ തിരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധിയെയും കോൺഗ്രസിനെയും മാത്രം വിമർശിച്ച സി.പി.എം, ബി.ജെ.പിയോട് ഉദാര സമീപനം സ്വീകരിച്ചു. കോൺഗ്രസ് മുക്ത കേരളം ഉണ്ടാക്കി യു.ഡി.എഫിനെ നിഷ്പ്രഭമാക്കി ബി.ജെ.പിയെ മുഖ്യ പ്രതിപക്ഷ സ്ഥാനത്ത് കൊണ്ടുവരാനാണ് ഇടതു പക്ഷം ശ്രമിച്ചത്. ഇതിനായി പല ഒത്തുകളികളും ഇരുകൂട്ടരും നടത്തി.

ഇതിന്റെ ഭാഗമായാണ് ഇടത് മുന്നണി കൺവീനർ ഇ.പി ജയരാജനും പ്രകാശ് ജാവദേക്കറും കൂടിക്കാഴ്ച നടത്തിയത്. ബി.ജെ.പി സ്ഥാനാർഥികൾ കേമന്മാരാണെന്ന് ജയരാജൻ പറഞ്ഞതും ഇതിന്റെ തുടർച്ചയാണ്. തിരഞ്ഞെടുപ്പ് അടുത്തതോടെ ഇരുകൂട്ടരും തമ്മിലുള്ള അന്തർധാരയുടെ ചിത്രങ്ങൾ കൂടുതൽ പുറത്ത് വന്നു. ഇതോടുകൂടി ന്യൂനപക്ഷമതേതര വോട്ടുകൾ ഇടതുപക്ഷത്തിനെതിരെ അതിശക്തമായി നിന്നു. ഇതിന്റെ കൂടെ ഭരണവിരുദ്ധ വികാരം കൂടിയായപ്പോൾ അതൊരു ജനകീയ കൊടുങ്കാറ്റായി മാറി. ആ കൊടുങ്കാറ്റിലാണ് ഇടത് കോട്ടകൾ തകർന്ന് തരിപ്പണമായത്. ജനങ്ങൾ നൽകിയ പിന്തുണയിൽ മത്ത് പിടിച്ച് നടക്കുന്നവരല്ല മുസ്‌ലിംലീഗ് എന്നും മുഖ്യമന്ത്രിയുടെ വിമർശനത്തിന് മറുപടിയായി അദ്ദേഹം പറഞ്ഞു.

പിണറായി വിജയന്റെ പൊലീസ് കേരളത്തെ നാണം കെടുത്തുകയാണെന്നും അദ്ദേഹം പറഞ്ഞു. മാഫിയകളും ക്രിമിനലുകളുമായി അവിശുദ്ധ ബന്ധം പുലർത്തുന്ന പൊലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർധിച്ചു വരികയാണ്. പൊലീസ് ഗുണ്ടാ സൗഹൃദം കേരളത്തിൽ ഉടനീളം ശക്തമാണ്. അതുകൊണ്ടാണ് 2016 മുതൽ 2022 വരെയുള്ള 6 വർഷത്തിനിടെ സംസ്ഥാനത്ത് നടന്ന 431 ബോംബ് കേസിൽ ഇതുവരെ ഒരാൾ പോലും ശിക്ഷിക്കപ്പെടാത്തതെന്ന് എൻ ഷംസുദ്ദീൻ ചൂണ്ടിക്കാട്ടി.

### നജീബ് കാന്തപുരത്തിന്റെ ശ്രദ്ധക്ഷണിക്കൽ

## ആരോഗ്യ സേവന രംഗത്ത് മലപ്പുറം നേരിടുന്നത് ഭയാനകമായ വിവേചനം

തിരുവനന്തപുരം: മലപ്പുറം ജില്ല ആരോഗ്യ സേവന രംഗത്ത് ഭയാനകമായ വിവേചനവും അവഗണനയും നേരിടുന്നുവെന്ന് നജീബ് കാന്തപുരം. സർക്കാർ ആശുപത്രികളിൽ കിടത്തി ചികിത്സയ്ക്കുള്ള കിടക്കകൾ വർധിപ്പിക്കണമെന്നും അദ്ദേഹം നിയമസഭയിൽ ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിലൂടെ ആവശ്യപ്പെട്ടു.

കിടത്തി ചികിത്സയ്ക്കുള്ള കിടക്കകൾ അനുവദിക്കുന്ന കാര്യത്തിൽ ഭീകരമായ വിവേചനമാണ് നിലവിലുള്ളത്. സർക്കാർ ആശുപത്രികളിലെ കിടക്കകളുടെ തോത് അനുസരിച്ചാണ് ഡോക്ടർമാർ ഉൾപ്പെടെയുള്ള അനുബന്ധ ജീവനക്കാരുടെ നിയമനം നടക്കുന്നത്. ജീവനക്കാരുടെ നിയമനം നടത്താതിരിക്കുന്നതിന് വേണ്ടിയാണ് സർക്കാർ മലപ്പുറം ജില്ലയിലെ ആശുപത്രികളിൽ മതിയായ കിടക്കകൾ അനുവദിക്കാത്തതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. .

മറ്റു ജില്ലകളിലെ സർക്കാർ ആശുപത്രികളിൽ 868 പേർക്ക് ഒരു കിടക്ക ലഭിക്കുമ്പോൾ മലപ്പുറത്തെത്തുമ്പോൾ ഇത് 2011 പേർക്കായി മാറുകയാണ്. ജനസംഖ്യാനുപാതികമായി ജനറൽ ആശുപത്രിക്കും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിക്കും അർഹതയുള്ള ജില്ലയാണ് മലപ്പുറം. എന്നാൽ ഇത് രണ്ടും മലപ്പുറം ജില്ലക്ക് സ്വപ്നം മാത്രമാണ്. മലപ്പുറം ഒഴികെയുള്ള ജില്ലകളിൽ 35% ഗർഭിണികൾ സർക്കാർ ആശുപത്രികളിൽ പ്രസവിക്കുമ്പോൾ മലപ്പുറം ജില്ലയിൽ 17% പേർക്ക് മാത്രമേ സർക്കാർ ആശുപത്രികളിൽ പ്രസവിക്കാൻ അവസരം ലഭിക്കുന്നുള്ളൂ.

ഒരു ജില്ലയിലെ ആശുപത്രി കിടക്കകളുടെ എണ്ണം നിശ്ചയിക്കുന്നത് ജില്ലയുടെ വലിപ്പം, ഭൂപ്രകൃതി, ജനസംഖ്യ, എന്നീ ഘടകങ്ങളെ ആശ്രയിച്ചായിരിക്കണമെന്ന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡും ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാൻഡേർഡും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ ഇതൊന്നും മലപ്പുറം ജില്ലക്ക് മാത്രം ബാധകമല്ല എന്നതാണ് വസ്തുതയെന്നും ആരോഗ്യ മേഖലയിൽ മലപ്പുറം ജില്ലയോട് തുടരുന്ന വിവേചനം നീതീകരിക്കാനാവാത്തതാണെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ മലപ്പുറം ജില്ലക്ക് ആരോഗ്യസേവന മേഖലക്ക് ആവശ്യമായ പരിഗണന നൽകുന്നുണ്ടെന്നായിരുന്നു ഇതിന് ആരോഗ്യമന്ത്രിയുടെ മറുപടി.




ഇന്ത്യയെ ചേർത്തുനിർത്തി... നന്ദി പറയാൻ എടവണ്ണയിൽ എത്തിയ രാഹുൽ ഗാന്ധി വോട്ടർമാരെ അഭിവാദ്യം ചെയ്യുന്നു

# ചരിത്ര വിജയത്തിന് നന്ദി പറഞ്ഞ് രാഹുൽ

സാജിദ് ഒതായി
എടവണ്ണ

എടവണ്ണയെ ആവേശത്തേരിലേറ്റി ഇന്ത്യയുടെ നായകൻ രാഹുലിന്റെ റോഡ് ഷോ. മതേതര, ജനാധിപത്യ വിശ്വാസികൾക്ക് ആത്മവിശ്വാസം പകർന്ന തിരഞ്ഞെടുപ്പിന് ശേഷം ഇന്നലെയാണ് ആദ്യമായി രാഹുൽ വയനാട് മണ്ഡലത്തിൽ പര്യടനത്തിനെത്തിയത്. ഇന്ത്യൻ മൂല്യങ്ങൾ സംരക്ഷിക്കാൻ രാഹുലിന്റെ നേതൃത്വത്തിൽ പ്രതിപക്ഷ കക്ഷികൾ നടത്തിയ കൂട്ടായ മുന്നേറ്റത്തെ ജനങ്ങൾ പ്രകീർത്തിച്ചു. ചരിത്ര വിജയം സമ്മാനിച്ച വോട്ടർമാരോട് നന്ദി പറഞ്ഞുള്ള രാഹുലിന്റെ യാത്ര എടവണ്ണ നഗരത്തെ പ്രകമ്പനം കൊള്ളിച്ചു. വാദ്യഘോഷങ്ങളും, വർണ്ണ ബലൂണുകളും, പതാകകളും റോഡ് ഷോയെ വർണാഭമാക്കി.

തിരഞ്ഞെടുത്ത ജനങ്ങൾക്ക് വികസന മുന്നേറ്റമാണ് കഴിഞ്ഞ തവണ രാഹുൽ സ്നേഹസമ്മാനമായി നൽകിയത്. മണ്ഡലത്തിന്റെ സർവോന്മുഖ പുരോഗതിക്ക് വീണ്ടും തിരഞ്ഞെടുക്കപ്പെട്ട രാഹുലിനെ എടവണ്ണ ഹൃദയം കൊണ്ട് സ്വീകരിച്ചു. എടവണ്ണയിലെ സ്വീകരണത്തിൽ തടിച്ചുകൂടിയ ഓരോ സാധാരണക്കാരനിലും ആവേശം നിറഞ്ഞു. സി.പി.എ ജങ്ഷൻ മുതൽ ബസ്സ്റ്റാന്റ് വരെയുള്ള റോഡ്ഷോ കാണാൻ കനത്ത മഴയെ പോലും വകവെക്കാതെയാണ് മലയോരം ഇരച്ചെത്തിയത്.



എടവണ്ണയിൽ നൽകിയ സ്വീകരണത്തിൽ രാഹുൽ ഗാന്ധി പ്രസംഗിക്കുന്നു. എം.എം ഹസ്സൻ, രമേശ് ചെന്നിത്തല, കെ.സി വേണുഗോപാൽ, പി.കെ ബഷീർ, വി.ഡി സതീശൻ, ഷാഫി പറമ്പിൽ, വി.എസ് ജോയ് സമീപം



ഇന്ത്യ മുത്തം... എടവണ്ണ ജി.എം.എൽ.പി സ്കൂൾ വിദ്യാർഥിനി അഫ്രിൻ ഫാത്തിമ രാഹുൽ ഗാന്ധിക്ക് വിജയ മുത്തം നൽകുന്നു

## രാഹുൽ ഗാന്ധിയുടെ മണ്ഡലം തീരുമാനം: ഇന്ത്യ മുന്നണിയിൽ സംതൃപ്തം: പി.കെ ബഷീർ

എടവണ്ണ: ചരിത്ര ഭൂരിപക്ഷത്തോടു കൂടിയാണ് രാഹുൽ ഗാന്ധി വയനാട് ലോക്സഭ തിരഞ്ഞെടുപ്പിൽ വിജയിച്ചതെന്ന് പി.കെ ബഷീർ എം.എൽ.എ പറഞ്ഞു. അതേസമയം ഉത്തർ പ്രദേശിലെ റായ് ബറേലിയിലും മത്സരിച്ച് വിജയിച്ചിരുന്നു. ഏത് മണ്ഡലത്തിൽ തുടരുമെന്നത് പ്രഖ്യാപിച്ചിട്ടില്ല.

രാഹുൽ ഗാന്ധി ഏതു മണ്ഡലത്തിൽ തുടരുമെന്ന കാര്യത്തിൽ കോൺഗ്രസിന്റെയും ഇന്ത്യാമുന്നണിയുടെയും തീരുമാനം സംതൃപ്തമാണെന്ന് പി.കെ ബഷീർ പറഞ്ഞു. രാഹുൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായി അധികാരമേൽക്കുന്നത് സ്വപ്നം കാണുന്നുവെന്നും അദ്ദേഹം പറഞ്ഞു.

## ജില്ലയിൽ സർക്കാർ എഞ്ചിനീയറിങ് കോളജ് സ്ഥാപിക്കണം: പി. ഉബൈദുല്ല

മലപ്പുറം: ഉന്നത വിദ്യാഭ്യാസ മേഖലയിൽ പിന്നോക്കാവസ്ഥയിലുള്ള ജില്ലയിൽ സർക്കാർ മേഖലയിൽ ഒരു എഞ്ചിനീയറിങ് കോളജ് സ്ഥാപിക്കണമെന്ന് പി ഉബൈദുല്ല എം.എൽ.എ സബ്മിഷൻ അവതരിപ്പിച്ചു. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം കഴിഞ്ഞ നാലു പതിറ്റാണ്ടിനിടയിൽ വിദ്യാഭ്യാസ രംഗത്ത് വലിയ പുരോഗതിയാണ് കൈവരിച്ചത്. ഏറ്റവും കൂടുതൽ വിദ്യാർഥികൾ ബിരുദ പഠനത്തിന് യോഗ്യത നേടുകയും വിവിധ പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുകയും മികവ് പുലർത്തുകയും ചെയ്യുന്ന ജില്ലയായിട്ടും സർക്കാരിന് കീഴിൽ ഒരു എഞ്ചിനീയറിങ് കോളജ് ഇല്ലായെന്നത് അങ്ങേയറ്റം ഖേദകരമാണ്. മറ്റു ജില്ലകളിൽ ഐ.എച്ച്.ആർ.ഡി, സി.എ.പി.ഇ എന്നിവക്ക് കീഴിലോ സ്വാശ്രയ എഞ്ചിനിയറിങ് കോളജുകളില്ല.

ജില്ലയിൽ പത്ത് പോളിടെക്നിക്ക് കോളജുകളിൽ നാലെണ്ണം മാത്രമാണ് സർക്കാർ മേഖലയിൽ ഉള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ജില്ലയിൽ ഒമ്പത് ഗവ.ആർട്സ് ആന്റ് സയൻസ് കോളജുകളും പതിമൂന്നു എയ്ഡഡ് ആർട്സ് ആന്റ് സയൻസ് കോളജുകളും ഏഴു അറബിക്ക് കോളജുകളും മാത്രമാണ് ഉള്ളത്. കേരളത്തിൽ സ്വാശ്രയ മേഖലയ്ക്ക് കീഴിൽ ആദ്യമായി സ്ഥാപിതമായ എഞ്ചിനീയറിങ് കോളജായ കുറ്റിപ്പുറം എം.ഇ.എസ് കോളജ് ഓഫ് എഞ്ചിനീയറിങ് മലപ്പുറം ജില്ലയിലാണ്. എന്നാൽ സർക്കാർ/എയിഡഡ് മേഖലയിൽ കീഴിൽ ഒരു എഞ്ചിനീയറിങ് കോളജ് പോലും ഇതുവരെയും ഇവിടെ ആരംഭിച്ചിട്ടില്ല. എഞ്ചിനീയറിങ് കോളജുകൾ ഇല്ലാത്ത ജില്ലകളിൽ കോളജുകൾ ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്താൻ സർക്കാർ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നിർദേശം നൽകിയിട്ടുണ്ടെന്നും നടപടികൾ ത്വരിതപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു.

ജില്ലയിൽ സർക്കാർ എഞ്ചിനീയറിങ് കോളജ് സ്ഥാപിക്കുന്നത് സമഗ്ര വിദ്യാഭ്യാസ വികസനത്തിന് മുതൽക്കൂട്ടാകും. സാധാരണക്കാരായ വിദ്യാർഥികൾക്ക് ഉയർന്ന നിലവാരത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസം നേടാൻ അവസരം ലഭിക്കും. ജില്ലയിലെ ജനസംഖ്യയും, വിജയിച്ചു വരുന്ന വിദ്യാർഥി സമൂഹവും പരിഗണിക്കുമ്പോൾ സർക്കാർ മേഖലയിൽ ഒരു എഞ്ചിനീയറിങ് കോളജ് ആരംഭിക്കുന്നതിന്റെ ആവശ്യകത വ്യക്തമാണ്. ഇത് വിദ്യാഭ്യാസവും തൊഴിൽ സാധ്യതകളും കൂടുതൽ ലഭ്യമാക്കുന്നതിനും പ്രാദേശിക വികസനത്തിനും വലിയ രീതിയിൽ സഹായകമാകും.

## സമദാനിയുടെ പര്യടനം; തൃത്താലയിൽ വൻ ജനപ്രവാഹം

തൃത്താല: വോട്ട് ചെയ്ത് വിജയിപ്പിച്ച വോട്ടർമാർക്ക് നന്ദി പറയാനായി ഡോ. എം.പി അബ്ദുസ്സമദ് സമദാനി ഇന്നലെ തൃത്താല നിയോജക മണ്ഡലത്തിൽ പര്യടനം നടത്തി. വഴിയോരങ്ങളിലും സ്വീകരണ കേന്ദ്രങ്ങളിലുമായി വൻ ജനാവലി തടിച്ചു കൂടി. രാവിലെ സാഹിത്യ കുലപതി എം.ടി വാസുദേവൻ നായരുടെ ജന്മനാട് കൂടിയായ കൂടല്ലൂരിൽ നിന്നാണ് പര്യടനമാരംഭിച്ചത്. മണ്ഡലം മുസ്‌ലിം യൂത്ത് ലീഗ് പ്രസിഡന്റ് മുനീബ് ഹസ്സൻ സ്വാഗതമാശംസിച്ചു. കെ.പി.സി. സി നിർവാഹക സമിതിയംഗം സി.വി ബാലചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. സകലമാന വിഭാഗം ജനങ്ങളുടെയും വോട്ടുകൾ സ്വായത്തമാക്കാൻ സാധിച്ച അത്യപൂർവ വ്യക്തിത്വമാണ് സമദാനിയെന്ന് അദ്ദേഹം പറഞ്ഞു. പാലക്കാട് ജില്ലാ മുസ്‌ലിം ലീഗ് ട്രഷറർ അബ്ദുസ്സലാം മാസ്റ്റർ മുഖ്യ പ്രഭാഷണം നടത്തി. നിയുക്ത എം.പി ഡോ. എം.പി അബ്ദുസ്സമദ് സമദാനി എല്ലായിടത്തും ചെറുവാക്കുകളിലൂടെ വലിയ ആശയം പങ്കുവെച്ചു.

ഇക്കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ ചിലർ ജനങ്ങളെ മോശമാക്കിപോലും പ്രചാരണം നടത്തി. ജനങ്ങളെ മോശമായി കണക്കാക്കുന്നവർ ഖേദിക്കേണ്ടിവരുമെന്ന പാഠം അത്തരക്കാർക്ക് പകർന്നേകിയ തിരഞ്ഞെടുപ്പാണ് കഴിഞ്ഞതെന്ന് അദ്ദേഹം പറഞ്ഞു. മിക്കയിടത്തും കുട്ടികളെയും വൃദ്ധജനങ്ങളെയും ചേർത്തുപിടിച്ചും അവർക്കൊപ്പം പ്രത്യേകം സന്തോഷം പങ്കുവെച്ചുമാണ് സമദാനി മടങ്ങിയത്.

ഒരിടത്ത് തനിക്ക് ഹാരാർപ്പണത്തിന് വന്ന കുട്ടികളെ ചേർത്ത് നിർത്തി സമദാനി അവർക്കൊപ്പം പാടി. ചിരിക്കാം ചിരിക്കാം ചിരിച്ചു കൊണ്ടിരിക്കാം, ചിരിയുടെ അമിട്ടിന് തിരികൊളുത്താം.



തൃത്താല മണ്ഡലത്തിലെ നന്ദി പര്യനടത്തിനിടെ ഡോ. എം.പി അബ്ദുസ്സമദ് സമദാനി കുട്ടികൾക്കൊപ്പം പാട്ടു പാടുന്നു

## മുക്കുപണ്ടം പണയപ്പെടുത്തി പണം തട്ടിയെടുക്കാൻ ശ്രമം

പെരിന്തൽമണ്ണ: പെരിന്തൽമണ്ണ സർവീസ് സഹകരണ ബാങ്കിൽ മുക്കു പണ്ടം പണയപ്പെടുത്തി പണം തട്ടിയെടുക്കാൻ ശ്രമം. പൊലീസ് കേസെടുത്തു. മൂർക്കനാട് വടക്കുപുറം സ്വദേശി മുഹമ്മദ് ഷെബീബ് എന്ന യുവാവും ഇയാളുടെ 4 സുഹൃത്തുക്കളും ചേർന്നാണ് മുക്കു പണ്ടം വെച്ച് പണം തട്ടിയെടുക്കാൻ ശ്രമിച്ചത്. സ്വർണ മാല എന്ന വ്യാജേന മുക്കു പണ്ടം വെച്ച് 60,000 രൂപ തട്ടിയെടുക്കാനാണ് ശ്രമിച്ചത്. സംഘത്തിൽ പെട്ട ഒരാൾ മുമ്പും ബാങ്കിൽ നിന്ന് മുക്ക് പണ്ടം വച്ച് പണം തട്ടാൻ ശ്രമിച്ചിരുന്നതായി ബന്ധപ്പെട്ടവർ അറിയിച്ചു.

സർവീസ് ബാങ്കിന്റെ പെരിന്തൽമണ്ണ ഊട്ടി റോഡിലെ മെയിൻ ബ്രാഞ്ചിലാണ് തട്ടിപ്പിന് ശ്രമിച്ചത്. ഇന്നലെ വൈകീട്ട് മൂന്നര മണിയോടെയാണ് സംഭവം. പണയ പെടുത്താനായി നൽകിയ മാല പരിശോധിച്ചപ്പോൾ ബാങ്കിലെ അപ്രൈസർക്ക് സംശയം തോന്നുകയും സൂക്ഷ്മമായി പരിശോധിച്ചപ്പോൾ മുക്കു പണ്ടമാണെന്ന് തെളിയുകയും ചെയ്തു. ഉടനെ ബാങ്ക് അധികൃതർ പെരിന്തൽമണ്ണ പൊലീസിൽ അറിയിക്കുകയായിരുന്നു.

ബാങ്ക് സെക്രട്ടറി നൽകിയ പരാതിയുടെ അടിസ്ഥാനത്തി പൊലീസ് കേസെടുത്തു. ഈ സംഘത്തിൽപെട്ട അനസ് എന്ന യുവാവ് മുമ്പും ഈ സർവീസ് ബാങ്കിൽ നിന്നും മുക്കുപണ്ടം പണയപ്പെടുത്തി പണം തട്ടിയെടുക്കാൻ ശ്രമിച്ചിട്ടുള്ളതായി ബാങ്ക് അധികൃതർ പറഞ്ഞു.

## ദേശീയ പാത; ദുരിതപൂർണം പരിഹാരം വേണമെന്ന് പി. അബ്ദുൽ ഹമീദ്

മലപ്പുറം: ദേശീയ പാത-66 നിർമാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ വ്യാപകമായ ആശങ്കകളും ആക്ഷേപങ്ങളും പരിഹരിക്കണമെന്ന് പി. അബ്ദുൽ ഹമീദ് എം.എൽ.എ സബ്മിഷനിലൂടെ ആവശ്യപ്പെട്ടു. മണിക്കൂറുകളോളം ഗതാഗതകുരുക്കിൽ പെട്ട് യാത്രക്കാർ ബുദ്ധിമുട്ടുകയാണ്. ചേളാരി, കാലിക്കറ്റ് യൂണിവേഴ്സിറ്റി, തലപ്പാറ വരെയുള്ള ഭാഗങ്ങളിൽ മണിക്കൂറുകൾ ആളുകൾ റോഡിൽ കാത്ത് കെട്ടി കിടക്കേണ്ട അവസ്ഥയാണ്. ഇതിന് അടിയന്തരമായി പരിഹാരം കാണണം. കുറഞ്ഞ പക്ഷം പ്രവൃത്തി പൂർത്തീകരിച്ച ഭാഗങ്ങളിലെങ്കിലും ഗതാഗത സൗകര്യം ഒരുക്കുവാൻ നടപടി സ്വീകരിക്കണം. മാത്രമല്ല റോഡ് നിർമാണത്തിനായി സ്ഥലം വിട്ട് നൽകിയവർക്ക് ഇകഴിഞ്ഞ ദിവസങ്ങളിൽ പെയ്ത മഴ ദുരിതപൂർണമായ ജീവിതമാണ് സമ്മാനിച്ചത്. ആശാസ്ത്രീയമായ ഡ്രൈനേജ് നിർമാണം കാരണം മലവെള്ളപ്പാച്ചിൽ പോലെയാണ് വെള്ളം വീടുകളിലേക്കും വ്യപാര സ്ഥാപനങ്ങളിലേക്കും, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കും, ആരാധാനാലയങ്ങളിലേക്കുമടക്കം ഒഴുകി എത്തിയത്. എന്റെ മണ്ഡലത്തിലെ ഇടിമുഴിക്കൽ, പാലക്കൽ, കോഹിന്നൂർ, യൂണിവേഴ്സിറ്റി പടിക്കൽ, പൈങ്കോട്ടൂർ, കാക്കഞ്ചേരി , പാണമ്പ്ര ,ചേളാരി, തലപ്പാറ മാറാക്കര പഞ്ചായത്തിലെ രണ്ടത്താണി എന്നിവിടങ്ങളിലടക്കം ദേശീയപാത നിർമാണം നടക്കുന്ന ജില്ലയിലെ ഒട്ടുമിക്ക പ്രദേശങ്ങളിലെ വീടുകളിലും, കിണറുകളിലുമടക്കം ഡ്രൈനേജ് മാലിന്യമടക്കമുള്ള മലിനജലം ഒഴുകി എത്തുകയും ജന ജീവിതം ദുസ്സഹമാകുകയും ചെയ്തു.

അതുപോലെ ദേശീയപാതയിൽ നിന്നുള്ള മഴവെള്ള പാച്ചിലിൽ ചേലേമ്പ്ര സ്വദേശികളായ 11 വയസ്സുള്ള ഒരു കുട്ടിയടക്കം രണ്ടു പേർ മരണപ്പെട്ടു. പന്തിരാങ്കാവിൽ മഴ വെള്ള പാച്ചിലിൽ വീടുകൾ തകരുകയും റോഡുകൾ രണ്ടായി പിളരുകയും മണ്ണ് ഇടിഞ്ഞു വീണ് ഗതാഗതം താറുമാറായി.കോട്ടക്കൽ നിയോജകമണ്ഡലത്തിൽപെട്ട കുറ്റിപ്പുറം റയിൽവേ ഓവർ ബ്രിഡ്ജിന് സമീപം 6 വീട്ടുകാരെ മാറ്റിപാർപ്പിച്ചു.

ഇത്തരം ആശങ്കകൾ നിർമാണത്തിന് മുമ്പ് തന്നെ മലപ്പുറം ജില്ലാ കലക്ടറുടെ ചേമ്പറിൽ വിളിച്ച് ചേർത്ത ദേശീയ പാത നിർമാണവുമായി ബന്ധപ്പെട്ട ജനപ്രതിനിധികളുടെ യോഗത്തിൽ ഉന്നയിച്ചതാണ്. അതോടൊപ്പം നിർമാണ പ്രദേശങ്ങളിൽ വേണ്ടത്ര ലൈറ്റുകൾ ഇല്ലാത്തതും ട്രാഫിക് മാനേജ്മെന്റിന്റെ അപര്യാപ്തതയും ഏറെ അപകടങ്ങളും, അപകട മരണങ്ങൾക്കും ഇടയാക്കുന്നുണ്ട്. ഉന്നതതല സംഘം പ്രസ്തുത പ്രദേശങ്ങൾ നേരിട്ട് സന്ദർശിച്ച് ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ കണ്ടു മനസ്സിലാക്കി എത്രയും വേഗം ഒരു പരിഹാരം കണ്ടെത്തണമെന്നും,ഈ ദുരിതങ്ങളുടെ ഭാഗമായി വന്ന കേടുപടുകൾക്ക് നഷ്ടപരിഹാരമടക്കം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സബ്മിഷനിലൂടെ ആവശ്യപ്പെട്ടു.

## പി.പി ഷാഹുൽ ഹമീദ് പരപ്പനങ്ങാടി നഗരസഭയുടെ പുതിയ അധ്യക്ഷൻ



പി.പി ഷാഹുൽ ഹമീദ്

പരപ്പനങ്ങാടി: നഗരസഭാ ചെയർമാനായി യു.ഡി.എഫിലെ പി.പി ഷാഹുൽ ഹമീദിനെ (മുസ്‌ലിം ലീഗ്) കൗൺസിൽ യോഗം തിരഞ്ഞെടുത്തു. നിയോജകമണ്ഡലം യൂത്ത് ലീഗ് ട്രഷററും ശിഹാബ് തങ്ങൾ കോളജ് പ്രിൻസിപ്പലുമാണ് ഈ ബിരുദാനന്തര ബിരുദധാരി. നേരത്തെയുള്ള ധാരണപ്രകാരം നിലവിലുള്ള ചെയർമാൻ എ.ഉസ്മാൻ രാജി വെച്ച ഒഴിവിലേക്കാണ് ഷാഹുൽ ഹമീദിനെ തിരഞ്ഞെടുത്തത്.

നാൽപത്തിയഞ്ച് കൗൺസിലർമാരുള്ള ഭരണസമിതിയിൽ ഷാഹുൽ ഹമീദ് 29 വോട്ട് നേടി. 13 വോട്ട് ഇടതുമുന്നണി സ്ഥാനാർത്ഥിയും നേടി. ബി.ജെ.പിയുടെ മൂന്നംഗങ്ങൾ വോട്ട് അസാധുവാക്കി. ചെയർമാന് ആർ.ഒ ഡോ. ആർ പ്രതീപ് പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. അനുമോദന യോഗവും നടന്നു.

## ന്യൂനപക്ഷ കമ്മീഷൻ സിറ്റിങ് രണ്ട് കേസുകൾ പരിഗണിച്ചു

പാലക്കാട്: സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ സിറ്റിംഗ് കമ്മീഷൻ അംഗം എ. സൈഫുദ്ദീന്റെ നേതൃത്വത്തിൽ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്നു. രണ്ട് കേസുകളാണ് സിറ്റിംഗിൽ പരിഗണിച്ചത്.പ്രസ്തുത കേസുകൾ തുടർ നടപടിക്കായി അടുത്ത സിറ്റിംഗിൽ പരിഗണിക്കും.ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ന്യൂനപക്ഷ കമ്മിഷൻ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനായി ന്യൂനപക്ഷ സംഘടനാ പ്രതിനിധികളെ ഉൾപ്പെടുത്തി വിപുലമായ യോഗം ജില്ലയിൽ സംഘടിപ്പിച്ചു.

## സഹായധനം നൽകി

ഷൊർണൂർ: ദുബൈ പട്ടാമ്പി മണ്ഡലം കെ.എം.സി.സി ഓങ്ങല്ലൂർ പഞ്ചായത്തിലെ പരേതനായ പോക്കുപ്പടി നമ്പാടത്ത് നിലാവിൽ ആസിഫിന്റെ കുടുംബത്തിന് സഹായധനം നൽകി. ജോലി ആവശ്യാർത്ഥം വിദേശത്ത് പോയ ആസിഫ് വാഹനാപകടത്തിൽ മരണപ്പെടുകയായിരുന്നു. മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന വൈസ്പ്രസിഡന്റ് ഫൈസൽ ബാഫഖി തങ്ങളാണ് സഹായം കൈമാറിയത്. പൊന്നാനി നഗരസഭ 38-ാം വാർഡ് കൗൺസിലർ റാഷിദ്, പട്ടാമ്പി മണ്ഡലം മുസ്‌ലിം ലീഗ് സെക്രട്ടറി മുസ്തഫ പോക്കുപ്പടി, ഓങ്ങല്ലൂർ പഞ്ചായത്ത് ലീഗ് പ്രസിഡന്റ് വി.അബ്ദുള്ളക്കുട്ടി, മൊയ്തീൻകുട്ടി തറയിൽ എന്നിവർ പങ്കെടുത്തു.



ആസിഫിന്റെ കുടുംബത്തിന് ദുബൈ പട്ടാമ്പി മണ്ഡലം കെ.എം.സി.സി നൽകുന്ന സഹായധനം മുസ്‌ലിം യൂത്ത്ലീഗ് സംസ്ഥാന വൈസ്പ്രസിഡന്റ് ഫൈസൽ ബാഫഖി തങ്ങൾ കൈമാറുന്നു

# പാലക്കാട് വാർത്തകൾ



കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥി യൂണിയൻ വൈസ്ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട കെ.ടി ഷബ്നയെ മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അനുമോദിക്കുന്നു

### കാലിക്കറ്റ് സർവകലാശാല യൂണിയൻ വൈസ് ചെയർപേഴ്സൺ

## കെ.ടി ഷബ്നയെ സാദിഖലി തങ്ങൾ അനുമോദിച്ചു

പട്ടാമ്പി: കാലിക്കറ്റ് സർവകലാശാല വിദ്യാർത്ഥി യൂണിയൻ വൈസ് ചെയർപേഴ്സണായി തിരഞ്ഞെടുക്കപ്പെട്ട കെ.ടി ഷബ്നയെ മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ അനുമോദിച്ചു. പാലക്കാട് ജില്ലാ ഹരിത കമ്മിറ്റിയംഗമായ ഷബ്ന മയിലുംപുറം സ്വാമി വിവേകാനന്ദ ടീച്ചർ എജ്യുക്കേഷൻ സെന്ററിൽ നിന്നുള്ള എം.എസ്.എഫ് യു.യു.സിയാണ്. മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് മരക്കാർ മാരായമംഗലത്തിന്റെ മരുമകളും മുസ്‌ലിം യൂത്ത്ലീഗ് ഷൊർണൂർ നിയോജകമണ്ഡലം ജനറൽ സെക്രട്ടറി ജാഫർ മാരായമംഗലത്തിന്റെ ഭാര്യയുമാണ്. പാണക്കാട് നടന്ന ചടങ്ങിൽ മുസ്‌ലിം യൂത്ത്ലീഗ് സംസ്ഥാന സെക്രട്ടറി ഗഫൂർ കോൽക്കളത്തിൽ, എം.എസ്.എഫ് ദേശീയ വൈസ് പ്രസിഡന്റ് എം.ടി അസ്‌ലം, എം.എസ്.എഫ് സംസ്ഥാന വൈസ്പ്രസിഡന്റ് ഷറഫുദ്ദീൻ പിലാക്കൽ, സംസ്ഥാന സെക്രട്ടറി റുമൈസ റഫീഖ്, ജില്ലാ പ്രസിഡന്റ് കെ.യു ഹംസ, ജനറൽസെക്രട്ടറി പി.കെ.എം ഷഫീഖ്,യൂണിവേഴ്സിറ്റി സെനറ്റംഗംഅമീൻ റാഷിദ്, ജാഫർ മാരായമംഗലം, ലബീബ മുഹമ്മദ്, എം.ഫാത്തിമ ഫിദ, റാഷിഖ് കൊങ്ങത്ത്, എം.കെ സൈഫുദ്ദീൻ, ബാസിത്ത് ഭീമനാട് സംബന്ധിച്ചു.

## സ്വീകരണം ഇന്ന്

കുമരനല്ലൂർ: പൊന്നാനിയിലെ ചരിത്ര വിജയത്തിന് നന്ദി അറിയിക്കുന്നതിന് നിയുക്ത എം.പി ഡോ.എം.പി അബ്ദുസ്സമദ് സമദാനി ഇന്ന് തൃത്താല മണ്ഡലത്തിലെത്തും. യു.ഡി.എഫ് പഞ്ചായത്ത് കമ്മിറ്റികളുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകും. രാവിലെ 8.30ന് ആനക്കര പഞ്ചായത്തിലെ കൂട്ടക്കടവിലാണ് ആദ്യ സ്വീകരണം. വൈകീട്ട് പരുതൂർ പഞ്ചായത്തിൽ സമാപിക്കും.

## ക്ലബ്ബുകളുടെ ഉദ്ഘാടനം

മണ്ണാർക്കാട്: തിരുവിഴാംകുന്ന് സി.പി.എ യു.പി സ്കൂളിൽ വിവിധ ക്ലബ്ബുകളുടെയും അക്ഷരതിളക്കം പദ്ധതിയുടെയും ഉദ്ഘാടനം ഇന്ന് ഉച്ചക്ക് രണ്ടുമണിക്ക് നടക്കും. അലനല്ലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.പി സജ്ന സത്താർ ഉദ്ഘാടനം ചെയ്യും. റിട്ട.ടീച്ചർ ജ്യോതി മുഖ്യാഥിതിയാവും. മാനേജർ സി.പി ശിഹാബുദ്ദീൻ അധ്യക്ഷത വഹിക്കും.

### എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തിയാക്കി

# പട്ടിക ജാതിക്കാരോടും സർക്കാരിന്റെ അവഗണന

പാലക്കാട്: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നോക്കുകുത്തികളാക്കി പിണറായി സർക്കാരിന്റെ കാലത്ത് നടന്നത് നിരവധി പിൻവാതിൽ നിയമനങ്ങൾ. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആറുലക്ഷത്തോളം നിയമനങ്ങളാണ് നടന്നത്. രണ്ടാം പിണറായി സർക്കാർ ഇപ്പോൾ തന്നെ നാലുലക്ഷത്തിലധികം പിൻവാതിൽ നിയമനങ്ങളാണ് നടത്തിയതെന്നും പട്ടികജാതിപട്ടികവർഗ കോഡിനേഷൻ കമ്മിറ്റി ചൂണ്ടിക്കാട്ടി.കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് ചട്ടം ബാധകമായുള്ള സ്ഥാപനങ്ങളിലെല്ലാം ഇത്തരത്തിൽ താൽക്കാലിക നിയമനങ്ങൾ നടന്നിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തേണ്ട താൽക്കാലിക നിയമനങ്ങളിലെല്ലാം സ്വന്തം താല്പര്യക്കാരെ തിരികി കയറ്റുകയായിരുന്നു. പൊതുവിദ്യാലയങ്ങളിലടക്കം നടത്തിയ ഇത്തരം നിയമങ്ങളിലൂടെ സംവരണ അട്ടിമറിയാണ് നടന്നത്. താൽക്കാലിക അധ്യാപന നിയമനങ്ങൾ സ്കൂളുകൾക്കും പിടിഎകൾക്കും നൽകിയത് വഴി സംവരണം പൂർണമായും അട്ടിമറിക്കപ്പെട്ടു. സംവരണ വിഭാഗങ്ങളെ അവഗണിച്ച് 30,737 പിൻവാതിൽ താൽക്കാലിക നിയമങ്ങളാണ് സർക്കാർ നടത്തിയത്. പട്ടികജാതിവർഷ പിന്നോക്കങ്ങൾക്ക് അർഹതപ്പെട്ട സംവരണത്തിന്റെ വലിയൊരു ഭാഗം ഇതിലൂടെ അട്ടിമറിക്കപ്പെട്ടതായും സംഘടന വ്യക്തമാക്കി. സംസ്ഥാന സർക്കാർ നടത്തുന്ന പിൻവാതിൽ നിയമനങ്ങൾ കേന്ദ്ര നിയമങ്ങളുടെ ലംഘനമാണ്. പട്ടികവിഭാഗങ്ങൾക്ക് ലഭിക്കേണ്ട ഇഗ്രാൻഡ് മുടങ്ങിയിട്ട് നാളുകളേറെയായി. ഇതുമൂലം സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ നിന്നായി നിർധനരായ നിരവധി വിദ്യാർത്ഥികളാണ് പഠനം ഉപേക്ഷിച്ചത്. അന്യസംസ്ഥാനങ്ങളിൽ തുച്ഛമായ വരുമാനത്തിനായി ജോലി പോകുന്ന നിരവധി കുട്ടികൾ തന്നെ ഇതിന് തെളിവാണ്. പിണറായി സർക്കാർ പട്ടികജാതിക്കാർക്ക് നീതി നിഷേധിക്കുന്ന നിലപാടാണ് തുടർന്നുവരുന്നതെന്നും കോഡിനേഷൻ കമ്മിറ്റി കുറ്റപ്പെടുത്തി.
വടകര, പാലക്കാട് നൂറണി, അട്ടപ്പാടി എന്നിവിടങ്ങളിൽ പട്ടികജാതിക്കാർക്കായുള്ള ഹോസ്റ്റൽ നിർമാണത്തിന് കേന്ദ്ര സർക്കാർ അനുവദിച്ച 27.10 കോടി രൂപ ഇതുവരെ ചിലവഴിച്ചിട്ടില്ല. ഫണ്ടുണ്ടായിട്ടും ഇവിടങ്ങളിൽ ഇന്നും വിദ്യാർഥികൾ നരകയാതനയാണ് അനുഭവിക്കുന്നത്. കോടിക്കണക്കിന് രൂപയുടെ പദ്ധതി അട്ടിമറിക്കപ്പെട്ടതിനെ കുറിച്ച് കേന്ദ്രാന്വേഷണം നടത്തണമെന്നും സംഘടന ആവശ്യപ്പെട്ടു. പിൻവാതിൽ താൽക്കാലിക നിയമനങ്ങൾ റദ്ദ് ചെയ്യുക, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുക, 10 ലക്ഷത്തിലധികം പിൻവാതിൽ നിയമങ്ങളെക്കുറിച്ച് കേന്ദ്ര ഏജൻസി അന്വേഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് സംസ്ഥാന വ്യാപകമായി പ്രക്ഷോഭ പരിപാടിക്ക് കോഡിനേഷൻ കമ്മിറ്റി നേതൃത്വം നൽകുമെന്നും ഭാരവാഹികൾ വ്യക്തമാക്കി.പത്രസമ്മേളനത്തിൽ ചെയർമാൻ കെ. മായാണ്ടി, വൈസ് ചെയർമാൻ വാസുദേവൻ, കൺവീനർമാരായ രാധാകൃഷ്ണൻ, കാർത്തികേയൻ മംഗലം, സി. ഹരി എന്നിവർ പങ്കെടുത്തു.




പൊട്ടച്ചിറ പുളിക്കലിൽ പുനർനിർമിച്ച മസ്ജിദ് ഉദ്ഘാടനം സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ നിർവഹിക്കുന്നു

## പുനർനിർമിച്ച മസ്ജിദ് ഉദ്ഘാടനം ചെയ്തു

ചെർപ്പുളശേരി: പൊട്ടച്ചിറ പുളിക്കലിൽ പുനർനിർമിച്ച മസ്ജിദ് ഉദ്ഘാടനം സമസ്ത പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങൾ നിർവഹിച്ചു. സമസ്ത വൈസ്പ്രസിഡണ്ട് എം.പി കുഞ്ഞിമുഹമ്മദ് മുസ്‌ലിയാർ, സ്വലാഹുദ്ധീൻ ഫൈസി അരിപ്ര, അഷ്റഫ് അൻവരി, കുമ്മനം നിസാമുദ്ധീൻ അസ്ഹരി, ഹംസക്കോയ ബാഖവി,ഖാജാ ദാരിമി, മഹ്റൂഫ് മിസ്ബാഹി, സക്കീർ ദാരിമി, കുഞ്ഞുമുഹമ്മദ് ഫൈസി സഅദ് ഫൈസി, ഷബീബ് അൻവരി, ഫൈസി നുജൂമി, തസ്നീബ് അൻവരി, മുഹമ്മദ് അലി മാസ്റ്റർ, നെറ്റ് പരീക്ഷയിൽ റാങ്ക് നേടിയ ഷെസിൻ ശബാബ് പങ്കെടുത്തു. റഊഫ് അൻവരി സ്വാഗതവും ഷാജഹാൻ അസ്ഹരി നന്ദിയും പറഞ്ഞു.

## അട്ടപ്പാടിയിലേക്ക് കടത്താൻശ്രമിച്ച 48 ലിറ്റർ വിദേശമദ്യം പിടികൂടി




അബ്ദുൾ സലാം, ഷബീർ

മണ്ണാർക്കാട്: അട്ടപ്പാടിയിലേക്ക് ബൈക്കിൽ അനധികൃതമായി കടത്തുകയായിരുന്ന 48 ലിറ്റർ ഇന്ത്യൻനിർമിത വിദേശമദ്യം എക്സൈസ് സംഘം പിടികൂടി. രണ്ട് പേരെ അറസ്റ്റ് ചെയ്തു. കള്ളമല താവളം മുല്ലത്തൊടി വീട്ടിൽ അബ്ദുൾ സലാം (36), മണലടി കൊടിയിൽ വീട്ടിൽ ഷബീർ (41) എന്നിവരാണ് അറസ്റ്റിലായത്. സലാം സംഭവ സ്ഥലത്തുവെച്ചും ഷബീർ മണ്ണാർക്കാട് നിന്നുമാണ് പിടിയിലായത്. കഴിഞ്ഞ ദിവസം രാത്രി 10 മണിയോടെ ആനമൂളി വനംചെക്ക്പോസ്റ്റിന് സമീപം എക്സൈസ് നടത്തിയ വാഹനപരിശോധനയിലാണ് മദ്യക്കടത്ത് പിടികൂടിയത്. പരിശോധന കണ്ട് നിർത്താതെ പോയ ബൈക്കിനെ സാഹസികമായി പിന്തുടർന്ന് പിടികൂടുകയായിരുന്നു. രണ്ട് വലിയ തോൾ സഞ്ചിയിലാണ് മദ്യം സൂക്ഷിച്ചിരുന്നത്. മണ്ണാർക്കാട്, കാഞ്ഞിരം ബീവറേജിൽ നിന്നും പലസമയങ്ങളിലായി വാങ്ങി സൂക്ഷിക്കുന്ന മദ്യം രാത്രി കാലങ്ങളിലാണ് അട്ടപ്പാടിയിലേക്ക് കടത്തിയിരുന്നതെന്ന് എക്സൈസ് അധികൃതർ പറഞ്ഞു. കുറച്ചുദിവസങ്ങളായി മണ്ണാർക്കാട് ഷാഡോ എക്സൈസ് സംഘം ഇവരെ നിരീക്ഷിച്ച് വരികയായിരുന്നുവന്നു. എക്സൈസ് ഇൻസ്പെക്ടർ വി.എ വിനോജ്, പ്രിവന്റീവ് ഓഫീസർ എ.ഹംസ, മോഹനൻ, സിവിൽ എക്സൈസ് ഓഫീസർ ശ്രീജേഷ്, ഡ്രൈവർ അനീഷ് എന്നിവരടങ്ങുന്ന സംഘമാണ് മദ്യക്കടത്ത് പിടികൂടിയത്.

## ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലി നിർമിക്കണം: മനുഷ്യാവകാശ കമ്മീഷൻ

പാലക്കാട്: ട്രാൻസ്ഫോർമറുകൾക്ക് സംരക്ഷണ വേലിയില്ലാത്തതുപോലുള്ള സംഭവങ്ങളിൽ പരാതി ലഭിക്കാനായി കാത്തിരിക്കാതെ സമയാസമയങ്ങളിൽ പരിശോധന നടത്തി സുരക്ഷിതത്വം ഉറപ്പാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. പടിഞ്ഞാറങ്ങാടി വൈദ്യുതി സെക്ഷന് കീഴിലുള്ള ഇലക്ട്രിക്കൽ സെക്ഷനിലെ സംരക്ഷണ വേലിയില്ലാത്ത ട്രാൻസ്ഫോർമർ കാരണം അപകടം സംഭവിക്കാൻ സാധ്യതയുണ്ടെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജൂഡീഷ്യൽ അംഗവുമായ കെ.ബൈജൂനാഥിന്റെ ഉത്തരവ്. പടിഞ്ഞാറങ്ങാടി സെക്ഷനിലെ ട്രാൻസ്ഫോർമറുകളുടെ നിലവിലെ സംരക്ഷണവേലികൾ പരിശോധിച്ച് ശരിയായ എർത്തിങ് ഉണ്ടെന്ന് ഉറപ്പാക്കിയതായി പടിഞ്ഞാറങ്ങാടി അസിസ്റ്റന്റ് എഞ്ചിനീയർ കമ്മീഷനെ അറിയിച്ചു.

## പി.എസ്.സി തോന്നും വഴി ഉദ്യോഗാർത്ഥികൾ ആശങ്കയിൽ

ചെർപ്പുളശേരി: എൽ.പി യുപി അധ്യാപക തസ്തിക പി.എസ്.സി സൈറ്റ് വീണ്ടും തുറന്നത് വിവാദത്തിൽ. 2023 ഡിസംബർ 31 അറിയിപ്പ് നൽകി അപേക്ഷ നൽകാനുള്ള അവസാന തീയ്യതി ജനു 31 ആയിരുന്നു. എൽ.പി വിഭാഗത്തിൽ 53464, യു.പി വിഭാഗത്തിൽ 156578 പേരു അവസാന സമയം വരെ അപേക്ഷിച്ചിരുന്നു. 2024 ജൂലൈ ആറിന് യു.പി വിഭാഗം പരീക്ഷയും ജൂലൈ ഇരുപതിന് എൽ.പി വിഭാഗവും നടത്താൻ തീരുമാനിച്ചിരുന്നു. എന്നാൽ കഴിഞ്ഞദിവസം വീണ്ടും പി.എസ്.സി സൈറ്റിൽ വീണ്ടും അറിയിപ്പ് വരികയും അപേക്ഷനൽകാൻ വഴിയൊരുക്കുകയും ചെയ്തു. ഇത് നേരത്തെ അപേക്ഷ നൽകി കാത്തിരിക്കുന്ന പരീക്ഷാർത്ഥികളെ ആശങ്കയിലാക്കിയിരിക്കുകയാണ്. ആകെ എത്ര അപേക്ഷയാണെന്ന് ജില്ല തിരിച്ചുള്ള കണക്ക് പുറത്ത് വന്നതും,അടുത്തിടെ പി എസ് സി ഉത്തരവിൽ പറഞ്ഞ യോഗ്യത നേടിയവരും പരീക്ഷാർത്ഥികളായി എത്തുന്നതുമാണ് ആശങ്കക്ക് കാരണം. സ്കൂൾ തലത്തിൽ പാർട്ട് ഒന്നിലൊ, പാർട്ട് രണ്ടിലോ മലയാളം പാഠ്യ വിഷയമാവണം. അല്ലെങ്കിൽ മലയാളം മീഡിയത്തിൽ പഠിച്ചവരായിരിക്കണം എന്ന ഉത്തരവ് ബാധിക്കുന്ന വിദ്യാർഥികൾ കോടതി ഉത്തരവിലൂടെ പരീക്ഷ എഴുതാൻ യോഗത്യ നേടിയിരുന്നു. ഇവരെ ഗൗനിക്കാതെ പി.എസ്.സി ഇറക്കിയ ഉത്തരവിലെ തെറ്റ് തിരുത്താനാണ് കൂട്ടിചേർക്കൽ വിജ്ഞാപനവുമായി വീണ്ടും സൈറ്റ് തുറന്നിരിക്കുന്നത്. ഇത് അടിയന്തിരമായി പരിഹരിക്കുമെന്ന പ്രതീക്ഷയിലാണ് ഉദ്യോഗാർത്ഥികൾ.



കനിവ് കർക്കിടാംകുന്നിന്റെ പുതിയ ഹോം കെയർ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് പി.പി.എച്ച് അബ്ദുല്ല നിർവഹിക്കുന്നു

## രോഗീബന്ധു സംഗമവും ഹോം കെയർ വാഹന ഫ്ളാഗ്ഓഫും

മണ്ണാർക്കാട്: കനിവ് കർക്കിടാംകുന്നിന്റെ ആഭിമുഖ്യത്തിൽ രോഗീ ബന്ധു സംഗമവും പുതിയതായി വാങ്ങിയ ഹോം കെയർ വാഹനത്തിന്റെ ഫ്ളാഗ് ഓഫ് ചടങ്ങും നടത്തി. കുളപ്പറമ്പ് അലയൻസ് ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ പി.പി.എച്ച് അബ്ദുല്ല വാഹനത്തിന്റെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ചു. താക്കോൽ ദാനം കനിവ് പ്രസിഡന്റ്, സെക്രട്ടറിക്ക് നൽകിക്കൊണ്ട് മമ്മദ് ഹാജി അലനല്ലൂർ നിർവ്വഹിച്ചു. കനിവ് പ്രസിഡന്റ് പി.കെ അബ്ദുൾ ഗഫൂർ അധ്യക്ഷത വഹിച്ചു. രോഗീബന്ധു സംഗമം അലനല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് സജ്ന സത്താർ ഉദ്ഘാടനം ചെയ്തു. കനിവ് സെക്രട്ടറി ഹംസ പുളിക്കൽ, പി.കെ മുഹമ്മദാലി, ടി.വി ഉണ്ണികൃഷ്ണൻ, പി.കെ മുഹമ്മദ് മുസ്തഫ, ടി.പി ഷാജി,മനാഫ് ആര്യാടൻ, സഫീന, നുസ്രത്ത് ഷാജി, എം.അബ്ദുൾ മജീദ്, യൂസുഫ് ഹാജി, ഹസ്സൻ ഹാജി, റഹീസ് എത്തനാട്ടുകര, ജില്ലാ പഞ്ചായത്തംഗം എം.മെഹർബാൻ, ജനപ്രതിനിധികളായ മുഹമ്മദ് സലീം, പി.എം മധു, പി.ഷൗക്കത്ത്, അനിത വിത്തനോട്ടിൽ, അലി.എം, ബാബു മൈക്രോടെക്, എം.മണികണ്ഠൻ, കെ. ടി.ഹംസപ്പ വിഷ്ണു അലനല്ലൂർ, നാസർ.പി.പി.കെ, അഡ്വ.മനോജ് സംബന്ധിച്ചു.



സ്വതന്ത്ര കർഷക സംഘം മണ്ണാർക്കാട് നിയോജക മണ്ഡലം കൺവൻഷൻ സംസ്ഥാന ജനറൽസെക്രട്ടറി കളത്തിൽ അബ്ദുല്ല ഉദ്ഘാടനം ചെയ്യുന്നു


## മലയോര കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കണം - കളത്തിൽ

മണ്ണാർക്കാട്: മലയോര കർഷകരുടെ പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കണമെന്ന് സ്വതന്ത്ര കർഷക സംഘം സംസ്ഥാന ജനറൽ സെക്രട്ടറി കളത്തിൽ അബ്ദുല്ല ആവശ്യപ്പെട്ടു. സ്വതന്ത്ര കർഷക സംഘം മണ്ണാർക്കാട് നിയോജക മണ്ഡലം കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. പാരമ്പര്യമായി കൈമാറി കിട്ടിയതും കൈവശത്തിലുള്ളതും താമസിച്ചും കൃഷി ചെയ്തും വരുന്ന കർഷകരുടെ ഭൂമിയുടെ നികുതി വാങ്ങാതെ വനം വകുപ്പിന്റെ എൻ.ഒ.സി വേണമെന്ന് പറഞ്ഞ് റവന്യു അധികൃതർ ജനത്തെ മടക്കുകയാണ്. കാലങ്ങളായി ഒടുക്കി വരുന്ന ഭൂനികുതി അടക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ജില്ലാ ഭരണ കൂടത്തോട് കൺവെൻഷൻ ആവശ്യപ്പെട്ടു. യോഗത്തിൽ നിയോജക മണ്ഡലം പ്രസിഡന്റ് പടുവിൽ മൊയ്തീൻ അധ്യക്ഷനായി. ജില്ലാ പ്രസിഡന്റ് എം. മമ്മദ് ഹാജി, എം.പി.എ ബക്കർ മാസ്റ്റർ, മുഹമ്മദാലി ആലായൻ, യൂസഫ് എളയേടത്ത്, സുലൈമാൻ, അബൂബക്കർ മാസ്റ്റർ, മുഹമ്മദ്, കെ.പി.എ മജീദ്, വി.കെ അബൂട്ടി, ഇബ്രാഹീം ഹാജി, യൂസഫ് ഹാജി തുടങ്ങിയവർ സംബന്ധിച്ചു.

## പുള്ളിപ്പുലി സുഖംപ്രാപിച്ച് വരുന്നു

അഗളി: അട്ടപ്പാടി പുളിയപ്പതിയിൽ പരിക്കേറ്റ നിലയിൽ കണ്ടെത്തിയ പുള്ളിപ്പുലി സുഖംപ്രാപിച്ച് വരുന്നതായി വനം വകുപ്പ് അധികൃതർ അറിയിച്ചു. തീരെ അവശനിലയിൽ കണ്ടെത്തിയ പുലി ഇന്നലെ മുതൽ വെള്ളം കുടിച്ച് തുടങ്ങിയതായും ആരോഗ്യനില തൃപ്തികരമാണെന്നും അധികൃതർ അറിയിച്ചു. മുക്കാലി സൈലന്റ് വാലി വനംവകുപ്പ് ഓഫീസിനടുത്തേക്ക് മാറ്റിയ പുലിയെ പാലക്കാട്ട് നിന്നുള്ള ഫോറസ്റ്റ് വെറ്ററിനറി ഡോക്ടർമാരുടെ സംഘമാണ് ചികിത്സിക്കുന്നത്.





ഹബീബുള്ള പട്ടാമ്പി (പ്രസി), കുഞ്ഞിമുഹമ്മദ് കോട്ടോപ്പാടം (ജന.സെക്ര), ഷഹീൻ തച്ചമ്പാറ (ട്രഷറർ)

## ജിദ്ദാ കെ.എം.സി.സി ജില്ലാ ഭാരവാഹികൾ

പാലക്കാട്: ജിദ്ദാ പാലക്കാട് ജില്ല കെ.എം.സി.സിക്ക് പുതിയ കമ്മിറ്റി നിലവിൽ വന്നു. ഷറഫിയ്യ അൽറയാൻ ഓഡിറ്റോറിയത്തിൽ നടന്ന കൗൺസിൽ മീറ്റിൽ ജിദ്ദ കെ.എം.സി.സി സെൻട്രൽ കമ്മിറ്റി ജനറൽസെക്രട്ടറി വി.പി മുസ്തഫ റിട്ടേണിങ് ഓഫീസറായി തിരഞ്ഞെടുപ്പ് നിയന്ത്രിച്ചു.ജില്ലാ പ്രസിഡന്റ് ടി.പി ഷുഹൈബ് അധ്യക്ഷത വഹിച്ചു. സെൻട്രൽ കമ്മിറ്റി ട്രഷറർ അബ്ദുറഹിമാൻ വെള്ളിമാട്കുന്ന് ഉദ്ഘാടനം ചെയ്തു. സെക്രട്ടറിമാരായ ഇസ്ഹാഖ് പൂണ്ടോളി, അഷ്റഫ് താഴേക്കോട്,ഹുസൈൻ കരിങ്കറ, സക്കീർ നാലകത്ത് പ്രസംഗിച്ചു.ഭാരവാഹികൾ: ടി.പി ഷുഹൈബ് (ചെയർമാൻ), ഹബീബുള്ള പട്ടാമ്പി (പ്രസി), കുഞ്ഞിമുഹമ്മദ് കോട്ടോപ്പാടം (ജന.സെക്ര), ഷഹീൻ തച്ചമ്പാറ (ട്രഷറർ), സെക്രട്ടറി യൂസഫലി തിരുവേഗപ്പുറ (ഓർഗ.സെക്ര), അബ്ദുൾസലാം പട്ടാമ്പി, ഉമ്മർ തച്ചനാട്ടുകര, ഷൗക്കത്ത് ഷൊർണൂർ, ബഷീർ തൃത്താല (വൈസ് ചെയർ), മുഹമ്മദലി കാഞ്ഞിരപ്പുഴ, അബ്ദുല്ലകുട്ടി എടപ്പലം, ജലീൽ കാഞ്ഞിരപ്പുഴ, ഷാജി പാലക്കടവ്, റഷീദ് കൊമ്പം, ഇല്യാസ് പൂരമണ്ണിൽ (വൈ.പ്രസി), സലീം പാലോളി, സുഹൈൽ നാട്ടുകൽ, നിസാർ മണ്ണാർക്കാട്, സൈനുദ്ദീൻ തോട്ടശേരി, യാസിർ മാരായമംഗലം, മുഹമ്മദ് റഫീഖ് പാലക്കാട് (ജോ.സെക്ര). യോഗത്തിൽ സക്കീർ നാലകത്ത് സ്വാഗതവും ഷഹീൻ തച്ചമ്പാറ നന്ദിയും പറഞ്ഞു.

## അധ്യാപക ഒഴിവ്

മണ്ണാർക്കാട്: എം.ഇ.എസ് ഹയർ സെക്കന്ററി സ്കൂളിൽ ഹയർ സെക്കന്ററി വിഭാഗത്തിൽ (അൺഎയ്ഡഡ്) ഫിസിക്സ്, ഇംഗ്ലീഷ് എന്നീ വിഷയങ്ങളിൽ അധ്യാപക ഒഴിവുണ്ട്. യോഗ്യരായ ഉദ്യോഗാർഥികൾ 29നകം അപേക്ഷ സമർപ്പിക്കണം. വിവരങ്ങൾക്ക് - 9947 141661

●പാലക്കാട്: ചിറ്റൂർ ഗവ വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിൽ 202425 അധ്യയന വർഷത്തിൽ നോൺ വൊക്കേഷണൽ ടീച്ചർ ജി.എഫ്.സി (എം.കോം, ബി.എഡ്, സെറ്റ്), വൊക്കേഷണൽ ടീച്ചർ എഫ്.ടി.സി.പി (ബി.ടെക് ഇലക്ട്രോണിക്സ്) എന്നീ വിഷയങ്ങളിൽ താൽക്കാലിക ഒഴിവിലേക്ക് നിയമനം നടത്തുന്നു. താത്പര്യമുള്ളവർ 14ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ കൂടിക്കാഴ്ചക്ക് എത്തണമെന്ന് പ്രിൻസിപ്പാൾ അറിയിച്ചു.




ചാലിശ്ശേരിയിൽ യു.ഡി.എഫ് നടത്തിയ ആദരിക്കൽ ചടങ്ങ് കെ.പി.സി.സി നിർവാഹക സമിതി അംഗം സി.വി.ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

## വിജയികളെ ആദരിച്ചു

ചാലിശ്ശേരി: യു.ഡി.എഫ്. കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ്ടു വിജയികളെയും, മഞ്ഞുമ്മൽ ബോയ്സ് കലാസംവിധായകൻ അജയൻ ചാലിശ്ശേരിയേയും, ഹരിതകർമ്മ സേന പ്രവർത്തകർ, ആശാപ്രവർത്തകർ തുടങ്ങിയവരെയും ആദരിച്ചു . കെ.പി.സി.സി.നിർവാഹക സമിതി അംഗം സി.വി.ബാലചന്ദ്രൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് ക്ഷേമകാര്യ സ്ഥിരംസമിതി ചെയർപേഴ്സൺ നിഷ അജിത് കുമാർ അധ്യക്ഷത വഹിച്ചു. തൃത്താല നിയോജകമണ്ഡലം യു.ഡി.എഫ്.കൺവീനർ എസ്.എം.കെ.തങ്ങൾ മൊമെന്റോ വിതരണം നടത്തി. തൃത്താല നിയോജകമണ്ഡലം യു.ഡി.എഫ്. ചെയർമാൻ ടി.കെ സുനിൽകുമാർ, മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ് പി.വി ഉമ്മർ മൗലവി, എ.എം.ഷെഫീഖ്, കെ.എം ചന്ദ്രശേഖരൻ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.വി.സന്ധ്യ, പഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മിറ്റി ചെയർമാൻ ഹുസൈൻ പുലിയഞ്ഞാലിൽ, പഞ്ചായത്തംഗം വിജേഷ് കുട്ടൻ, പ്രദീപ് ചെറുവാശ്ശേരി,സലിം, റഷീദ് പണിക്കവീട്ടിൽ, സലിം തുറക്കൽ, പി.വി.അജിത്കുമാർ, ജസാർ തെക്കേക്കര തുടങ്ങിയവർ പ്രസംഗിച്ചു.

## കലക്ടറേറ്റ് സമരം ഇന്ന്

പുതുനഗരം: ഏകപക്ഷീയ അക്കാദമിക്ക് കലണ്ടർ പിൻവലിക്കുക, ജീവാനന്ദം പദ്ധതി ഉപേക്ഷിക്കുക, ക്ഷാമബത്ത, ശമ്പള പരിഷ്കരണ കുടിശ്ശിക ഉടൻ അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കേരള സ്കൂൾ ടീച്ചേഴ്സ് യൂണിയൻ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലുള്ള സമരം ഇന്ന് കലക്ടറേറ്റിന് മുന്നിൽ 3 മണിക്ക് ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് മരക്കാർ മാരായമംഗലം ഉദ്ഘാടനം ഉദ്ഘാടനം ചെയ്യും. കെ.എസ്.ടി.യു സംസ്ഥാന ഭാരവാഹികളായ സിദ്ദിഖ് പാറക്കോട്, ഇ.ആർ അലി, കാസിം ക്കുന്നത്ത്, സംസ്ഥാന സെക്രട്ടറിയേറ്റംഗം സി.ഖാലിദ്, കെ.എ മനാഫ്, സി.എച്ച് സുൽഫിക്കറലി എന്നിവർ പങ്കെടുക്കും.

## ഗവ. മെഡിക്കൽ കോളജിൽ ഒഴിവ്

കണ്ണൂർ: ഗവ.മെഡിക്കൽ കോളജിൽ സീനിയർ റസിഡന്റ്, ജൂനിയർ റസിഡന്റ് തസ്തികകളിൽ ഒഴിവുണ്ട്. 18 ന് രാവിലെ 11 ന് പ്രിൻസിപ്പൽ ഓഫീസിൽ അഭിമുഖം നടക്കും. ജനറൽ മെഡിസിൻ, എമർജൻസി മെഡിസിൻ, കാർഡിയോവാസ്കുലാർ ആന്റ് തൊറാസിക് സർജറി, റേഡിയോ ഡയഗ്നോസിസ്, റേഡിയോതെറാപ്പി, ഫോറൻസിക് മെഡിസിൻ, ഫാർമക്കോളജി വിഭാഗങ്ങളിലാണ് സീനിയർ റസിഡന്റിന്റെ ഒഴിവുള്ളത്. ഫോൺ: 0497 2808111.

## തണൽ സ്പെഷ്യൽ സ്കൂളിലേക്ക് പ്രവേശനം

കണ്ണൂർ: ഭിന്നശേഷി കുട്ടികൾക്ക് കണ്ണൂർ താണയിൽ ക്യാപിറ്റൽ മാളിൽ പ്രവർത്തിക്കുന്ന തണൽ ഏർലി ഇന്റെർവെൻഷൻ സെന്ററിലുള്ള പ്രിപ്പറേറ്ററി ക്ലാസുകളിലേക്ക് പ്രവേശനം ആരംഭിച്ചു.മൂന്ന് മുതൽ ആറ് വയസ് വരെ പ്രായമുള്ള കുട്ടികൾക്കാണ് പ്രവേശനം. മറ്റു കുട്ടികളോടൊപ്പം ജനറൽ സ്കൂളുകളിൽ പ്രവേശനം നേടാൻ പ്രാപ്തരാക്കുന്നതിന് സഹായകരമാകുന്ന വിധത്തിലാണ് പരിശീലനം.വിവരങ്ങൾക്ക് ബന്ധപ്പെടുക. 9947885666, 04973578005

## സൈക്കോളജിസ്റ്റ് ഒഴിവ്

കണ്ണൂർ: ജില്ലാ ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന ജില്ലാ മാനസികാരോഗ്യ പദ്ധതിയിൽ സൈക്യാട്രിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ് തസ്തികകളിൽ താൽക്കാലിക നിയമനത്തിനുള്ള അഭിമുഖം 19ന് രാവിലെ 11 ന് ജില്ലാ മെഡിക്കൽ ഓഫീസറുടെ (ആരോഗ്യം) ചേമ്പറിൽ നടക്കും.ഫോൺ: 0497 2734343.

# കണ്ണൂർ വാർത്തകൾ

# നേഴ്സിനെ ആക്രമിച്ച കേസിലെ പ്രതി പിടിയിൽ

ചെറുകുന്ന്: ചെറുകുന്ന് സെന്റ് മാർട്ടിൻ ഡിപോറസ് ആശുപത്രിയിൽ വനിതാ നഴ്സസിനെ ആക്രമിച്ച് രക്ഷപ്പെട്ട പ്രതി പൊലീസ് പിടിയിൽ.ചെറുകുന്ന് പൂങ്കാവ് സ്വദേശി ജിജിൽ ഫെലിക്സി(36)നെയാണ് കണ്ണൂർ എസിപി സിബി ടോമിന്റെ നിർദേശപ്രകാരം കണ്ണപുരം പൊലീസ് ഇൻസ്പെക്ടർ കെ സുഷീറും, കണ്ണൂർ ടൗൺ പൊലീസ് സ്വകാഡും ചേർന്ന് കൂത്തുപറമ്പിൽ നിന്ന് അറസ്റ്റ് ചെയ്തത്.

ജിജിൽ നിരവധി കേസുകളിലെ പ്രതിയാണ്. ശനിയാഴ്ചയാണ് കേസിനാസ്പദമായ സംഭവം.വൈകീട്ട് അഞ്ചരയോടെയാണ് കൈക്ക് മുറിവേറ്റ നിലയിൽ സുഹൃത്തുക്കളോടൊപ്പം യുവാവ് ആശുപത്രിയിലെത്തിയത്. ഇയാളുടെ കൈയുടെ മുറിവേറ്റ ഭാഗം കഴുകി വൃത്തിയാക്കുകയായിരുന്ന കാഷാലിറ്റിഡ്യൂട്ടിയിലുള്ള സ്റ്റാഫ് നഴ്സിനെ അസഭ്യവർഷത്തോടെ ഷൂധരിച്ച കാലുകൊണ്ട് കഴുത്തിന് ആഞ്ഞു ചവിട്ടുകയായിരുന്നു. ചവിട്ടേറ്റ് തെറിച്ചു വീണ നേഴ്സ് ബോധരഹിതയായി. കഴുത്തിന് സാരമായി പരിക്കേറ്റ ഇവരെ അടിയന്തര സ്കാനിങ്ങിന് വിധേയമാക്കി.ആക്രമണത്തിനുശഷം യുവാവ് കൂടുതൽ പ്രകോപിതനായി ഭീകരാന്തരീക്ഷം സൃഷ്ടിച്ചു.

തുടർന്ന് ആശുപത്രി അധികൃതർ കണ്ണപുരം പൊലീസിൽ വിവരമറിയിച്ചു.യുവാവിന് ചികിത്സ തുടരാൻ പറ്റാത്തതിനാൽ മറ്റ് ആശുപത്രിയിലേക്ക് മാറ്റാൻ പൊലീസിനോട് ആവശ്യപ്പെട്ടു.എന്നാൽ പൊലീസ് നോക്കിനിൽക്കെ ആശുപത്രിയിലേക്കന്ന വ്യാജേന സുഹൃത്തുക്കൾ ഇയാളെ കാറിൽ കയറ്റി രക്ഷപ്പെടുത്തുകയായിരുന്നുവെന്ന് ആശുപത്രി അധികൃതർ പറഞ്ഞു.അഡ്മിനിസ്ട്രേറ്റർ ജോസ്സയുടെ പരാതിയിൽ ആക്രമണം, അസഭ്യവർഷം, ആരോഗ്യ പ്രവർത്തകർക്കു നേരെയുള്ള കൈയേറ്റം തുടങ്ങിയ വകുപ്പുകൾ ചേർത്താണ് പ്രതിക്കെതിരെ കണ്ണപുരം പൊലീസ് കേസെടുത്തത്.



എം.ബി.ബി.എസ് പരീക്ഷയിൽ ഫസ്റ്റ് ക്ലാസ് നേടിയ വേറ്റുമ്മൽ സ്വദേശിനി ഡോ. ഫർഷ ശബിന് കതിരൂർ പഞ്ചായത്ത് മുസ്‌ലിംലീഗ് കമ്മിറ്റിയുടെ ഉപഹാരം മുസ്‌ലിം ലീഗ് ജില്ലാ കമ്മിറ്റി അംഗം ബഷീർ ചെറിയാണ്ടി കൈമാറുന്നു. നൂർ മുഹമ്മദ്, ദാവൂദ് കതിരൂർ, സമാൻ കതിരൂർ, ടി.കെ യൂസഫ്, ഇ.എ മജീദ്, സഫീർ പുതുക്കൂടി പങ്കെടുത്തു.



കോഴിക്കോട് മെഡിക്കൽ കോളജിൽ നിന്നു എം.ബി.ബി.എസ് പൂർത്തിയാക്കിയ ഫാത്തിമ ലുലുവിനുള്ള കണ്ണഞ്ചാൽ ശാഖാ മുസ്‌ലിം ലീഗ് ഉപഹാരം കോർപ്പറേഷൻ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ ഷമീമ ടീച്ചർ നൽകുന്നു. അശ്റഫ് ചിറ്റൂള്ളി, പി.പി ബീവി, ഡോ. ടി.പി അബ്ദുൽ ഖാദർ, കെ.കെ താജുദ്ദീൻ, നവാസ് കെ.എം, മുഫ്സിർ എം, അബ്ദുൽ സലാം വി.കെ, മുസ്തഫ വി.പി , ഹർഷാദ് വി.വി പങ്കെടുത്തു.

## കെ.എച്ച്.എസ്.ടി.യു അംഗത്വ കാമ്പയിന് തുടക്കം

കണ്ണൂർ: കേരളാ ഹയർസെക്കന്ററി ടീച്ചേഴ്സ് യൂണിയൻ അംഗത്വ കാമ്പയിൻ ഉദ്ഘാടനം മേയർ മുസ്‌ലിഹ് മഠത്തിൽ നിർവഹിച്ചു. ഹയർസെക്കന്ററി മേഖലയുടെ അനിവാര്യതയും പ്രാധാന്യവും ഉൾക്കൊള്ളാതെ തകർക്കാനുറച്ച് പ്രവർത്തിക്കുന്ന ഒരു സർക്കാറിനെ അതിൽ നിന്ന് പിന്തിരിപ്പിക്കാൻ ഹയർസെക്കന്ററി അധ്യാപക സമൂഹത്തിന് ബാധ്യതയുണ്ടെന്ന് അദ്ദേഹം ഓർമപ്പെടുത്തി. പി ഷമീർ, സി.വി.എൻ യാസറ, എസ്.കെ ആബിദ, കെ ഇസ്മയിൽ, പി ബഷീർ, കെ സക്കരിയ, മുഹമ്മദ് കട്ടിൽ, ഇ.പി അബ്ദുൽ ഗഫൂർ, എം ലത്തീഫ്, എസ്.കെ ബഷീർ, ഫൈസൽ ചക്കരക്കൽ, ഇ മുഹമ്മദ് നവാസ്, വി.വി ഉസ്മാൻ, ഒ.പി സാലിം, മുഹമ്മദ് സയീദ് പങ്കെടുത്തു.




*കേരള ഹയർസെക്കന്ററി ടീച്ചേഴ്സ് യൂണിയൻ അംഗത്വ കാമ്പയിൻ ഉദ്ഘാടനം മേയർ മുസ്‌ലിഹ് മഠത്തിൽ നിർവഹിക്കുന്നു*

## മർദ്ദനക്കേസിൽ പ്രതികൾക്ക് തടവും പിഴയും

തലശ്ശേരി: അപകടകരമാംവിധം ബൈക്ക് ഓടിച്ചത് ചോദ്യ ചെയ്തതിന് മരവടികൊണ്ടും കൈകൊണ്ടും അടിച്ചു പരിക്കേൽപ്പിച്ചെന്ന കേസിൽ പ്രതികൾക്ക് തടവും പിഴയും. മൊകേരിയിലെ മൂക്കന്റവിടെ എ. അനൂപാണ് പരാതിക്കാരൻ. മൊകേരിയിലെ സഹ്റ സ്കൂളിന് സമീപം വെച്ച് 2013 ജനുവരി 16 നാണ് കേസിനാസ്പദമായ സംഭവം. തങ്ങൾ പീടിക സുഹറ മൻസിലിൽ ജുനൈദ്, വലിയ പറമ്പത്ത് ഹൗസിൽ ഉനൈസ് എന്നിവരാണ് കേസിലെ പ്രതികൾ.

അനൂപിനെ തടഞ്ഞുനിർത്തി മരവടികൊണ്ട് തലയ്ക്കടിക്കുകയും കൈകൊണ്ട് അടിച്ചും ചവിട്ടിയും പരിക്കേൽപ്പിച്ചെന്നാണ് കേസ്. രണ്ട് വർഷം തടവിനും നാലായിരം രൂപ പിഴയടക്കാനുമാണ് തലശ്ശേരി അഡീഷണൽ അസിസ്റ്റന്റ് സെഷൻസ് ജഡ്ജി എം.ശ്രുതി ഉത്തരവിട്ടത്. പ്രോസിക്യൂഷനുവേണ്ടി അഡീഷണൽ പബ്ലിക് പ്രോസിക്യൂട്ടർ സി. പ്രകാശൻ ഹാജരായി.

## പിലാത്തറയിലെ തമ്മിലടി, ഏഴു പേർക്കെതിരെ കേസ്

പിലാത്തറ: പിലാത്തറ ബസ് സ്റ്റാന്റിൽ സ്വകാര്യ ബസ് തൊഴിലാളികൾ തമ്മിലടിച്ച് രണ്ട് പേർക്ക് പരിക്ക് പറ്റിയ സംഭവത്തിൽ ഏഴ് പേർക്കെതിരെ പൊലീസ് കേസെടുത്തു. സമയത്തെ ചൊല്ലി പിലാത്തറ മാതമംഗലം റൂട്ടിലുള്ള രണ്ട് സ്വകാര്യ ബസ് തൊഴിലാളികൾ തമ്മിലാണ് സംഘർഷം ഉണ്ടായത്. കൂത്തമ്പലം സ്വദേശി മുഹമ്മദ് റാഫി (38)യെ മർദിച്ച കേസിൽ ജിനു, ജിതേഷ്,റോയി,ശ്രീകാന്ത് എന്നിവർക്കെതിരേയും വിനു ജേക്കബ്(38) മർദിച്ച കേസിൽ ഉണ്ണി,മുനീർ, മുഹമ്മദ് റാഫി എന്നിവർക്കെതിരേയുമാണ് പരിയാരം പൊലീസ് കേസെടുത്തത്.

## സൗജന്യ കേൾവി പരിശോധനാ കേമ്പ്

കണ്ണൂർ: കണ്ണൂരിലെ വിആർ മെഡിക്കൽ സെന്ററിന്റെ ആഭിമുഖ്യത്തിൽ 13മുതൽ 21 വരെ സൗജന്യ കേൾവി പരിശോധന കേമ്പ് നടത്തും. കണ്ണൂർ ഫോർട്ട് റോഡിലെ ഇമാദ് ടവറിൽ നടക്കുന്ന കേമ്പിൽ പങ്കെടുക്കാൻ 0497 2981234, 8078333444 നമ്പറിൽ റജിസ്റ്റർ ചെയ്യണം.

## തെങ്ങിൻ തൈ വിതരണം

പഴയങ്ങാടി: മാട്ടൂൽ കൃഷിഭവനിൽ സബ്സിഡി നിരക്കിൽ നല്ല ഇനം ഡബ്ല്യു സി ടി തെങ്ങിൻ തൈകൾ വിതരണത്തിന് എത്തിയിട്ടുണ്ട്. ആവശ്യമുള്ളവർ കൃഷി ഭവനുമായി ബന്ധപ്പെടണം.

## കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗ. വാർഷിക സമ്മേളനം ഇന്ന്

കണ്ണൂർ:കണ്ണൂർ യൂണിവേഴ്സിറ്റി സ്റ്റാഫ് ഓർഗനൈസേഷൻ 24-ാം വാർഷിക സമ്മേളനം ഇന്ന് രാവിലെ 10ന് താവക്കര ക്യാമ്പസിൽ കെപിസിസി ഡിജിറ്റൽ മീഡിയ കൺവീനർ ഡോ.പി. സരിൻ ഉദ്ഘാടനം ചെയ്യും. പ്രതിനിധി സമ്മേളനം ഡിസിസി പ്രസിഡന്റ് അഡ്വ.മാർട്ടിൻ ജോർജ് ഉദ്ഘാടനം ചെയ്യും.

## വഖഫ് ബോർഡ് സിറ്റിങ് 13ന്

കണ്ണൂർ: സംസ്ഥാന വഖഫ് ബോർഡ് ജുഡീഷ്യൽ സിറ്റിംഗ് 13 ന് കണ്ണൂർ ബെല്ലാർഡ് റോഡിലെ റെയിൻബോ സ്യൂട്ടിൽ നടക്കുമെന്ന് കണ്ണൂർ ഡിവിഷണൽ ഓഫീസർ അറിയിച്ചു.

## പ്രത്യേക ഒ പി

കണ്ണൂർ: പരിയാരം ഗവ.ആയുർവേദ കോളജ് ആശുപത്രിയിൽ രോഗനിദാന വിഭാഗത്തിന്റെ പ്രത്യേക ഒപിയിൽ ദഹന സംബന്ധമായ പ്രശ്നങ്ങൾ, വയർ വീർപ്പ്, വിശപ്പില്ലായ്മ, മലബന്ധം, ഗ്യാസ് ട്രബിൾ എന്നിവക്ക് ഗവേഷണാടിസ്ഥാനത്തിലുള്ള പരിശോധനയും സൗജന്യ ചികിത്സയും ലഭിക്കും. ഫോൺ: 9747181263.

## അധ്യാപക പരിശീലനം

കണ്ണൂർ: കെൽട്രോൺ നടത്തുന്ന മോണ്ടിസ്സോറി അധ്യാപക പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്ക് വനിതകളിൽ നിന്നു അപേക്ഷ ക്ഷണിച്ചു.ഫോൺ: 9072592412, 9072592416.

## വൈദ്യുതി മുടങ്ങും

കണ്ണൂർ: ചൊവ്വ ഇലക്ട്രിക്കൽ സെക്ഷനിലെ പ്ലാസ്റ്റിക്,എച്ച് ടി മാനുമാറ്റിക് നിസാൻ, ചാല 12 കണ്ടി, നിഷ റോഡ്, എ വൺ കോള എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ ഇന്ന് രാവിലെ ഒമ്പത് മുതൽ ഉച്ചക്ക് ഒരു വരെ
ഏച്ചൂർ ഇലക്ട്രിക്കൽ സെക്ഷനിലെ നുച്ചിലോട്, നമ്പ്യാർ പീടിക, മാച്ചേരി സ്കൂൾ എന്നീ ട്രാൻസ്ഫോർമർ പരിധിയിൽ രാവിലെ 9.30 മുതൽ ഉച്ചക്ക് രണ്ട് വരെ

## സൗജന്യ മുഖവൈകല്യ ശസ്ത്രക്രിയ

പിലാത്തറ:ഹോപ്പ് ചാരിറ്റബിൾ ട്രസ്റ്റ് പത്തനംതിട്ട മാലക്കര സെന്റ് തോമസ് ആശുപത്രിയുമായി സഹകരിച്ച് 29ന് പിലാത്തറ ഹോപ്പ് വില്ലേജിൽ സൗജന്യ മുഖവൈകല്യ ശസ്ത്രക്രിയ കേമ്പ് നടത്തുന്നു. ആശുപത്രി ചെലവും മരുന്നും യാത്ര ചെലവും സൗജന്യമായിരിക്കും. താൽപര്യമുള്ളവർ ബന്ധപ്പടുക. ഫോൺ.9605398889,9605798889

# കാമ്പയിൻ വിജയമാക്കാൻ വിപുലമായ ഒരുക്കങ്ങൾ




*ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് തളിപ്പറമ്പ് മേഖലാ യോഗം മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം കുട്ടി തിരുവട്ടൂർ ഉദ്ഘാടനം ചെയ്യുന്നു*

തളിപ്പറമ്പ്: ചന്ദ്രിക സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി തളിപ്പറമ്പ് മണ്ഡലത്തിൽ പ്രവർത്തനങ്ങൾ ഊർജിതമായി. കൊളച്ചേരി, തളിപ്പറമ്പ് എന്നീ രണ്ട് മേഖലകളായാണ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. മേഖലാതല യോഗം മുസ്‌ലിം ലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹീംകുട്ടി തിരുവട്ടൂർ ഉദ്ഘാടനം ചെയ്തു.സിപിവി അബ്ദുല്ല അധ്യക്ഷനായി. കൊടിപ്പൊയിൽ മുസ്തഫ, ടിവി അസൈനാർ മാസ്റ്റർ, സമദ് കടമ്പേരി, അഹമ്മദ് തേർളായി, കെ മുസ്തഫ ഹാജി, ഷുക്കൂർ പരിയാരം, നൗഷാദ് പുതുക്കണ്ടം, അബ്ദുല്ല ഹാജി കുപ്പം, കെ മുഹമ്മദ് ബഷീർ, ഉനൈസ് എരുവാട്ടി, ടികെ ആരിഫ്, കബീർ ബക്കളം, എ മുസ്തഫ ഹാജി സംസാരിച്ചു. അലി മംഗര, ഷൗക്കത്തലി പൂമംഗലം, അബ്ദുൽ ലത്തീഫ് ഹാജി, നാസർ പന്നിയൂർ, എംഎ ഇബ്രാഹിം, ബഷീർ പൊയിൽ, പി.സി.എം അഷ്റഫ്, എം അഹമ്മദ്, സിപി അബ്ദുൽ ബഷീർ, വി മുസ്തഫ, സലാം മാസ്റ്റർ, പിപി അഷ്റഫ് പങ്കെടുത്തു.

മട്ടന്നൂർ: ചന്ദ്രിക കാമ്പയിൻ വിജയിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടിപ്പിച്ച മുനിസിപ്പൽ മുസ്‌ലിം ലീഗ് കൺവൻഷൻ ജില്ലാ സെക്രട്ടറി അൻസാരി തില്ലങ്കേരി ഉദ്ഘാടനം ചെയ്തു. റഫീഖ് ബാവോട്ട്പാറ അധ്യക്ഷനായി. പികെ കുട്ട്യാലി, കെകെ കുഞ്ഞമ്മദ്, വിഎൻ മുഹമ്മദ്, മുനീർ ആറളം സംസാരിച്ചു. പി മർസൂഖ്, ഇ ബഷീർ, ഷറഫുദ്ദീൻ കളറോഡ്, ഷുക്കൂർ ആലമ്പത്ത്, കൗവ്വൽ മജീദ്, ഹാഷിം കോളിക്കൽ, ഉസ്മാൻ നാലാങ്കേരി, സിഎച്ച് അബ്ദുൽ ഖാദർ, ആബൂട്ടി കയനി, നൗഫൽ മാറോട്ടിക്കൽ, നിസാർ പഴശ്ശി, ഇപി ലത്തീഫ് പങ്കെടുത്തു.

മട്ടന്നൂർ: 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കീഴല്ലൂർ പഞ്ചായത്ത് കൺവൻഷൻ മണ്ഡലം ലീഗ് വൈസ് പ്രസിഡന്റ് യഹ്ക്കൂബ് എളമ്പാറ ഉദ്ഘാടനം ചെയ്തു. പികെസി മുഹമ്മദ് അധ്യക്ഷനായി. അബ്ദുൽ ജലീൽ എളമ്പാറ, ഷബീർ എടയന്നൂർ, റഫീഖ് എടയന്നൂർ, സിറാജ് വി.കെ, അനസ്, റസാഖ് പാലയോട്, ഷഫീർ എടയന്നൂർ സംസാരിച്ചു.

മുണ്ടേരി:'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' മുണ്ടേരി പഞ്ചായത്ത് കൺവൻഷൻ പ്രസിഡന്റ് പി.സി കുഞ്ഞിമുഹമ്മദ് ഹാജിയുടെ അധ്യക്ഷതയിൽ ചന്ദ്രിക കാമ്പയിൻ മണ്ഡലം കൺവീനർ ടി.കെ നൗഷാദ് ഉദ്ഘാടനം ചെയ്തു. ജില്ലാ ലീഗ് സെക്രട്ടറി അഡ്വ.എം.പി മുഹമ്മദലി, മണ്ഡലം ട്രഷറർ പി.സി അഹമ്മദ്കുട്ടി, വൈസ് പ്രസിഡന്റ് കെ.പി സലാം, ജനറൽ സെക്രട്ടറി ഹാരിസ് കെ. പടന്നോട്ട്, മുഹമ്മദ് മുണ്ടേരി, ഖാദർ മുണ്ടേരി, അശ്റഫ് കാഞ്ഞിരോട്, സി.പി ഷക്കീർ, പി.പി മുഹമ്മദലി, സി.വി മുസ്തഫ, എം.വി മുസ്തഫ, കെ. മശ്ഹൂദ്, കെ.വി കബീർ, പി.കെ അബ്ദുൽ നിസാർ, പി.സി മുഹമ്മദ് ഷബീർ, പി.സി ഇബ്രാഹിം, പി.സുബൈർ, എം.പി.എം അശ്റഫ്, ടി.പി ഹാഷിം, നിബ്രാസ് എൻ.എം, സവാദ് പി.കെ, സി.വി മൊയ്തു, പി.സി അഫ്‌ലഹ് സംസാരിച്ചു.



### കല്ല്യാശ്ശേരി

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കല്ല്യാശ്ശേരി പഞ്ചായത്ത് തല ഉദ്ഘാടനം കെ.പി ട്രേഡേഴ്സ് ഉടമ കെ.പി മുസ്തഫയെ വരിക്കാരനാക്കി മുസ്‌ലിം ലീഗ് കല്ല്യാശ്ശേരി മണ്ഡലം വൈസ് പ്രസിഡന്റ് പി.കെ.പി മുഹമ്മദ് അസ്‌ലം നിർവഹിക്കുന്നു. കെ.പി അബ്ദുൽ ഹക്കീം ഹാജി, പി.കെ.പി ഹാരിസ്, എം മുബാരിസ്, സി.പി തസ്‌ലീം, എം മുഫീദ് പങ്കെടുത്തു.




### ചിറ്റാരിപ്പറമ്പ്

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ചിറ്റാരിപ്പറമ്പ് പഞ്ചായത്ത്തല ഉദ്ഘാടനം ചിറ്റാരിപ്പറമ്പ് ശാഖാ ട്രഷറർ സികെ അസ്സു ഹാജിയെ വരിക്കാരനായി ചേർത്ത് മണ്ഡലം ലീഗ് സെക്രട്ടറി കെകെ റഫീഖ് ഉദ്ഘാടനം ചെയ്യുന്നു. ആക്റ്റിംഗ് പ്രസിഡന്റ് ടിഎൻ ഹുസൈൻ അധ്യക്ഷനായി. പഞ്ചായത്ത് ജനറൽ സെക്രട്ടറി എടിസി റാജ്, എൻവി മമ്മൂട്ടി, ഈസ കെ, സദ്ദാം സംസാരിച്ചു.



### ചിറക്കൽ

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' ചിറക്കൽ പഞ്ചായത്ത് തല ഉദ്ഘാടനം കാട്ടാമ്പള്ളിയിലെ എം.പി.കെ ബിൽഡേഴ്സ് എംഡി എം.ഫൈസലിനെ വരിക്കാരനായി ചേർത്ത് പഞ്ചായത്ത് ലീഗ് പ്രസിഡന്റ് സി അഷറഫ് ഹാജി നിർവഹിക്കുന്നു.ജനറൽ സെക്രട്ടറി പി.മഹമൂദ് ഹാജി, മണ്ഡലം പ്രചാരണ സമിതിയംഗം ജലാലുദ്ദീൻ അറഫാത്ത്, സെക്രട്ടറി സിദ്ദീഖ് പുന്നക്കൽ, ജില്ലാ കമ്മിറ്റിയംഗം കെ.വി ഹാരീസ്, പഞ്ചായത്ത് പ്രചാരണ സമിതിയംഗം എം.മജീദ് പങ്കെടുത്തു.



### കൂടാളി

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കൂടാളി പഞ്ചായത്ത് തല ഉദ്ഘാടനം കെടി മൂസാൻ ഹാജിയെ വരിക്കാരനായി ചേർത്ത് മണ്ഡലം ലീഗ് ട്രഷറർ മുസ്തഫ ചൂര്യോട്ട് ഉദ്ഘാടനം ചെയ്യുന്നു. ചന്ദ്രിക മണ്ഡലം കൺവീനർ യാക്കൂബ് എളമ്പാറ, വാർഡ് മെമ്പർ കെപി മുഹമ്മദ് അഷ്റഫ്, മുസ്തഫ അലി, ജബ്ബാർ സിഎച്ച്, സിവി അസീസ്, കെപി മൊയ്തീൻ, മുസ്തഫ അമാനി, കെപി ലത്തീഫ്, കെപി മജീദ്, എപി മായിൻകുട്ടി, അഫ്സൽ റഹ്മാൻ,സഹദ് പങ്കെടുത്തു.



### എളയാവൂർ മേഖല

'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' എളയാവൂർ മേഖലാതല ഉദ്ഘാടനം മഹിളാ കോൺഗ്രസ് ജില്ലാ പ്രസിഡന്റ് ശ്രീജ മഠത്തിലിനെ വരിക്കാരിയാക്കി മുസ്‌ലിം ലീഗ് മണ്ഡലം വൈസ് പ്രസിഡന്റ് കോളേക്കര മുസ്തഫ നിർവഹിക്കുന്നു. മേഖല പ്രസിഡന്റ് പി.കെ മുഹമ്മദ് തയ്യിബ്, ജനറൽ സെക്രട്ടറി അരീക്കര അബുഞ്ഞി, ട്രഷറർ കെ.പി നൗഷാദ്, ചന്ദ്രിക പഞ്ചായത്ത് കോഓർഡിനേറ്റർ പി.കെ.സി ഇബ്രാഹിം ഹാജി, ടി.പി അബ്ദുൽ ഖാദർ ഹാജി, പി.കെ മഹ്റൂഫ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' വേശാല ശാഖാതല ഉദ്ഘാടനം ബഹ്റൈൻ കെ.എം.സി.സി സെൻട്രൽ കൗൺസിൽ അംഗം എപി അബ്ദുൽ അസീസിനെ വരിക്കാരനായി ചേർത്ത് ശാഖാ ലീഗ് പ്രസിഡന്റ് സി അലവി ഹാജി നിർവഹിക്കുന്നു.തളിപ്പറമ്പ് മണ്ഡലം യൂത്ത് ലീഗ് സെക്രട്ടറി പി കെ ശംസുദ്ദീൻ, പഞ്ചായത്ത് ലീഗ് സെക്രട്ടറി ഹാഷിം ഇളമ്പയിൽ, മണ്ഡലം എംഎസ്എഫ് സെക്രട്ടറി എൻവി അഷ്ക്കർ, ശാഖാ ലീഗ് ജനറൽ സെക്രട്ടറി കെപി അബ്ദുൽ ജബ്ബാർ, പികെ ഇബ്രാഹിം, ഇ ശിഹാബുദ്ദീൻ, കെവി മുഹമ്മദലി, എൻവി മുഹമ്മദ് ശരീഫ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' പൊന്ന്യം പാലം പിഎം മുക്ക് ശാഖാതല ഉദ്ഘാടനം ഇസ്മായിൽ കളത്തിലിനെ വരിക്കാരനായി ചേർത്ത് ജനറൽ സെക്രട്ടറി റഫീഖ് പാറയിൽ നിർവഹിക്കുന്നു.പ്രവർത്തക സമിതിയോഗം വൈസ് പ്രസിഡന്റ് എംപി അഷ്റഫിന്റെ അധ്യക്ഷതയിൽ പന്ന്യന്നൂർ പഞ്ചായത്ത് ലീഗ് ജനറൽ സെക്രട്ടറി കാവിൽ മഹമൂദ് ഉദ്ഘാടനം ചെയ്തു. ജാഫർ ചമ്പാട്, പിവി സുലൈമാൻ, പിഎം മുസ്തഫ, ആർപി അഹമ്മദ്, അബ്ദുല്ല പുന്നോൽ പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' മാടായി 17ാംവാർഡ് ചൂട്ടാട് പുതിയവളപ്പിൽ കെ.എം ഹംസയെ വരിക്കാരനാക്കി വാർഡ് കമ്മിറ്റി പ്രസിഡന്റ് കെ.എം മുജീബ് റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു. വൈസ് പ്രസിഡന്റ് എം.എം അബ്ദുൽ ഷുക്കൂർ യൂത്ത് ലീഗ് സെകട്ടറിമാരായ എൻ.കെ അഷ്ഫാക്ക്, ഫർഹാൻ, ട്രഷറർ ജുനൈദ്, വൈസ് പ്രസിഡന്റ് മുഹമ്മദ് കുഞ്ഞി, സി.എച്ച് റഫീഖ്, കെ.എം മുഹമ്മദ്, വി.കെ ഇസ്മായിൽ, കെ.എം മഷ്ഹൂദ് പങ്കെടുത്തു.



'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' നരയമ്പാറ ശാഖാ തല ഉദ്ഘാടനം ദുബൈ കെഎംസിസി പേരാവൂർ മണ്ഡലം പ്രസിഡന്റ് നൗഷാദ് പാനേരിയെ വരിക്കാരനാക്കി ചേർത്ത് ശാഖാ പ്രസിഡന്റ് ബഷീർ ഹാജി നിർവഹിക്കുന്നു. എം. ഗഫൂർ, അസ്ക്കർ ഹാജി, അഷ്റഫ് കാറാട്, പി നാസർ, പിവി നസീർ, ബഷീർ പാനേരി പങ്കെടുത്തു.



തണ്ടപ്പുറത്ത് 'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' കീച്ചേരി അബ്ദുൽ ഗഫൂർ മൗലവിയെ വരിക്കാരനാക്കി കുറ്റ്യാട്ടൂർ പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് എ. അബ്ദുൽ ഖാദർ മൗലവി നിർവഹിക്കുന്നു. വാർഡ് മെമ്പർ കെ.കെ.എം ബഷീർ മാസ്റ്റർ, വാർഡ് ലീഗ് പ്രസിഡന്റ് എം.കെ ഹഫീൽ, ജനറൽ സെക്രട്ടറി ഫായിസ് എം, ട്രഷറർ പി. സത്താർ, സെക്രട്ടറി കെ.ടി മുഹമ്മദലി, പി.പി നിയാസ് പങ്കെടുത്തു.




'ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ്' മെരുവമ്പായി ശാഖാ തല ഉദ്ഘാടനം ഖമീസ് മുഷൈത്ത് കെഎംസിസി ഭാരവാഹി മുഹമ്മദ് കൊട്ടാരത്തിനെ വരിക്കാരനായി ചേർത്ത് പഞ്ചായത്ത് ലീഗ് പ്രസിഡന്റ് പിഎം കുഞ്ഞാലി നിർവഹിക്കുന്നു. ഇബ്രാഹിം പഞ്ചാര, നൗഫൽ മാസ്റ്റർ, സികെ അബ്ദുറഹിമാൻ, അഷറഫ് കൈതേരി, റാഫി എംഎൻ, അഷറഫ്, കാദർ എംസി, മുഹമ്മദ്, അബ്ദുല്ല , മുഹമ്മദലി പങ്കെടുത്തു.

## കൊവ്വൽ ജംഗ്ഷനിൽ ഗതാഗത നിയന്ത്രണം

കാസർകോട്: ദേശീയപാത നിർമാണത്തിന്റെ ഭാഗമായി ചെറുവത്തൂർ വില്ലേജിൽ കൊവ്വൽ ജംഗ്ഷനു സമീപം ഡ്രയിനേജ് നിർമിക്കുന്നതിനാൽ ജൂൺ 12ന് രാവിലെ 10 മുതൽ ജൂൺ 13ന് രാവിലെ ആറുവരെ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തിയതായി ജില്ലാ കലക്ടർ അറിയിച്ചു. ഈദിവസങ്ങളിൽ ബസ്, ചെറിയ വാഹനങ്ങൾ എന്നിവ നീലേശ്വരം കോട്ടപ്പുറം റോഡ് വഴി വഴിതിരിച്ചും പോകണം. റോഡ് ഗതാഗതം പൂർത്തിയാക്കുന്നതു വരെ വലിയ വാഹനങ്ങൾ തെക്കുഭാഗത്ത് കാലിക്കടവിന് മുമ്പായും വടക്കുഭാഗത്ത് പടന്നക്കാടിന് മുമ്പായും ബ്ലോക്ക് ചെയ്ത് നിർത്തിയിടണം. ക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് പൊലീസിനും മോട്ടോർ വാഹന വകുപ്പിനും കലക്ടർ നിർദ്ദേശം നൽകി. ഡ്രയിനേജ് പ്രവൃത്തി കരാർ കമ്പനി സമയബന്ധിതമായി പൂർത്തിയാക്കണം.

## മുസ്‌ലിം ലീഗ് മഞ്ചേശ്വരം മണ്ഡലം നേതൃയോഗവും രാജ്മോഹൻ ഉണ്ണിത്താന് സ്വീകരണവും ഇന്ന്

ഉപ്പള: മുസ്‌ലിം ലീഗ് മഞ്ചേശ്വരം നിയോജക മണ്ഡലം പ്രവർത്തക സമിതി അംഗങ്ങൾ, പഞ്ചായത്ത് ഭാരവാഹികൾ, പോഷക സംഘടന മണ്ഡലം ഭാരവാഹികൾ, മേൽക്കമ്മിറ്റി ഭാരവാഹികൾ, മുസ്‌ലിം ലീഗ് ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ എന്നിവരുടെ സംയുക്ത നേതൃയോഗവും രാജ്മോഹൻ ഉണ്ണിത്താൻ എം.പിക്ക് സ്വീകരണവും ഇന്ന് ഉച്ചയ്ക്ക് രണ്ടു മണിക്ക് ഉപ്പള സി.എച്ച് സൗധത്തിൽ നടക്കും. ജില്ലാ ഭാരവാഹികളടക്കം നേതാക്കൾ സംബന്ധിക്കുമെന്ന് പ്രസിഡന്റ് അസീസ് മരിക്കെ, ജനറൽ സെക്രട്ടറി എ.കെ ആരിഫ് അറിയിച്ചു.

# കാസർകോട് വാർത്തകൾ

## സംഘർഷം തടയാനെത്തിയ എസ്.ഐയുടെ ലാത്തിയിൽ പിടിച്ചുവലിച്ചു; യുവാവ് അറസ്റ്റിൽ

ബേഡകം: ബീവറേജ് ഔട്ട്‌ലൈറ്റിന് സമീപമുണ്ടായ സംഘർഷം തടയാനെത്തിയ എസ്.ഐയുടെ ലാത്തിയിൽ പിടിച്ചുവലിക്കുകയും കൃത്യനിർവഹണം തടസപ്പെടുത്തുകയും ചെയ്തു. സംഭവത്തിൽ കേസെടുത്ത പൊലീസ് പ്രതിയായ യുവാവിനെ അറസ്റ്റു ചെയ്തു. കൊളത്തൂർ കരക്കയടുക്കം ഹൗസിൽ പ്രണവ് മോഹനെ(24) യാണ് ബേഡകം പൊലീസ് അറസ്റ്റ് ചെയ്തത്. പെർളടുക്കത്തെ ബിവറേജ് ഔട്ട്‌ലൈറ്റിന് മുന്നിൽ ഇരുവിഭാഗം ആളുകൾ തമ്മിൽ സംഘർഷത്തിലേർപ്പെടുന്ന വിവരമറിഞ്ഞ് ബേഡകം എസ്.ഐ എം. അരവിന്ദന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം സ്ഥലത്തെത്തിയിരുന്നു. സംഘർഷത്തിലേർപ്പെട്ട സംഘത്തിൽപ്പെട്ടവർ പൊലീസിനെ തടഞ്ഞു. സീനിയർ സിവിൽ പൊലീസ് ഓഫീസറായ രാജേഷിനെ പിടിച്ചുതള്ളുന്നത് തടയാൻ ചെന്ന എസ്.ഐയുടെ ലാത്തിയിൽ പ്രണവ് പിടിച്ചുവലിക്കുകയും കൃത്യനിർവഹണം തടസപ്പെടുത്തുകയും ചെയ്തെന്നാണ് കേസ്. എ.എസ്.ഐ രമേശൻ, സീനിയർ സിവിൽ പൊലീസ് ഓഫീസർ സനീഷ് എന്നിവർ ബലം പ്രയോഗിച്ച് പ്രണവിനെ പിന്തിരിപ്പിക്കുകയായിരുന്നു.

## നീലേശ്വരത്ത് പട്ടാപ്പകൽ മോഷണം; സ്വർണം കവർന്നു

നീലേശ്വരം: പള്ളിക്കരയിൽ പട്ടാപ്പകൽ മോഷണം. സെന്റ് ആൻസ് എ.യു.പി സ്കൂളിന് സമീപം കച്ചവടം നടത്തുന്ന മേലത്ത് സുകുമാരന്റെ വീട്ടിലാണ് മോഷണം നടന്നത്. ഇന്നലെ ഉച്ചയ്ക്ക് രണ്ടു മണിയോടെയാണ് സംഭവം. സുകുമാരന്റെ ഭാര്യ ഉച്ചയ്ക്ക് കടയിലേക്ക് ഭർത്താവിനുള്ള ഭക്ഷണവുമായി പോയി തിരിച്ചെത്തിയ നേരത്തിനിടെയായിരുന്നു കവർച്ച. അഞ്ചു പവൻ സ്വർണമാലയാണ് നഷ്ടപ്പെട്ടത്. കടയിൽ നിന്ന് തിരിച്ചെത്തിയ ശേഷം അയൽപക്കത്തെ വീട്ടമ്മയുമായി സംസാരിച്ചിരിക്കെ അടുക്കള ഭാഗത്തെ ഗ്രിൽസിന്റെ വാതിൽ തള്ളിത്തുറന്ന് തൊട്ടടുത്ത പറമ്പിന്റെ മതിലും ചാടി കള്ളൻ ഓടി മറയുകയായിരുന്നു. നീലേശ്വരം പൊലീസ് സ്ഥലത്തെത്തി അന്വേഷണം തുടങ്ങി.

## നിലവിളി ശബ്ദംകേട്ട് അരയി പുഴയിൽ ഫയർഫോഴ്സ് തിരച്ചിൽ നടത്തി

കാഞ്ഞങ്ങാട്: അരയി പുഴയിൽ ഒരാൾ വീണതായി സംശയത്തെ തുടർന്ന് നാട്ടുകാരും സ്ഥലത്തെത്തി ഫയർഫോഴ്സും തിരച്ചിൽ നടത്തി. ഇന്നലെ വൈകിട്ടാണ് സംഭവം. അരയി കാർത്തിക പുഴയുടെ പടിഞ്ഞാറ് ഭാഗം കല്ലൂർതഴ എന്ന സ്ഥലത്ത് നിന്നും ഒരാളുടെ നിലവിളി കേട്ടത്. തുടർന്ന് നാട്ടുകാർ തിരച്ചിൽ നടത്തി. ആ ളെ കണ്ടെത്താനാവാത്തതിനെ തുടർന്ന് ഫയർ ഫോഴ്സും പുഴയുടെ ഓരങ്ങളിലും വെള്ളം കയറിയ വയലിലും തിരച്ചിൽ നടത്തിയെങ്കിലും ആരെയും കണ്ടെത്താനായില്ല.

## ലോക് അദാലത്ത്; 169 കേസുകൾ ഒത്തുതീർപ്പായി

കാസർകോട്: ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ നേതൃത്വത്തിൽ രണ്ടാമത്തെ നാഷണൽ ലോക അദാലത്ത് കാസർകോട് കോടതി സമുച്ചയത്തിൽ നടന്നു. അദാലത്തിൽ 101 മോട്ടോർ ആക്സിഡന്റ് ക്രൈം കേസുകൾ 2,64,54,694 രൂപയ്ക്ക് ഒത്തുതീർപ്പായി. വിവിധ ക്രിമിനൽ കോടതികളിൽ നിലവിലുള്ള 169 കേസ്സുകൾ 4,59,602 രൂപ ഫൈൻ ഒടുക്കി ഒത്തുതീർപ്പാക്കി. 12 ബാങ്ക് റിക്കവറി കേസുകൾ 10,35000 രൂപയ്ക്കും 24 ആടചഘ കേസുകൾ 21,366 രൂപയ്ക്കും കോടതിയിൽ നിലവിലുള്ള രണ്ടു ബാങ്ക് റിക്കവറി കേസുകൾ 41,00,000 രൂപയ്ക്കും നാലു പ്രീലിറ്റിഗേഷൻ പരാതികളും ഒത്തു തീർപ്പായി. കാസർകോട് ജില്ലാ പ്രിൻസിപ്പൽ ജില്ലാ ജഡ്ജിയും ചെയർമാനുമായ സാനു എസ് പണിക്കർ, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി (സിവിൽ ജഡ്ജ് സീനിയർ ഡിവിഷൻ) മറിയം സലോമി, അഡിഷണൽ ജില്ലാ ജഡ്ജിയും താലൂക്ക് ലിഗൽ സർവീസസ് കമ്മിറ്റി ചെയർമാനുമായ എ. മനോജ് നേതൃത്വം നൽകി.

## ദുരന്ത നിവാരണം ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകി

കാസർകോട്: സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലാ - താലൂക്ക് തലങ്ങളിലെ ഉദ്യോഗസ്ഥർക്ക് ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചു. കാസർകോട്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിലെ ഐ.ആർ.എസ് ഉദ്യോഗസ്ഥർക്കാണ് പരിശീലനം സംഘടിപ്പിച്ചത്. കാസർകോട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ഭാഗമായി ഐ.ആർ.എസ് ഉദ്യോഗസ്ഥർ തദ്ദേശ സ്വയം ഭരണ ജോയിന്റ് ഡയറക്ടർ കാര്യാലയ ഹാളിൽ നടന്ന ഓൺലൈൻ പരിശീലനത്തിൽ പങ്കെടുത്തു. എ.ഡി.എം കെ.വി ശ്രുതി, ഡെപ്യൂട്ടി കലക്ടർമാർ, തഹസിൽദാർമാർ, പൊലീസ്, ഫയർ ഫോഴ്സ്, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ പങ്കെടുത്തു.

### വിദ്വേഷ പ്രചാരണം

## റിയാസ് മൗലവി വധക്കേസ് പ്രതിയെ കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു

കാസർകോട്: സാമൂഹിക മാധ്യമങ്ങളിലൂടെ വിദ്വേഷ പ്രചാരണം നടത്തിയതായുള്ള വ്യാപക പരാതിയെ തുടർന്ന് റിയാസ് മൗലവി വധക്കേസിലെ ഒന്നാം പ്രതി അജേഷ് എന്ന അപ്പുവിനെ കാസർകോട് പൊലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തു. അജേഷിന്റെ കൈവശമുണ്ടായിരുന്ന രണ്ടു മൊബൈൽ ഫോണുകൾ കസ്റ്റഡിയിലെടുത്ത് പൊലീസ് പരിശോധന നടത്തി. എന്നാൽ വിദ്വേഷ പ്രചാരണം നടത്തിയ ഇൻസ്റ്റഗ്രാം ഐ.ഡി കണ്ടെത്താനായില്ല. മറ്റാരെങ്കിലുമാവാം ഇൻസ്റ്റഗ്രാം ഐ.ഡി ഉപയോഗിച്ചതെന്നാണ് സംശയിക്കുന്നത്. സൈബർ സെല്ലിന്റെ സഹായത്തോടെ അന്വേഷണം ഊർജിതമാക്കിയിരിക്കുകയാണ്.

കഴിഞ്ഞ ദിവസമാണ് അപ്പുവിന്റെ പേരിലുള്ള ഇൻസ്റ്റഗ്രാം ഐ.ഡിയിൽ നിന്നും ഒരു ഇൻസ്റ്റഗ്രാം ഗ്രൂപ്പിൽ ഓൺലൈൻ വാർത്തയുടെ അടിയിൽ വർഗീയ സംഘർഷം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശത്തോടെയുള്ള കമന്റ് വന്നത്. ഇതിന്റെ സ്ക്രീൻ ഷോട്ട് സാമൂഹ്യ മാധ്യമങ്ങൾ വഴി വ്യാപകമായി പ്രചരിക്കുകയും സംഭവത്തിൽ വിവിധ ദിക്കുകളിൽ നിന്ന് പ്രതിഷേധമുയരുകയുമുണ്ടായി. തുടർന്ന് ജില്ലാ പൊലീസ് മേധാവിയുടെ നിർദ്ദേശപ്രകാരം കാസർകോട് സബ് ഇൻസ്പെക്ടർ പി.പി അഖിലിന്റെ നേതൃത്വത്തിൽ കേസെടുത്ത് അന്വേഷണം തുടങ്ങിയത്. പഴയചൂരിയിലെ മദ്രസാധ്യാപകൻ മുഹമ്മദ് റിയാസ് മൗലവിയെ കഴുത്തറുത്ത് കൊലപ്പെടുത്തിയ കേസിൽ വിട്ടയക്കപ്പെട്ട ഒന്നാംപ്രതിയാണ് അജേഷ് എന്ന അപ്പു.

### കാപ്പ ചുമത്തണം: കല്ലട്ര മാഹിൻ ഹാജി

കാസർകോട്: ജില്ലയിലെ പള്ളികൾ ബോംബിട്ട് തകർക്കുമെന്ന് സാമൂഹിക മാധ്യമങ്ങളിൽ ഭീഷണി മുഴക്കിയ റിയാസ് മൗലവി വധക്കേസ് പ്രതിക്കെതിക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി. വ്യാപകമായി പ്രചരിപ്പിക്കുന്ന വർഗ്ഗീയ വിദ്വേഷ പോസ്റ്റിട്ടവരെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണം കാസർകോട്ടെ പള്ളികൾ തകർക്കുമെന്ന പേരിലാണ് വ്യാപകമായി വർഗീയ പോസ്റ്റ് പ്രചരിക്കുന്നത്. ജില്ലയുടെ സമാധാനം തകർക്കാൻ നടത്തുന്ന നീക്കങ്ങൾക്കെതിരെ ജനങ്ങൾ ജാഗ്രത പുലർത്തണമെന്നും പോസ്റ്റിട്ടവരെ കാപ്പ ചുമത്തി ജയിലിലടക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

സമാധാനത്തോടെ ജീവിക്കുന്ന കാസർകോടിനെ വീണ്ടും ആക്രമണത്തിലേക്ക് തള്ളിവിടാനാണ് ചില ശക്തികൾ ശ്രമിക്കുന്നത് പൊലീസ് ജാഗ്രത പാലിക്കുകയും ശക്തമായ നടപടി സ്വീകരിക്കുകയും വേണം റിയാസ് മൗലവി വധക്കേസിലെ പ്രതിയെ തെളിവുകളുടെ അഭാവത്തിലാണ് കോടതി വെറുതെ വിട്ടത് റിയാസ് മൗലവി വധക്കേസ് പുനരന്വേഷണം നടത്തണമെന്നും മാഹിൻ ഹാജി ആവശ്യപ്പെട്ടു.



മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗമായിരുന്ന മെട്രോ മുഹമ്മദ് ഹാജിയുടെ നാലാം ഓർമ ദിനത്തിൽ ചിത്താരി ജമാഅത്ത് ഖബർസ്ഥാനിൽ അദ്ദേഹത്തിന്റെ കബറിടത്തിലെ പ്രാർഥനയ്ക്ക് സയ്യിദ് സഫ്‌വാൻ തങ്ങൾ ഏഴിമല നേതൃത്വം നൽകുന്നു

## പഴകിയ ഭക്ഷണങ്ങൾ പിടികൂടി



കാഞ്ഞങ്ങാട്: നഗരസഭ ആരോഗ്യ വിഭാഗം നടത്തിയ ഹോട്ടൽ പരിശോധനയിൽ അഞ്ച് ഹോട്ടലുകളിൽ നിന്നും പഴകിയതും വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിച്ചതുമായ ഭക്ഷണ സാധനങ്ങൾ, നിരോധിച്ച പ്ലാസ്റ്റിക് ഉത്പന്നങ്ങൾ എന്നിവ പിടിച്ചെടുത്തു. പഴകിയ ഭക്ഷണ സാധങ്ങൾ പിടിച്ചെടുത്ത നഗരപരിധിയിലെ വിവിധ സ്ഥാപനങ്ങൾക്ക് പിഴ ഈടാക്കുന്നതിനുള്ള നോട്ടീസ് നൽകിയിട്ടുണ്ട്. പരിശോധനയിൽ സിസിഎം ഷൈൻ പി ജോസ്, പിഎച്ച്ഐമാരായ ഷിജു കെ, രൂപേഷ് പിടി, അഭിജിത് കുമാർ ടി.കെ, നഗരസഭ ശുചീകരണ വിഭാഗം ജീവനക്കാരായ രാജേഷ് പി, രാജേഷ് പങ്കെടുത്തു.

### കുഞ്ഞബ്ദുല്ല ഹാജിയെ പള്ളിയിലേക്ക് റോഡ് കടത്തുന്ന ബാലൻ

## കെടാത്ത നാട്ടുനന്മ; വൈറൽ

ഫസലുറഹ്മാൻ
കാഞ്ഞങ്ങാട്



കല്ലൂരാവി രിഫാഈ പള്ളിയിലേക്ക് സി.എച്ച് കുഞ്ഞബ്ദുല്ല ഹാജിയെ ബാലൻ റോഡ് മുറിച്ചുകടത്തുന്നു

കുഞ്ഞബ്ദുല്ല ഹാജിയെ പള്ളിയിലേക്ക് റോഡ് കടത്തുന്ന ബാലന്റെ ചിത്രം മതമൈത്രിയുടെയും നാട്ടുനന്മയുടെയും നേർചിത്രമായി. മുതിർന്ന വ്യക്തിത്വവും കല്ലൂരാവി വാർഡ് ലീഗ് പ്രസിഡന്റുമായ സി.എച്ച് കുഞ്ഞബ്ദുല്ല ഹാജിയെ കഴിഞ്ഞ ദിവസം കല്ലൂരാവി രിഫാഇ മസ്ജിദിലേക്ക് മുറിയനാവിയിലെ അജന്ത ബാലൻ റോഡ് കടത്താൻ സഹായിക്കുന്ന ചിത്രമാണ് കഴിഞ്ഞ ദിവസം മുതൽ സോഷ്യൽ മീഡിയയിൽ വൈറലായി മാറുന്നത്. വയസ് തൊണ്ണൂറിന് മുകളിലുള്ള സി.എച്ച് കുഞ്ഞബ്ദുല്ല ഹാജി പ്രായാധിക്യത്തിലും പള്ളിയിൽ നിസ്കരിക്കാൻ പോകുന്നതിനിടയിലാണ് പള്ളിയിലേക്കുള്ള വഴിയെ റോഡ് കടക്കുന്നതിന് ബാലൻ സഹായിക്കുന്നത്. ചിത്രമെടുത്ത് അധ്യാപകനും എഴുത്തുകാരനുമായ നാസർ മാസ്റ്ററാണ് അദ്ദേഹത്തിന്റെ എഫ്.ബി പേജിലിട്ടത്. ഇതോടെ ഒരിക്കലും അസ്തമിക്കാത്ത നാട്ടുനന്മയായി ചിത്രം വൈറലായി മാറുകയായിരുന്നു. കാഞ്ഞങ്ങാട്ടെ സാമൂഹിക പൊതുരംഗങ്ങളിൽ സജീവമായിരുന്ന സി.എച്ച് അബ്ദുല്ല ഹാജി. ഏറെക്കാലം ഹജ്ജ് വളണ്ടിയറായി സേവനമനുഷ്ഠിച്ചിരുന്നു. അനാരോഗ്യം വകവെക്കാതെ പള്ളിയിലെത്തുക പതിവാക്കിയ സി.എച്ച് കുഞ്ഞബ്ദുല്ല ഹാജിയെ റോഡ് കടക്കാനടക്കം ആരെങ്കിലും സഹായിക്കുക പതിവാണ്.

## കിൻഫ്രയിലെ സ്ഥാപനത്തിൽ നിന്ന് 10 ലക്ഷത്തിന്റെ ചെരുപ്പുകൾ കവർന്ന കേസിൽ ഒരാൾ അറസ്റ്റിൽ

ബദിയടുക്ക: സീതാംഗോളി കിൻഫ്രയിൽ പ്രവർത്തിക്കുന്ന വെൽഫിറ്റ് പോളിമാർ എന്ന സ്ഥാപനത്തിൽ നിന്ന് 10 ലക്ഷം രൂപയുടെ ചെരുപ്പുകൾ കവർന്ന കേസിൽ ഒരു പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. മഞ്ചേശ്വരം പൊസോട്ട് സ്വദേശി ആഷിക്കിനെ (27)യാണ് ബദിയടുക്ക പൊലീസ് അറസ്റ്റ് ചെയ്തത്. കവർച്ചയുമായി ബന്ധമുണ്ടെന്ന് സംശയിക്കുന്ന മറ്റൊരാൾ പൊലീസ് കസ്റ്റഡിയിലാണ്. ഇയാളെ ചോദ്യം ചെയ്തുവരുന്നുണ്ട്. മെയ് 22നാണ് വെൽഫിറ്റ് പോളിമാർ എന്ന ചെരുപ്പ് നിർമാണ ഫാക്ടറിയിൽ കവർച്ച നടന്നത്. സ്ഥാപനത്തിന്റെ പാർട്ണറിൽ ഒരാളായ കട്ടത്തടുക്ക സ്വദേശി നിസാർ നൽകിയ പരാതിയിൽ പൊലീസ് കേസെടുത്ത് അന്വേഷണം നടത്തിയെങ്കിലും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിരുന്നില്ല. നിസാറും ഗൾഫിലുള്ള ഒരാളുമാണ് ചെരുപ്പ് ഫാക്ടറിയുടെ പാർട്ട്ണർമാർ.

കഴിഞ്ഞ ദിവസം നിസാറും ബന്ധുവായ സുഹൃത്തും കാസർകോട് നഗരത്തിലൂടെ നടന്നുപോകുമ്പോൾ കടവരാന്തയിൽ ചെരുപ്പ് വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടു. സംശയം തോന്നിയ നിസാറും ബന്ധുവും ചെരിപ്പ് വാങ്ങാനെന്ന വ്യാജേന ഇവരെ സമീപിക്കുകയും ചെരുപ്പുകൾ പരിശോധിക്കുകയും ചെയ്തു. തുടർന്ന് കാസർകോട് പൊലീസെത്തി നാലുപേരെ കസ്റ്റഡിയിലെടുത്ത് ബദിയടുക്ക പൊലീസിന് കൈമാറി. നാലു പേരിൽ രണ്ടുപേർ ചെരുപ്പുകൾ വാങ്ങിയവരാണെന്ന് ബോധ്യപ്പെട്ടതോടെ ഇവരെ വിട്ടയച്ചു. കസ്റ്റഡിയിലുണ്ടായിരുന്ന രണ്ടുപേരിൽ ഒരാളായ ആഷിക്കിന്റെ അറസ്റ്റ് പൊലീസ് രേഖപ്പെടുത്തുകയായിരുന്നു. മോഷണം പോയ ചെരുപ്പുകൾ ആഷിക്കിന്റെ വീട്ടിൽ നിന്നും മറ്റൊരു സ്ഥലത്തുനിന്നുമായി കണ്ടെടുത്തു. അതേസമയം, മോഷണം നടത്തിയതായി ആഷിക്ക് പൊലീസിനോട് സമ്മതിച്ചിട്ടില്ല. കേസിൽ കൂടുതൽ പേർ പ്രതികളാകുമെന്നാണ് സൂചന.




യൂത്ത് ലീഗ് വൈറ്റ് ഗാർഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം അംഗമായിരിക്കെ മരണപ്പെട്ട ചെർക്കളയിലെ ബാസിത് തായലിന്റെ കുടുംബത്തിന് അനുവദിച്ച മരണാനന്തര സഹായമായ മൂന്നു ലക്ഷം രൂപ മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി ചെങ്കള പഞ്ചായത്ത് യൂത്ത് ലീഗ് കമ്മിറ്റിക്ക് കൈമാറുന്നു

## യൂത്ത് ലീഗ് സോഷ്യൽ സെക്യൂരിറ്റി സ്കീം യുവജന സംഘടനകൾക്ക് മാതൃക: മാഹിൻ ഹാജി

കാസർകോട്: മുസ്‌ലിം യൂത്ത് ലീഗ് വൈറ്റ് ഗാർഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം സന്നദ്ധ സേവന പ്രവർത്തകർക്ക് ആശ്വാസവും അവരെ ചേർത്തുപിടിക്കുന്ന ഇത്തരം പ്രവർത്തനങ്ങൾ യുവജന സംഘടനകൾക്ക് മാതൃകയാണെന്നും മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് കല്ലട്ര മാഹിൻ ഹാജി പറഞ്ഞു. മരണപ്പെട്ടവർക്ക് മൂന്നു ലക്ഷം രൂപയും മാരകമായ രോഗങ്ങൾ, അപകടങ്ങൾ സംഭവിക്കുന്നവർക്ക് ചികിത്സാ ചെലവിന്റെ ഒരു വിഹിതവും സഹായധനമായി സെക്യൂരിറ്റി സ്കീമിൽ നിന്ന് നൽകുന്ന പദ്ധതി കഴിഞ്ഞ രണ്ടു വർഷങ്ങളായി യൂത്ത് ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ വിജയകരമായി നടന്നുവരുന്നു എന്നത് അഭിനന്ദനാർഹമാണെന്നും അദ്ദേഹം പറഞ്ഞു.

യൂത്ത് ലീഗ് വൈറ്റ് ഗാർഡ് സോഷ്യൽ സെക്യൂരിറ്റി സ്കീം അംഗമായിരിക്കെ മരണപ്പെട്ട ചെർക്കളയിലെ ബാസിത് തായലിന്റെ കുടുംബത്തിന് അനുവദിച്ച മരണാനന്തര സഹായമായ മൂന്നുലക്ഷം രൂപ ചെങ്കള പഞ്ചായത്ത് യൂത്ത് ലീഗ് കമ്മിറ്റിക്ക് കൈമാറി സംസാരിക്കുകയായിരുന്നു. യൂത്ത് ലീഗ് ജില്ലാ പ്രസിഡന്റ് അസീസ് കളത്തൂർ അധ്യക്ഷത വഹിച്ചു. മുസ്‌ലിം ലീഗ് ജില്ലാ സെക്രട്ടറി അബ്ദുല്ല കുഞ്ഞി ചെർക്കള, യൂത്ത് ലീഗ് ജില്ലാ ജനറൽ സെക്രട്ടറി സഹീർ ആസിഫ്, ജലീൽ എരുതുംകടവ്, എം.എച്ച് മഹ്മൂദ് ചെങ്കള, വൈറ്റ് ഗാർഡ് ജില്ലാ കോഡിനേറ്റർ നൂറുദ്ദീൻ ബെളിഞ്ചം, യൂത്ത് ലീഗ് ജില്ലാ ഭാരവാഹികളായ എം.എ നജീബ്, ഹാരിസ് തായൽ, മണ്ഡലം പ്രസിഡന്റ് സിദ്ധീഖ് സന്തോഷ് നഗർ, ജലീൽ തുരുത്തി, ശഫീഖ് പിബിഎസ്, അർഷാദ് എതിർത്തോട്, റഹ്മാൻ തൊട്ടാൻ, എം.എം നൗഷാദ്, ഹാരിസ് ബേവിഞ്ച, അബ്ദുൽ ഖാദർ സിദ്ധ, ഫൈസൽ പൊടിപ്പള്ളം, ബഷീർ നാൽത്തടുക്ക, നിസാം എരിയപ്പാടി, ലത്തീഫ് സി.ബി, ഗഫൂർ ബേവിഞ്ച, മാലിക് ചെങ്കള സംബന്ധിച്ചു.

## 69 ലിറ്റർ ഗോവൻ മദ്യം പിടികൂടി

ബദിയടുക്ക: ചാക്കുകെട്ടുകളിൽ സൂക്ഷിച്ച 69 ലിറ്റർ ഗോവൻ മദ്യം എക്സൈസ് പിടികൂടി. ബദിയടുക്ക എക്സൈസ് റെയ്ഞ്ച് അസി. ഇൻസ്പെക്ടർ കെ. ദിനേശനും സംഘവും നടത്തിയ പരിശോധനയിൽ വിദ്യാഗിരി റോഡരികിലെ ട്രാൻസ്ഫോർമറിന് സമീപം നാലു ചാക്കുകെട്ടുകളിലായി സൂക്ഷിച്ച 180 മില്ലിയുടെ 384 കുപ്പി ഗോവൻമദ്യമാണ് കണ്ടെത്തിയത്. ആരാണ് കൊണ്ടുവന്നതെന്നതിനെ കുറിച്ച് സൂചന ലഭിച്ചില്ല. പ്രിവന്റീവ് ഓഫീസർ സാബു കെ, ഐ.ബി പ്രിവന്റീവ് ഓഫീസർ ജേക്കബ്ബ്, സിവിൽ എക്സൈസ് ഓഫീസർമാരായ മനോജ്, മോഹൻകുമാർ, ജനാർദ്ദനൻ എന്നിവരും പരിശോധനയിൽ പങ്കെടുത്തു.

## കാപ്പ ചുമത്തി നാടുകടത്തിയ പ്രതി വീണ്ടും അറസ്റ്റിൽ

കാസർകോട്: കാപ്പ ചുമത്തി നാടുകടത്തിയ ഉത്തരവ് നിലനിൽക്കെ വീണ്ടും നാട്ടിലെത്തി കുറ്റകൃത്യത്തിലേർപ്പെട്ട നിരവധി കേസുകളിലെ പ്രതിയെ അറസ്റ്റു ചെയ്ത് ജയിലിൽ അടച്ചു. കൂഡ്‌ലു ആർ.ഡി നഗറിലെ കൗഷിക്ക് (25) ആണ് അറസ്റ്റിലായത്. നിരവധി കേസുകളിൽ പ്രതിയായ കൗഷിക്കിനെതിരെ കേരള സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമപ്രകാരം കേസെടുത്ത് നാടുകടത്തിയിരുന്നു. കാസർകോട് ജില്ലയിൽ പ്രവേശിക്കുന്നതിനു വിലക്ക് നിലനിൽക്കെയാണ് പ്രതി നാട്ടിലെത്തിയത്. അതിനിടെ മഞ്ചേശ്വരത്ത് തട്ടിക്കൊണ്ട് പോയി കവർച്ച നടത്തിയ കേസിലും പ്രതിയായി. തുടർന്നാണ് വീണ്ടും കാപ്പ ചുമത്തിയത്.

## മാനസികാരോഗ്യ വിദഗ്ധന്റെ സേവനം 14ന്

കാസർകോട്: എല്ലാ മാസവും രണ്ടാം വെള്ളിയാഴ്ച കാസർകോട് സിവിൽ സ്റ്റേഷനിൽ മൂന്നാം നിലയിൽ പ്രവർത്തിക്കുന്ന വനിത സംരക്ഷണ ഓഫീസിൽ മാനസ്സികാരോഗ്യ വിദഗ്ധന്റെ സൗജന്യ സേവനം ലഭ്യമാണ്. ജൂൺ 14ന് സേവനം ആവശ്യമുള്ളവർ ജൂൺ 13ന് 9446270127, 8281999065 എന്നീ നമ്പറുകളിൽ വിളിച്ച് രജിസ്റ്റർ ചെയ്യണം.

### മൊഗ്രാൽ പുത്തൂരിൽ ദേശീയപാത തകർച്ച പൂർണം

## പുതിയ റോഡിലേക്ക് ഗതാഗതം തിരിച്ചു വിടണമെന്ന് യാത്രക്കാർ



തകർന്നു കിടക്കുന്ന മൊഗ്രാൽപുത്തൂർ ദേശീയപാത

മൊഗ്രാൽ പുത്തൂർ: നേരത്തെ തന്നെ സർവീസ് റോഡിന് വേണ്ടി മതിൽ കെട്ടി പുഴയിലേക്ക് ഒഴുകി പോകേണ്ട മഴവെള്ളം തടസപ്പെടുത്തിയ നിർമ്മാണ കമ്പനി അധികൃതരുടെ തലതിരിഞ്ഞ നടപടി മൂലം മൊഗ്രാൽ പുത്തൂരിൽ ദേശീയ പാതയുടെ തകർച്ച പൂർണമായി.

കുമ്പള ഭാഗത്തു നിന്ന് കാസർകോട് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾക്ക് പണി പൂർത്തീകരിച്ച റോഡ് തുറന്ന് കൊടുത്തിട്ടുണ്ട്, എന്നാൽ കാസർകോട് നിന്ന് കുമ്പള ഭാഗത്തേക്ക് പോകുന്ന റോഡാണ് പൂർണ്ണമായും തകർന്നു കിടക്കുന്നത്. പുതിയ റോഡ് ഉയരത്തിലായതിനാലാണ് താഴ്ന്നു കിടക്കുന്ന റോഡ് വെള്ളം കെട്ടിക്കിടന്ന് തകർന്നത്. മഴ കനക്കുകയാണെങ്കിൽ ഇതുവഴിയുള്ള ഗതാഗതം പൂർണ്ണമായും തടസപ്പെടുമെന്ന് നാട്ടുകാർ പറയുന്നു. ഇത് യാത്രക്കാർക്ക് ഏറെ ദുരിതമാവും. ഇരുഭാഗങ്ങളിലേക്കും പൂർത്തിയായി കിടക്കുന്ന റോഡിലൂടെ ഗതാഗതം തിരിച്ചു വിടണമെന്നാണ് നാട്ടുകാർ പറയുന്നത്.

## പി.എ ഇബ്രാഹിം ഹാജി സ്മാരക അവാർഡ് നൽകി



എം.എസ്.എഫ് പള്ളിക്കര പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച മെരിറ്റ്ഡേ 24 എഡിഷൻ-2 പരിപാടിയിൽ ഡോ. പി.എ ഇബ്രാഹിം ഹാജി മെമ്മോറിയൽ എക്സലൻസ് അവാർഡ് ഏറ്റുവാങ്ങിയ വിദ്യാർഥികൾ

പള്ളിക്കര: എം.എസ്.എഫ് പള്ളിക്കര പഞ്ചായത്ത് കമ്മിറ്റി സംഘടിപ്പിച്ച 'മെരിറ്റ് ഡേ 24 എഡിഷൻ-2 പരിപാടിയിൽ പള്ളിക്കര പഞ്ചായത്ത് പരിധിയിൽ നിന്നും എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ മുഴുവൻ വിഷയങ്ങളിലും എപ്ലസ് നേടിയ വിദ്യാർഥി വിദ്യാർഥിനികളെയും ഡോ: പി.എ ഇബ്രാഹിം ഹാജി മെമ്മോറിയൽ എക്സലൻസ് അവാർഡ് നൽകി അനുമോദിച്ചു. പള്ളിക്കര ലീഗ് ഓഫീസിൽ നടന്ന പരിപാടിയിൽ പീസ് ഗ്രൂപ്പ് വൈസ് ചെയർമാൻ അബ്ദുള്ള ഇബ്രാഹിം ഉദ്ഘാടനം ചെയ്തു. കരിയർ ഗൈഡൻസ് ഉദ്ഘാടനം യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് മുഫീദ തസ്നി നിർവഹിച്ചു. പഞ്ചായത്ത് എം.എസ്.എഫ് പ്രസിഡന്റ് അഫ്രീദ് മാസ്തി ഗുഡ്ഡ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി മഷൂഖ് ചെരുമ്പ സ്വാഗതം പറഞ്ഞു. ട്രഷറർ നിഹാൽ പള്ളിപ്പുഴ, മുസ്‌ലിം ലീഗ് സംസ്ഥാന കൗൺസിൽ പി.എ അബൂബക്കർ ഹാജി, മുസ്‌ലിം ലീഗ് പഞ്ചായത്ത് പ്രസിഡന്റ് സിദ്ദീഖ് പള്ളിപ്പുഴ, ജനറൽ സെക്രട്ടറി മുഹമ്മദ് കുഞ്ഞി ചോണായി, മുസ്‌ലിം ലീഗ് മണ്ഡലം വൈസ് പ്രസിഡന്റ് ഹനീഫ കുന്നിൽ, സി.എച്ച് സെന്റർ കൺവീനർ പി.കെ കുഞ്ഞബ്ദുള്ള, മുസ്‌ലിം ലീഗ് സംസ്ഥാന കൗൺസിലർ തൊട്ടി സാലിഹ് ഹാജി, ഹരിത സംസ്ഥാന പ്രസി ഡന്റ് ഷഹീദ റാഷിദ്, എംഎസ്എഫ് ജില്ലാ ട്രഷറർ ജംഷീദ് ചിത്താരി,മണ്ഡലം പ്രസിഡന്റ് സലാം മാങ്ങാട്, മുസ് ലിം ലീഗ് പഞ്ചായത്ത് ഭാരവാഹികളായ അബ്ബാസ് മഠം, റാഷിദ് കല്ലിങ്കാൽ,

എംഎസ്എഫ് മണ്ഡലം സെക്രട്ടറി റിസ്‌വാൻ പള്ളിപ്പുഴ,പഞ്ചായത്ത് ഭാരവാഹികളായ ഖലീൽ പള്ളിപ്പുഴ,ശാക്കിർ മാസ്തിഗുഡ്ഡ,മജീദ് ഖിളിരിയ,ഷെഹ്റസ് മൗവ്വൽ,ഇബ്സാൻ മൗവ്വൽ പ്രസംഗിച്ചു. ഇശൽ മാസ്തി ഗുഡ്ഡ മുട്ടിപ്പാട്ട് ടീം ഒരുക്കിയ ഇശൽ വിരുന്ന് സംഘടിപ്പിച്ചു.

## അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനം ആചരിച്ചു

തൃശൂർ: തൊഴിൽ, വനിത ശിശു വികസന വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിച്ച അന്താരാഷ്ട്ര ബാലവേല വിരുദ്ധ ദിനാചരണം ജില്ലാതല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ്. പ്രിൻസ് നിർവഹിച്ചു. കേരളത്തിൽ ബാലവേല 0.01 ശതമാനം മാത്രമാണെങ്കിലും ഇതര സംസ്ഥാനങ്ങളിൽ 22 ശതമാനം വരെ കുട്ടികൾ തൊഴിലിൽ ഏർപ്പെടുന്ന സാഹചര്യമാണെന്നും ഇവ തുടച്ചുനീക്കുന്നതിന് ബോധവത്കരണം കൂടുതൽ കാര്യക്ഷമമാക്കണമെന്നും അദ്ദേഹം പറഞ്ഞു. കളക്ട്രേറ്റിലെ അനക്സ് ഹാളിൽ നടന്ന പരിപാടിയിൽ എ.ഡി.എം ടി. മുരളി അധ്യക്ഷനായി. തുടർന്ന് ബാലവേല വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ബാലവേല വിരുദ്ധ ദിനം സ്റ്റിക്കർ പ്രകാശനം ചെയ്തു. സി.ഡബ്ല്യൂ.സി അംഗം അഡ്വ. എ. എം. സിമ്മി ബാലവേലയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് നയിച്ചു. ജ്വല്ലറി മാനുഫാക്ചർ അസോസിയേഷൻ പ്രസിഡന്റ് രവി ചെറുശ്ശേരി, ജില്ലാ ലേബർ ഓഫീസർ എം. എം. ജോവിൻ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ സിജി ശരണ്യ സംസാരിച്ചു.

## തൃശൂർ കുറ്റിപ്പുറം റോഡ് ഉടൻ സഞ്ചാരയോഗ്യമാക്കും: മന്ത്രി

തൃശൂർ കുറ്റിപ്പുറം റോഡിന്റെ ശോചനീയാവസ്ഥ ഉടൻ പരിഹരിക്കണമെന്നാവശ്യപ്പെട്ട് എ സി മൊയ്തീൻ എംഎൽഎ നിയമസഭയിൽ ഉന്നയിച്ച സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി 33.23 കി.മീ ദൈർഘ്യമുള്ള തൃശ്ശൂർ -കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേ വികസിപ്പിക്കുന്നതിന് 316.82 കോടി രൂപയാണ് അനുവദിച്ചിരുന്നത്. 2021 സെപ്റ്റംബർ 9-ന് പ്രവൃത്തി ആരംഭിച്ചെങ്കിലും പദ്ധതി പൂർത്തീകരിക്കാനോ വർക്ക് ഷെഡ്യൂൾ അനുസരിച്ച് പുരോഗതി ഉണ്ടാക്കാനോ കരാറുകാർക്ക് സാധിച്ചില്ല. തുടർന്ന് മെയ്മാസത്തിൽ കരാർ കമ്പിനിയെ ടെർമിനേറ്റ് ചെയ്തു.

പദ്ധതി റീടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന് കാലതാമസം നേരിടുമെന്നതിനാൽ ഈ കാലയളവിൽ റോഡ് ഗതാഗതാ യോഗ്യമാക്കി നിലനിർത്തണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. പ്രവൃത്തി വേഗത്തിലാക്കാനുള്ള ഇടപെടൽ ഉണ്ടാകുമെന്ന് മന്ത്രി പറഞ്ഞു.


## തൃശൂർ വാർത്തകൾ

# ഐ.എം വിജയനെ കണ്ടെത്തിയ ചാത്തുണ്ണി

സ്വന്തം ലേഖകൻ

തൃശൂർ: വിയജനെന്ന സാധാരണക്കാരനായ ഒരു ചെറുപ്പക്കാരനെ ലോകം മുഴുവനറിയുന്ന ഐ.എം വിജയനെന്ന ഫുട്ബോളറാക്കി മാറ്റിയ ചാത്തുണ്ണിസാറിനെ കുറിച്ചോർക്കുമ്പോൾ വിജയന് കണ്ണ് നനയുന്നു.

കുട്ടിക്കാലത്ത് സ്പോർട്സ് കൗൺസിലിന്റെ മൂന്നുവർഷ ഫുട്ബോൾ കോച്ചിംഗ് ക്യാമ്പിലേക്ക് അൽപം പേടിയോടെയും മടിയോടെയും കടന്നുചെന്നത് ഇന്നലെയെന്നപോലെ ഓർക്കുകയാണ് ഐ.എം വിജയൻ. കോലോത്തുംപാടത്തും തൃശൂരടങ്ങാടിയിലും കറങ്ങിയടിച്ചു പന്തുതട്ടി നടന്നിരുന്ന വിജയന് ഒരു കോച്ചിംഗ് ക്യാമ്പിൽ ഫുട്ബോൾ പഠിക്കാൻ പോകുന്നതിന്റെ ചെറിയൊരു ടെൻഷൻ ഉള്ളിലുണ്ട്. പക്ഷേ, ക്യാമ്പിൽ ചെന്നപ്പോൾ സമപ്രായക്കാരായ കുട്ടികൾ വേറെയുമുണ്ട്. അവർക്കൊപ്പം കളിചിരിയുമായി നിൽക്കുന്ന ഒരു വലിയ ആളെ ശ്രദ്ധിച്ചു. അതായിരുന്നു ചാത്തുണ്ണി സാർ. വിജയനെ കണ്ടപ്പോൾ പറഞ്ഞു, വാ...കൂട്...ഇനി ഇതാ നമ്മുടെ വീട്... ആ ക്ഷണം കേവലം കോച്ചിംഗ് ക്യാമ്പിലേക്കായിരുന്നില്ല. കാലാ ഹിരൺ (കറുത്ത മാൻ) എന്ന് ഇന്ത്യയും ലോകവുമറിയുന്ന ഐ.എം വിജയനെന്ന ഇന്ത്യ കണ്ട ഏറ്റവും മികച്ച ഫുട്ബോളറിലേക്കുള്ള യാത്രയുടെ തുടക്കമായിരുന്നു.



ചാത്തുണ്ണി

കോലോത്തുംപാടത്ത് തുണിപന്ത് തട്ടികളിച്ച് നടന്ന വിജയനെന്ന പയ്യനെ ഐ.എം വിജയനെന്ന ഫുട്ബോളറാക്കി രാകിമിനുക്കിയെടുത്തത് ചാത്തുണ്ണിയായിരുന്നു. മൂന്നുവർഷം ചാത്തുണ്ണിസാർ പഠിപ്പിച്ചുതന്ന പാഠങ്ങൾ ലോകത്തിലെ ഏതു ടീമിനോട് ഏറ്റുമുട്ടുമ്പോഴും വിജയന്റെ മനസിലും കാൽപാദങ്ങളിലുമുണ്ടായിരുന്നു. ഒരിക്കലും കർക്കശക്കാരനായ പരിശീലകനായി ചാത്തുണ്ണിയെ ശിഷ്യർ ആരും കണ്ടിട്ടില്ല. സൗമ്യനായും ശാന്തനായും ഫുട്ബോളിന്റെ ആഴത്തിലുള്ള അറിവും ട്രിക്കുകളും പഠിപ്പിച്ചുതന്ന ഗുരുനാഥനായിരുന്നു ചാത്തുണ്ണി. കുട്ടികളെ പരിശീലിപ്പിക്കുമ്പോൾ ശരിക്കും കുട്ടികളിലൊരാളായി മാറും. കൗമാരക്കാർക്കൊപ്പമാണെങ്കിൽ കൗമാരക്കാരനായ ചാത്തുണ്ണി സാറാകും. ഇടയ്ക്ക് ചീത്ത പറയാറുണ്ട്. അത് നല്ല രീതിയിൽ കളിക്കുന്നതിന് വേണ്ടി മാത്രമാണ്. ഏതുമോശം ടീമിനെ ചാത്തുണ്ണി സാറിന്റെ കയ്യിലേൽപ്പിച്ചു കൊടുത്താലും അതിനെ ഏറ്റവും ബെസ്റ്റ് ടീമായി, ആ ടീമിലെ കളിക്കാരെ ഏതു ടീമും ഭയക്കുന്ന കളിക്കാരായി മാറ്റാൻ എന്തോ ഒരു മാജിക് തന്നെ ചാത്തുണ്ണിയുടെ കയ്യിലുണ്ടായിരുന്നു.

വിജയനെ ബാക് സിസർ അടിക്കാൻ പഠിപ്പിച്ചത് ചാത്തുണ്ണി സാറാണ്. തൃശൂർ കോർപറേഷൻ സ്റ്റേഡിയത്തിൽ പ്രത്യേക ഒരുക്കങ്ങളെല്ലാം നടത്തി ചാത്തുണ്ണിസാറത് ആദ്യം കാണിച്ചുകൊടുത്തു. അത്ഭുതപ്പെട്ടിട്ടുണ്ട് അന്ന് ആ സൂപ്പർ കിക്ക് കണ്ട്. എങ്ങിനെ സാധിക്കുന്നുവെന്ന് വിസ്മയിച്ചിട്ടുണ്ട്. എനിക്കിത് പറ്റുമോയെന്ന് ചിന്തിച്ചു നിന്നപ്പോൾ തോളിൽ തട്ടി നിനക്കിത് പറ്റുമെടാ..ധൈര്യമായി ചെയ്യ് എന്ന് പറഞ്ഞ് പ്രോത്സാഹിപ്പിച്ച വാക്കുകൾ ഇപ്പോഴും ഐ.എം വിജയന്റെ മനസിലുണ്ട്.

പിന്നീട് പലപ്പോഴും കളിക്കളത്തിൽ എതിരാളികൾ മുഖാമുഖം വരുമ്പോൾ ബാക് സിസർ അടിക്കാൻ മനസ് പാകപ്പെടുത്തി നിൽക്കുമ്പോൾ പരിശീലനകാലത്ത് ചാത്തുണ്ണിസാർ പറഞ്ഞ വാക്കുകൾ വിജയൻ എപ്പോഴും മനസിലേക്കാവാഹിക്കും. നിനക്കിതു പറ്റുമെടാ ധൈര്യമായി ചെയ്യ്. ഫുട്ബോൾ എന്നത് വെറും പന്ത് എന്ന് മാത്രം കരുതിയിരുന്ന വിജയനെ ഫുട്ബോൾ എന്ന വലിയ ലോകത്തേക്ക് കൈപിടിച്ച് കൊണ്ടുചെന്നത് ചാത്തുണ്ണിയായിരുന്നു. കളിയുടെ അടിസ്ഥാന പാഠങ്ങൾ തുടങ്ങി എല്ലാം പഠിപ്പിച്ച് തന്നത് അദ്ദേഹമായിരുന്നു. കേരള പൊലീസിലും ചാത്തുണ്ണി സാർ കോച്ചായി എത്തിയപ്പോഴാണ് 90ൽ തൃശൂരിൽവെച്ച് ഫെഡറേഷൻ കപ്പ് വിജയിച്ചത്. അന്ന് കളിക്കാരെല്ലാവരുംകൂടി ചാത്തുണ്ണിസാറിനെ എടുത്തുയർത്തിയതുമെല്ലാം ഇന്നും വിജയന് മറക്കാനാകാത്ത ഓർമകളാണ്. കളിക്കളത്തിലെന്നപോലെ പുറത്തും ചാത്തുണ്ണിസാറുമായി നല്ല ബന്ധവും സൗഹൃദവുമായിരുന്നു എനിക്കുണ്ടായിരുന്നതെന്നും ഐ.എം വിജയൻ പറയുമ്പോൾ ഗുരു ശിഷ്യ ബന്ധനത്തിനപ്പുറത്ത് കാൽപന്തിലൂടെ മനസറിഞ്ഞ ഒരു വലിയ മനുഷ്യന്റെ വേർപാടിന്റെ വേദനയാണ് ആ വാക്കുകളിൽ തെളിയുന്നത്.



മിഥുൻ ചികിത്സ സഹായ നിധിയിലേക്ക് സംഭാവന ചെയ്യുന്ന നാട്ടുകാർ

## സുഹൃത്തിന്റെ ചികിത്സക്കായി ഒറ്റകെട്ടായി കൂർകഞ്ചേരി കലാ കായിക സമിതി

കൂർക്കഞ്ചേരി : സുഹൃത്തിന്റെ ചികിത്സക്കയായി മ്യൂസിക്കൽ ബാൻഡ് സംഘടിപ്പിച്ച് കൂർകഞ്ചേരി കലാ കായിക സമിതി. എലൈറ്റ് ആശുപത്രിയിൽ തലച്ചോറിലെ രക്തസ്രാവത്തെ (ഒമലീ്യൃവമഴശര ൈ്രീസല) തുടർന്ന് ചികിത്സയിൽ കഴിയുന്ന പി ബി മിഥുന്റെ (31) ചികിത്സക്കായാണ് ഒരു കൂട്ടം യുവാക്കൾ ഒത്തു ചേർന്നത്. കൂർകഞ്ചേരി സെന്ററിൽ സംഘടിപ്പിച്ച മ്യൂസിക്കൽ ബാൻഡ് കൊക്കല ഡിവിഷൻ കൗൺസിലർ വിനോദ് പൊള്ളാൻചെരി ഉദ്ഘാടനം ചെയ്തു. വിഷ്ണു, ഹരീഷ്, ആനന്ദ് എന്നിവർ ഗാനമേള നയിച്ചു.

തൃശൂർ ജില്ലയിലെ ചിയ്യാരം വിജയമാതാ പള്ളിക്ക് സമീപം വാടക വീട്ടിൽ താമസിക്കുന്ന പട്ടരപറമ്പിൽ ഗീതയുടെ മകൻ പി ബി മിഥുൻ (31 ) തലച്ചോറിലെ രക്തസ്രാവത്തെ തുടർന്ന് ജൂൺ നാല് മുതൽ കൂർക്കഞ്ചേരി എലൈറ്റ് ആശുപത്രിയിലെ വെന്റിലേറ്ററിലാണ്. പ്രായമായ അമ്മയും ഭാര്യയും നാലു വയസുകാരിയായ മകളും ഉള്ള മിഥുൻ ഓട്ടോ ഓടിച്ചാണ് കുടുംബം മുന്നോട്ട് കൊണ്ടുപോയിരുന്നത്. ചികിത്സക്കുള്ള ധന സമാഹാരണത്തിനായി ചിലസ സഹായ സമിതി രൂപീകരിച്ചു. 41 ഡിവിഷൻ തൃശൂർ കോർപ്പറേഷൻ കൗൺസിലർ മുഖ്യ രക്ഷാധികാരിയും, അഡ്വ. പ്രത്യാശ ഇ എസ് പ്രസിഡന്റും, ഷിഹാബുദീൻ പി എസ് ട്രഷററും ആയ ചികിത്സ സഹായ സമിതി രൂപീകരിച്ചു.

ചികിത്സ സഹായനിധിയിലേക്ക് സംഭാവന നൽകാൻ അക്കൗണ്ട് വിവരങ്ങൾ : esaf bank, mg road branch,shihabudheen ps, account no: 10220001092321, IFSC CODE: ESMF0001156. Google pay : akhila v s 9072946730.



വയോമിത്ര വാർഷിക പൊതുയോഗത്തിൽ സഹകരണ ബാങ്ക് പ്രസിഡന്റ് പി.ഗോപാലനെ ആദരിക്കുന്നു

## വയോ മിത്ര ക്ലബ് വാർഷിക പൊതു യോഗം

അണ്ടത്തോട്: വയോ മിത്ര ക്ലബ് വാർഷിക പൊതുയോഗം പുന്നയൂർക്കുളം കുന്നത്തൂർ സാംസ്കാരിക കേന്ദ്രത്തിൽ നടത്തി

പ്രസിഡന്റ് വി. കെ. ജോർജ് അധ്യക്ഷനായി. സെക്രട്ടറി വേണു ഗോപാൽ വാർഷിക റിപ്പോർട്ടും, ട്രഷറർ പി. എൽ. ഫ്രാൻസിസ് കണക്കും അവതരിപ്പിച്ചു. ഉമ്മർ അറക്കൽ, എം. വി. ജോസ്, പി. രാജൻ, സി. കെ. ഷണ്മുഖൻ, ഷാജു ചെറുവത്തൂർ, ബാലൻപേരോത്ത്, സുശീല കൊച്ചുണ്ണി, ഷീല മോഹൻ, ഗ്രേയ്സി ജോർജ്, എന്നിവർ പ്രസംഗിച്ചു

സഹകരണ മേഖലയിലും, സാംസ്കാരിക രംഗത്തും അൻപതു വർഷത്തോളം സേവനം ചെയ്തതിനു ഗുരുവായൂർ മാടമ്പ് കുഞ്ഞു കുട്ടൻ സ്മാരകപുരസ്ക്കാരം ലഭിച്ച പുന്നയൂർകുളം സഹകരണ ബാങ്ക് പ്രസിഡന്റും വായോമിത്ര ക്ലബ്ബിന്റെ വൈസ് പ്രസിഡന്റുമായ പി. ഗോപാലനേയും ക്ലബ്ബിലെ സ്ത്രീ, പുരുഷവിഭാഗത്തിലു ഉള്ളവർക്ക് യോഗ ക്ലാസ്സ് പരിശീലിപ്പിച്ച ഇൻസ്ട്രക്റ്റർ ബൈജു കാര മുക്കി നെയും ചടങ്ങിൽ ആദരിച്ചു. ഭാരവാഹികളായി വി. കെ. ജോർജ് (പ്രസിഡന്റ്), പി. ഗോപാലൻ (വൈസ് പ്രസിഡണ്ട് ), വേണു ഗോപാൽ (ജനറൽ സെക്രട്ടറി), ഉമ്മർ അറക്കൽ (സെക്രട്ടറപി. എൽ. ഫ്രാൻസിസ് (ട്രഷറർ), ലീല ടീച്ചർ, സുശീല(ജോയിന്റ് സെക്രട്ടറിമാർ ) എന്നിവരടങ്ങുന്ന 17അംഗ എക്സിക്യൂട്ടീവ് കമ്മിറ്റി യെയും പി. രാജനെ ഓഡിറ്ററായും തിരഞ്ഞെടുത്തു.

## ചെറുവത്താനി സ്വദേശിയുടേത് കൊലപാതകം; മരണകാരണം കഴുത്തിലെ ഞരമ്പിനേറ്റ ക്ഷതം

കുന്നംകുളം: ചെറുവത്താനി സ്വദേശിയുടെ മരണം കൊലപാതകം തന്നെ സുഹൃത്തുക്കളുമായുണ്ടായ തർക്കത്തിനിടെ കഴുത്തിലലെ ഞരമ്പിനെറ്റ ക്ഷതമാണ് മരണ കാരണമെന്നാണു പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർമാരുടെ പ്രാഥമിക നിഗമനമെന്ന് പൊലീസ് പറഞ്ഞു. ചെറുവത്താനി വലയിപറമ്പ് അമ്മാട്ട് രവീന്ദ്രന്റെയും രത്നയുടെയും മകൻ 26 വയസ്സുള്ള വിഷ്ണുവാണ് മരിച്ചത്. ഇതോടെ സംഭവത്തിൽ സുഹൃത്തുക്കളായ മൂന്നു പേരെ പൊലീസ് അറസ്റ്റ് ചെയ്തു. വടുതല ഉള്ളിശ്ശേരി ചുങ്കത്ത് 23 വയസ്സുള്ള ശ്രീശാന്ത്, ചെറുവത്താനി പൊലിയത്ത് വീട്ടിൽ 27 വയസ്സുള്ള ഷിജിത്ത്, ചെറുവത്താനി മൂർത്താട്ടിൽ 27 വയസ്സുള്ള വിഷ്ണുരാജ് എന്നിവർക്കെതിരെ പൊലീസ് കൊലപാതകക്കുറ്റം ചുമത്തി.

വിഷ്ണുവിന്റെ ശരീരത്തിലെ പല ഭാഗങ്ങളിലും പരുക്കുകളുണ്ട്. ബൈക്കിൽ നിന്നു വീണു പരുക്കേറ്റതായി പറഞ്ഞു ബൈക്കിൽ ഇരുത്തിയാണു പ്രതികൾ ഞായറാഴ്ച രാത്രി കുന്നംകുളം ദയ റോയൽ ആശുപത്രിയിലേക്ക് വിഷ്ണുവിനെ കൊണ്ടുവന്നത്. ആശുപത്രിയിൽ എത്തിക്കുന്നതിനു മുൻപു തന്നെ വിഷ്ണു മരിച്ചതായി ഡോക്ടർ സ്ഥിരീകരിച്ചു. കൂടുതൽ അന്വേഷിച്ചപ്പോൾ ആശുപത്രിയിലേക്കു കൊണ്ടുവന്നവർ സംഘർഷാവസ്ഥ ഉണ്ടാക്കി. ഇതോടെ പൊലീസ് എത്തി ഇവരെ കസ്റ്റഡിയിലെടുക്കുകയായിരുന്നു.

## അധ്യാപക ഒഴിവ്

എസ്.എൻ.പുരം: ശാന്തിപുരം എം.എ.ആർ. എം. ഗവൺമെന്റ് വി.എച്ച്. എസ്. സ്കൂളിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ കൊമേഴ്സ് വിഷയത്തിൽ ദിവസവേത നാടിസ്ഥാനത്തിലുള്ള അധ്യാപക ഒഴിവുണ്ട്. യോഗ്യത ഉള്ളവർ അസൽ സർട്ടിഫിക്കറ്റുകളുമായി 14ന് രാവിലെ 10.30 ന് ഓഫീസിൽ ഹാജരാകേണ്ടതാണ്.





അപകടത്തിൽ മറിഞ്ഞ സ്കൂട്ടർ. തട്ടിവീഴ്ത്തിയ സ്വകാര്യ ബസ് സമീപം

## ബസിന്റെ വാതിൽതട്ടി സ്കൂട്ടർ മറിഞ്ഞ് മാധ്യമ പ്രവർത്തകന് പരിക്ക്

ഗുരുവായൂർ: സ്വകാര്യ ബസിന്റെ ഡോർ പെട്ടെന്ന് തുറന്നതിനെ തുടർന്ന് സ്കൂട്ടർ നിയന്ത്രണം വിട്ട് മറിഞ്ഞ് മാധ്യമ പ്രവർത്തകന് പരിക്കേറ്റു.

ഗുരുവായൂർ മഞ്ചിറ റോഡ് സമീപം ഫയർ സ്റ്റേഷനടുത്ത് സ്റ്റോപ്പില്ലാത്ത സ്ഥലത്ത് ബസ് നിർത്തി ആളെ ഇറക്കിയതാണ് അപകടത്തിന് കാരണമായത്. സ്കൂട്ടറിൽ സഞ്ചരിച്ചിരുന്ന ഗുരുവായൂർ മാധ്യമം ലേഖകൻ ലിജിത്ത് തരകനാണ് (50) പരിക്കേറ്റത്. പാലക്കാട് – ഗുരുവായൂർ റൂട്ടിലോടുന്ന രാജപ്രഭ ബസാണ് അപകടമുണ്ടാക്കിയത്. പരിക്കേറ്റ ലിജിത്തിനെ മാധ്യമ പ്രവർത്തകരായ ടി.ബി. ജയപ്രകാശ്, പി.കെ. രാജേഷ് ബാബു എന്നിവർ ചേർന്ന് മുതുവട്ടൂരിലെ സ്വകാര്യ ആശുപത്രിയിലേക്ക് കൊണ്ടുപോയി. പ്രഥമ ശ്രുശ്രൂഷക്ക് ശേഷം വിട്ടയച്ചു. ഗതാഗത പരിഷ്കരണം നടപ്പാക്കിയത് മുതൽ ഔട്ടർ റിങ് റോഡിൽ എവിടെയും പെട്ടെന്ന് ബസ് നിർത്തി ആളുകളെ കയറ്റുകയും ചെയ്യുന്ന അവസ്ഥയാണ്. ബസ് സ്റ്റോപ്പുകളെ കുറിച്ചുള്ള ബോർഡുകൾ സ്ഥാപിക്കണമെന്നും തോന്നിയ സ്ഥലത്ത് ആളെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നത് അവസാനിപ്പിക്കണമെന്നും ആവശ്യമുയർന്നു.

## ചാലക്കുടിക്കാരുടെ സ്വന്തം ചാത്തുണ്ണിയേട്ടൻ

ഐ.ഐ അബ്ദുൾമജീദ്

ചാലക്കുടി; ഇന്ത്യൻ ഫുട്ബോളിലെ തന്ത്രങ്ങൾ മെനഞ്ഞ പരിശീലകൻ ചാലക്കുടിയുടെ ഫുട്ബോൾ ഇതിഹാസം ടി.കെ. ചാത്തുണ്ണി ഇനി ഓർമ്മ. വിടവാങ്ങിയത് അന്താരാഷ്ട്ര ഫുട്ബോൾ താരവും പരിശീലകനും ആയ ടി.കെ. ചാത്തുണ്ണി അഥവാ ചാലക്കുടിക്കാരുടെ സ്വന്തം ചാത്തുണ്ണിയേട്ടൻ.

കളിക്കളത്തിൽ പിൻനിര കാവൽഭടൻ ആയിരുന്നു എങ്കിലും ടീമിനെ മുന്നിൽ നിന്ന് നയിച്ചു. തിളക്കമാർന്ന വിജയങ്ങൾക്ക് തന്ത്രം മെനയുന്ന ചാത്തുണ്ണിയേട്ടൻ ചാലക്കുടിയുടെ വീരനായകൻ ആയിരുന്നു. ഇന്ത്യൻ ഫുട്ബോളിന് പുതിയ വ്യാകരണങ്ങൾ സൃഷ്ടിച്ച് ഒട്ടനവധി ഫുട്ബോൾ താരങ്ങളുടെ ഗുരുഭൂതനായി. ഐ.എം. വിജയൻ, സി.വി പാപ്പച്ചൻ, ജോൺ പോൾ അഞ്ചേരി അടക്കമുള്ള നിരവധി താരങ്ങളെയാണ് അദ്ദേഹം രാജ്യത്തിന് സംഭാവന നൽകിയത്. കളിക്കാരൻ എന്ന നിലയിൽ 15 വർഷം നീണ്ട ഫുട്ബോൾ ജീവിതത്തിൽ തനിക്ക് എത്തിപ്പെടാൻ കഴിയാതിരുന്ന ഉയരങ്ങൾ തന്റെ ശിഷ്യർക്ക് ലഭിക്കണം എന്ന അദമ്യമായ ആഗ്രഹം ചാത്തുണ്ണിക്ക് ഉണ്ടായിരുന്നു. സന്തോഷ് ട്രോഫിയിൽ സർവീസസ്, ഗവ തുടങ്ങിയ ടീമുകളെ പ്രതിനിധീകരിച്ചിരുന്നു. 1979-ൽ സന്തോഷ് ട്രോഫിയിൽ കേരളത്തിന്റെ പരിശീലകൻ ആയിരുന്നു

.ഈസ്റ്റ് ബംഗാൾ, മോഹൻബഗാൻ, ഗോവൻ ക്ലബ്ബുകൾ ആയ ചർച്ചിൽ ബ്രദേഴ്സ്, സാൽഗോക്കർ കൂടാതെ എംആർഎഫ്, കെ എസ് ഇ ബി, വിവകേരള തുടങ്ങിയ ഒട്ടേറെ ടീമുകളെ പരിശീലിപ്പിച്ചു. ഫെഡറേഷൻ കപ്പ് നേടിയ കേരള പോലീസ് ടീമിന്റെ പരിശീലകനും ആയിരുന്നു ചാത്തുണ്ണിയേട്ടൻ. ഫുട്ബോളിനെ പ്രണനുതുല്യം സ്നേഹിച്ചിരുന്ന ചാത്തുണ്ണിയേട്ടൻ താൻ മരിക്കുമ്പോൾ എനിക്ക് പൂക്കൾ വേണ്ട ഫുട്ബോൾ നൽകി യാത്രയാക്കണം എന്നു സ്നേഹത്തോടെ പറയുമായിരുന്നു. അത് ഹൃദയങ്ങളിൽ ഏറ്റിയ സുഹൃത്തുക്കൾ റീത്തിനൊപ്പം ഫുട്ബോളും കൂടെ മൃതദേഹത്തിൽ സമർപ്പിച്ചു.

ഇന്ത്യൻ ടീമിന്റെ പരിശീലകൻ ആകാൻ അറിയാതെ പോയതിൽ തെല്ല് വിഷമം ചാത്തുണ്ണിയേട്ടന് ഉണ്ടായിരുന്നു. ചാലക്കുടിയിലെ കായിക താരങ്ങളെ വളർത്തിയ ഗവൺമെന്റിന്റെ ബോയ്സ് സ്കൂൾ ഗ്രൗണ്ട് ദേശീയ പാതവികസനത്തിന്റെ ഭാഗമായി വിഭജിച്ച് പോയിരുന്നു. അവിടെ ഗ്യാലറിയോടുകുടിയ എട്ട് ട്രാക്ക് ഫുട്ബോൾ ഗ്രൗണ്ട് നേടിയെടുക്കാൻ തീവ്ര ശ്രമത്തിൽ ആയിരുന്നു. അതിനായി ബഹുജന പ്രക്ഷോഭം പോലും സംഘടിപ്പിച്ചു. ചില രാഷ്ട്രീയ ചരടുവലികളാണതിന് തടസ്സമായത്. ഒടുവിൽ പൂർണമാകാത്ത സ്വപ്നം പാതിവഴിയിലുപേക്ഷിച്ച് ചാലക്കുടിയുടെ തീരാനഷ്ടങ്ങളായി പി.വി. രാമകൃഷ്ണനും, എം. ഒ.ജോസിനും പിന്നാലെ ചാത്തുണ്ണിയേട്ടനും യാത്രയാവുകയാണ്.



ചാത്തുണ്ണിയുടെ മൃതദേഹത്തിൽ ചാലക്കുടി പ്രസ്സ് ക്ലബ്ബിലെ മുതിർന്ന പത്രപ്രവർത്തകൻ കൃഷ്ണൻ നായർ ഫുട്ബോൾ അടങ്ങിയ റീത്ത് സമർപ്പിക്കുന്നു

# കടൽ ഭിത്തി നിർമാണം; കടലിൽ കായം കലക്കുന്ന പരിപാടി അവസാനിപ്പിക്കണം- സി.എച്ച് റഷീദ്

ചാവക്കാട് : കടൽ ഭിത്തി നിർമാണത്തിന് പ്രായോഗികമായ യാതൊരു നടപടിയും സ്വീകരിക്കാതെ സർക്കാർ തീരദേശ വാസികളെ വഞ്ചിക്കുകയാണെന്ന് മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി.എച്ച് റഷീദ് പ്രസ്താവനയിലൂടെ പറഞ്ഞു.

കഴിഞ്ഞ പതിനഞ്ച് വർഷത്തിലധികമായി കടലാക്രമണത്തെ ചെറുക്കാൻ ശാശ്വതമായ യാതൊരു നടപടിയും സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടാവുന്നില്ല. ഓരോ കാലവർഷവും കര കവർന്നെടുത്തു. പ്രധാന റോഡായ അഹമ്മദ് കുരിക്കൾ റോഡ് തന്നെ ഇല്ലാതാവാറായിട്ടും സർക്കാരും ഗുരുവായൂർ എം.എൽ.എ.യും അനങ്ങാപാറ നയം സ്വീകരിക്കുകയാണ്. രൂക്ഷമായ കടലാക്രമണം മൂലം കെടുതികൾ അനുഭവിക്കുന്ന കടപ്പുറം നിവാസികളുടെ ആവശ്യങ്ങൾക്ക് നേരെ മുഖം തിരിച്ചു നിൽക്കുന്ന സർക്കാർ, കോടികൾ ആവശ്യമായ പ്രവൃത്തിക്ക് ഇരുപത്തിനാല് ലക്ഷം അനുവദിച്ചു എന്ന് പ്രസ്താവിക്കുന്നത് പ്രദേശവാസികളെ പരിഹസിക്കുന്നതിന് തുല്യമാണ്. ഇത് കടലിൽ കായം കലക്കാനുള്ളതാണ്, അല്ലാതെ കടൽഭിത്തി നിർമിച്ചു തീരം സംരക്ഷിക്കാനുള്ളതല്ല. കടലാക്രമണം തടയാൻ ടെട്രാപോഡ് ഉപയോഗിച്ച് കടൽ ഭിത്തി നിർമ്മിക്കുമെന്ന് പറഞ്ഞ എം എൽ എ യും സർക്കാരും തീരദേശവാസികളോട് കാണിക്കുന്നത് കണ്ണിൽ ചോരയില്ലാത്ത ക്രൂരതയാണ്. പതിറ്റാണ്ട് കാലമായി ഈ നാട്ടുകാർ അനുഭവിക്കുന്ന ഗുരുതര പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാതെ പ്രദേശ വാസികളുടെ കണ്ണിൽ പൊടിയിടുന്ന ഇത്തരം നാടകങ്ങൾ അവസാനിപ്പിക്കണമെന്നും ഇനിയെങ്കിലും പ്രായോഗിക പരിഹാരങ്ങൾ സ്വീകരിക്കണമെന്നും സി.എച്ച് റഷീദ് ആവശ്യപ്പെട്ടു.



കടപ്പുറം പഞ്ചായത്തിലെ അഞ്ചങ്ങാടിവളവിൽ കടൽക്ഷോഭത്തിൽ തകർന്നുവീഴാറായ കെട്ടിടം

## വിദ്യാതീരം പദ്ധതി; അപേക്ഷ ക്ഷണിച്ചു

തൃശൂർ: വിദ്യാതീരം പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാന ഫിഷറീസ് വകുപ്പ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കായി നടപ്പിലാക്കുന്ന വിവിധ പരിശീലന പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു.

റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ്, സിവിൽ സർവ്വീസ്, ഐ.ഐ.ടി/ എൻ.ഐ.ടി എന്നീ മത്സര പരീക്ഷകൾക്കുള്ള പരിശീലനങ്ങൾക്കാണ് അപേക്ഷ ക്ഷണിച്ചത്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. പരിശീലന ചെലവ് സർക്കാർ വഹിക്കും. അപേക്ഷാ ഫോറവും വിശദവിവരങ്ങളും തൃശ്ശൂർ ജില്ലയിലെ മത്സ്യഭവനുകളിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷഫോറം ജൂൺ 20 നകം മത്സ്യഭവനുകളിൽ സമർപ്പിക്കണം.

കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 2441132.

## പച്ചക്കറി, പൂകൃഷി നടീൽ വാർഡ്തല ഉദ്ഘാടനം

മന്ദലാംകുന്ന്:- പുന്നയൂർ പഞ്ചായത്ത് ഒന്നാം വാർഡിൽ പച്ചക്കറി,പൂകൃഷി നടീൽ വാർഡ് തല ഉദ്ഘാടനം വാർഡ് മെമ്പർ അസീസ് മന്ദലാംകുന്ന് നിർവഹിച്ചു.തൊഴിലുറപ്പ് മേറ്റ് എ.വി വത്സ അധ്യക്ഷത വഹിച്ചു.പുന്നയൂർ ഗ്രാമ പഞ്ചായത്തും കൃഷിഭവനും സംയുക്തമായി പുന്നയൂർ സഹകരണ ബാങ്കിന്റെ സഹായത്തോടെ പച്ചക്കി - പൂകൃഷി സ്വയം പര്യാപ്തത പരിപാടിയായ സുഭിക്ഷയുടെ ഭാഗമായാണ് ചെണ്ടുമല്ലി ചെടികളും പച്ചക്കറി കൃഷികളും ചെയ്യുന്നത്. ഒരു വാർഡിൽ ചുരുങ്ങിയത് 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ഇറക്കി ഇരുപത് വാർഡുകളിലും കൃഷി ചെയ്യുക എന്നതാണ് ലക്ഷ്യം 'തൊഴിലുറപ്പു തൊഴിലാളികളുടെയും , കുടുംബശ്രീ പ്രവർത്തകരുടേയും സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.കദീജ, മല്ലിക,അപ്പോമ,സൽമ എന്നിവർ നേതൃത്വം നൽകി

### ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ട് പ്രവേശനം

തൃശൂർ: ടൂറിസം വകുപ്പിന്റെ കീഴിൽ തൃശ്ശൂർ പൂത്തോളിൽ പ്രവർത്തിക്കുന്ന ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിട്യൂട്ടിൽ 2024–25 അധ്യയന വർഷത്തെ ഹോട്ടൽ മാനേജ്മെന്റ് മേഖലയിലെ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. താൽപര്യമുള്ള വിദ്യാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇൻസ്റ്റിട്യൂട്ടിൽ എത്തിച്ചേരണം. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0487 2384253, 9447610223.



പുന്നയൂർ പഞ്ചായത്ത് ഒന്നാം വാർഡിൽ പച്ചക്കറി, പൂകൃഷി നടീൽ വാർഡ് തല ഉദ്ഘാടനം വാർഡ് മെമ്പർ അസീസ് മന്ദലാംകുന്ന് നിർവഹിക്കുന്നു

## ന്യൂനപക്ഷ വിഭാഗങ്ങൾക്ക് സ്കോളർഷിപ്പോടെ അസാപ്പിൽ കോഴ്സുകൾ

ആലപ്പുഴ: കേരള സർക്കാർ നൈപുണ്യ വികസന പരിശീലന സ്ഥാപനമായ അസാപ് കേരള കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ചെറിയ കലവൂർ ക്യാമ്പസ്സിൽ നൂറ് ശതമാനം പ്ലേസ്മെന്റോടുകൂടി അഡ്വാൻസ്ഡ് ബയോമെഡിക്കൽ എക്യുപ്മെന്റ് ഹാൻഡ്സ് ഓൺ ട്രെയിനിങ് കോഴ്സ് ആരംഭിക്കുന്നു. ന്യൂനപക്ഷ വിഭാഗങ്ങൾക്ക് നൂറ് ശതമാനം സ്കോളർഷിപ്പ് ലഭിക്കും. മൂന്ന് മാസമാണ് കോഴ്സ് ദൈർഘ്യം. 2022, 2023 വർഷങ്ങളിൽ ഇലക്ട്രോണിക് എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്, മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, ബയോമെഡിക്കൽ എഞ്ചിനീയറിംഗ്, ഐ.ടി.ഐ./ഡിപ്ലോമ/എഞ്ചിനീയറിംഗ് കോഴ്സുകൾ കഴിഞ്ഞവരായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 6282095334, 8078069622, 9495999680.

## ഖാദി തുണിത്തരങ്ങൾക്ക് റിബേറ്റ്

ആലപ്പുഴ: ബക്രീദിനോടനുബന്ധിച്ച് ജൂൺ 10 മുതൽ 15 വരെ ഖാദി തുണിത്തരങ്ങൾക്ക് 20 ശതമാനം മുതൽ 30 ശതമാനം വരെ റിബേറ്റ് ലഭിക്കും. കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഖാദി ഗ്രാമ സൗഭാഗ്യകളിലും ഖാദി സൗഭാഗ്യകളിലും പ്രത്യേക റിബേറ്റ് ലഭിക്കും.

## കൗൺസിലർ നിയമനം

ആലപ്പുഴ: പുനലൂർ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിന്റെ പരിധിയിൽ കൊല്ലം, ആലപ്പുഴ ജില്ലകളിൽ പ്രവർത്തിക്കുന്ന ഹോസ്റ്റലുകളിലും കൊല്ലം ജില്ലയിലെ കുളത്തുപുഴ മോഡൽ റെസിഡൻഷ്യൽ സ്കൂളിലും നിലവിലുള്ള രണ്ട് സ്റ്റുഡന്റ് കൗൺസിലർ തസ്തികകളിൽ ഒരു വർഷത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള വാക് ഇൻ ഇന്റർവ്യൂ ജൂൺ 13 ന് രാവിലെ 10.30 ന് പുനലൂർ ട്രൈബൽ ഡവലപ്മെന്റ് ഓഫീസിൽ നടക്കും.

ആലപ്പുഴ വാർത്തകൾ



നീർക്കുന്നം എസ്.ഡി.വി. ഗവ . യു.പി. സ്കൂളിലെ കുട്ടികൾ സംഘടിപ്പിച്ച പ്രകൃതി നടത്തം

## പ്രകൃതി നടത്തവുമായി വിദ്യാർത്ഥികൾ

നീർക്കുന്നം: കുട്ടികളിൽ പാരിസ്ഥിതികാവബോധം വളർത്തുക എന്നത് അനിവാര്യമായിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്കൂളിന് സമീപമുള്ള ഒരേക്കർ വരുന്ന ഫലവൃക്ഷ സമൃദ്ധമായ പറമ്പിലേക്ക് ഉള്ള പ്രകൃതി നടത്തത്തിൽ ഏർപ്പെട്ടുകൊണ്ട് നീർക്കുന്നം എസ്.ഡി.വി. ഗവ . യു.പി. സ്കൂളിലെ കുട്ടികൾ. മരച്ചില്ലകളുടെ മേലാപ്പിന് താഴെ പ്രകൃതിയൊരുക്കിയ സ്വാഭാവിക കുളിർമയിൽ നിന്നുകൊണ്ട് വിവിധ ആവാസവ്യവസ്ഥകൾ, ആഹാര ശൃംഖല, മണ്ണ് എന്നിവയെക്കുറിച്ച് എക്കോ ക്ലബ് കൺവീനർ പ്രീതി ക്ലാസ് എടുത്തു.

മണ്ണിരകൾ നിറഞ്ഞ വളക്കൂറുള്ള മണ്ണ്, വംശനാശഭീഷണി നേരിടുന്ന ആറ്റു തേക്ക് എന്നറിയപ്പെടുന്ന കടമ്പു മരം ,കൊക്കോ ഇവയെല്ലാം കുട്ടികളെ ഏറെ അത്ഭുതപ്പെടുത്തി. അധിനിവേശ സസ്യങ്ങളെ അകറ്റിനിർത്തിയുള്ള ഈ പ്രദേശം, പ്രാദേശിക സസ്യജാലങ്ങൾ നട്ടുപിടിപ്പിക്കുവാനും അവ പരിപാലിക്കാനും കുട്ടികൾക്ക് ഏറെ പ്രചോദനമായി.

മരങ്ങളും കുളങ്ങളും ജലക്ഷാമത്തിൽ നിന്ന് പ്രദേശവാസികളെ രക്ഷിക്കുന്നതായും കുട്ടികൾ മനസ്സിലാക്കി. കുളങ്ങൾ മലിനമാക്കാതെ സംരക്ഷിച്ചു നിർത്തേണ്ടത് വളരെ അനിവാര്യമാണെന്ന വസ്തുതയും ഈ പഠന യാത്രയിലൂടെ കുട്ടികൾക്ക് ബോധ്യപ്പെട്ടു.

അധ്യാപകരായ സഹന, മിനിമോൾ, ഷഫീന ,ദീപ ,ഡിവൈൻ, എന്നിവർ തുടർന്ന് സംസാരിച്ചു.

## കായംകുളംനഗരസഭ വിദ്യാശ്രേഷ്ഠ പുരസ്കാരം 22ന്

കായംകുളം: കായംകുളത്തിന്റെ സമഗ്രവികസനം സാധ്യമാക്കുന്ന നഗരസഭ, അതിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിച്ച വിദ്യാ4ത്ഥികൾക്ക് 'വിദ്യാശ്രേഷ്ഠ' പുരസ്കാരം നൽകി ആദരിക്കുന്നു.

നഗരസഭാപരിധിയിലെ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടിയ എസ്.എസ്.എൽ.സി, പ്ലസ് 2 വിദ്യാർത്ഥികൾക്കും നൂറ് ശതമാനം വിജയം കരസ്ഥമാക്കിയ സ്കൂളുകൾക്കും പ്രൊഫഷണൽ കോഴ്സുകളിലടക്കം ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാ4ത്ഥികൾക്കുമാണ് പുരസ്കാരം നൽകുന്നത്.

2024 ജൂൺ 22 ശനിയാഴ്ച ഉച്ചയ്ക്ക് 2 മണിക്ക് കായംകുളം ടൗണിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്. . സംസ്ഥാന കൃഷി വകുപ്പ് മന്ത്രി. പി. പ്രസാദ് പുരസ്കാര ചടങ്ങ് ഉദ്ഘാടനം ചെയ്യും. കായംകുളം എം എൽ എ . യു. പ്രതിഭ അദ്ധ്യക്ഷത വഹിക്കും. ആലപ്പുഴ എം.പി. . കെ.സി. വേണുഗോപാൽ, മുഖ്യാതിഥിയായിരിക്കും. വിദ്യാത്ഥികളുടെ വിവിധ കലാപരിപാടികൾ, മോട്ടിവേഷൻ ക്ലാസ് എന്നിവയും ഉണ്ടാകും. എസ് എസ്എൽസി , പ്ലസ് ടു ക്ലാസ്സുകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ കുട്ടികളുടെ ഫോട്ടോ, മാർക്ക് ലിസ്റ്റ്, എന്നിവ നഗരസഭയിൽ നേരിട്ടോ വാർഡ് കൗൺസിലർ മുഖേനയോ 16 ന് മുൻപായി എത്തിക്കണ്ടതാണ്.

## എൻട്രൻസ് പരിശീലനം

ആലപ്പുഴ: സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റെസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു.

ഒരു വർഷത്തെ റെസിഡൻഷ്യൽ എൻട്രൻസ് കോച്ചിംഗിനാണ് സർക്കാർ ധനസഹായം നൽകുന്നത്. അപേക്ഷ ഫോറവും വിശദവിവരങ്ങളും മത്സ്യഭവൻ ഓഫീസുകളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷഫോറം ജൂൺ 25ന് മുമ്പ് മത്സ്യഭവൻ ഓഫീസുകളിൽ ലഭിക്കണം.

ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർ സെക്കന്ററി തലത്തിൽ ഫിസിക്സ്/കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 85 ശതമാനം മാർക്കോടെ വിജയിച്ചതോ മുൻവർഷം നടത്തിയ നീറ്റ് പരീക്ഷയിൽ 41 ശതമാനം മാർക്ക് ലഭിച്ചവരോ ആയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. ഒരു വിദ്യാർഥിക്ക് ഒരു തവണ മാത്രമേ ആനുകൂല്യത്തിന് അർഹതയുള്ളു.

# പക്ഷിപ്പനി പടരുന്നു

## പക്ഷി വളർത്തുന്നവർക്ക് ജാഗ്രത നിർദ്ദേശം

ആലപ്പുഴ: ചേർത്തല മുനിസിപ്പാലിറ്റി, കഞ്ഞിക്കുഴി, പഞ്ചായത്ത് ഇവിടങ്ങളിലെ പക്ഷികളിൽ പക്ഷിപ്പനി സംശയിക്കുന്നതിനാലും, മുഹമ്മ പഞ്ചായത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചിട്ടുള്ളതിനാലും ഈ പ്രദേശങ്ങളുടെ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള ജാഗ്രത മേഖലയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകളിൽ കോഴി, മറ്റു പക്ഷികളെ വളർത്തുന്നവർ കർശനമായ ജൈവ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദ്ദേശം. ജില്ലയിൽ പക്ഷിപ്പനി പല പഞ്ചായത്തുകളിൽ സ്ഥിരീകരിച്ചിട്ടുള്ള സാഹചര്യത്തിൽ അധിക വ്യാപനം തടയുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ.ചിഞ്ചു റാണിയുടെ അധ്യക്ഷതയിൽ ഓൺലൈനിൽ ചേർന്ന യോഗത്തിലാണ് ഇത് സംബന്ധിച്ച ജാഗ്രത നിർദ്ദേശങ്ങൾ നൽകിയത്. തുടർന്ന് നടന്ന യോഗത്തിൽ കൃഷി വകുപ്പ് മന്ത്രി പി.പ്രസാദ്, മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ എ.കൗശികൻ, ജില്ല മൃഗസംരക്ഷണ ഓഫീസർ ജോയി ഫ്രാൻസിസ്, വിവിധ വകുപ്പുകളുടെ ജില്ല തല ഓഫീസർമാർ എന്നിവർ പങ്കെടുത്തു.





### ജാഗ്രത മേഖലയിൽ ഉൾപ്പെടുന്ന പഞ്ചായത്തുകൾ

കൈനകരി, ആര്യാട്, മാരാരിക്കുളം തെക്ക്, ചേർത്തല തെക്ക്, കഞ്ഞിക്കുഴി, മുഹമ്മ, തണ്ണീർമുക്കം, ചേർത്തല മുനിസിപ്പാലിറ്റി, കുമരകം, അയ്മനം, ആർപ്പൂക്കര, മണ്ണഞ്ചേരി, വെച്ചൂർ, മാരാരിക്കുളം വടക്ക്, ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ പുന്നമട, കരളകം, പൂന്തോപ്പ്, കൊറ്റംകുളങ്ങര, കറുകയിൽ, കാളാത്ത്, ആശ്രമം, കൊമ്മാടി, തുമ്പോളി എന്നീ വാർഡുകൾ, പട്ടണക്കാട്, വയലാർ, ചേന്നം പള്ളിപ്പുറം, വൈക്കം മുനിസിപ്പാലിറ്റി, ടിവി പുരം, തലയാഴം, കടക്കരപ്പള്ളി

### നിർദ്ദേശങ്ങൾ

1.ഫാമിലും പരിസരത്തും പുറമേ നിന്ന് വാഹനങ്ങൾ, വ്യക്തികൾ പ്രവേശിക്കാതെ സൂക്ഷിക്കുക.

2.അത്യാവശ്യ ഘട്ടങ്ങളിൽ ശരിയായ രീതിയിൽ അണുനശീകരണം നടത്തിയ വാഹനങ്ങൾ, ഉപകരണങ്ങൾ മാത്രം അനുവദിക്കുകയും ഫാമിൽ നിന്ന് പുറത്തു പോകുന്ന വാഹനങ്ങൾക്കും അണുനശീകരണം നടത്തിയിരിക്കേണ്ടതാണ്.


3.പുറമേ നിന്നുള്ള മറ്റു പക്ഷി മൃഗാദികൾ ഫാം പരിസരത്ത് പ്രവേശിക്കാതെ സൂക്ഷിക്കേണ്ടതാണ്.

4.ഫാമിൽ ജോലി ചെയ്യുന്നവർ കൈയുറ, മുഖാവരണം, ഗംബൂട്ട്/ഷൂകവർ മുതലായവ ധരിക്കേണ്ടതും, അണുനാശിനികൾ ഉപയോഗിച്ച് വ്യക്തി ശുചിത്വം ഉറപ്പാക്കേണ്ടതുമാണ്. ഫാം നടത്തുന്നവർ മറ്റു പക്ഷി ഫാമുകളോ, സങ്കേതങ്ങളോ സന്ദർശിക്കാൻ പാടുള്ളതല്ല.

5.ഫാമിന്റെ പ്രവേശന കവാടത്തിൽ രണ്ട് ശതമാനം വീര്യമുള്ള പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി ഉപയോഗിച്ച് അണുനശീകരണം നടത്തേണ്ടതാണ്.

6.ഫാമിലുള്ള പക്ഷികളുടെ കൃത്യമായ രേഖകൾ സൂക്ഷിക്കേണ്ടതാണ്.

പക്ഷികളിൽ അസ്വഭാവിക മരണം ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ അടുത്തുള്ള മൃഗാശുപത്രിയിൽ അറിയിക്കേണ്ടതാണ് എന്നീ ജാഗ്രത നിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. നിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാൻ ജില്ല കളക്ടർ അലക്സ് വർഗ്ഗീസ് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.



ചേർത്തല നഗരസഭ 16ാം വാർഡിൽ ചത്തകോഴികളെ തെരുവ് നായ കടിച്ചുകൊണ്ടുപോകുന്നു

### ബോധവത്കരണ പരിപാടി

മുഹമ്മ : മുഹമ്മ സാമൂഹികാരോഗ്യ കേന്ദ്രത്തിന്റേയും മുഹമ്മ ചാരമംഗലം എസ് എൻ വി എൽ പി സ്കൂളിന്റെയും സംയുക്താഭിമുഖ്യത്തിൽ പക്ഷിപ്പനിക്കെതിരെ ' ജാഗ്രത ' ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു.

മഴക്കാല രോഗങ്ങളായ ഡങ്കിപ്പനി , എലിപ്പനി, അതിസാരം എന്നിവയെക്കതിരെ ജാഗ്രത പുലർത്തുന്നതിനും പക്ഷിപ്പനിക്കെതിരെയുള്ള മുൻകരുതലുകളെപ്പറ്റിയും കുട്ടികളിലും രക്ഷകർത്താക്കളിലും അവബോധം സൃഷ്ടിക്കുകയെന്നതാണ് ലക്ഷ്യം . മുഹമ്മ ആരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ രശ്മി സമ്മേളനം ഉദ്ഘാടനം ചെയ്തു. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ബി വിഷ്ണു , എം എസ് വിദ്യ എന്നിവർ മഴക്കാല രോഗങ്ങളും പക്ഷിപ്പനി എന്നിവയെതിരെയുള്ള മുൻകരുതലുകളും വിശദീകരിച്ചു അധ്യാപകരായ ശ്രീദേവി, ലിനി എന്നിവർ പ്രസംഗിച്ചു. സീനിയർ അസിസ്റ്റന്റ് ഉഷാദേവി സ്വാഗതവും ഹെഡ്മിസ്ടസ് എസ് ജയശ്രീ നന്ദിയും പറഞ്ഞു.

## ആശങ്ക ഉയർത്തി ചേർത്തല

### 16–ാം വാർഡിലും പക്ഷിപ്പനി സ്ഥിരീകരിച്ചു

ചേർത്തല: നഗരത്തിൽ 15ാം വാർഡിനു പിന്നാലെ 16ാം വാർഡിലും പക്ഷിപനി സ്ഥിരീകരിച്ചതോടെ നഗരത്തിലാകെ ജാഗ്രതാനിർദ്ദേശം. തിരുവല്ലയിലെ ലാബിൽ നടത്തിയ പരിശോധനയിലാണ് രോഗം സ്ഥിരീകരിച്ചത്. എന്നാൽ ഭോപ്പാലിലെ വൈറോളജി ലാബിലേക്കയച്ച സമ്പിളുകളിൽ സ്ഥിരീകരണം വന്നാലേ ഔദ്യോഗിക സ്ഥിരീകരണമാകുകയുള്ളു. ഔദ്യോഗിക സ്ഥിരീകരണം എത്താത്തത് പ്രദേശത്തെ നിരീക്ഷണത്തിനും പ്രതിരോധ പ്രവർത്തനങ്ങൾക്കും വലിയ തടസമാകുന്നുണ്ട്.

നിലവിൽ 2000 ത്തോളം കോഴികൾ രോഗം ബാധിച്ചു ചത്തതായാണ് വിവരം. എന്നാൽ ചത്ത കോഴികളെ സംസ്കരിക്കുന്നതു വെല്ലുവിളിയായിട്ടുണ്ട്. ഔദ്യോഗിക സ്ഥിരീകരണമാകാത്തതിനാൽ നഗരസഭയുടയോ മൃഗസംരക്ഷണവകുപ്പിന്റെയോ സംവിധാനങ്ങൾ നടപടികിലേക്കു നീങ്ങിയിട്ടില്ല. കോഴിഫാം ഉടമകൾ തന്നെയാണ് അവരുടെ സ്ഥലത്തു തന്നെ ഇവയെ കത്തിച്ചു സംസ്കരിക്കുന്നത്. ഇതു ശാസ്ത്രീയമാകുന്നില്ലെന്നും കണ്ടെത്തിയിട്ടുണ്ട്. വ്യാഴാഴ്ചയോടെ ഔദ്യോഗിക സ്ഥിരീകരണമുണ്ടാകുമെന്നാണ് പ്രതീഷിക്കുന്നത്. ഇതിനു ശേഷം മാത്രമേ നഗരത്തിലടക്കം ശക്തമായ നിരീക്ഷണങ്ങളും നിയന്ത്രണങ്ങളും നടപടികളും നടപ്പാക്കാനാകുകയുള്ളു. നിരീക്ഷണങ്ങളില്ലാത്തതിനാൽ ചത്ത കോഴികളെ പലയിടത്തുമിടുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. 16ാം വാർഡിൽ ചത്തകോഴികളെ പൊതു സ്ഥലങ്ങളിലേക്കു വലിച്ചെറിഞ്ഞതായും ഇതിനെ തെരുവുപട്ടികൾ കടിച്ചു പലയിടത്തു ഇട്ടതായ പരാതികൾ ഉയർന്നിട്ടുണ്ട്. വിഷയം ആരോഗ്യ വിഭാഗത്തെ അറിയിച്ചെങ്കിലും ഗൗരവമായ ഇടപെടലുകളുണ്ടായില്ലെന്നും പരാതിയുയർന്നു.



ബാലവേല ദിനാചരണത്തിന്റെ ഭാഗമായി ലജ്നത്തുൽ മുഹമ്മദിയ്യ എൽ.പി സ്കൂളിൽ നടന്ന പ്രതിജ്ഞയും പോസ്റ്റർ പ്രദർശനവും



ഗവ.മുഹമ്മദൻസ് എൽ പി സ്കൂളിൽ സാമുഹ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ ബാലവേല വിരുദ്ധ ദിനത്തിന്റെ ഭാഗമായി സംഘടിപ്പിച്ച സംവാദം

## ബാലവേല വിരുദ്ധ ദിനാചരണം

ആലപ്പുഴ: ലജ്നത്തുൽ മുഹമ്മദിയ്യ എൽ.പി സ്കൂളിൽ ബാലവേല വിരുദ്ധ ദിനാചരണം സംഘടിപ്പിച്ചു.

ഹെഡ്മാസ്റ്റർ ഇൻ ചാർജ്ജ് അബ്ദുൽ മാഹിൻ റഷീദ് ഉദ്ഘാടനം ചെയ്തു.സ്റ്റാഫ് സെക്രട്ടറി പി.എസ്. സുൽഫത്ത് ഉദ്ബോദനം നടത്തി. വിദ്യാർത്ഥികളുടെ പ്രതിജ്ഞയും പോസ്റ്റർ പ്രദർശനവും നടന്നു.

അധ്യാപകരായ സജ്ന കാസിം, സഹീറ, എ.എം മുഹമ്മദ് ഷാഫി, സജ്ജാദ് റഹ്മാൻ, അൻസില, ജയലക്ഷ്മി, നസ്നി, നൗസിയ, ആമിന, മുഹ്സിന, സൗജത്ത്, ഷമീന എന്നിവർ ക്ലാസ് റൂം ദിനാചരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

ഗവ.മുഹമ്മദൻസ് എൽ പി സ്കൂളിൽ സാമുഹ്യ ക്ലബ്ബിന്റെ നേതൃത്വത്തിൽ ബാലവേല വിരുദ്ധ ദിനത്തിന്റെ ഭാഗമായി 'നമ്മുടെ പ്രതിബദ്ധത നിറവേറ്റാം ബാലവേല അവസാനിപ്പിക്കാം' എന്ന വിഷയത്തിൽ തുറന്ന സംവാദം സംഘടിപ്പിച്ചു.

കുട്ടികൾ പഠനത്തിന്റെ ഭാഗമായി ഉൾക്കൊണ്ട കാര്യങ്ങൾ നിർഭയമായി വിനിമയം ചെയ്യാനും, അക്ഷര ലോകത്തിൽ അവസരമില്ലാതെ, അന്നത്തിനായി പണിയെടുക്കുന്ന തങ്ങളെപ്പോലെയുള്ള ബാല്ല്യങ്ങളുടെ കഷ്ടത തിരിച്ചറിയാനുമാണ് തുറന്ന സംവാദം സംഘടിപ്പിച്ചത്.

പ്രഥമാധ്യാപകൻ പി ഡി ജോഷി, സീനിയർ അധ്യാപകൻ കെ കെ ഉല്ലാസ്, മാർട്ടിൻ പ്രിൻസ്, ഷൈനി തുടങ്ങിയർ നേതൃത്വം നൽകി

## എസ്.ബി.വി സംഘടന ശാക്തീകരണ കാമ്പയിൻ

മണ്ണഞ്ചേരി : എസ്.കെ.എസ്.ബി.വി ജില്ലാ തഹ്ദീസ് സംഘടന ശാക്തീകരണ കാമ്പയിൻ ജില്ലാതല ഉദ്ഘാടനം സയ്യിദ് ത്വാഹാ ജിഫ്രി തങ്ങൾ ഫൈസി നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് ഇർഫാൻ കൊയപ്പു അധ്യക്ഷത വഹിച്ച യോഗത്തിൽ ജില്ലാ ജനറൽ സെക്രട്ടറി യാസീൻ പുത്തംപള്ളി സ്വാഗതം പറഞ്ഞു

ജംഇയ്യത്തുൽ മുഅല്ലിമീൻ ജില്ലാ ജനറൽ സെക്രട്ടറി ടി എച്ച് ജഅ്ഫർ മൗലവി ആമുഖ പ്രഭാഷണം നിർവഹിച്ചു. നിസാമുദ്ദീൻ അൻവരി , സമീർ സഅ്ദി,അബ്ദുറഹ്മാൻ മുസ്‌ലിയാർ മാഹിൻ അബൂബക്കർ ഫൈസി , ഹസൻ ദാരിമി, നൗഫൽ ദാരിമി , നിസാം മുസ്‌ലിയാർ, സിറാജ് മുസ്‌ലിയാർ , രിഫാസ് മുസ്‌ലിയാർ, ആബിദ് അമ്പലപ്പുഴ,സഫുവാൻ ആശാൻ സംസാരിച്ചു.

ജില്ലാ ട്രഷറർ അൽത്താഫ് വണ്ടാനം നന്ദി പറഞ്ഞു.




എസ്.കെ.എസ്.ബി.വി ജില്ലാ തഹഹ്ദിസ് സംഘടന ശാക്തീകരണ ക്യാമ്പയിൻ ജില്ലാതല ഉദ്ഘാടനം സയ്യിദ് ത്വാഹാ ജിഫ്രി തങ്ങൾ ഫൈസി നിർവഹിക്കുന്നു

## അനുശോചനം

ആലപ്പുഴ : കുട്ടനാട്ടിൽ ജനിച്ചു മലയാളികളുടെ പ്രിയപ്പെട്ട മാധ്യമപ്രവർത്തകനായി മാറിയ സിബി കാട്ടാമ്പള്ളിയുടെ നിര്യാണത്തിൽ കുട്ടനാട് ഇന്റഗ്രൽ ഡെവലപ്മെന്റ് സൊസൈറ്റി (കിഡ്സ് ) അനുശോചനം രേഖപ്പെടുത്തി. കിഡ്സ് പ്രസിഡന്റ് അഡ്വ. പ്രദീപ് കൂട്ടാല അധ്യക്ഷത വഹിച്ച യോഗത്തിൽ പി. എം. കുര്യൻ നങ്ങച്ചിവീട്ടിൽ ചിറയിൽ, ജോസ് അക്കരക്കളം, സുരേഷ് ജോസഫ് മങ്ങാട് , റോജസ് ജോസ്, തോമസ് മത്തായി കരിക്കമ്പള്ളിൽ, ജോജോ മാത്യു പൂപ്പള്ളി, ആൻസൻ ആന്റണി ഇളമതയിൽ, ഷൈൻ ജോസഫ് മായിപ്പറപ്പള്ളി പ്രസംഗിച്ചു.

## വെഡ്ഡിംഗ്സ് ഓഫ് ഭാരത് നാളെ മുതൽ

കൊച്ചി: വിവാഹത്തിനാവശ്യമായ എല്ലാ സേവനങ്ങളും ഒരു കുടക്കീഴിൽ അവതരിപ്പിക്കുന്ന വെഡ്ഡിംഗ്സ് ഓഫ് ഭാരത് എന്ന പദ്ധതിയുമായി പ്രമുഖ വിവാഹ വസ്ത്രവ്യാപാര ശൃംഖലയായ യെസ് ഭാരത്.
ഇതിന്റെ ഭാഗമായി യെസ് ഭാരതിന്റെ കൽപ്പറ്റ, സുൽത്താൻ ബത്തേരി, കരുനാഗപ്പള്ളി, ഷോറൂമുകളിൽ ഹൽദി, മെഹന്തി, ശാദി, പാർട്ടി തുടങ്ങിയവയ്ക്കുള്ള വിവിധങ്ങളായ വിവാഹ വസ്ത്രങ്ങൾ ആകർഷക നിരക്കുകളിൽ ലഭ്യമാക്കുമെന്ന് അധികൃതർ അറിയിച്ചു. ഇതോടൊപ്പം നാളെ മുതൽ സെപ്തംബർ 30 വരെ രാജ്യത്താദ്യമായി യെസ് ഭാരത് ഉപഭോക്താക്കൾക്ക് ജ്വല്ലറി പർച്ചേസുകൾ, ബാങ്കിങ് സേവനങ്ങൾ, ട്രാവൽ, കേറ്ററിംഗ്, ഇവന്റ് മാനേജ്മെന്റ്, ഫോട്ടോവിഡിയോഗ്രാഫി തുടങ്ങിയ വിവാഹ ആവശ്യങ്ങൾക്കുള്ള എല്ലാ മേഖലകളിലേയും സംസ്ഥാനത്തെ പ്രമുഖ സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് വെഡ്ഡിംഗ്സ് ഓഫ് ഭാരത് അരങ്ങേറുമെന്നും യെസ് ഭാരത് ചെയർമാൻ ഇ.അയൂബ് ഖാൻ അറിയിച്ചു. ഫെഡറൽ ബാങ്ക്, യൂണിമണി, ശാദി വെഡ്ഡിംഗ്സ്, ഫൂഡി മലബാർ കിച്ചൻ, വേവ, കവിത ഗോൾഡ്, അറേബ്യൻ ജ്വല്ലറി എന്നിവരുമായി സഹകരിച്ചാണ് ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നത്. ഉപഭോക്താക്കൾക്ക് വിവിധ ഓഫറുകളും ഇളവുകളും ഈ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കും.

## അധ്യാപക ഒഴിവുകൾ

നെടുമ്പാശേരി: കുന്നുകര എംഇഎസ് കോളേജ് ഓഫ് എൻജിനീയറിങ് ആൻഡ് ടെക്നോളജിയിൽ,അസോസിയേറ്റ് പ്രൊഫസർ, അസിസ്റ്റന്റ് പ്രൊഫസർ എന്നീ തസ്തികകളിലേക്ക് അപേക്ഷകൾ ക്ഷണിച്ചു. മെക്കാനിക്കൽ എൻജിനീയറിങ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എഞ്ചിനീയറിങ്, ആർട്ടിഫിഷൽ ഇന്റലിജൻസ് ആൻഡ് ടാറ്റാ സയൻസ് എന്നീ വകുപ്പുകളിലാണ് ഒഴിവുകളുള്ളത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ അസ്സൽ സർട്ടിഫിക്കറ്റുകളും ആയി 20 ന് കോളേജിൽ ഹാജരാകേണ്ടതാണ്. ഫോൺ: 94477 81611.
കാലടി: ഇല്ലിത്തോട് ഗവ.യു. പി സ്കൂളിൽ ജൂനിയർ ഹിന്ദി(പാർട്ട് ടൈം)അധ്യാപക ഒഴിവിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലിക നിയമനം നടത്തുന്നു. താൽപര്യമുള്ള ഉദ്യോഗാർഥികൾ 14 ന് രാവിലെ 11 മണിക്ക് നടത്തുന്ന അഭിമുഖത്തിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി നേരിട്ട് ഹാജരാകേണ്ടതാണ്.

# കൊച്ചി വാർത്തകൾ

### പെരിയാറിലെ മത്സ്യക്കുരുതി

# മുഖ്യമന്ത്രിയുടെ വാദത്തിനെതിരെ പ്രതിഷേധം

കൊച്ചി: പെരിയാറിൽ രാസമാലിന്യം ഒഴുക്കി വിട്ടത് മൂലമാണ് മത്സ്യക്കുരുതി ഉണ്ടായതെന്ന് കണ്ടെത്താനായിട്ടില്ലെന്ന മുഖ്യമന്ത്രിയുടെ നിയമസഭയിലെ വിശദീകരണത്തിനെതിരെ വൻ പ്രതിഷേധം. മുഖ്യമന്ത്രി യാഥാർഥ്യങ്ങൾ മറച്ച് കണ്ണടച്ച് ഇരുട്ടാക്കുകയാണെന്ന് വരാപ്പുഴ അതിരൂപത സേവ് പെരിയാർ ആക്ഷൻ കൗൺസിൽ പറഞ്ഞു .യാഥാർഥ്യങ്ങൾ വെളിച്ചത്ത് വരാൻ സ്വതന്ത്ര ഏജൻസിയെ കൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്നും ആക്ഷൻ കൗൺസിൽ ആവശ്യപ്പെട്ടു. മത്സ്യക്കുരുതിയെക്കുറിച്ച് പഠിച്ച കുഫോസിന്റെയും ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെയും റിപ്പോർട്ടുകൾ പരിഗണിക്കാതെ മലിനീകരണ നിയന്ത്രണ ബോർഡിന്റെ യാഥാർഥ്യത്തിന് നിരക്കാത്ത റിപ്പോർട്ട് മുഖ്യമന്ത്രി തൊണ്ട തൊടാതെ വിഴുങ്ങുകയായിരുന്നു.
ഇതുവഴി ഫിഷറീസ് വകുപ്പ് ശുപാർശ ചെയ്ത 13.55 കോടി രൂപ പോലും മത്സ്യകർഷകർക്ക് കൊടുക്കാതിരിക്കാനുള്ള ആസൂത്രണം ആണോ എന്നും സംശയിക്കേണ്ടിയിരിക്കുന്നു. മഞ്ഞുമ്മലിനും പുറപ്പള്ളിക്കാവിലും ബണ്ട് തുറക്കുമ്പോൾ ഉണ്ടാകാത്ത മത്സ്യക്കുരുതി പാതാളം ബണ്ട് തുറക്കുമ്പോൾ മാത്രം എങ്ങനെയാണ് ഉണ്ടാകുന്നത് എന്ന് മുഖ്യമന്ത്രി വിശദീകരിക്കണം. മത്സ്യ കർഷകർക്ക് ഉണ്ടായ മുഴുവൻ നഷ്ടങ്ങളും കണ്ടെത്തി അവർക്ക് നഷ്ടപരിഹാരം നൽകണമെന്നും യോഗം ആവശ്യപ്പെട്ടു. പെരിയാറിൽ മാലിന്യം ഒഴുക്കിയ വൻകിട കമ്പനികളെ വെള്ളപൂശുന്ന മലിനീകരണ നിയന്ത്രണ ബോർഡിനെ റിപ്പോർട്ടിനെ വെള്ളപൂശിയായിരുന്നു കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയുടെ ന്യായീകരണം. ഏലൂർ ഫെറി ഭാഗത്ത് മത്സ്യങ്ങൾ ചത്തുപൊങ്ങി യ സംഭവ ത്ത തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവയലൻസ് സംഘം പരിശോധന നടത്തിയിരുന്നുവെന്നും, വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചതിൽ ഡിസോൾവ്ഡ് ഓക്സിജന്റെ അളവ് മത്സ്യങ്ങൾക്ക് ജീവിക്കുന്നതിന് ആവശ്യമായ അളവിലും കുറവായി കാണപ്പെട്ടെന്നും റിപ്പോർട്ടിനെ അധികരിച്ച് മുഖ്യമന്ത്രി പറഞ്ഞിരുന്നു.
മഴ ശക്തിപ്പെട്ടതിനെ തുടർന്ന് പാതാളം റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ഷട്ടർ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾ വശത്തുനിന്ന് ഓക്സിജന്റെ അളവു കുറഞ്ഞ ജലം കൂടിയ അളവിൽ ഒഴുകിയെത്തിയതാണ് മത്സ്യനാശത്തിന് കാരണമായതെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ. പെരിയാറിന്റെ തീരത്തുനിന്നുള്ള ഫാക്ടറികളിൽ നിന്നും രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. പെരിയാർ നദിയിലേക്ക് പാഴ്ജലം ശുദ്ധീകരണത്തിനുശേഷം പുറംതള്ളുന്നതിന് അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽ നിന്നും മലിനജലം പുറന്തള്ളുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ലെന്നും മുഖ്യമന്ത്രി ന്യായീകരിച്ചിരുന്നു. പെരിയാറിലെ ലക്ഷങ്ങൾ വിലമതിക്കുന്ന മത്സ്യങ്ങൾ ചത്തുപൊങ്ങിയത്, വെള്ളത്തിൽ മാരകമായ രീതിയിൽ രാസമാലിന്യം കലർന്നതിനാലാണെന്നായിരുന്നു കുഫോസ് (കേരള മത്സ്യബന്ധന സമുദ്ര ഗവേഷണ സർവകലാശാല) പ്രാഥമിക റിപ്പോർട്ടിലെ കണ്ടെത്തൽ. അമിത അളവിലുള്ള അമോണിയയും സൾഫൈഡുമാണ് മത്സ്യങ്ങളുടെ കൂട്ടക്കുരുതിക്ക് കാരണമായതെന്നും കുഫോസിന്റെ പ്രാഥമിക റിപ്പോർട്ടിൽ വ്യക്തമാക്കിയിരുന്നു.
നേരത്തെ റിപ്പോർട്ട് സമർപ്പിച്ച സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ വാദങ്ങളെ തള്ളുന്നതായിരുന്നു ഇത്. എന്നാൽ ഈ റിപ്പോർട്ട് സഭയിൽ മുഖ്യമന്ത്രി പരാമർശിച്ചതേയില്ല. മുഖ്യമന്ത്രിയുടെ പരാമർശത്തിനെതിരെ ഇടത് കക്ഷികൾക്കിടയിലും അമർഷമുണ്ട്.


പെരിയാറിലെ മത്സ്യക്കുരുതി
പരാതികളിൽ നടപടിയെടുക്കാതെ പൊലീസ്
കർഷകർക്കുള്ള നഷ്ടപരിഹാരവും വൈകുന്ന

## വനിത ഓട്ടോ ഡ്രൈവർക്ക് നേരെ വധശ്രമം, പിന്നിൽ ക്വട്ടേഷൻ സംഘം

### ബന്ധുവായ സ്ത്രീ ഉൾപ്പെടെ രണ്ടുപേർ പിടിയിൽ

കൊച്ചി: രാത്രി ഓട്ടം വിളിച്ച ശേഷം വനിതാ ഓട്ടോ ഡ്രൈവറെ ക്രൂരമായി മർദിച്ച് വഴിയിൽ തള്ളിയ സംഭവത്തിൽ രണ്ടു പേർ അറസ്റ്റിൽ. മർദനമേറ്റ കുഴുപ്പിള്ളി പള്ളത്താംകുളങ്ങര വളവ് ഓട്ടോ സ്റ്റാൻഡിലെ ഡ്രൈവർ തച്ചാട്ടുതറ ജയലക്ഷ്മിയുടെ (45) അടുത്ത ബന്ധു പ്രിയങ്ക സജീഷ് (30), പ്രിയങ്കയുടെ രണ്ടാം ഭർത്താവായ സജീഷിന്റെ സുഹൃത്ത് വെളിയത്താംപറമ്പ് കിഴക്ക് മയ്യാറ്റിൽ വീട്ടിൽ മകൻ വിഥുൻ ദേവ് (25) എന്നിവരാണ് പിടിയിലായത്. കുമ്പളം സ്വദേശി സജീഷാണ് (38) മുഖ്യപ്രതി. ഇയാളും ക്വട്ടേഷൻ ഏറ്റെടുത്ത ആലപ്പുഴ സംഘത്തിലെ മൂന്ന് പേരും ഒളിവിലാണ്. വാരിയെല്ല് ഒടിഞ്ഞ് കലൂരിലെ സ്വകാര്യ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ കഴിയുന്ന ജയയുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയുണ്ട്. നട്ടെല്ലിനും വാരിയെല്ലിനുമാണ് ഗുരുതരമായി പരുക്കേറ്റത്. ആന്തരിക രക്തസ്രാവവും ഉണ്ട്. ക്വട്ടേഷൻ സംഘമാണ് സംഭവത്തിന് പിന്നിലെന്ന് പൊലീസ് പറഞ്ഞു.


വിധുൻ ദേവ്


പ്രിയങ്ക

എഫ്.ഐ.ആറിൽ ഗൂഢാലോചനക്കുറ്റം ചേർത്തു. ക്വട്ടേഷനെക്കുറിച്ച് അറിയില്ലെന്നാണ് പ്രിങ്കയയുടെയും വിഥുൻദേവിന്റെയും മൊഴി. സജീഷിനെ പിടികൂടിയാൽ മാത്രമേ കേസിൽ കൂടുതൽ വ്യക്തതവരൂ. പ്രിയങ്കയെയും വിഥുൻദേവിനെയും കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു. കുഴുപ്പിള്ളി ചെറുവൈപ്പ് സ്വദേശിയാണ് ജയ. ഇവരുടെ പിതൃസഹോദരന്റെ മകളാണ് പ്രിയങ്ക. അയൽവാസികളായ ഇവരുടെ കുടുംബങ്ങൾ തമ്മിൽ അത്ര രസത്തിലല്ല. വഴിത്തർക്കവുമുണ്ട്. ട്രക്ക് ഡ്രൈവറായ സജീഷ് ഒരു കാർ വാങ്ങിയിരുന്നു. വഴിത്തർക്കം മൂലം കാർ വീട്ടിലേക്ക് കൊണ്ടുപോകാനായിരുന്നില്ല. ഇതിന്റെ പേരിൽ പ്രിയങ്കയും ജയയും തമ്മിൽ കഴിഞ്ഞദിവസം വാക്കുതർക്കം ഉണ്ടായിരുന്നു. ഇതിൽ കലിപൂണ്ട സജീഷ് ജയയെ ഒതുക്കാൻ ആലപ്പുഴ സംഘത്തിന് ക്വട്ടേഷൻ കൊടുക്കുകയായിരുന്നു. ശിനിയാഴ്ച രാവിലെ ഗുണ്ടാ സംഘം വൈപ്പിനിലെത്തി. മുനമ്പത്തെ ആർ.കെ ലോഡ്ജിലാണ് ഇവർക്ക് താമസം ഒരുക്കിയിരുന്നത്. വിഥുൻ ദേവ് മുഖേനെയാണ് സജീഷ് ലോഡ്ജിൽ മുറിയെടുത്തത്. ഇവിടെ വച്ച് ജയയെ പൂട്ടാനുള്ള പദ്ധതി തയ്യാറാക്കി. ശേഷം പള്ളത്താംകുളങ്ങര ഓട്ടോ സ്റ്റാൻഡിൽ എത്തി സജീഷ് ജയയെ കാട്ടിക്കൊടുത്തു. രാത്രി ക്വട്ടേഷൻ സംഘം സ്റ്റാൻഡിൽ എത്തി ജയയുടെ ഓട്ടോ വിളിച്ചു. പക്ഷേ മുൻകൂട്ടി തയ്യാറാക്കിയ റൂട്ട് വിഴിയായിരുന്നില്ല ജയ ഇവരെ കൊണ്ടുപോയത്. സജീവ് ഈ ഭാഗത്ത് ഉണ്ടായിരുന്നതിനാൽ ഓപ്പറേഷൻ ഉപേക്ഷിച്ചു. പിറ്റേന്ന് രാത്രി ആസൂത്രണം ചെയ്തതുപോലെ പദ്ധതി നടപ്പാക്കുകയായിരുന്നു. സംഭവത്തിൽ വനിതാ കമ്മിഷൻ സ്വമേധയാ കേസെടുത്തു. റൂറൽ എസ്പിയോട് അടിയന്തരമായി റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

### സൗജന്യ മാർഗ നിർദേശ ക്യാമ്പയിൻ 15ന്

കൊച്ചി: ഓസ്ട്രേലിയയിലേക്ക് സ്ഥിരതാമസത്തിനും വിദ്യാഭ്യാസത്തിനും ശ്രമിക്കുന്നവർക്ക് നിയമസഹായങ്ങളും മാർഗനിർദേശങ്ങളും നൽകുന്ന സൗജന്യ ബോധവത്കരണ ക്യാമ്പയിന് തുടക്കമിട്ട് ഓസ്ട്രേലിയ ആസ്ഥാനമായ എസിഇഡി മൈഗ്രേഷൻ ഓസ്ട്രേലിയ. കൊച്ചിയിലെ ക്ലാസുകൾ 15ന് ഹോട്ടൽ ബ്രോഡ് ബീനിൽ സംഘടിപ്പിക്കും. ഓസ്ട്രേലിയയിലെ മെൽബൺ, ബ്രിസ്ബേൻ, പെർത്ത്, ഡാർവിൻ എന്നിവിടങ്ങളിലും ദുബൈയിലും തിരുവനന്തപുരത്തും കൊച്ചിയിലും എസിഇഡി മൈഗ്രേഷൻ ഓസ്ട്രേലിയയുടെ സേവനം ലഭ്യമാണെന്ന് എസിഇഡി മൈഗ്രേഷൻ ഓസ്ട്രേലിയ കരിയർ കൊച്ചും സഹസ്ഥാപകനുമായ സുലാൽ മത്തായി പറഞ്ഞു. ഓസ്ട്രേലിയൻ സർക്കാരിന്റെ അംഗീകാരമുള്ള എൻജിഒ ആയ ഇഗ്നൈറ്റ് പൊട്ടൻഷ്യൽ ഇൻകോർപ്പറേറ്റുമായി ചേർന്നാണ് എസിഇഡി മൈഗ്രേഷൻ ഓസ്ട്രേലിയ സൗജന്യ ക്ലാസുകൾ സംഘടിപ്പിക്കുന്നത്. പഠനം പൂർത്തിയാക്കിയ ശേഷം മൈഗ്രേഷൻ ഓപ്ഷൻ പരിഗണിക്കുന്ന വിദ്യാർഥികൾക്ക് താൽപ്പര്യമുള്ള മേഖലകൾ തിരിച്ചറിയാൻ സഹായിക്കുന്നതിന് കരിയർ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് തുടങ്ങാനും പദ്ധതിയുണ്ട്. ഫോൺ: 7592992991.

### വൃക്ഷപരിപാലന യജ്ഞം

കാലടി: നടുവട്ടം സെന്റ് ആന്റണീസ് എൽ.പി സ്കൂളിൽ വൃക്ഷ പരിപാലനയജ്ഞത്തിനുതുടക്കമായി. സാഹിത്യകാരനും പരിസ്ഥിതി പ്രവർത്തകനുമായ ശ്രീമൻ നാരായണൻ ഉദ്ഘാടനം നിർവഹിച്ചു. .സെന്റ് ആന്റണീസ് സ്കൂൾ സ്ഥാപിതമായി 42 വർഷങ്ങൾ പൂർത്തിയാക്കിയതിന്റെ സ്മരണക്കായി 42 വൃക്ഷത്തൈകൾ നട്ടായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം. വികാരി ഫാ.തോമസ് നരികുളം അധ്യക്ഷത വഹിച്ചു.
പ്രധാനാധ്യാപിക ജയ ടി.പോൾ,വാർഡ് മെമ്പർ പി.ജെ ബിജു, സുരേഷ്,ബീറ്റ് ഫോറസ്റ്റ് ഓഫീസർ വി. എഫ് മനു,കെ.ഒ ജോസഫ്,ജിൻസി ബിജു,കെ.എസ് ആന്റണി,ജനത പ്രദീപ്, ബാലസാഹിത്യകാരൻ ശശിധരൻ കല്ലേരി,ജിയ പോൾ എന്നിവർ സംസാരിച്ചു.

### വൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം

പെരുമ്പാവൂർ: എറണാകുളം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ കീഴിൽ തണ്ടേക്കാട് ജമാഅത്ത് എച്ച്.എസ്എസിൽ വൃക്ഷതൈകൾ വിതരണം ചെയ്തു. ഫോറസ്ട്രി ക്ലബ് വഴിയാണ് ഇത് നടപ്പിലാക്കിയത്. വൃക്ഷതൈകളുടെ വിതരണോദ്ഘാടനം പെരുമ്പാവൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ ഫോറസ്റ്റ് ഓഫിസർ എ ലക്ഷ്മി നടത്തി.
സ്ക്കൂൾ മാനേജർ പി.എ മുഖ്താർ അധ്യക്ഷനായിരുന്നു.
പ്രധാന അധ്യാപിക വി.എം മിനിമോൾ, ഫോറസ്റ്റ് ഡെപ്യൂട്ടി റെയിഞ്ച് ഓഫിസർ ജോസഫ് സി.ആർ, വി.പി.അബൂബക്കർ ,സ്റ്റാഫ് സെക്രട്ടറി സജീന കെ.അലിയാർ, ഫോറസ്ട്രി ക്ലബ് കൺവീനർ കെ.എ നൗഷാദ്, മുഹമ്മദ് റാഫി എം.ഐ, അൻസി ഹമീദ്, സീനത്ത് എ.എ എന്നിവർ പങ്കെടുത്തു.

### മെഗാ ജോബ് ഫെയർ

പെരുമ്പാവൂർ: കുറുപ്പുംപടി സെന്റ് കുര്യാക്കോസ് കോളേജിൽ പ്ലേസ്മെന്റ് ആൻഡ് ട്രെയിനിങ് സെല്ലിന്റെ ആഭിമുഖ്യത്തിൽ മെഗാ ജോബ് ഫെയർ കസ്റ്റ് 24 സംഘടിപ്പിച്ചു. കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.റ്റി. അജിത്കുമാർ ഉദ്ഘാടനം ചെയ്തു. 400 ലധികം ഒഴിവുകളിലേക്കായി 22 കമ്പനികളാണ് പങ്കെടുത്തത്.
കോളേജ് മാനേജർ ജോസ് കുര്യാക്കോസ് അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. സണ്ണി കുര്യാക്കോസ് സെന്റ് മേരീസ് ചാരിറ്റബിൾ ട്രസ്റ്റ് ചെയർമാൻ കെ.കെ. വർഗീസ്, സെക്രട്ടറി ബിബിൻ എം. കുര്യാക്കോസ്, എൽദോ തരകൻ, എം.വി. റിനോ, ജെർഫി ജെ. പഞ്ഞിക്കാരൻ, ജിഷ എൽദോസ്, വി.ബി. ബെറിൻ എന്നിവർ സംസാരിച്ചു.

### തെക്ക് വടക്ക് സിനിമയുടെ പുതിയ ടീസർ പുറത്തുവിട്ടു

കൊച്ചി: സുരാജിന്റെ മുഖത്ത് അടിക്കുന്ന വിനായകൻ, തിരിച്ചടിക്കുന്ന സുരാജ് ആമുഖ വീഡിയോകൾ കൊണ്ട് ശ്രദ്ധേയമാകുന്ന തെക്ക് വടക്ക് സിനിമയുടെ ഏറ്റവും പുതിയ ടീസർ പ്രേക്ഷകരിലെത്തി. മൂന്നാമത്തെ ആമുഖ വീഡിയോ ഇരു താരങ്ങളുടേയും സിനിമയിലെ ഗെറ്റപ്പ് കൂടുതൽ വ്യക്തമാക്കുന്നതാണ്. സിനിമയുടെ ഴോണർ കൂടുതൽ വ്യക്തമാകുന്നതാണ് ഈ ആമുഖം. ഓഗസ്റ്റിൽ റിലീസ് ചെയ്യുന്ന സിനിമയുടേതായി പുതുമയുള്ള പ്രചാരണമാവുകയാണ് ഈ വീഡിയോകൾ. പ്രേം ശങ്കർ സംവിധാനം ചെയ്യുന്ന സിനിമ എസ്.ഹരീഷിന്റെ രാത്രി കാവൽ എന്ന കഥയെ ആസ്പദമാക്കിയാണ്. കോട്ടയം രമേഷ്, മെറിൻ ജോസ്, മെൽവിൻ ജി ബാബു, ഷമീർ ഖാൻ, വിനീത് വിശ്വം, സ്നേഹ, ശീതൾ, മഞ്ജുശ്രീ, ബാലൻ പാലക്കൽ, ജെയിംസ് പാറക്കൽ തുടങ്ങി മലയാള സിനിമയിലെ പുതിയ ചിരിത്താരങ്ങളാണ് വിനായകനും സുരാജിനുമൊപ്പം അണിനിരക്കുന്നത്. സാം സി.എസ് ഗാനങ്ങൾ ചിട്ടപ്പെടുത്തി പശ്ചാത്തല സംഗീതം ഒരുക്കുന്നു. സുരേഷ് രാജനാണ് ഡിഒപി. കിരൺ ദാസാണ് ചിത്രസംയോജനം. പ്രൊഡക്ഷൻ ഡിസൈനർ: രാഖിൽ, വരികൾ: ലക്ഷ്മി ശ്രീകുമാർ.

## പെരിയാറിലെ മലിനീകരണം: റിപ്പോർട്ട് നൽകാൻ വിദഗ്ധ സമിതിക്ക് ഹൈക്കോടതി നിർദ്ദേശം

കൊച്ചി: പെരിയാറിലെ മലിനീകരണം തടയാൻ സ്വീകരിക്കേണ്ട നിർദേശങ്ങളും നടപടികളും അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി വിദഗ്ധ സമിതിക്ക് രൂപം നൽകി. ചീഫ് സെക്രട്ടറി, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടർ, കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് റിജീയണൽ ഡയറക്ടർ, സ്സ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ എന്നിവരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കാനാണ് കോടതി നിർദ്ദേശം.
പെരിയാർ നദിയിലെ മലിനീകരണം തടയണമെന്നാവശ്യപ്പെട്ട് കെഎസ്ആർ മേനോൻ, പെരിയാർ മലിനീകരണ വിരുദ്ധ സമിതി, അസോസിയേഷൻ ഓഫ് ഗ്രീൻ ആക്ഷൻ ഫോഴ്സ് എന്നിവർ സമർപ്പിച്ച ഹർജികളിലാണ് കോടതി പരിഗണിച്ചത്. വ്യവസായശാലകളിൽ നിന്നും ആലുവ മാർക്കറ്റിൽ നിന്നും വിഷാംശം കലർന്ന മാലിന്യം ഒഴുക്കിവിടുന്നതിനാൽ പുഴ മലിനമാകുന്നുവെന്ന് ആക്ഷേപമുയർന്നിരുന്നു.അമിക്കസ് ക്യൂറി അഡ്വക്കറ്റ് അനന്തകൃഷ്ണൻ എ കർത്ത സമർപ്പിച്ച റിപ്പോർട്ടും ഫോട്ടോഗ്രാഫുകളും കോടതി പരിശോധിച്ചു. വ്യാവസായിക മാലിന്യങ്ങൾ തുറന്നുവിടുന്നത് മൂലം പെരിയാർ നദിയിലെ മലിനീകരണത്തിന്റെ തോത് കോടതി വർധിച്ചുവെന്നു കോടതി വിലയിരുത്തി. വ്യാവസായിക മാലിന്യങ്ങൾ നദിയിലേക്ക് പുറന്തള്ളുന്നത് മനുഷ്യർക്കും സസ്യജന്തുജാലങ്ങൾക്കും അപകടകരമാണെന്ന് റിപോർട്ടിൽ പറയുന്നു.പെരിയാർ നദിയിലെയും പരിസരങ്ങളിലെയും മലിനീകരണത്തിന്റെ തോത് പഠിക്കാൻ സമിതിയും ഹർജിക്കാരുടെ പ്രതിനിധിയും അമിക്കസ് ക്യൂറിയും സ്ഥലങ്ങൾ സന്ദർശിക്കണമെന്ന് കോടതി വ്യക്തമാക്കി.വിഷയം 2024 ജൂലൈ 03 ലേക്ക് പരിഗണിക്കാൻ മാറ്റി.

### മെഡിക്കൽ ക്യാമ്പ് നടത്തി

കാലടി: കാഞ്ഞൂർ പഞ്ചായത്ത്, നാഷണൽ ആയുഷ് മിഷൻ,ജില്ലാ ഹോമിയോപ്പതി വകുപ്പ് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ആറാംവാർഡിലെ എട്ടാംനമ്പർ അംഗൻവാടിയിൽ പകർച്ചവ്യാധി നിയന്ത്രണം ലക്ഷ്യമിട്ട് മെഡിക്കൽക്യാമ്പും ബോധവൽക്കരണ ക്ലാസും നടത്തി. ആരോഗ്യ സ്ഥിരം സമിതിയധ്യക്ഷ പ്രിയരഘു അധ്യക്ഷത വഹിച്ചു.പഞ്ചായത്ത് പ്രസിഡൻറ് വിജി ബിജു ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡൻറ് സിമി ടിജോ,വാർഡ് മെമ്പർ ടി.എൻ വേലായുധൻ, സുരേഷ് വാരനാട്ട് എന്നിവർ സംസാരിച്ചു. ഹെൽത്ത് ഇൻസ്പെക്ടർ ബാബു,മെഡിക്കൽ ഓഫീഹർ ഡോ.സജീന,ഡോ.ലേഖ,ഡോ.ജ്യോതി ആശാവർക്കർ ഗിരിജ ഷാജു,രമ മോഹൻ എന്നിവർ നേതൃത്വം നൽകി.

### സ്വലാത്ത് മജ്ലിസ് നാളെ

പെരുമ്പാവൂർ : പെരുമ്പാവൂർ മേഖല സമസ്ത കോഡിനേഷൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ വലിയുല്ലാഹി ചാപ്പനങ്ങാടി ബാപ്പു മുസ്ലിയാർ ശൈഖുനാ കോയക്കുട്ടി മുസ്ലിയാർക്ക് ഇജാസത്ത് നൽകിയ പ്രതിമാസ സ്വലാത്ത് മജ്ലിസ് തണ്ടേക്കാട് പ്രവർത്തിക്കുന്ന പെരുമ്പാവൂർ മേഖലാ സമസ്ത കാര്യാലയമായ ശംസുൽ ഉലമ ഇസ്ലാമിക് സെൻററിൽ നാളെ സുബ്ഹി നിസ്കാരത്തിനു ശേഷം നടക്കുമെന്ന് ഭാരവാഹികൾ അറിയിച്ചു.


കെയർ ആൻഡ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷൻ എം ജി എം ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷനുകളുടെ സഹകരണത്തോടെ നടത്തുന്ന വിദ്യാമൃതം 4 വിദ്യാഭ്യാസ സ്കോളർഷിപ് പദ്ധതിയുടെ ലോഞ്ചിങ് നിർവഹിക്കാൻ എത്തിയ നടൻ മമ്മൂട്ടി, സ്വാമി നന്ദാത്മജാനന്ദയുമായി സംഭാഷണത്തിൽ.

## ഇന്ത്യയിലെ ആദ്യ ബയോ ഹാക്ക് സെന്റർ കൊച്ചിയിൽ

കൊച്ചി: ബയോ ഹാക്കിങ് രംഗത്ത് കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പ് കമ്പനി വിറൂട്ട്സ് കൊച്ചിയിൽ ബയോഹാക്ക് സെന്റർ തുറക്കുന്നു. കാക്കനാട് മാവേലിപുരം ജങ്ഷനിലാണ് കേന്ദ്രം പ്രവർത്തിക്കുക. പ്രാരംഭ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചു.
അത്യാധുനിക സാങ്കേതിക സംവിധാനങ്ങളോടെയാണ് കേന്ദ്രം സജ്ജമാക്കിയിട്ടുള്ളതെന്ന് അധികൃതർ അറിയിച്ചു. ജനിതക ശാസ്ത്രം, ന്യൂട്രിഷ്യൻ, ഫിറ്റ്നസ്, എഐ ഐഒടി സാങ്കേതികവിദ്യകൾ എന്നിവ സംയോജിപ്പിച്ച് വെൽനസ് സങ്കേതങ്ങൾ ബയോഹാക്ക് സെന്റർ വാഗ്ദാനം ചെയ്യുന്നു.
ആരോഗ്യം ശാസ്ത്രീയമായി നിർണയിക്കാനും സ്വന്തമായി നിയന്ത്രിക്കാനും ഉപയോക്താക്കളെ ബയോഹാക്കിങ് സഹായിക്കുമെന്നാണ് വാഗ്ദാനം. ജീനോമിക്, മെറ്റബോളിക് പരിശോധനാ രീതികൾ ഉപയോഗിച്ച് ആരോഗ്യനില വിശകലനം ചെയ്യാം. കൺസൾട്ടേഷൻ, ജീനോമിക് മെറ്റബോളിക് ടെസ്റ്റുകൾ മുഖേനയുള്ള അസസ്മെന്റ്, തികച്ചും വ്യക്തിഗതമായി പദ്ധതി തയ്യാറാക്കലും അതിന്റെ പ്രായോഗികമായ നടപ്പാക്കലും, കോച്ചിങ്, നിരന്തരമായ പിന്തുണ, ആവശ്യമായ തിരുത്തലുകൾ, എഐ ഐഒടി സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള നിരീക്ഷണം തുടങ്ങിയ നടപടിക്രമമാണ് സെന്ററിന്റെ പ്രത്യേകത.
നാലുവർഷം മുമ്പ് ബയോ ഹാക്കിങ് മേഖലയിൽ ആരംഭിച്ച സ്റ്റാർട്ടപ്പാണ് വിറൂട്ട്സ്.

### സബൈൻ ഹോസ്പിറ്റലിൽ 400 കോടി രൂപയുടെ നിക്ഷേപം

കൊച്ചി: മൂവാറ്റുപുഴ ആസ്ഥാനമായ സബൈൻ ഹോസ്പിറ്റൽ ആൻഡ് റിസർച്ച് സെന്ററിൽ 400 കോടിയുടെ നിക്ഷേപവുമായി പ്രൈവറ്റ് ഇക്വിറ്റി ഫണ്ടായ സിഎക്സ് പാർട്ണേഴ്സ്. പ്രതിവർഷം 6,000ത്തിലധികം ഐവിഎഫ് ചികിത്സകളും 3,000ലധികം പ്രസവങ്ങളും നടത്തുന്ന സബൈൻ ഹോസ്പിറ്റലിൽ കേരളത്തിന് പുറമേ മാലദ്വീപ്, ഒമാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള രോഗികളും എത്താറുണ്ട്.
2010ൽ പ്രവർത്തനമാരംഭിച്ച സബൈൻ ഹോസ്പിറ്റൽ ഐവിഎഫ്, ഗർഭധാരണ ചികിത്സകൾ, പ്രസവം, നവജാതശിശു പരിചരണം, സ്ത്രീകൾക്കുള്ള ചികിത്സകൾ തുടങ്ങിയ ആരോഗ്യ പരിരക്ഷാ സേവനങ്ങൾ ലഭ്യമാണ്. സിംഗപ്പൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന തനാസ് ക്യാപിറ്റലും സബൈൻ ഹോസ്പിറ്റലിൽ നിക്ഷേപം നടത്തിയിട്ടുണ്ട്.

### അതിക്രമങ്ങൾക്കെതിരെ വാഹന പ്രചരണ യാത്ര

കാക്കനാട്: ജില്ലാ സാമൂഹ്യ നീതി വകുപ്പ്, ജില്ലാ വയോജന കൗൺസിൽ, സാമൂഹ്യ സുരക്ഷമിഷൻ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വയോജനങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനു വേണ്ടിയുള്ള ബോധവത്ക്കരണ വാഹനപ്രചരണ യാത്ര സംഘടിപ്പിച്ചു. കളക്ട്രേറ്റിന് മുൻപിൽ നിന്ന് ആരംഭിച്ച ജാഥ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മൂത്തേടൻ ഫ്ലാഗ് ഓഫ് ചെയ്തു. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൽസി ജോർജ്, എഡിഎം ആശ സി എബ്രഹാം, അസിസ്റ്റന്റ് കളക്ടർ അൻജിത് സിംഗ് , സാമൂഹ്യ നീതി ഓഫീസർ സ്മിത എം വി, സാമൂഹ്യ സുരക്ഷ മിഷൻ കോ ഓഡിനേറ്റർ ദിവ്യ രാമകൃഷ്ണൻ, വയോജന കൗൺസിൽ അംഗങ്ങളായ അലി അക്ബർ, പി വി സുഭാഷ്, ടി ഒ പീറ്റർ എന്നിവർ പ്രസംഗിച്ചു. ഉദ്ഘാടനത്തോടനുബന്ധിച്ച് രാജഗിരി കോളേജിലെ വിദ്യാർത്ഥികൾ ഫ്ലാഷ് മോബ് നടത്തി , തൃക്കാക്കര ഭാരത് മാത, കളമശ്ശേരി സെന്റ് പോൾസ്, കുസാറ്റ്, രാജഗിരി, സെന്റ് ആൽബർട്സ്, തേവര സേക്രട്ട് ഹാർട്ട് എന്നീ കോളേജുകളിലൂടെ പര്യടനം നടത്തി യാത്ര തേവരയിൽ സംഘടിപ്പിച്ചു

## സിവിൽ സർവീസ് പരിശീലനം

മുവാറ്റുപുഴ : നിർമ്മല കോളജ് സിവിൽ സർവീസ് അക്കാദമിയും എഎൽഎസും ചേർന്ന് വിദ്യാർഥികൾക്കായി സിവിൽ സർവീസ് പരിശീലനം നൽകുന്നു. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികളുടെ ഫണ്ടമെന്റൽസ് ബാച്ച്, കോളജ് വിദ്യാർഥികൾക്കായുള്ള ഫൗണ്ടേഷൻ, റെഗുലർ ബാച്ചുകളിലേക്കാണ് അഡ്മിഷൻ. വിദ്യാർഥികൾക്കായി സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യം, ലൈബ്രറി, എ സി റീഡിങ് റൂം, വ്യക്തിഗത പരിശീലനം, മെന്ററിങ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. ഫോൺ : 9496065457, 9142396705.

## മെഡിക്കൽ കോളജിൽ ആയിരം മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയ

കൊച്ചി: എറണാകുളം സർക്കാർ മെഡിക്കൽ കോളജ് ആശുപത്രിയിൽ അസ്ഥിരോഗ വിഭാഗത്തിൽ കഴിഞ്ഞ 30 മാസത്തിനുള്ളിൽ ആയിരം മുട്ടുമാറ്റിവയ്ക്കൽ ശസ്ത്രക്രിയകൾ നടത്തിയതായി അധികൃതർ അറിയിച്ചു. ഒരേ സമയം രണ്ടു മുട്ടുകൾ മാറ്റിവയ്ക്കുന്ന ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളജുകളിൽ എറണാകുളം മെഡിക്കൽ കോളജ് ആശുപത്രിയിൽ മാത്രമാണുള്ളത്.
മറ്റ് ആശുപത്രികളിൽ പരാജയപ്പെട്ട ശസ്ത്രക്രിയകളും, വളരെ സങ്കീർണതകൾ നിറഞ്ഞ ഇടുപ്പെല്ല്, തോളെല്ല് മാറ്റിവയ്ക്കൽ ശസ്ത്രക്രിയകളും വിജയകരമായി നിർവഹിക്കാൻ കഴിഞ്ഞു. ചെലവേറിയ ശസ്ത്രക്രിയ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പൂർണമായി സൗജന്യമായും, ഈ പദ്ധതിയിൽ ഉൾപ്പെടാത്ത രോഗികൾക്ക് കുറഞ്ഞ ചെലവിലുമാണ് നടത്തുന്നത്.
പ്രഗൽഭരായ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ദിവസേന പത്ത് മേജർ സർജറികളും,എമർജൻസി സർജറി, മൈനർ സർജറി എന്നിവയും നടത്തുന്നു. അസ്ഥിരോഗ വിഭാഗത്തിൽ 400ൽ അധികം ആളുകളാണ് ദിവസേന ചികിത്സക്ക് എത്തുന്നതെന്നും ആശുപത്രി സൂപ്രണ്ട് അറിയിച്ചു.

### അനുസ്മരണ സമ്മേളനം

പെരുമ്പാവൂർ: വെങ്ങോല ഐ.എൻ.ടി.യു.സി. മണ്ഡലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നേതാവ് എം.എം.അവറാൻ അനുസ്മരണ സമ്മേളനം നടത്തി. റീജിയണൽ പ്രസിഡന്റ് ഡേവിഡ് തോപ്പിലാൻ ഉദ്ഘാടനം ചെയ്തു. മണ്ഡലം പ്രസിഡന്റ് സി.വി. മുഹമ്മദാലി അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഷിഹാബ് പള്ളിക്കൽ, യു.ഡി.എഫ്. ചെയർമാൻ വി.എച്ച്. മുഹമ്മദ്, മണ്ഡലം പ്രസിഡന്റ് ഗോപകുമാർ, സുലൈമാൻ കുട്ടി, സിദ്ധിഖ് പുളിയാംപിള്ളി, എൻ. കെ.കാസിം, എബി വാരിക്കാട്, കെ.എം. കെരിം, കെ.എം. ഇസ്മായിൽ, റഷീദ് കുറ്റിപ്പാടം എന്നിവർ സംസാരിച്ചു.

## ദേശീയ വെൽനസ് കോൺക്ലേവ് നാളെ

കൊച്ചി: വെൽനസ് സൊല്യൂഷൻസ്, സൗഖ്യ ഫൗണ്ടേഷന്റെ സഹകരണത്തോടെ ആഗോളതലത്തിൽ സൗഖ്യ ചികിത്സാരംഗത്തുണ്ടയിട്ടുള്ള നൂതന സങ്കേതങ്ങളെ പരിചയപ്പെടുത്തുന്നതിനും 'ആരോഗ്യം നമ്മുടെ അവകാശമാണ്' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനുമായി നാളെ ( വെള്ളിയാഴ്ച ) വൈകുന്നേരം 3 മണി മുതൽ 8 വരെ എറണാകുളം രവിപുരത്തുള്ള ഹോട്ടൽ മേഴ്സി എസ്റ്റേറ്റിൽ വെൽനസ് കോൺക്ലേവ് സംഘടിപ്പിക്കുന്നു.
ഇതോടൊപ്പം വെൽനസ് സൊല്യൂഷൻസ് ഗ്രൂപ്പിന്റെ നവസംരംഭമായ അഹം ഇൽനെസ് ടു വെൽനസ് പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം റിട്ട. ജസ്റ്റിസ് ബി. കെമാൽ പാഷ നിർവ്വഹിക്കും. സൗഖ്യ ചികിത്സയിലൂടെ വിവിധ രോഗങ്ങളെ അതിജീവിച്ചവരെ റിട്ട. ജസ്റ്റിസ് സിറിയക് ജോസഫ് ആദരിക്കും. കോൺക്ലേവിലേക്കുള്ള പ്രവേശനം സൗജന്യമാണ്. താൽപ്പര്യമുള്ളവർക്ക് 93491 91713 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യാം.

# ബൈക്ക് മോഷ്ടിച്ച യുവാവ് പൊലീസിന്റെ പിടിയിൽ



കോട്ടയം: ബൈക്ക് മോഷ്ടിച്ച കേസിൽ യുവാവിനെ മണിക്കൂറുകൾക്കകം പോലീസ് പിടികൂടി.
പുതുപ്പള്ളി പെരുങ്കാവ് ഭാഗത്ത് ഓലേടം വീട്ടിൽ അപ്പു എന്ന് വിളിക്കുന്ന സുധിൻ ബാബുവിനെയാണ് (25) കോട്ടയം ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ചൊവ്വാഴ്ച രാവിലെ തലപ്പാടി ഭാഗത്ത് വച്ചിരുന്ന കരക്കാട്ടൂർ സ്വദേശിയായ യുവാവിന്റെ 1,50,000 രൂപ വിലവരുന്ന യമഹ എഫ്.സി ഇനത്തിൽപ്പെട്ട മോട്ടോർസൈക്കിൾ മോഷ്ടിച്ചുകൊണ്ട് കടന്നുകളയുകയായിരുന്നു.
പരാതിയെ തുടർന്ന് കോട്ടയം ഈസ്റ്റ് പോലീസ് നടത്തിയ ശക്തമായ അന്വേഷണത്തിൽ ഇയാളെ മോഷ്ടിച്ച ബൈക്കുമായി മണിക്കൂറുകൾക്കുള്ളിൽ വാഴത്തറ ക്രഷർ ഭാഗത്തുവച്ച്പിടികൂടുകയായിരുന്നു. കോട്ടയം ഈസ്റ്റ് സ്റ്റേഷൻ എസ്.ഐ ജെയിംസ് മാത്യു, എ.എസ്.ഐ പ്രദീപ്, സി.പി.ഓമാരായ യേശുദാസ്, അജിത്ത്, അജേഷ്, സിബിമോൻ എന്നിവർ ചേർന്നാണ് ഇയാളെ അറസ്റ്റ് ചെയ്തത്.
കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

*സുധിൻബാബു*

# സ്കൂൾ ബസിന് മുകളിൽ മരം വീണു

കോട്ടയം:സ്കൂൾ മുറ്റത്ത് കിടന്ന ബസിന് മുകളിലേക്ക് കാറ്റിൽ മരം കട പുഴകി വീണു
പാമ്പാടി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിന് സമീപ പുരയിടത്തിൽ നിന്നിരുന്ന വലിയ ആഞ്ഞിലി മരമാണ് കടപുഴകി വീണത്.
ഇന്നലെ രാവിലെ ഉണ്ടായ ശക്തമായ കാറ്റിൽ സ്കൂൾ കോമ്പൗണ്ടിലേക്ക് കടപ്പുഴകിവീണതോടെ സ്കൂൾ ബസ്, പാർക്കിംഗ് ഷെഡ് എന്നിവക്ക് നാശ നഷ്ടം സംഭവിച്ചു.
തുടർന്ന് ജെസിബി ഉപയോഗിച്ച് മരം നീക്കി.

## സ്വതന്ത്രകർഷകസംഘം കോട്ടയം ജില്ലാ യോഗം മാറ്റിവെച്ചു

കോട്ടയം: ജൂൺ 14ന് നടത്താൻ തീരുമാനിച്ചിരുന്ന എസ് കെ എസ് ജില്ലാ തെരഞ്ഞെടുപ്പ് പൊതുയോഗം മാറ്റി വെച്ചു. ജില്ലാ പ്രസിഡന്റ് പി കെ അബ്ദുൽ സലാമിനെ കാലിലെ അടിയന്തിര ശസ്ത്രക്രിയക്കായി ആശുപത്രിയിൽ അഡ്മിറ്റായ സാഹചര്യത്തിലാണ് സംസ്ഥാന പ്രസിഡന്റിന്റെ നിർദേശപ്രകാരം യോഗം മാറ്റേണ്ടി വന്നത്. പുതിയ തിയതി പിന്നീട് അറിയിക്കുന്നമെന്ന് സംസ്ഥാന സെക്രട്ടറി പി പി മുഹമ്മദ് കുട്ടി അറിയിച്ചു.

## അഭിമുഖം

കോട്ടയം: ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ റേഡിയോഗ്രാഫർ തസ്തികയിൽ നിയമനത്തിനുള്ള അഭിമുഖപരീക്ഷ ഇന്ന് രാവിലെ 11 മണിക്ക് നടത്തുമെന്ന് സൂപ്രണ്ട് അറിയിച്ചു.
കോട്ടയം: ചങ്ങനാശ്ശേരി ഗവ. വനിതാ ഐ.ടി.ഐയിലെ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഇൻസ്ട്രക്ടറുടെ താൽക്കാലിക ഒഴിവിലേക്ക് അഭിമുഖം നടത്തുന്നു. സിവിൽ എൻജിനീയറിംഗിൽ ബിരുദം/ ഡിപ്ലോമ,ബന്ധപ്പെട്ട വിഷയത്തിൽ എൻ.ടി.സിയും മൂന്നു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട വിഷയത്തിൽ എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും ഉള്ളവർക്ക് ജൂൺ 19ന് രാവിലെ 11 മണിക്ക് നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം. ഫോൺ 04812400500

## എം.ജി സർവകലാശാലയ്ക്ക് യുആർട്ടിക്ക് അംഗത്വം

കോട്ടയം: ധ്രുവ മേഖലകളിൽ പഠന, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും രാജ്യാന്തര കൂട്ടായ്മയായ യൂണിവേഴ്സിറ്റി ഓഫ് ദ ആർട്ടിക്കിൽ(യുആർട്ടിക്) മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് അംഗത്വം. നോർവെയിലെ ബോഡോയിൽ നടന്ന വാർഷിക സമ്മേളനമാണ് സർവകലാശാലയിലെ ഇൻറർനാഷണൽ സെൻറർ ഫോർ പോളാർ സ്റ്റഡീസിന്(ഐസിപിഎസ്) അംഗത്വം നൽകാൻ തീരുമാനിച്ചത്.
ധ്രുവ മേഖല കേന്ദ്രീകരിച്ച് ഐസിപിഎസ് നടത്തിവരുന്ന പ്രവർത്തനങ്ങളിൽ രാജ്യാന്തര സഹകരണം വിപുലീകരിക്കാൻ ഈ യുആർട്ടിക് അംഗത്വം പ്രയോജനപ്പെടുമെന്ന് സമ്മേളനത്തിൽ പങ്കെടുത്ത വൈസ് ചാൻസലർ ഡോ. സി.ടി അരവിന്ദകുമാർ പറഞ്ഞു.
ധ്രുവ മേഖലയിൽനിന്ന് അഞ്ചും ധ്രുവമേഖലയ്ക്ക് പുറത്തുനിന്ന് 11ഉം അംഗങ്ങളെയാണ് യുആർട്ടിക്കിൽ പുതിയതായി ഉൾപ്പെടുത്തിയത്.
യുകെയിലെ ലിവർ പൂൾ, സ്റ്റിർലിംഗ്, വെസ്റ്റ്മിൻസ്റ്റർ, ഹൾ സർവകലാശാലകൾക്കും റോയൽ കോളജ് ഓഫ് ആർട്ടിനുമൊപ്പം നോൺ ആർട്ടിക് പട്ടികയിലാണ് ഐസിപിഎസ് ഇടം പിടിച്ചത്.
മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെൻറൽ സയൻസസ്, സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സ്, ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻറ് എക്സ്റ്റൻഷൻ എന്നിവയുടെ സംയുക്ത കേന്ദ്രമായി 2022ലാണ് ഐസിപിഎസ് പ്രവർത്തനമാരംഭിച്ചത്.
ധ്രുവ മേഖലകളിലെ ശാസ്ത്ര, സാമൂഹ്യശാസ്ത്ര പഠനങ്ങളിൽ ഈ കേന്ദ്രം സജീവമാണ്. ഐസിപിഎസ് ഡയറക്ടറായ വൈസ് ചാൻസലർ ഉൾപ്പെടെയുള്ള ഇവിടുത്തെ വിദഗ്ധർ ആർട്ടിക് പഠന പര്യവേക്ഷണ പ്രവർത്തനങ്ങളിൽ പങ്കെടുത്തുവരുന്നു.

## മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം

കോട്ടയം: സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു. ഒരു വർഷത്തെ റസിഡൻഷ്യൽ എൻട്രൻസ് പരിശീലനത്തിനാണ് സർക്കാർ ധനസഹായം നൽകുന്നത്. ഹയർ സെക്കൻഡറി വൊക്കേഷണൽ/ഹയർ സെക്കൻഡറി തലത്തിൽ ഫിസിക്സ് കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 85% മാർക്കോടെ വിജയിച്ചതോ മുൻവർഷം നടത്തിയ നീറ്റ് പരീക്ഷയിൽ 41% മാർക്ക് ലഭിച്ചവരോ ആയ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിക്ക് ഒരു തവണയേ ആനുകൂല്യത്തിന് അർഹത ഉണ്ടാകുകയുള്ളു. അപേക്ഷാ ഫോമും വിശദവിവരങ്ങളും കോട്ടയം ജില്ലാ ഫിഷറീസ് ഓഫീസിലും ( 04812566823), മത്സ്യഭവൻ വൈക്കം ( 04829291550), ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസ് വൈക്കം (04829291550 ), മത്സ്യഭവൻ പാലാ ( 04822299151) , മത്സ്യഭവൻ പള്ളം (കോട്ടയം) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ ജൂൺ 25ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.

## സിവിൽ സർവീസ് പരിശീലനം

കോട്ടയം: സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സിവിൽ സർവീസ് പരിശീലനം നൽകുന്നു. ബിരുദതലത്തിൽ 60 ശതമാനം മാർക്കോടെ വിജയിച്ച, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കളായിരിക്കണം. ഒരു വർഷത്തെ പരിശീലനത്തിന് ധനസഹായം നൽകും. ഒരു വിദ്യാർത്ഥിക്ക് ഒരു തവണയേ ആനുകൂല്യത്തിന് അർഹത ഉള്ളൂ. അപേക്ഷാ ഫോമും വിശദവിവരങ്ങളും കോട്ടയം ജില്ലാ ഫിഷറീസ് ഓഫീസിലും ( 04812566823), മത്സ്യഭവൻ വൈക്കം ( 04829291550), ഫിഷറീസ് ഇൻസ്പെക്ടർ ഓഫീസ് വൈക്കം (04829291550 ), മത്സ്യഭവൻ പാലാ ( 04822299151) , മത്സ്യഭവൻ പള്ളം (കോട്ടയം) ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ ജൂൺ 25ന് മുമ്പായി സമർപ്പിക്കേണ്ടതാണ്.



*കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കുന്ന ചങ്ങാതി പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്ന അവലോകന യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി മത്തായി ഉദ്ഘാടനം ചെയ്യുന്നു*

# മലയാളം പഠിക്കാൻ അഞ്ഞൂറോളം ഇതര സംസ്ഥാന തൊഴിലാളികൾ

കോട്ടയം : ഇതര സംസ്ഥാനങ്ങളിൽ നിന്ന് കോട്ടയത്ത് എത്തി വിവിധ തൊഴിലുകൾ ചെയ്യുന്ന അഞ്ഞൂറോളം ഇതര സംസ്ഥാന തൊഴിലാളികൾ മലയാളം പഠിക്കുന്നു.
സംസ്ഥാന സാക്ഷരതാ മിഷനാണ് 'ചങ്ങാതി' എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നത്. കുറവിലങ്ങാട് ഗ്രാമ പഞ്ചായത്തിലാണ് ഇതര സംസ്ഥാനക്കാരെ മലയാളത്തിൽ സാക്ഷരരാക്കുന്ന ചങ്ങാതി പദ്ധതി ആരംഭിച്ചിട്ടുള്ളത്.
കുറവിലങ്ങാട് ദേവമാതാ കോളജിലെ എൻ എസ് എസ് വളണ്ടിയർമാരുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി നാല് മാസം കൊണ്ട് ഇതരസംസ്ഥാന തൊഴിലാളികളെ മലയാളം എഴുതാനും വായിക്കാനും പഠിപ്പിക്കും.
പരിശീലനം ലഭിച്ച ഇൻസ്ട്രക്ടർമാരാണ് ക്ലാസുകൾക്ക് നേതൃത്വം നല്കുന്നത്. 502 പഠിതാക്കളെയാണ് സർവ്വേയിൽ കണ്ടെത്തിയിട്ടുള്ളത്. 20-25 പേർക്ക് ഒരു ക്ലാസ് എന്ന നിലയിലാണ് പഠന ക്ലാസുകൾ ക്രമീകരിക്കുന്നത്. പദ്ധതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഗ്രാമ പഞ്ചായത്തിൽ വിളിച്ചു ചേർത്ത അവലോകന യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനിമത്തായി ഉദ്ഘാടനം ചെയ്തു.സെക്രട്ടറി എൻ പ്രദീപ് സ്വാഗതം പറഞ്ഞു.സാക്ഷരതാ മിഷൻ ജില്ലാ കോഓർഡിനേറ്റർ പി എം അബ്ദുൾകരിം,മോണിറ്ററിംഗ് കോഓർഡിനേറ്റർ ദീപ ജെയിംസ്,അസിസ്റ്റന്റ് ജില്ലാ കോഓർഡിനേറ്റർ സിംല ആർ,പഞ്ചായത്ത് വൈസ് പ്രസിഡന്റ് അൽഫോൻസ ജോസഫ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്മാരായ സന്ധ്യ സജികുമാർ, എം.എൻ രമേശൻ, റ്റെസി സജീവ് പഞ്ചായത്തംഗങ്ങളായ വിനു കുര്യൻ, ഡാർളി ജോജി, കമലാസനൻ ഇ കെ, ജോയിസ് അലക്സ്, ലതിക സാജു, രമരാജു, ബിജു ജോസഫ്, ബേബി തൊണ്ടാംകുഴി, എം എം ജോസഫ്,അസിസ്റ്റന്റ് സെക്രട്ടറി സീന മാത്യു, യു ഡി മത്തായി എന്നിവർ സംബന്ധിച്ചു.




*ജലജീവൻ മിഷൻ കുത്തിപ്പൊട്ടിച്ച റോഡുകൾ പുനർ നിർമ്മിക്കണമെന്നാവശ്യപ്പെട്ടു സമരസമിതിയുടെ നേതൃത്വത്തിൽ നടത്തിയ സമരസന്ദേശ യാത്ര ചെയർമാൻ വി ജെ ലാലി ഉത്ഘാടനം ചെയ്യുന്നു*

# ജൽ ജീവൻ റോഡുകൾ ; പ്രക്ഷോഭ യാത്രക്ക് തുടക്കമായി

കുറിച്ചി : ജൽ ജീവൻ പൊട്ടിച്ച റോഡുകൾ ഉടനടി പുനർ നിർമ്മിക്കണമെന്നാവശ്യപ്പെട്ട് സമര സമിതിയുടെ നേതൃത്വത്തിൽ വാർഡുകളിൽ ആരംഭിച്ചിരിക്കുന്ന പ്രക്ഷോഭപരിപാടികൾക്ക് തുടക്കം കുറിച്ച് എട്ടാം വാർഡിൽ സമര സന്ദേശ യാത്ര നടത്തി.
വാർഡ് ചെയർമാൻ ബിന്ദു ഐസക്കിന്റെ അധ്യക്ഷതയിൽ സമര സമിതി ചെയർമാൻ വി ജെ ലാലി ഉത്ഘാടനം ചെയ്തു. പഞ്ചായത്ത് തല ചെയർമാൻ ആർ രാജഗോപാൽ, ജെയിംസ് കാലാവടക്കൻ, സി ഡി വത്സപ്പൻ,അഭിഷേക് ബിജു, ഐസക് അലക്സാണ്ടർ, സിബിച്ചൻ മാത്യു, ശ്രീജനി സജീവ്, പി റ്റി ബെന്നി, വിനോദ് കുമാർ, എം പി വിജയകുമാർ, ബ്ലെസി മേരി സെബാസ്റ്റ്യൻ, പി ടി ഇയ്യോച്ചൻ, പൊന്നമ്മ ബേബി എന്നിവർ പ്രസംഗിച്ചു


# വീട് കുത്തി തുറന്ന് സ്വർണാഭരണങ്ങൽ കവർന്നു

ഏറ്റുമാനൂർ :പുന്നത്തുറയിൽ അടഞ്ഞു കിടന്ന വീട് കുത്തി തുറന്ന് വൻ മോഷണം. 12 പവൻ സ്വർണാഭരണങ്ങളും, 4000 രൂപയും കവർന്നു.
പുന്നത്തുറ വെസ്റ്റ് കറ്റോട് ഭാഗം ദേവഗംഗയിൽ ഭദ്രൻപിള്ളയുടെ വീട്ടിലാണ് മോഷണം നടന്നത്.
ഞായറാഴ്ച്ച ഭദ്രൻ പിള്ളയും ഭാര്യ ശ്യാമളയും കണ്ണൂരിൽ ക്ഷേത്ര ഉത്സവത്തിൽ പങ്കെടുക്കാനായി പോയിരുന്നു. ഇതിന് ശേഷം ചൊവ്വാഴ്ച തിരിച്ചെത്തിയപ്പോഴാണ് മോഷണ വിവരം അറിയുന്നത്.
വീടിന്റെ മുൻവാതിൽ കുത്തിത്തുറന്ന നിലയിലായിരുന്നു. തുടർന്ന് പരിശോധിച്ചപ്പോൾ അലമാരയിൽ സൂക്ഷിച്ചിരുന്ന 12 പവനോളം, സ്വർണ്ണവും നാലായിരം രൂപയും മോഷണം പോയതായി മനസ്സിലാക്കുന്നത്.തുടർന്ന് ഏറ്റുമാനൂർ പൊലീസിൽ പരാതി നൽകി.സമീപത്തെ വീട്ടിലെ സിസിടിവി ദൃശ്യങ്ങളിൽ നിന്ന് രണ്ടിലധികം പേരെ വീടിന് സമീപം സംശയാസ്പദമായി കണ്ടെത്തിയിട്ടുണ്ട്.ഈ ദൃശ്യങ്ങൾ കേന്ദ്രീകരിച്ചാണ് പൊലീസ് അന്വേഷണം ആരംഭിച്ചിരിക്കുന്നത്.വീട്ടുകാർ സ്ഥലത്തില്ലാതിരുന്ന വിവരം മുൻകൂട്ടി മനസ്സിലാക്കിയ ആരെങ്കിലുമാവാം മോഷണത്തിന് പിന്നിലെന്നാണ് പ്രാഥമിക നിഗമനം.

# ജ്വല്ലറിയിൽ നിന്നുംമാലകളുമായി ഓടിയ യുവാവിനായി അന്വേഷണം ഊർജ്ജിതം

ചങ്ങനാശ്ശേരി: ജ്വല്ലറിയിൽ നിന്നും സ്വർണമാലകളുമായി ഓടി രക്ഷപ്പെട്ട യുവാവിനായുള്ള അന്വേഷണം ഊർജ്ജിതം.
ചങ്ങനാശ്ശേരി സെൻട്രൽ ജംങ്ഷനിലെ ഗുരുവരം ജ്വല്ലറിയിൽ നിന്നുമാണ് ചൊവ്വാഴ്ച വൈകുന്നേരം 4.20 ഓടെ ഒരു പവന്റെ രണ്ട് മാലകളുമായി മോഷ്ടാവ് ഓടി രക്ഷപെട്ടത്.
സ്വർണ്ണം വാങ്ങാൻ എന്ന മട്ടിൽ എത്തി മാലകൾ തെരഞ്ഞെടുക്കുന്നതിനിടെ ജീവനക്കാരനെ കബളിപ്പിച്ച് ഇറങ്ങി ഓടുകയായിരുന്നു.
മാസ്ക് ധരിച്ച് എത്തിയ ഇയാൾ മാലകൾ നോക്കാൻ കണ്ണാടിക്ക് മുന്നിലേക്ക് മാറിയത് ജീവനക്കാരൻ അഗസ്റ്റിൻ ശ്രദ്ധിച്ചു എങ്കിലും മോഷ്ടാവ് തക്കം നോക്കി മാലകളുമായി ഓടി കളഞ്ഞു.ഈ ദൃശ്യങ്ങൾ ജ്വല്ലറിയിലെ നിരീക്ഷണ ക്യാമറയിൽ നിന്ന് ലഭ്യമായിട്ടുണ്ട്. തുടർന്ന് കടയിലെ ജീവനക്കാരൻ അഗസ്റ്റിൻ, ഇയാളുടെ പിന്നാലെ കാവാലം ബസാർ വരെ ഓടിയെങ്കിലും മോഷ്ടാവിനെ പിടികൂടാൻ കഴിഞ്ഞില്ല. ചങ്ങനാശ്ശേരി സ്വദേശി ആർ. രാജേഷിന്റെ ഉടമസ്ഥതയിലുള്ള ജ്വല്ലറിയാണിത്. ചങ്ങനാശേരിപോലീസ് കേസെടുത്ത് അന്വേഷണം ആരംഭിച്ചു.

# പോക്സോ കേസിൽ യുവാവ് അറസ്റ്റിൽ



*ഷഹീർ*

കാഞ്ഞിരപ്പള്ളി : പ്രായപൂർത്തിയാകാത്ത ആൺകുട്ടിയോട് ലൈംഗികച്ചുവയോടു കൂടിയുള്ള ആഗ്യം കാണിച്ച കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. എരുമേലി വണ്ടൻപതാൽ ഭാഗത്ത് വെള്ളുപ്പറമ്പിൽ വീട്ടിൽ ഷഹറിനെയാണ് (41) കാഞ്ഞിരപ്പള്ളി പോലീസ് അറസ്റ്റ് ചെയ്തത്.ഇയാൾ ഇയാൾ കഴിഞ്ഞ ദിവസം സ്കൂൾ വിട്ട് വീട്ടിലേക്ക് പോവുകയായിരുന്ന പ്രായപൂർത്തിയാകാത്ത ആൺകുട്ടിയുടെ നേരെ ലൈംഗികച്ചുവയോടു കൂടിയുള്ളആംഗ്യം കാണിക്കുകയും, കുട്ടിയെ പിന്തുടരുകയുമായിരുന്നു. പരാതിയെ തുടർന്ന് കാഞ്ഞിരപ്പള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് എസ്.എച്ച്.ഓ ഫൈസലിന്റെ നേതൃത്വത്തിൽ ഇയാളെ അറസ്റ്റ് ചെയ്യുകയുമായിരുന്നു. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

# മുസ്‌ലിം ലീഗ് ചങ്ങനാശേരി മണ്ഡലം കൺവൻഷൻ ഇന്ന്

ചങ്ങനാശേരി: മുസ്‌ലിം ലീഗ് ചങ്ങനാശേരി നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ മണ്ഡലം കൺവെൻഷനും റിലീഫ് പ്രവർത്തനവും ഇന്ന് നടക്കും.
ഉച്ചകഴിഞ്ഞ് 3ന് ചങ്ങനാശേരി പട്ടത്തിമുക്കിലുള്ള ലീഗ് ഹൗസിൽ നടക്കുന്ന മണ്ഡലം കൺവൻഷൻ മുസ്‌ലിം ലീഗ് കോട്ടയം ജില്ലാ പ്രസിഡന്റ് അസീസ് ബഡായിൽ ഉദ്ഘാടനം ചെയ്യും. മണ്ഡലം പ്രസിഡന്റ് സി.എം റഹ്മത്തുള്ള അദ്ധ്യക്ഷത വഹിക്കും. ജില്ലാ ജനറൽ സെക്രട്ടറി റഫീഖ് മണിമല മുഖ്യപ്രഭാഷണം നടത്തും.
സംസ്ഥാന കൗൺസിൽ അംഗം കെ എൻ മുഹമ്മദ് സിയ, ജില്ലാ വൈസ് പ്രസിഡന്റ് പി.ടി സലിം, ജില്ലാ സെക്രട്ടറി സലിം പത്താണി, മണ്ഡലം ജനറൽസെക്രട്ടറി മുജീബ്, യുഡിഎഫ് സെക്രട്ടറി അഷ്റഫ് ഷൈനു ,ശിഹാബ് തങ്ങൾ റിലീഫ് കമ്മിറ്റി ചെയർമാൻ ബി.എ റഹ്മാൻ, കൺവീനർ ഷാജി ആലുങ്കൽ, എം.എസ്.എഫ് സംസ്ഥാന സെക്രട്ടറി ബിലാൽ റഷീദ് എന്നിവർ പ്രസംഗിക്കും.



*എരുമേലി മുക്കട റോഡിൽ വൈദ്യുതി പോസ്റ്റ് തകർന്നു വീണ് ഗതാഗതം തടസപ്പെട്ട നിലയിൽ.*

# കാറ്റിൽ അഴുതയിൽ വീട് തകർന്നു

## എരുമേലിയിൽ പോസ്റ്റ് വീണ് ഗതാഗതം മുടങ്ങി

എരുമേലി. പെട്ടെന്നുണ്ടായ കനത്ത മഴയിലും ശക്തമായ കാറ്റിലും വിവിധ ഇടങ്ങളിൽ വ്യാപക നാശം. എരുമേലി മുക്കട റോഡിലെ വനപാതയിൽ വൈദ്യുതി പോസ്റ്റ് തകർന്ന് റോഡിൽ വീണ് ഒരു മണിക്കൂറോളം ഗതാഗതം മുടങ്ങി. കിഴക്കൻ മേഖലയിലാണ് ഏറെ നാശനഷ്ടങ്ങൾ ഉണ്ടായത്. അഴുതമുന്നി കല്ലമ്മാക്കൽ ജോസിന്റെ വീടിനു മുകളിലേക്ക് മരം വീണു. ജോസിന്റെ അമ്പതോളം റബർ മരങ്ങൾ കാറ്റിൽ നശിച്ചു. ഇവിടെത്തന്നെയുള്ള വിശ്വകർമ പ്രാർത്ഥനാ മന്ദിരത്തിനും മരം വീണ് നാശനഷ്ടമുണ്ടായി. ഇന്നലെ രാവിലെ പതിനൊന്നര യോടെയാണ് കനത്ത കാറ്റും മഴയും ഉണ്ടായത്. നിരവധിപേരുടെ കൃഷികൾ നശിച്ചു. റബർ മരങ്ങളാണ് ഏറെയും നശിച്ചത്. എരുമേലി മുക്കട റോഡിലെ കരിമ്പിൻ തോട്ടിൽ വൈദ്യുതി പോസ്റ്റ് റോഡിലേക്ക് വീണ് ഗതാഗതം തടസ്സപ്പെട്ടതിനെ തുടർന്ന് എരുമേലി പോലിസ് എത്തി ഗതാഗതം ചെറുവള്ളി എസ്റ്റേറ്റ് റോഡിലൂടെ വഴി തിരിച്ചു വിട്ടു. കാഞ്ഞിരപ്പള്ളിയിൽ നിന്നെത്തിയ ഫയർ ഫോഴ്സ് യൂണിറ്റും മണിമല കെഎസ്ഇബി സെക്ഷൻ ജീവനക്കാരും ചേർന്ന് പൊട്ടി വീണ വൈദ്യുതി ലൈനുകളും പോസ്റ്റും നീക്കി.

## അസാപ് കോഴ്സ്

കോട്ടയം: കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് സംരംഭമായ കോട്ടയം പാമ്പാടി അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിന്റെ ആഭിമുഖ്യത്തിൽ പുതുപ്പള്ളി റബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്ന ലാബ് കെമിസ്റ്റ് കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.
കെമിസ്ട്രി ബിരുദമുള്ളവർക്കും കെമിസ്ട്രി ഒരു ഐച്ഛിക വിഷയമായി പഠിച്ചവർക്കും അപേക്ഷിക്കാം.
ഏതാനും സീറ്റുകൾ കൂടി ഒഴിവുണ്ട്. പഠനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര സർക്കാർ സർട്ടിഫിക്കറ്റും ലഭിക്കും. ഫോൺ 8921636122, 7736645206. വാട്സ്ആപ്പ് നമ്പർ: 9495999731

## സ്നേഹവീടുകൾ കൈമാറി അരുവിത്തുറ കോളേജ് എൻ.എസ്. എസ് യൂണിറ്റ്

ഈരാറ്റുപേട്ട: അരുവിത്തുറ സെന്റ് ജോർജ് കോളേജിലെ എൻ.എസ്. എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ എറണാകുളത്തിന്റെയും എം. ജി. യൂണിവേഴ്സിറ്റി എൻ.എസ്.എസ് സെല്ലിന്റേയും സഹകരണത്തോടെ നടത്തുന്ന 'സ്നേഹവീട് ' പദ്ധതിയുടെ ഭാഗമായി നിർധനരായവർക്ക് പണിതു നൽകുന്ന രണ്ടു ഭവനങ്ങളുടെ താക്കോൽ ദാനം നടന്നു. കോളേജ് പ്രിൻസിപ്പൽ പ്രൊഫ. ഡോ സിബി ജോസഫ് കുടുബാംഗങ്ങൾക്ക് താക്കോലുകൾ കൈമാറി. ചടങ്ങിൽ കോളേജ് ബർസാർ ഫാ. ബിജു കുന്നക്കാട്ട്, വൈസ് പ്രിൻസിപ്പൽ ഡോ. ജിലു ആനി ജോൺ, ഐ.ക്യു.എ.സി കോർഡിനേറ്റർ ഡോ. സുമേഷ് ജോർജ്, എൻ എസ്സ് എസ്സ് പ്രോഗ്രാം ഓഫീസർമാരായ ഡോ. ഡെന്നി തോമസ്, മരിയ ജോസ്, എൻ എസ്സ് എസ്സ് വോളന്റിയർമാർ എന്നിവരും പങ്കെടുത്തു. പ്ലാശനാലിലും മീനച്ചിലിലുമാണ് ആദ്യ ഘട്ടത്തിൽ വീടുകൾ പൂർത്തിയായത്. മറ്റു നാലു ഭവനങ്ങളുടെ നിർമ്മാണം വിവിധ സ്ഥലങ്ങളായി പുരോഗമിക്കുയാണ്.പൂർണമായും പൊതു സമൂഹത്തിൽ നിന്നു മാത്രമായി 15 ലക്ഷത്തോളം രൂപ സമാഹരിച്ചാണ് എൻ. എസ്. എസ് യൂണിറ്റ് ഈ രണ്ടു ഭവനങ്ങൾ പൂർത്തീകരിച്ചത്.

# ആംബുലൻസും കെ.എസ്.ആർ. ടി. സി ബസും കൂട്ടിയിടിച്ച് 4 പേർക്ക് പരിക്ക്



*ദേശീയപാതയിൽ നെടുമാവിൽ കെ.എസ്.ആർ.ടി.സി. ബസുമായി കൂട്ടിയിടിച്ച് തകർന്ന ആംബുലൻസ്*

വാഴൂർ: ദേശീയപാതയിൽ നെടുമാവിൽ ആംബുലൻസും കൂട്ടിയിടിച്ച് രോഗിയടക്കം നാല് പേർക്ക് പരിക്ക്.
ആംബുലൻസ് ഡ്രൈവർ പൊൻകുന്നം സ്വദേശി ഇരവികുളം വീട്ടിൽ സാബു ( 52), ആംബുലൻസിൽ ഉണ്ടായിരുന്ന രോഗികടപ്പന പാടച്ചിറ വീട്ടിൽ മോളി, ഇവരുടെ ബന്ധുക്കളായ കൂട്ടിക്കൽ കുമ്പുക്കൽ വീട്ടിൽ സാബു, കൂട്ടിക്കൽ മൂലയിൽ വീട്ടിൽ രാഹുൽ സുരേഷ് എന്നിവർക്കാണ് പരിക്കേറ്റത്.ഇവരെ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.
ബുധനാഴ്ച ഉച്ചയ്ക്ക്ക്ക് 12.45 നായിരുന്നു അപകടം. സ്ട്രോക്ക് ബാധിച്ച് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ചികിത്സ തേടിയ മോളിയെ വിദഗ്ധ ചികിത്സക്കായി കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലേക്ക് കൊണ്ടുപോയ ആംബുലൻസാണ് അപകടത്തിൽ പെട്ടത്. നെടുമാവ് കവലയിൽ വച്ച് എതിർ ദിശയിൽ കുമളിയിലക്ക് വരികയായിരുന്ന കെ.എസ്.ആർ.ടി.സി ബസുമായി കൂട്ടിയിടിക്കുകയായിരുന്നു.
അപകടത്തെ തുടർന്ന് ദേശീയ പാതയിൽ ഗതാഗതം തടസപ്പെട്ടു.അപകടത്തെ തുടർന്ന് ആംബുലൻസിൽ കുടുങ്ങിയ ഡ്രൈവർ സാബുവിനെ രക്ഷാ പ്രവർത്തനം നടത്തിയ നാട്ടുകാർ വാഹനത്തിന്റെ മുൻവശം പൊളിച്ചാണ് പുറത്തെടുത്ത്.അപകടത്തിൽ രോഗിയായ മോളിക്ക് പരിക്കില്ല.എന്നാൽ ആംബുലൻസിൽ കുടുങ്ങിയ മോളി ഏറെ പാടുപെട്ടാണ് പുറത്തെടുത്തത്.
ആംബുലൻസ് ഡ്രൈവർ സാബുവിന് നട്ടെല്ലിനാണ് പരിക്ക്. രോഗിയുടെ ബന്ധു സാബുവിന്റെ കാല് ഒടിഞ്ഞു. രാഹുലിന് നിസാര പരിക്കേറ്റു.
ഇടിയുടെ ആഘാതത്തിൽ ആംബുലൻസിന്റെ മുൻഭാഗം തകർന്നു.പാമ്പാടിയിൽ നിന്നും അഗ്നിശമന സേനയും പള്ളിക്കത്തോട് പോലിസും സ്ഥലത്ത് എത്തിയിരുന്നു.

# മോഷണ കേസിൽ മൂന്നുപേർ അറസ്റ്റിൽ



*ശ്യാംകുമാർ,സച്ചു,സനൽ*

ചിങ്ങവനം: ഗോഡൗണിൽ സൂക്ഷിച്ചിരുന്ന ഐസ്ക്രീം നിർമ്മിക്കാൻ ഉപയോഗിക്കുന്ന മെഷീനുകൾ മോഷ്ടിച്ച കേസിൽ സഹോദരങ്ങൾ ഉൾപ്പെടെ മൂന്നു പേരെപോലീസ് അറസ്റ്റ് ചെയ്തു. ചിങ്ങവനം മണ്ണുംകൂനഭാഗത്ത് കൊച്ചുപറമ്പിൽ വീട്ടിൽ ശ്യാംകുമാർ കെ.എസ് (34),ചിങ്ങവനം പോളച്ചിറ ഭാഗത്ത്അമ്പാട്ടുതറയിൽ വീട്ടിൽ സച്ചു (30), ഇയാളുടെ സഹോദരനായ സനൽ (34) എന്നിവരെയാണ് ചിങ്ങവനം പോലീസ് അറസ്റ്റ് ചെയ്തത്. ഇവർ സംഘം ചേർന്ന് കഴിഞ്ഞദിവസം പനച്ചിക്കാട് കുഴിമറ്റം ഭാഗത്തുള്ള ഗോഡൗണിൽ സൂക്ഷിച്ചിരുന്ന ഐസ്ക്രീം നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന ഇരുമ്പിലും, പിച്ചളയിലും നിർമ്മിതമായ മെഷീനുകളും, അതിന്റെ പാർട്സുകളും മോഷ്ടിച്ചുകൊണ്ട് കടന്നു.പരാതിയെ തുടർന്ന് ചിങ്ങവനം പോലീസ് മോഷ്ടാക്കളെ തിരിച്ചറിഞ്ഞ് ഇവരെ പിടികൂടുകയുമായിരുന്നു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 13 വ്യാഴം
ഗൾഫ് ചന്ദ്രിക

## മികച്ച വിജയം നേടിയവരെ ആദരിച്ചു

നെടുമ്പാശ്ശേരി : എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെയും പ്രതിഭകളെയും കനിവ് കടലോലം ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആദരിച്ചു. പഞ്ചായത്ത് പ്രസിഡന്റ് സൈന ബാബു ചടങ്ങ് ഉദ്ഘാടനം ചെയ്തു. കനിവ് കടലോരം പ്രസിഡന്റ് സി.വി ബിജീഷ് അധ്യക്ഷനായിരുന്നു. വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച പ്രതിഭകളെ ജില്ലാ പഞ്ചായത്ത് അംഗം കെ.എൻ രവീന്ദ്രൻ ആദരിച്ചു. എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടികൾക്കുള്ള വിദ്യാഭ്യാസ അവാർഡുകൾ ബ്ലോക്ക് പഞ്ചായത്ത് അംഗം സി.കെ കാസിം വിതരണം ചെയ്തു. എൽ.എസ്.എസ് സ്കോളർഷിപ്പ് കരസ്ഥമാക്കിയ കുട്ടികൾക്കുള്ള അവാർഡുകൾ കുന്നുകര സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് വി.എസ് വേണു വിതരണം ചെയ്തു. പഠനോപകരണ വിതരണം യുവ സംരംഭക ഡോക്ടർ പ്രീജ നിർവഹിച്ചു. പഞ്ചായത്തംഗങ്ങളായ ജിജി സൈമൺ, സുധ വിജയൻ, രമ്യ സുനിൽ, ഷിഹാബ് മാഞ്ചേരി, ഷനിത ഷാനവാസ്, കെ.എസ് ഷാനവാസ്, പ്രവീണ അജികുമാർ, എം.യു ജലീൽ പ്രസംഗിച്ചു.

## അധ്യാപക ഒഴിവ്

മൂവാറ്റുപുഴ: കടാതി ഗവ.എൽ.പി സ്കൂളിൽ എൽ.പി എസ്.റ്റി അധ്യാപക ഒഴിവിലേയ്ക്ക് ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നു.

താൽപര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം 15ന് 12.30 ന് സ്കൂൾ ഓഫീസിൽ ഹാജരാകണം.

## കുസാറ്റ് ഗവേഷകന് ഫെലോഷിപ്പ്

കളമശ്ശേരി: കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ഷിപ്പ് ടെക്നോളജി വകുപ്പിലെ ഗവേഷകനായ രാഹുൽ കൃഷ്ണ എച്ച്. പ്രശസ്തമായ ഓഷ്യൻ ഫ്രോണ്ടിയർ ഇൻസ്റ്റിറ്റ്യൂട്ട് വിസിറ്റിംഗ് ഫെലോഷിപ്പിന് അർഹനായി. ഈ ഫെലോഷിപ്പ് ലഭിക്കുന്ന കുസാറ്റിലെ ആദ്യത്തെ ഗവേഷകനാണ് രാഹുൽ. കാനഡയിലെ മെമ്മോറിയൽ യൂണിവേഴ്സിറ്റി ഓഫ് ന്യൂഫൗണ്ട്ലാൻഡിൽ ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിൾസിനെപ്പറ്റി (എയുവി) രാഹുൽ കൃഷ്ണയുടെ ഫെലോഷിപ്പ് മെമ്മോറിയൽ യൂണിവേഴ്സിറ്റിയിലെ ഡോ. ടിംഗ് സോയുടെ മേൽനോട്ടത്തിൽ ജൂലൈയിൽ ആരംഭിക്കും.



### ബസ് സ്റ്റാൻഡിൽ ദുർഗന്ധം

# മൂക്ക്പൊത്തി ജനം കണ്ണടച്ച് നഗരസഭ

കോതമംഗലം : നഗരത്തിലെ ഏറ്റവും തിരക്കേറിയ ഭാഗമായ മുനിസിപ്പൽ പ്രൈവറ്റ് ബസ് സ്റ്റാന്റിലെത്തുന്ന യാത്രക്കാർക്ക് അസഹനീയ ദുർഗന്ധം മൂലം മൂക്കു പൊത്തിയേ ഇവിടെ നിൽക്കാനാവൂ. സ്റ്റാൻഡിലെ പൊതു ശൗചാലയത്തിന്റെ സേഫ്ടി ടാങ്ക് പൊട്ടിയൊലിച്ച് മലിനജലം പുറത്തേക്ക് ഒഴുകാൻ തുടങ്ങിയട്ട് നാളുകളേറെയായി. യാത്രക്കാരും സ്റ്റാൻഡിലെ വ്യാപാരികളും പലവട്ടം പരാതിപ്പെട്ടിട്ടും യാതൊരു നടപടിയും എടുക്കാതെ മുനിസിപ്പൽ ഭരണകൂടം കണ്ണടച്ചിരിക്കുന്നു.



ബസ് സ്റ്റാന്റിന്റെ പ്രവേശന കവാടത്തിൽ പുതിയ ടാങ്ക് നിർമ്മിച്ചെങ്കിലും നിലവിൽ ഉണ്ടായിരുന്ന ടാങ്കിലെ ചോർച്ച അടയ്ക്കുവാനോ കുഴി മൂടിക്കളയുവാനോ തയ്യാറാകാത്തതാണ് പ്രധാന പ്രശ്നം. സ്ത്രീകൾക്കായി പ്രത്യേകം ശൗചാലയം നിർമ്മിച്ചിട്ടുണ്ടെങ്കലും അതിന് പൂട്ട് വീണിട്ട് വർഷങ്ങളായി. നല്ല മഴയുള്ള സമയത്ത് സ്റ്റാന്റിലൂടെ ഒഴുകിയെത്തുന്ന ഈ മലിനജലത്തിലൂടെയാണ് നൂറുകണക്കിന് വിദ്യാർത്ഥികളും മറ്റ് യാത്രക്കാരും കടന്ന് പോകുന്നത്. വിദേശികൾ ഉൾപടെ നിരവധി വിനോദ സഞ്ചാരികളും ദിനേന ഇവിടെ എത്തുന്നുണ്ട്. ദൈവത്തിന്റെ സ്വന്തം നാടിനെയോർത്ത് മൂക്കത്തു വിരൽ വയ്ക്കാതെ അവർക്കും കടന്നു പോകാനാവില്ല.

ടാങ്കിന്റെ സ്ലാബിന് ഇടയിലൂടെ പുറത്തേക്ക് ഒഴുകി കെട്ടിക്കിടക്കുന്ന അഴുക്ക് വെള്ളത്തിൽ നിറയെ കൊതുകുകൾ വളരുകയാണ്. ഡെങ്കിപ്പനിയും, എലിപ്പനിയും, മഞ്ഞപ്പിത്തവും നാട്ടിൽ പടർന്ന് പിടിക്കുമ്പോഴും പട്ടണ നടുവിലെ മാലിന്യക്കൂമ്പാരം വൃത്തിയാക്കാൻ നഗരസഭക്ക് താൽപര്യമില്ല. നൂറുക്കണക്കിന് ആളുകൾ മലിനജലത്തിൽ ചവിട്ടിയാണ് ഇവിടെ കടന്ന് പോകുന്നത്. മലിനജലം ഒഴുകുന്നതും, കെട്ടിക്കിടക്കുന്നതും ഒഴിവാക്കുന്നതിനു നടപടി സ്വീകരിക്കണമെന്നും പൊതുജനങ്ങൾക്കു മൂക്കു പൊത്താതെ ബസ് സ്റ്റാൻഡിൽ വന്നു പോകാനുള്ള സാഹചര്യമൊരുക്കണമെന്നും വ്യാപാരികൾ ആവശ്യപ്പെട്ടു.

### ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതി

# റിവേഴ്സ് എഞ്ചിനീയറിങ്ങിന്റെ സാദ്ധ്യത തേടുന്നു

കോതമംഗലം : ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതിയ്ക്കായി ലഭ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും ബാക്കി ഉപകരണങ്ങൾ നിർമ്മിച്ചു നൽകുന്നതിന് ഇന്ത്യൻ കമ്പനികളുടെ സഹായത്താൽ റിവേഴ്സ് എഞ്ചിനീയറിങ് നടത്തി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള വഴികൾ കെ എസ് ഇ ബി തേടുന്നതായി മന്ത്രി കെ കൃഷ്ണൻകുട്ടി നിയമസഭയിൽ അറിയിച്ചു. ആന്റണി ജോൺ എം എൽ എ യുടെ ചോദ്യത്തിന് മറുപടിയായിട്ടാണ് നിയമസഭയിൽ ഇക്കാര്യം വ്യക്തമാക്കിയത്.



ഭൂതത്താൻകെട്ട് അണകെട്ട്

ചൈനീസ് സാങ്കേതിക വിദ്യയായിട്ടുള്ള ബൾബ് ടൈപ്പ് ടർബൈൻ പ്രകാരം കേരളത്തിലാദ്യമായി നിർമ്മിക്കുന്ന പദ്ധതിയായ ഭൂതത്താൻകെട്ട് മിനി ജല വൈദ്യുത പദ്ധതിയുടെ പൂർത്തീകരണം അനന്തമായി നീണ്ടുപോകുന്ന കാര്യം എം എൽ എ സഭയിൽ ശ്രദ്ധയിൽപ്പെടുത്തി. 2014ൽ പ്രവർത്തനം ആരംഭിച്ച ഭൂതത്താൻകെട്ട് ചെറുകിട ജല വൈദ്യുത പദ്ധതി (24ങണ/83.50) യുടെ 99 ശതമാനം സിവിൽ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്കു മാത്രമേ ചെയ്യാൻ സാധിക്കുകയുള്ളു.

പദ്ധതിയുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ 86 ശതമാനവും പൂർത്തികരിച്ചു. ചൈനയിൽ നിന്നും സാമഗ്രികൾ ഇറക്കുമതി ചെയ്യുന്നതിനായി കെ എസ് ഇ ബി ചൈനയിലെ ശ്രീശരവണ എഞ്ചിനീയറിംഗ് പ്രൈ ലിമിറ്റഡ്, ഹുനാൻ ഷയാംഗ് ജനറേറ്റിംഗ് എക്യുപ്മെന്റ് ലിമിറ്റഡ് എന്നീ രണ്ട് കമ്പനികളുമായി ചേർന്ന് ത്രികക്ഷി കരാറിൽ ഒപ്പിട്ടിട്ടുണ്ട്.

ഇനി പേയ്മെന്റിനായി ലെറ്റർ ഓഫ് ക്രെഡിറ്റ് കെ എസ് ഇ ബി തുറക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ടും അനുബന്ധ നടപടികൾ സംബന്ധിച്ചും അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടിയതായും മന്ത്രി അറിയിച്ചു. പദ്ധതിയ്ക്കായി ലഭ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതും ബാക്കി ഉപകരണങ്ങൾ നിർമ്മിച്ചു നൽകുന്നതിനും ഇന്ത്യൻ കമ്പനികളുടെ സഹായത്താൽ റിവേഴ്സ് എഞ്ചിനീയറിങ് നടത്തി പദ്ധതി പൂർത്തിയാക്കുന്നതിനുള്ള വഴികളും വൈദ്യുതി വകുപ്പ് തേടുന്നതായി മന്ത്രി നിയമസഭയിൽ അറിയിച്ചു.

## ദേശീയ വെൽനസ് കോൺക്ലേവ് നാളെ

കൊച്ചി: വെൽനസ് സൊല്യൂഷൻസ്, സൗഖ്യ ഫൗണ്ടേഷന്റെ സഹകരണത്തോടെ ആഗോളതലത്തിൽ സൗഖ്യ ചികിത്സാരംഗത്തുണ്ടയിട്ടുള്ള നൂതന സങ്കേതങ്ങളെ പരിചയപ്പെടുത്തുന്നതിനും 'ആരോഗ്യം നമ്മുടെ അവകാശമാണ്' എന്ന സന്ദേശം പ്രചരിപ്പിക്കുന്നതിനുമായി നാളെ ( വെള്ളിയാഴ്ച ) വൈകുന്നേരം 3 മണി മുതൽ 8 വരെ എറണാകുളം രവിപുരത്തുള്ള ഹോട്ടൽ മേഴ്സി എസ്റ്റേറ്റിൽ വെൽനസ് കോൺക്ലേവ് സംഘടിപ്പിക്കുന്നു. ഇതോടൊപ്പം വെൽനസ് സൊല്യൂഷൻസ് ഗ്രൂപ്പിന്റെ നവ സംരംഭമായ അഹം ഇൽനെസ് ടു വെൽനസ് പാലിയേറ്റീവ് കെയർ ഹോസ്പിറ്റലിന്റെ ഉദ്ഘാടനം റിട്ട. ജസ്റ്റിസ് ബി. കെമാൽ പാഷ നിർവ്വഹിക്കും. സൗഖ്യ ചികിത്സയിലൂടെ വിവിധ രോഗങ്ങളെ അതിജീവിച്ചവരെ റിട്ട. ജസ്റ്റിസ് സിറിയക് ജോസഫ് ആദരിക്കും. കോൺക്ലേവിലേക്കുള്ള പ്രവേശനം സൗജന്യമാണ്. താൽപ്പര്യമുള്ളവർക്ക് 93491 91713 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യാം.

## സർവീസിൽ നിന്നും വിരമിച്ചു

ആലുവ : നീണ്ട 41 വർഷക്കാലമായി തോട്ടുമുഖം സബ് പോസ്റ്റ് ഓഫീസിൽ നിന്നും സൈക്കിളിൽ മാറമ്പിള്ളി, സൗത്ത് വാഴക്കുളം ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളിലേക്ക് തപാലുകൾ എത്തിച്ചിരുന്ന മെയിൽ ക്യാരിയർ കുഞ്ഞുമോൻ പടിയിറങ്ങുന്നു. 1983ൽ തപാൽ സർവീസിൽ പ്രവേശിച്ച കുഞ്ഞുമോൻ ജോലി ആരംഭിച്ചത് മുതൽ സൈക്കിൾ ചവിട്ടിയാണ് തപാൽ ഉരുപ്പടികൾ ബ്രാഞ്ച് പോസ്റ്റ് ഓഫീസുകളിൽ എത്തിച്ചിരുന്നത്. തോട്ടുമുഖം സബ് പോസ്റ്റ് ഓഫീസിൽ നടന്ന കുഞ്ഞുമോന്റെ യാത്രയയപ്പ് സമ്മേളനത്തിൽ തോട്ടുമുഖം പോസ്റ്റ് മാസ്റ്റർ രമ്യ അദ്ധ്യക്ഷത വഹിച്ചു. ആലുവ ഡിവിഷൻ ഇൻസ്പെക്ടർ പോസ്റ്റ്സ് ജോബിൻ വർഗീസ്, അശോകൻ, ലാലൻ, ജോർജ്, ശങ്കരനാരായണൻ , ദിലീപ് , ആസിയാ, ആജമോൾ, ജോജി, ഗോപാലകൃഷ്ണൻ, സോജി , അനു, അഞ്ജലി ജയൻ , മരിയ ജോർജ് എന്നിവർ പ്രസംഗിച്ചു.

## മരണാനന്തര കുടുംബ സഹായനിധി

നെടുമ്പാശ്ശേരി : സിയാൽ ടാക്സി ബെനഫിഷറീസ് ഓർഗനൈസേഷന് കീഴിലെ അംഗങ്ങളുടെ മരണം മൂലം അനാഥമാകുന്ന കുടുംബങ്ങളെ സാമ്പത്തികമായി പിന്തുണ നൽകി സഹായിക്കുന്നതിന് വേണ്ടി സംഘടനയുടെ നേതൃത്വത്തിൽ മരണാനന്തര കുടുംബ സഹായനിധി എന്ന പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഉദ്ഘാടനം സംഘടനാ പ്രസിഡന്റ് അഡ്വ.ബി.എ.അബ്ദുൾ മുത്തലീബ് അവർകൾ നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് എം.എൻ.ഗോപി അദ്ധ്യക്ഷത വഹിച്ചു. അങ്കമാലി നഗരസഭാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി. വൈ. ഏല്യാസ്, പി.ജെ.ജോയി, എൽദോ യോഹന്നാൻ, എൽദോ.ടി.വൈ, വിനോദ് ചന്ദ്രൻ, പി.എ.ഡേവിസ്, എ.ഒ.തോമസ്, വി യു സിബി എന്നിവർ പ്രസംഗിച്ചു.

## ഹരിതകർമ്മ സേനക്ക് ട്രോളി

കാലടി: മലയാറ്റൂർ പഞ്ചായത്തിനെ മാലിന്യമുക്ത പഞ്ചായത്താക്കുകയെന്നലക്ഷ്യത്തോടെ 17 വാർഡിലെയും സേനക്ക് ഹരിതകർമ്മ സേനക്കൊരു ട്രോളിയെന്ന പദ്ധതിക്ക് തുടക്കം. വിതരണോദ്ഘാടനം പഞ്ചായത്ത് പ്രസിഡന്റ് വിൻസൻ കോയിക്കര നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ലൈജി ബിജു, സെലിൻ പോൾ, ഷിബു പറമ്പത്ത്, ബിജി സെബാസ്റ്റ്യൻ,സതി ഷാജി എന്നിവർ സംസാരിച്ചു.

## വിവിധ പദ്ധതികൾക്ക് തുടക്കമായി



ആയുർവേദ മരുന്ന് വിതരണ ക്ലിനിക്ക് മാതൃവന്ദനം പദ്ധതി പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.ജെ ജോമി ഉദ്ഘാടനം ചെയ്യുന്നു

ആലുവ : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് ഗവ: ആയുർവേദ ഡിസ്പെൻസറയിൽ60 വയസ്സിനു മുകളിലുള്ളവർക്കായി ആരോഗ്യ സംരക്ഷണത്തിനായി ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ നടപ്പാക്കുന്ന വയോ രക്ഷ പദ്ധതിക്കും ഗർഭിണികൾക്കും പ്രസവശേഷമുള്ള അമ്മമാർക്കും നവജാത ശിശുക്കൾക്കുമുള്ള ആയുർവേദ മരുന്ന് വിതരണ ക്ലിനിക്കിനും മാതൃവന്ദനം പദ്ധതിക്കും തുടക്കമായി. കുന്നുംപുറത്തുള്ള ചൂർണിക്കര പഞ്ചായത്ത് ഗവ ആയുർവേദ ഡിസ്പൻസറിയിൽ വെച്ച് നടന്ന ഉദ്ഘാടനം ജില്ല പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എം.ജെ ജോമി ഉൽഘാടനം ചെയ്തു. ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാജി സന്തോഷ് അദ്ധ്യക്ഷത വഹിച്ചു. മാതൃവന്ദനം പദ്ധതി ജില്ല പഞ്ചായത്ത് മെമ്പർ റൈജ അമീർ ഉദ്ഘാടനം ചെയ്തു. സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരായ ഷീല ജോസ്, മുഹമ്മദ് ഷെഫീക്ക്, റൂബി ജിജി, മെമ്പർമാരായ പി.എസ് യൂസഫ്, ലൈല അബ്ദുൾ ഖാദർ, രമണൻ ചേലാക്കുന്ന്, റംല അലിയാർ, മെഡിക്കൽ ഓഫീസർ ബിനു ജോർജ്, എച്ച്എംസി അംഗങ്ങളായ ജി.മാധവൻ കുട്ടി, വിജയൻ കുളത്തേരി, ബെന്നി ആളൂക്കാരൻ, അഷറഫ് പള്ളത്ത്, എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

## ഹൈബിക്ക് ആവേശകരമായ വരവേൽപ്പ്

മട്ടാഞ്ചേരി: ലോക സഭാ തെരഞ്ഞെടുപ്പിൽ ചരിത്ര വിജയം നേടിയ ഹൈബി ഈഡൻ വോട്ടർമാർക്ക് നന്ദി പറയാൻ കൊച്ചി മണ്ഡലത്തിലെത്തിയപ്പോൾ നൽകിയത് ആവേശകരമായ സ്വീകരണം. ബീച്ച് റോഡ് പപ്പങ്ങാ മുക്ക് ജംഗ്ഷനിൽ നിന്നാരംഭിച്ച പര്യടനം ജില്ലാ യു.ഡി.എഫ് ചെയർമാൻ ഡൊമനിക്ക് പ്രസന്റേഷൻ ഉൽഘാടനം ചെയ്തു. കൊച്ചി നിയോജക മണ്ഡലം യു.ഡി.എഫ് കൺവീനർ അക്ബർ ബാദ്ഷ അദ്ധ്യക്ഷത വഹിച്ചു. തെരഞ്ഞെടുപ്പ് കമ്മിറ്റി കൺവീനർ പി എച്ച് നാസർ, കോൺഗ്രസ് ജില്ലാ ജനറൽ സെക്രട്ടറിമാരായ കെ എം റഹിം, അജിത്ത് അമീർ ബാവ ,ബ്ളോക്ക് പ്രസിഡന്റ് വി എച്ച് ഷിഹാബുദ്ധീൻ, മുസ്‌ലിം ലീഗ് സംസ്ഥാന പ്രവർത്തക സമിതിയംഗം എൻ കെ നാസർ, മുസ്‌ലിം ലീഗ് മണ്ഡലം ജനറൽ സെക്രട്ടറി കെ എ നിയാസ്, വൈസ് പ്രസിഡന്റ് ടി കെ ഷഹീർ, ആർ.എസ്.പി നിയോജക മണ്ഡലം സെക്രട്ടറി കെ ബി ജബ്ബാർ, നഗരസഭാ ഹെൽത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ ടി കെ അഷറഫ്, കൗൺസിലർമാരായ ആന്റണി കുരിത്തറ, ഷൈല തദ്ദേവൂസ്, കെ എ മനാഫ്, ബാസ്റ്റിൻ ബാബു, എ എം അയൂബ്, എം എ മുഹമ്മദാലി, കെ എസ് പ്രമോദ്, ഷൈനി മാത്യു, അഗസ്റ്റസ് സിറിൾ, ദിനേഷ് കമ്മത്ത്, പി എ എം ബഷീർ, എൻ ഇ സുബൈർ, ഫവാസ് തങ്ങൾ എന്നിവർ പ്രസംഗിച്ചു.

വിവിധ ഡിവിഷനുകളിലെ നാൽപ്പതോളം കേന്ദ്രങ്ങളിൽ ഹൈബിക്ക് സ്വീകരണം നൽകി.



ഹൈബി ഈഡന് പന്ത്രണ്ടാം ഡിവിഷനിൽ യുഡിഎഫ് പ്രവർത്തകർ നൽകിയ സ്വീകരണം

## ടൗൺഹാൾ കുറ്റമറ്റതാക്കണമെന്ന്

മട്ടാഞ്ചേരി: ഒന്നരക്കോടി രൂപ വിനിയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്ന മട്ടാഞ്ചേരി ടൗൺഹാൾ കലാ സാംസ്കാരിക പരിപാടികൾക്ക് കൂടി അനുയോജ്യമായ രീതിയിൽ ശബ്ദസംവിധാനം കുറ്റമറ്റ രീതിയിൽ വേണമെന്ന് ശക്തമായ ആവശ്യം ഉയരുന്നു. നേരത്തേ ടൗൺഹാളിൽ റഫി നൈറ്റ് ഉൾപെടെയുള്ള മെഗാ പരിപാടികൾ നടന്നിരുന്നതാണ്. ശബ്ദ സംവിധാനം തകരാറായതോടെ ഏതാനും വർഷങ്ങളായി ഈ പരിപാടി എറണാകുളത്താണ് നടത്തുന്നത്. കൊവിഡുമായി ബന്ധപെട്ട് പ്രാഥമിക ചികിത്സ കേന്ദ്രമായി പ്രവർത്തിച്ച ടൗൺഹാൾ ഇതിന് ശേഷം തുറന്ന് പ്രവർത്തിച്ചിരുന്നില്ല. നാല് വർഷങ്ങൾക്ക് ശേഷമാണ് ബി.പി.സി.എല്ലിന്റെ സഹകരണത്തോടെ ഒന്നര കോടി രൂപ മുടക്കി ടൗൺഹാൾ നവീകരണത്തിലുള്ള ശ്രമങ്ങൾ തുടങ്ങിയിരിക്കുന്നത്. ആദ്യ ഘട്ട നവീകരണത്തിലാണ് ശബ്ദ സംവിധാനം തകരാറിലായത്.

നവീകരണത്തിനു മുമ്പ് ആദ്യ കാലത്ത് ടൗൺഹാളിൽ ഉണ്ടായിരുന്നത് പോലെ സൗണ്ട് പ്രൂഫ് സംവിധാനം വേണമെന്നും ഇതിനായി വിദഗ്ദരുടെ സഹായം തേടണമെന്നുമാണ് ആവശ്യം. പൊതുപ്രവർത്തകൻ ഹാരിസ് അബൂ ഇത് സംബന്ധിച്ച് അധികൃതർക്ക് നിവേദനം നൽകി.

## സ്കോഡ കുഷാഖ് ഒനിക്സ് ഓട്ടോമാറ്റിക് വിപണിയിൽ

കൊച്ചി: സ്കോഡ കുഷാഖ് ഒനിക്സിന്റെ സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനോടുകൂടിയ മോഡൽ വിപണിയിലെത്തി. ഈ വിഭാഗത്തിൽ ഏറ്റവും വില കുറഞ്ഞ കാറാണ് കുഷാഖ് ഒനിക്സ് ഓട്ടോമാറ്റിക്കെന്ന് സ്കോഡ ഓട്ടോ ഇന്ത്യ ബ്രാന്റ് ഡയറക്റ്റർ പീറ്റർ ജനേബ പറഞ്ഞു.

മുൻ മോഡലുകളില്ലാത്ത ഹിൽ ഹോൾഡ് കൺട്രോൾ, പാഡിൽ ഷിഫ്റ്റ് എന്നിവ പുതിയ ഒ നിക്സ് ഓട്ടോമാറ്റിക്കിലുണ്ട്.

## പഠനോപകരണ വിതരണം

കാലടി: ശ്രീമൂലനഗരത്തെ ജന നേതാക്കളായിരുന്ന കെ.എച്ച് ഹംസ,ബിജു അറക്കൽ,പി.എം അബ്ദുൽ റഹ്മാൻ എന്നിവരുടെ പന്ത്രണ്ടാം ചരമ വാർഷികദിനാചരണ ത്തോടാനുബന്ധിച്ച് യൂത്ത് കോൺഗ്രസ്സ് ശ്രീമൂലനഗരം മണ്ഡലം കമ്മിറ്റിയുടെയും നിയോജകമണ്ഡലം കമ്മിറ്റിയുടെയും നേതൃത്വത്തിൽ നോട്ട് ബുക്ക് ചലഞ്ചിലൂടെ സ്വരൂപിച്ച പഠനോപകരണങ്ങൾ കൈമാറി. ഇവ ഗവ. എൽ.പി സ്കൂൾ പ്രധാനാധ്യാപകന് മുനിസിപ്പൽ ചെയർമാൻ എം.ഒ ജോൺ കൈമാറുകയുണ്ടായി. ചടങ്ങിൽ യൂത്ത് കോൺഗ്രസ്സ് മണ്ഡലം പ്രസിഡന്റ് ജിനാസ് ജബ്ബാർ അധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി ലിന്റോ പി.ആന്റു, നിയോജകമണ്ഡലം പ്രസിഡന്റ് പി.എച്ച് അസ്‌ലം,ഡിസിസി ജനറൽ സെക്രട്ടറി അഡ്വ.പി.എൻ ഉണ്ണികൃഷ്ണൻ, പഞ്ചായത്ത് പ്രസിഡന്റ് വി.എം ഷംസുദ്ദീൻ,പി.കെ സിറാജ്,കെ.സി മാർട്ടിൻ,വി.വി സെബാസ്റ്റ്യൻ,മഞ്ചു നവാസ്,സുരേഷ് കുളങ്ങര,കെ.പി അനൂപ്, വിപിൻദാസ്,പി.വി വിനീത്,അനൂജ് എം. ജമാൽ,കാസിം മേത്തർ,സിറാജ് ഉസ്മാൻ,കാസിം മേത്തർ,പി.എസ് നവാസ്, അസീസ് എന്നിവർ സംബന്ധിച്ചു.

മട്ടാഞ്ചേരി: മട്ടാഞ്ചേരി: ഗവ: ഗേൾസ് ഹൈസ്കൂളിൽ വിദ്യാർത്ഥികൾക്ക് കൊച്ചിൻ ചാരിറ്റബിൾ സൊസൈറ്റി പഠനോപകരണങ്ങൾ വിതരണം ചെയ്തു. പ്രസിഡന്റ് സലീംഷുക്കൂർ സ്കൂൾ, അദ്ധ്യാപിക പി എം ഷീജയ്ക്ക് പഠനോപകരണങ്ങൾ കൈമാറി. സ്കൂൾ അദ്ധ്യാപകരായ കെ.എൽ.മാർഗരേറ്റ്, സ്മിത അരവിന്ദ്, പി.എം.ഷീജ, സൊസൈറ്റി പ്രവർത്തകരായ സുബൈബത്ത് ബീഗം, പി.എ. ഫാത്തിമ, എം.എൽ. ഷിബില, ടി.കെ. തനൂജ എന്നിവർ പ്രസംഗിച്ചു.

മട്ടാഞ്ചേരി: കൊച്ചിൻ വികസന വേദിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു. സ്മിത ബഷീർ ഉദ്ഘാടനം ചെയ്തു. ഇന്ദു ജ്യോതിഷ് അധ്യക്ഷത വഹിച്ചു.

# അങ്കമാലി വിമോചന സമര വെടിവയ്പ്പിന് 65 വയസ്

അങ്കമാലി: കേരള ചരിത്രത്തിലെ ഏറ്റവും പ്രമുഖ പ്രക്ഷോഭമായി ചരിത്രകാരന്മാർ വിലയിരുത്തുന്ന അങ്കമാലി വിമോചനസമരത്തിന് നേരെ പോലീസ് നടത്തിയ വെടിവയ്പ്പിന് ഇന്ന് 65 വർഷം തികയുന്നു. വിമോചനസമരത്തിന്റെ ഭാഗമായി 1959 ജൂൺ 13ാം തീയതി വെടിവെയ്പ്പ് പ്രതിഷേധങ്ങൾക്ക് ആക്കം കൂട്ടി അങ്കമാലി വിമോചന സമരത്തിന്റെ കേന്ദ്രമായി മാറി.

ജൂൺ 13ന് രാത്രി ഒമ്പതരയോടെയാണ് അങ്കമാലിയിൽ വെടിവെയ്പ്പ് നടന്നത്. 32 റൗണ്ട് വെടിവെപ്പ് നടന്നു. അഞ്ച് പേർ സംഭവ സ്ഥലത്തും രണ്ടു പേർ ആശുപത്രിയിലും മരിച്ചു. 45 പേർക്ക് പരുക്കേറ്റു. വെടിവയ്പിൽ കൊല്ലപ്പെട്ടവരെ അങ്കമാലി ലിറ്റിൽ ഫ്ലവർ ആശുപത്രി മോർച്ചറിയിലാണ് സൂക്ഷിച്ചത്. ഏഴു പേരാണ് അന്നു കൊല്ലപ്പെട്ടത്. കാലടി മാടശേരി ദേവസി, കൈപ്പട്ടൂർ കോച്ചാപ്പിള്ളി പാപ്പച്ചൻ, കൊറ്റമം കോലഞ്ചേരി പൗലോസ്, മുക്കടപ്പള്ളൻ വറീത്, കൊഴുക്കട്ട പുതുശേരി പൗലോ, ചെമ്പിശേരി വറീത്, കുരിപ്പറമ്പൻ വറീത് എന്നിവർ സമരത്തിന്റെ രക്തസാക്ഷികളായി.

ജൂൺ 14 ഞായറാഴ്ച മൃതദേഹങ്ങൾ വൻ ജനക്കൂട്ടത്തിന്റെ അകമ്പടിയോടെ അങ്കമാലി സെൻറ് ജോർജ് സീറോ മലബാർ ബസിലിക്കയിലെ സെമിത്തേരിയിൽ സംസ്കരിച്ചു .അന്നത്തെ ആർച്ച് ബിഷപ്പ് മാർ ജോസഫ് പാറേക്കാട്ടിൽ സംസ്കാരച്ചടങ്ങുകൾക്ക് നേതൃത്വം നൽകി. കേരളത്തിലെ ജനവികാരം വലിയ തോതിൽ സർക്കാരിനെതിരെയാകാൻ ഈ സംഭവം കാരണമായി.വിമോചന സമരം ശക്തിയാർജിച്ചു



അങ്കമാലി സെൻറ് ജോർജ് ബസിലിക്ക പള്ളിയിൽ വിമോചന സമര രക്തസാക്ഷികളെ അടക്കം ചെയ്തിരിക്കുന്ന കല്ലറ.

'അങ്കമാലി കല്ലറയിൽ, ഞങ്ങടെ സോദരരുണ്ടെങ്കിൽ, ആ കല്ലറയാണേ കട്ടായം,പകരം ഞങ്ങൾ ചോദിക്കും'. കേരള സംസ്ഥാനം മുഴുവൻ രോഷാകുലമായ ഇത്തരം മുദ്രാവാക്യങ്ങൾ അലയടിച്ചു. അങ്കമാലി സെന്റ് ജോർജ് ഫൊറോന പള്ളിയും സെമിത്തേരിയും ചുരുങ്ങിയ കാലം കൊണ്ട് വിമോചന സമര കേന്ദ്രമായി മാറുകയായിരുന്നു. സമരം ആരംഭിച്ച് 51 ാം ദിവസം ഇ.എം.എസ് സർക്കാരിനെ കേന്ദ്രം പിരിച്ചു വിട്ടു. ഈ വെടിവെയ്പ്പിനെ കമ്മ്യൂണിസ്റ്റ് സർക്കാരിനെതിരായ രാഷ്ട്രീയ നീക്കത്തിനായി ഉപയോഗിച്ചു. ജൂൺ 13 മുതൽ ജൂലൈ 31 വരെ കേരളമാകെ സമരാഗ്നി ആളിക്കത്തി. ഭരണകൂട ഭീകരത കമ്മ്യൂണിസത്തിന്റെ കരിനിഴലിൽ എത്രകണ്ടു ബീഭത്സമാകും എന്നതിന്റെ തെളിവായിരുന്നു ഈ ഒന്നരമാസക്കാലം.

ഇന്ന് രാവിലെ 7ന് അങ്കമാലി ബസിലിക്ക പള്ളിയിൽ വിമോചന സമരരക്തസാക്ഷികൾക്കായി അനുസ്മരണ ദിവ്യബലിയും തുടർന്ന് അവരെ അടക്കം ചെയ്തിരിക്കുന്ന കല്ലറയിൽ അനുസ്മരണ പ്രാർത്ഥനയും തുടർന്ന് പ്രതികരണ വേദിയുടെ നേതൃത്വത്തിൽ അനുസ്മരണ സമ്മേളനവും നടത്തും. കമ്യൂണിസ്റ്റ് സർക്കാരിന്റെ തെറ്റായ വിദ്യാഭ്യാസ, മദ്യ നയങ്ങൾക്കും ഭരണകൂട ഭീകരതയ്ക്കുമെതിരേ നടത്തിയ പ്രതിഷേധ സമരമാണ് വിമോചന സമരമായി അറിയപ്പെടുന്നത്.

## കുപ്രസിദ്ധ മോഷ്ടാവ് അറസ്റ്റിൽ

കൊച്ചി: കേരളത്തിലെ റെയിൽവേ പൊലീസ് സ്റ്റേഷനുകളിലും, മറ്റ് ലോക്കൽ പൊലീസ് സ്റ്റേഷനിലും പിടിച്ചുപറിയും മോഷണവും ഉൾപ്പെടെ അനേക കേസുകളിലെ പ്രതിയും കുപ്രസിദ്ധ മോഷ്ടാവുമായ കർണാടക സ്വദേശി ശ്രീനിവാസനെ തിരുവനന്തപുരം ആർപിഎഫ് ക്രൈം ഇൻറലിജൻസ് ബ്രാഞ്ച് വലയിലാക്കി. ഇന്നലെ രാവിലെ എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് ഇയാൾ പിടിയിലാകുന്നത്. 48,000/രൂപ വിലയുള്ള സ്മാർട്ട് ഫോണുകൾ ഇയാളിൽ നിന്ന് പിടിച്ചെടുത്തു. കഴിഞ്ഞദിവസം വൈകിട്ട് ആലുവ റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽ കയറാൻ നിന്ന യാത്രക്കാരിയുടെ ബാഗിൽ നിന്ന് എടുത്ത ഒരു മൊബൈലും, എറണാകുളം ടൗൺ റെയിൽവേ സ്റ്റേഷനിൽ ട്രെയിനിൽ കയറിക്കൊണ്ടിരുന്ന ഒരു യാത്രക്കാരിയുടെ ഫോണും ഉൾപ്പെടെയാണ് പിടിയിലായപ്പോൾ ഇയാളുടെ കൈവശം ഉണ്ടായിരുന്നത്. ഏകദേശം 27ൽ പരം കേസുകളിൽ ഇയാൾ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട്. തിരക്കുള്ള സ്റ്റേഷനുകളിൽ ട്രെയിനിൽ കയറുന്ന സമയം യാത്രക്കാർ അറിയാതെ അവരുടെ പണവും ആഭരണവും മൊബൈൽ ഫോണുകളും മോഷ്ടിച്ചെടുത്ത് ഉടനെ സ്ഥലം വിടുന്നതാണ് ഇയാളുടെ മോഷണ ശൈലി. പാലക്കാട്, ഷൊർണ്ണൂർ, തൃശ്ശൂർ, എറണാകുളം,കൊല്ലം തുടങ്ങിയ സ്ഥലങ്ങളിൽ ഇയാൾക്കെതിരെ അനേക കേസുകൾ ഉണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ 14 ദിവസത്തേക്ക് റിമാന്റ് ചെയ്തു.

## വേൾഡ് മലയാളി കൗൺസിൽ കേരള കൗൺസിൽ

കൊച്ചി: വേൾഡ് മലയാളി കൗൺസിൽ ഇന്ത്യ റീജിയന്റെ ഭാഗമായ കേരള കൗൺസിലിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഷീല തോമസ് ഐ എ എസ് (ചെയർപേഴ്സൺ), പ്രസാദ് കുഴിക്കാല (പ്രസിഡന്റ്), ടി ആർ ദേവൻ (സെക്രട്ടറി), ഡോ. മനോജ് കാളൂർ (ട്രഷറർ) എന്നിവർ സ്ഥാനമേറ്റു. ഗ്ലോബൽ പ്രസിഡന്റ് ജോൺ മത്തായി (ഷാർജ), ഇന്ത്യ റീജിയൻ ചെയർപേഴ്സൺ ഡോ. കെ ജി വിജയലക്ഷ്മി, പ്രസിഡന്റ് പി കൃഷ്ണകുമാർ, സെക്രട്ടറി ഡോ. അജിൽ അബ്ദുള്ള, വൈസ് പ്രസിഡന്റ് സി. കെ സുബൈർ എന്നിവരുടെ സാന്നിധ്യത്തിലാണ് ഭാരവാഹികൾ ചുമതലയേറ്റത്.



യൂത്ത് കോൺഗ്രസ് യൂത്ത് കെയർ പദ്ധതിയുടെ ഭാഗമായി പഠനോപകരണങ്ങൾ ആലുവ മുനിസിപ്പൽ ചെയർമാൻ എം ഓ ജോൺ ശ്രീമൂലനഗരം എൽ പി സ്കൂൾ ഹെഡ്മാസ്റ്റർ ബേബിക്ക് കൈമാറുന്നു

## അടൂർ പ്രകാശിന്റെ നന്ദി പര്യടനം

ആറ്റിങ്ങൽ: ആറ്റിങ്ങൽ പാർലമെന്റിൽ നിന്നും തെരെഞ്ഞെടുക്കപ്പെട്ട അടൂർ പ്രകാശ് എം. പി. യുടെ വോട്ടർമാർക്ക് നന്ദി പ്രകാശിപ്പിച്ചുകൊണ്ടുള്ള പര്യടന പരിപാടി ഇന്ന് രാവിലെ 9 മണിയ്ക്ക് വെഞ്ഞാറമൂട്ടിൽ നിന്ന് ആരംഭിക്കുമെന്ന് പാർലമെന്റ് തെരെഞ്ഞെടുപ്പ് കമ്മിറ്റി ചെയർമാൻ അഡ്വ. കരകുളം കൃഷ്ണപിള്ള അറിയിച്ചു.14 ന് ചിറയിൻകീഴ് 15 ന് നെടുമങ്ങാട്,16ന് കാട്ടാക്കട,22 ന്അരുവിക്കര ,23 ന് വർക്കല,29ന് ആറ്റിങ്ങലിൽ പര്യടന പരിപാടി സമാപിക്കും.പൊട്ടിപ്പൊളിഞ്ഞ് ശോചനീയമായ റോഡ് നവീകരണം വൈകുന്നു.

## നാലാം ലോകകേരള സഭ പൊതുസമ്മേളനം ഇന്ന്

തിരുവനന്തപുരം:ലോക കേരളസഭയുടെ നാലാം സമ്മേളനത്തിന് മുന്നോടിയായുള്ള പൊതുസമ്മേളനം ഇന്ന് വൈകിട്ട് 05 ന് കനകക്കുന്ന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സ്പീക്കർ എ.എൻ ഷംസീർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ രാജൻ, റോഷി അഗസ്റ്റിൻ, കെ. കൃഷ്ണൻകുട്ടി, എ.കെ. ശശീന്ദ്രൻ , കടന്നപ്പള്ളി രാമചന്ദ്രൻ, കെ.ബി ഗണേഷ് കുമാർ, വി ശിവൻകുട്ടി, ജി ആർ. അനിൽ, മേയർ ആര്യാ രാജേന്ദ്രൻ പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ എന്നിവർ സംസാരിക്കും. പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ മുഖ്യപ്രഭാഷണം നടത്തും. നോർക്ക റൂട്ട്സ് റസി. വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ, വൈസ് ചെയർമാൻ എം.എ യൂസഫലി, മറ്റ് ഡയറക്ടർമാർ എന്നിവരും ചടങ്ങിൽ സംബന്ധിക്കും.

## വില്ലേജ് ഓഫീസിനു മുന്നിൽ പ്രതിഷേധം

വെള്ളനാട്: മരുമകൾക്ക് പി എസ് സിയിൽ ഹാജരാകാൻ ജാതി സർട്ടിഫിക്കറ്റ് നൽകിയില്ലെന്ന് ആരോപിച്ച് വെള്ളനാട് ബ്ലോക്ക് പഞ്ചായത്തംഗം കമലരാജ് വില്ലേജ് ഓഫീസിന് മുന്നിൽ സമരം നടത്തി. ക്രിസ്ത്യൻ നാടാർ വിഭാഗത്തിലെ സർട്ടിഫിക്കറ്റ് വില്ലേജ് ഓഫീസർ നൽകാത്തതിനെ തുടർന്നാണ് പ്രതിഷേധം. ഇതിനിടെ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ഇന്ദുലേഖ, കോൺഗ്രസ് ബ്ലോക്ക് പ്രസിഡണ്ട് ജ്യോതിഷ് കുമാർ, പഞ്ചായത്ത് പ്രസിഡന്റ് കെ.എസ് രാജലക്ഷ്മി, വൈസ് പ്രസിഡന്റ് വെള്ളനാട് ശ്രീകണ്ഠൻ, ചാങ്ങ സന്തോഷ്, പുതുക്കുളങ്ങര പ്രശാന്ത്, റോബർട്ട് തുടങ്ങിയവർ കപലരാജിന് പിന്തുണയുമായി വില്ലേജ് ഓഫീസറോട് സംസാരിച്ചു.

# തിരുവനന്തപുരം വാർത്തകൾ

## അഡ്വ: എം.എ. സിറാജുദ്ദീന് മാനവിക സേവനഅവാർഡ്

തിരുവനന്തപുരം: പ്രമുഖ സാമൂഹ്യ ജീവകാരുണ്യ പ്രവർത്തകനും ദുബായ് പെർഫെക്റ്റ് ഗ്രൂപ്പ് മാനേജിംഗ് ഡയറക്ടറും സഹനം ചാരിറ്റബിൾ ഫോറം ചെയർമാനുമായ അഡ്വ: എം.എ. സിറാജുദ്ദീന് മാനവിക സേവന അവാർഡ് നൽകാൻ കേരള മുസ്ലിം ജമാഅത്ത് കൗൺസിൽ തീരുമാനിച്ചു. ജമാഅത്ത് കൗൺസിൽ സ്ഥാപക നേതാവ് കാരയ്ക്കാമണ്ഡപം താജുദ്ദീൻ സ്മാരക അവാർഡാണ് നൽകുന്നത്.



25000 രൂപയും ഫലകവും പ്രശസ്തി പത്രവുമാണ് അവാർഡ്. ജൂലൈ 7ന് തിരുവനന്തപുരത്ത് മസ്കറ്റ് ഹോട്ടലിൽ നടക്കുന്ന പൊതുചടങ്ങിൽ വച്ച് അവാർഡ് നൽകുമെന്ന് അവാർഡ് കമ്മിറ്റി ചെയർമാൻ ഗുൽസാർ അഹമ്മദ് അറിയിച്ചു.

## ലോക കേരള സഭയുടെ പ്രസക്തി നഷ്ടപ്പെട്ടു: ഇൻകാസ്

തിരുവനന്തപുരം: ലോക കേരള സഭയുമായി ബന്ധപ്പെട്ട് അധികൃതർ ഉത്തരവാദിത്വം കാണിക്കണമെന്ന് ഇൻകാസ് ദുബായ് സംസ്ഥാന സെക്രട്ടറി സി.സാദിഖ് അലി ആവശ്യപ്പെട്ടു. കഴിഞ്ഞ 3 സഭകളിലെ നിർദ്ദേശങ്ങളിൽ പ്രധാനപ്പെട്ട പലതും ഇതേവരെ നടപ്പാക്കിയില്ല. വിദേശത്തെ മേഖലാ സമ്മേളനങ്ങളിലെ ഓടിറ്റും മറ്റു കണക്കുകളും ഇതുവരെ പുറത്തുവിട്ടിട്ടില്ല. കോവിഡ് കാലത്ത് വിദേശത്ത് നടന്ന മരണങ്ങൾ സംബന്ധിച്ച് നോർക്കയും വ്യക്തമായ മറുപടി നൽകിയിരുന്നില്ല. മരിച്ചവരുടെ ആശ്രി തർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് അധികൃതർ ഒന്നും മിണ്ടുന്നില്ല.

കോവിഡ് കാലത്ത് 17 ലക്ഷത്തോളം മലയാളികൾ നാട്ടിലേക്ക് മടങ്ങി എന്ന് നോർക്ക പറഞ്ഞിരുന്നു. എന്നാൽ അവരിൽ 1,60,000ത്തോളം പേർക്കേ ചെറിയതോതിൽ എങ്കിലും സഹായം നൽകിയിരുന്നുള്ളൂ. ബാക്കി 15 ലക്ഷത്തിലധികം പേർക്ക് എന്തുകൊണ്ട് സഹായം നൽകിയില്ല. ഇങ്ങനെ പോയാൽ പിന്നെ ലോക കേരള സഭകൾ കൊണ്ട് പ്രസക്തിയില്ല. വെറുതെ ഭരണകൂടപ്രദർശനം കാണിക്കാനായി ഒരു ചടങ്ങ് ആവശ്യമില്ല-സാദിഖ് അലി ചൂണ്ടിക്കാട്ടി.

## ലോകകേരളം പോർട്ടൽ

തിരുവനന്തപുരം: ലോകത്തെമ്പാടുമുള്ള പ്രവാസികേരളീയർക്കായുള്ള ലോകകേരളം ഓൺലൈൻ പോർട്ടലിന്റെ (www.lokakeralamonline.kerala.gov.in) ഉദ്ഘാടനവും, കേരള കുടിയേറ്റ സർവേയുടെ പ്രകാശനവും ഇന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കും. തിരുവനന്തപുരം മാസ്കോട്ട് ഹോട്ടലിൽ (സിംഫണി ഹാൾ) രാവിലെ 10.30 നാണ് ഉദ്ഘാടന ചടങ്ങ്. കേരള നിയമസഭ സ്പീക്കർ എ എൻ ഷംസീർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മന്ത്രിമാരായ കെ രാജൻ, വി ശിവൻകുട്ടി, ജി ആർ അനിൽ, നോർക്ക റൂട്ട്സ് റസിഡന്റ് വൈസ് ചെയർമാൻ പി. ശ്രീരാമകൃഷ്ണൻ എന്നിവരും സംബന്ധിക്കും. ചടങ്ങിൽ ചീഫ് സെക്രട്ടറി ഡോ. വി വേണു സ്വാഗതവും, നോർക്ക വകുപ്പ് സെക്രട്ടറിയും ലോക കേരള സഭ ഡയറക്ടറുമായ ഡോ. കെ വാസുകി നന്ദിയും പറയും. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജി ഗോപിനാഥ്, ഐ.ഐ.എം.എ.!ഡി ചെയർ ഡോ.എസ്.ഇരുദയരാജൻ എന്നിവർ സംസാരിക്കും.

## പൊലീസ് സ്റ്റേഷന് മുന്നിൽ അതിക്രമം പ്രതി അറസ്റ്റിൽ

തിരുവനന്തപുരം : കട തല്ലി പൊളിക്കുകയും കടയുടമയെ ആക്രമിച്ച കേസിൽ അച്ഛനും മകനും പിടിയിൽ. പൂന്തുറ എസ്.എം ലോക്ക് സ്വദേശികളായ നിസാം മകൻ സുധീർ എന്നിവരാണ് പൂന്തുറ പൊലീസിന്റെ പിടിയിലായത്. പൂന്തുറ മാണിക്യവിളാകം സ്വദേശിയായ ഷാഹുൽ ഹമീദ് എസ്.എം ലോക്കിൽ നടത്തിവരുന്ന ചായ തട്ടിൽ ചൊവ്വാഴ്ച വൈകുന്നേരത്തോടെ നിസാം എത്തി ചായ കുടിച്ചു. ചായുടെ കാശ് ആവശ്യപ്പെട്ടപ്പോൾ കടയുടമയെ മർദിച്ചു. തുടർന്ന് സംഭവസ്ഥലത്ത് നിന്നും പോയ ഇയാൾ മകനുമായി ചേർന്ന് ആയുധവുമായി എത്തി കട അടിച്ച് തകർത്ത ശേഷം കടയുടമയെ മർദിച്ചു. നാട്ടുകാർ വിവരം അറിയിച്ചതിനെ തുടർന്ന് പൊലീസ് സ്ഥലത്ത് എത്തിയതോടെ ഇരുവരും രക്ഷപ്പെട്ടു. കടയുടമയുടെ പരാതിയെ തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇവരെ എറണാകുളം ചേലക്കരയിൽ നിന്നും പിടികൂടി. നിരവധി ക്രിമിനൽ കേസുകളിലെ പ്രതിയാണ് നിസാമെന്ന് പൊലീസ് പറഞ്ഞു.

## മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് വീണ്ടും അപകടം

ചിറയിൻകീഴ്: മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്ത് വീണ്ടും അപകടം.പുതുക്കുറിച്ചി സ്വദേശി നവാസിന്റെ ഉടസ്ഥതയിലുള്ള വള്ളമാണ് അപകടത്തിൽപ്പെട്ടത്. ബുധനാഴ്ച പുലർച്ചെ നാലര മണിയോടെയാണ് അപകടം. കടലിലേക്ക് പോകവേ അഴിമുഖത്തുണ്ടായ ശക്തമായ തിരയിൽപ്പെട്ട വള്ളത്തിലിടിച്ച് രണ്ട് തൊഴിലാളികൾക്ക് പരിക്കേറ്റു.

പുതുക്കുറിച്ചി സ്വദേശി സുധീർ (41), കൊല്ലം കൊച്ചഴീക്കൽ സ്വദേശി രാജുമോൻ (45) എന്നിവർക്കാണ് പരിക്കേറ്റത്. മുഖമിടിച്ച് വീണ സുധീറിന്റെ നാല് പല്ലുകളും നഷ്ടമായി. രാജുമോന്റെ കാലിനെ പൊട്ടലിനെ തുടർന്ന് സർജറി ചെയ്തു. ശക്തമായ തിരമാലകളെ തുടർന്ന് തിരികെ ഹാർബറിലേക്ക് വള്ളം എത്തിക്കാനായില്ല.ഇതോടെ ഒപ്പമുണ്ടായിരുന്നവർ കടൽ മർഗ്ഗം പരിക്കേറ്റവരെ തങ്കശ്ശേരി ഹാർബറിൽ എത്തിച്ച് കൊല്ലം മെഡിസിറ്റി ആശുപത്രിയിലേക്ക് മാറ്റുകയായിരുന്നു.

## മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് വാർഷികം

വെള്ളറട: കേരളത്തിലെ സഹകരണപ്രസ്ഥാനം ഇന്ന് നേരിടുന്ന പ്രതിസന്ധിപരിഹരിക്കുന്നതിന് ജില്ലാ സഹകരണബാങ്കുകൾ അടിയന്തിരമായി പുന:സ്ഥാപിക്കണമെന്ന് അഡ്വ. വിൻസന്റ് എം എൽ എ ആവശ്യപെട്ടു. മാരായാമുട്ടം സർവീസ് സഹകരണ ബാങ്കിന്റ 99ാം വാർഷികവും നൂറാമത് വാർഷിക ആഘോഷങ്ങളുടെ ഉദ്ഘാടനവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബാങ്ക് പ്രസിഡന്റ് എം എസ് പാർവതിയുടെ അധ്യക്ഷതയിൽനടന്ന ആഘോഷയോഗത്തിൽ ബ്രഹ്മശ്രീ സാന്ദ്രാനന്ദ സ്വാമികൾ ഭദ്രദീപം തെളിയിച്ചു. ബിഷപ്പ് ഡോ. ജോർജ് ഈപ്പൻ അനുഗ്രഹപ്രഭാഷണം നടത്തി. എ ഐ സി സി അംഗം നെയ്യാറ്റിൻകര സനൽ, ഡി സി സി ജനറൽ സെക്രട്ടറി മാരായമുട്ടം സുരേഷ്, ബാങ്ക് മുൻ പ്രസിഡന്റ് എം എസ് അനിൽ. ഗ്രാമപഞ്ചായത്ത് അംഗം കാക്കണം മധു, കോൺഗ്രസ് മണ്ഡലം പ്രസിഡന്റ് ബിനിൽ മണലുവിള, യൂത്ത് കോൺഗ്രസ് പെരുംങ്കടവിള മണ്ഡലം പ്രസിഡന്റ് അരുവിപ്പുറം കൃഷ്ണകുമാർ തുടങ്ങിയവർ പങ്കെടുത്തു.

## ഉന്നതവിജയം നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു

കണിയാപുരം: എസ്.എസ്.എൽ.സിക്കും പ്ലസ് ടുവിനും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മുസ്ലിം ലീഗ്-എം.എസ്.എഫ് കണിയാപുരം മേഖലയുടെ നേതൃത്വത്തിൽ അനുമോദിച്ചു. ലീഗ് സംസ്ഥാന പ്രവർത്തക സമിതി അംഗം അഡ്വ കണിയാപുരം ഹലിം ഉദ്ഘാടനം ചെയ്തു. നേതാക്കളായ ജില്ലാ സെക്രട്ടറി കന്യാകുളങ്ങര ഷാജഹാൻ, എസ്.എ വഹിദ്, കുന്നുംപുറം അഷറഫ്,തൊടിയിൽ ഹസ്സൻ, എം.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി ഗദ്ദാഫി വെമ്പായം, ആരിഫ് കണിയാപുരം ആഷിക്, താഹ, സർവകലാശാല കൗൺസിലർ ഫാത്തിമ, അൻസിൽ, അമീൻ എന്നിവർ സംസാരിച്ചു.



*ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മുസ്ലിം ലീഗ്-എം.എസ്.എഫ് അനുമോദിച്ചപ്പോൾ*

*കണിയാപുരം: എസ്.എസ്. എൽ.സിക്കും പ്ലസ് ടുവിനും ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ മുസ്ലിം ലീഗ്-എം.എസ്.എഫ് കണിയാപുരം മേഖലയുടെ നേതൃത്വത്തിൽ അനുമോദിച്ചു*

## ശിഹാബ് തങ്ങൾ പ്രാദേശിക മാധ്യമ പുരസ്കാര വിതരണവും വിദ്യാഭ്യാസ അനുമോദന ചടങ്ങും

നെടുമങ്ങാട്: മുസ്‌ലിംലീഗ്, യൂത്ത് ലീഗ്, എം എസ് എഫ് മുനിസിപ്പൽ കമ്മിറ്റികളുടെ സംയുക്ത ആഭിമുഖ്യത്തിൽ പത്താം കല്ലിൽ സംഘടിപ്പിച്ച ശിഹാബ് തങ്ങൾ പ്രാദേശിക മാധ്യമ പുരസ്കാരവിതരണവും, അനുമോദന ചടങ്ങും പി ഉബൈദുള്ള എം.എൽ.എ ഉദ്ഘാടനം ചെയ്തു. നെടുമങ്ങാട് മുനിസിപ്പൽ കമ്മിറ്റി പ്രസിഡന്റ് എച്ച് സിദ്ദീഖ് അധ്യക്ഷത വഹിച്ചു. നേതാക്കളായ അഡ്വ. കണിയാപുരം ഹലീം, എസ് എ വാഹിദ്, കന്യാകുളങ്ങര ഷാജഹാൻ, കുന്നുംപുറം അഷറഫ്, എസ് എഫ് എസ് എ തങ്ങൾ, പുലിപ്പാറ യൂസഫ്, ഫറാസ് മാറ്റപ്പള്ളി, സലിം, പീരുമുഹമ്മദ്,



*ശിഹാബ് തങ്ങൾ പ്രാദേശിക മാധ്യമ പുരസ്കാരവിതരണവും, അനുമോദന ചടങ്ങും പി ഉബൈദുള്ള എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു*

ഷിയാസ് പേരുമല, മുനീർ വാളിക്കോട്, പാളയം നിസാമുദ്ദീൻ തുടങ്ങിയവർ സംബന്ധിച്ചു. ചടങ്ങിൽ ശിഹാബ് തങ്ങൾ സ്മാരക പ്രാദേശിക മാധ്യമ പുരസ്കാരത്തിന് അർഹനായമാധ്യമ പ്രവർത്തകരെയും, മുസ്‌ലിംലീഗിന്റെ മുൻകാല നേതാക്കന്മാരെയും, സമൂഹത്തിൽ വ്യത്യസ്ത മേഖലകളിൽ കഴിവ് തെളിയിച്ച പ്രശസ്ത വ്യക്തിത്വങ്ങളെയും ആദരിച്ചു.

## ബാലന് പീഡനം

# 61 കാരന് 56 വർഷം കഠിനതടവും പിഴയും

തിരുവനന്തപുരം : 11കാരനെ ലൈംഗികമായി പീഡിപ്പിച്ച കേസിലെ പ്രതി പോത്തൻകോട് കല്ലൂരിൽ കുന്നുകാട് ദാറുസ്സലാം വീട്ടിൽ അബ്ദുൽ ജബ്ബാറിനെ(61 വയസ്സ്) 56 വർഷം കഠിനതടവും 75000 രൂപ പിഴയും വിധിച്ച് കോടതി. പിഴ തുക അടച്ചില്ലെങ്കിൽ ഒരു വർഷവും ഏഴ് മാസം കൂടുതൽ കഠിന തടവും അനുഭവിക്കണമെന്ന് തിരുവനന്തപുരം അതിവേഗ പ്രത്യേക കോടതി ജഡ്ജി ആർ. രേഖ വിധിച്ചു.

പിഴ തുക കുട്ടിക്ക് നൽകണമെന്ന് വിധിച്ചു. 2020 ഒക്ടോബർ മാസത്തിനും 2021 ജനുവരിക്കും ഇടയ്ക്കാണ് കേസിന് ആസ്പദമായ സംഭവം നടന്നത്.

അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിയായ കുട്ടി പ്രതിയുടെ വീട്ടിൽ പഠനത്തിന് പോകുമായിരുന്നു. ആ സമയം മറ്റ് കുട്ടികളെ വീട്ടിലെ ഹാളിൽ ഇരുത്തി എഴുതാൻ കൊടുത്തതിന് ശേഷം കുട്ടിയെ മാത്രം വീട്ടിലെ മറ്റൊരു മുറിയിൽ വിളിച്ച് വരുത്തി നിരന്തരം പീഡിപ്പിച്ചു എന്നതാണ് പ്രോസിക്യൂഷൻ കേസ്.

മൊബൈൽ ഫോണിൽ അശ്ലീല വീഡിയോ കാണിക്കുകയും ചെയ്തിരുന്നു. കുട്ടി പലപ്പോഴും എതിർത്തെങ്കിലും പ്രതി കൂട്ടാക്കിയില്ല. പുറത്ത് പറഞ്ഞാൽ കൊന്നുകളയും എന്ന് ഭീഷണിപെടുത്തിയതിനാൽ കുട്ടി ആരോടും പീഡന വിവരം പുറത്ത് പറഞ്ഞില്ല.

ഒടുവിൽ കുട്ടിയുടെ അനുജനെയും പ്രതിയുടെ വീട്ടിൽ പഠിക്കാൻ കൊണ്ടു പോകണം എന്ന് വീട്ടുകാർ പറഞ്ഞപ്പോൾ കുട്ടി സമ്മതിച്ചില്ല. തുടർന്ന് വീട്ടുകാർ അനുജനെ കൂടെ കൊണ്ടുപോകാൻ നിർബന്ധിച്ചപ്പോൾ ആണ് കുട്ടി പീഡനവിവരം വെളിപെടുത്തിയത്. ബാലനെ നിരന്തരമായി പീഡിപ്പിച്ച പ്രതി യാതൊരു ദയയും അർഹിക്കുന്നില്ല എന്ന് കോടതി വിധിന്യായത്തിൽ പറഞ്ഞു.

പ്രോസിക്യൂഷന് വേണ്ടി സെപ്ഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ആർഎസ് വിജയ് മോഹൻ ഹാജരായി. പ്രോസിക്യൂഷൻ 21 സാക്ഷികളെ വിസ്തരിച്ചു, 23 രേഖകളും 5 തൊണ്ടി മുതലുകളും ഹാജരാക്കി. പോത്തൻകോട് സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥരായ വി എസ് അജീഷ്, ഡി ഗോപി, ശ്യാം കെ എന്നിവരാണ് കേസ് അന്വേഷിച്ചത്.

## പെൺകുട്ടിയെ പീഡിപ്പിക്കാൻ ശ്രമം; സി.പി.ഐ നേതാവായ അധ്യാപകൻ പിടിയിൽ

കാട്ടാക്കട: സ്പെഷ്യൽ ട്യൂഷന് വീട്ടിലെത്തിയ പ്ലസ് ടു വിദ്യാർഥിനിയെ പീഡിപ്പിക്കാൻ ശ്രമിച്ച സി.പി.ഐ നേതാവായ അദ്ധ്യാപകൻ പോലീസ് പിടിലായി.കള്ളിക്കാട് മുകുന്ദറ സ്വദേശിയായ രാജേന്ദ്രൻ(41)ആണ് കഴിഞ്ഞ ദിവസം പിടിയിലായത്. കഴിഞ്ഞ ദിവസം അറസ്റ്റിലായ ഇയാളെ നിലവിൽ റിമാൻഡ് ചെയ്തിരിക്കുകയാണ്.കഴിഞ്ഞ ഞായറാഴ്ചയാണ് കേസിനാസ്പദമായ സംഭവം. രാജേന്ദ്രൻ വീടിനോട് ചേർന്ന് സ്പെഷ്യൽ ട്യൂഷൻ സെന്റർ നടത്തി വരികയായിരുന്നു. പരീക്ഷയിൽ ഒരു വിഷയം തോറ്റതിനെ തുടർന്നാണ് പെൺകുട്ടിയെ വീട്ടുകാർ സ്പെഷ്യൽ ട്യൂഷന് വേണ്ടി ഇവിടെ എത്തിച്ചത്.



*രാജേന്ദ്രൻ*

പഠനത്തിനായി എത്തിയപ്പോഴാണ് രാജേന്ദ്രൻ വിദ്യാർത്ഥിനിയെ കയറിപ്പിടിച്ചത്. ഇതോടെ പെൺകുട്ടി ഭയന്ന് നിലവിളിച്ച് പുറത്തേക്ക് ഓടുകയായിരുന്നു. മാതാപിതാക്കളേയും കുട്ടി വിവരം അറിയിച്ചു. തുടർന്നാണ് ചൈൽഡ് ലൈനിൽ വിളിച്ച് വിവരം അറിയിച്ചത്. നെയ്യാർ ഡാം പൊലീസ് സ്റ്റേഷനിൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇയാളെ അറസ്റ്റ് ചെയ്തത്. രാജേന്ദ്രൻ പെൺകുട്ടിയെ കുറിച്ച് അപവാദപ്രചരണം നടത്താൻ ശ്രമിച്ചുവെന്നും ആരോപണം ഉയർന്നിട്ടുണ്ട്.




*സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീന്റെ സദർ മുഅല്ലിം മദ്രസാ അധ്യാപക സംഗമം വിഴിഞ്ഞത്ത് ഓ എം എസ് തങ്ങൾ നിസാമി മേലാറ്റൂർ ഉദ്ഘാടനവും ചെയ്യുന്നു*

## മദ്റസാ അധ്യാപകർ മതത്തിന്റെ ജീവിക്കുന്ന മാതൃകകളാകണം. ഒ.എം.എസ്. തങ്ങൾ

തിരുവനന്തപുരം:സമസ്ത കേരള ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലകളിലും നടത്തിവരുന്ന സദർ മുഅല്ലിം മദ്രസാ അദ്ധ്യാപക സംഗമം വിഴിഞ്ഞം സിറാജുൽ ഇസ്ലാം ഓഡിറ്റോറിയത്തിൽ നടന്നു.ജില്ലാ പ്രസിഡന്റ് കണിയാപുരം അബ്ദുല്ലത്തീഫ് ബാഖവിയുടെ അധ്യക്ഷതയിൽ വിഴിഞ്ഞം സഈദ് മുസ്ലിയാർ പ്രാർത്ഥനയും ഓ എം എസ് തങ്ങൾ നിസാമി മേലാറ്റൂർ ഉദ്ഘാടനവും നിർവഹിച്ചു.

വിഴിഞ്ഞം സിറാജുൽ ഇസ്ലാം മദ്റസ പ്രസിഡന്റ് അബ്ദുൽ റസാഖ് പതാക ഉയർത്തി. 'മദ്റസാ അദ്ധ്യാപകർ ഇസ്ലാം മതത്തിന്റെ ജീവിക്കുന്ന മാതൃകകളാകണമെന്നും , പാഠപുസ്തകങ്ങളിൽ നിന്നല്ല അദ്ധ്യാപകരുടെ വാക്കും പ്രവർത്തിയും വീക്ഷിച്ചാണ് കുട്ടികൾ മതത്തെ മനസിലാക്കേണ്ടതെന്നും സ്നേഹം കൊണ്ടും നർമ്മം കൊണ്ടും വിദ്യാർത്ഥികളുടെ മനസ് കീഴടക്കാൻ ഉസ്താദ് മാർക്ക് സാധിക്കണമെന്നും ഒ.എം. എസ് തങ്ങൾ മേലാറ്റൂർ പറഞ്ഞു.വിവിധ പഠന ക്ലാസുകൾക്ക് കെ.എച്ച്. കോട്ടപ്പുഴ, പി കെ അബ്ദുൽ ഖാദർ ഖാസിമി , എ.ടി ഹുസൈൻ കുട്ടി മുസ്ലിയാർ നേതൃത്വം നൽകി.

സുബൈർ വഴിമുക്ക് മുഫത്തിശ് അഹ്മദ് റശാദി ചുള്ളിമാനൂർ , അഹമ്മദ് സിറാജി വഴിമുക്ക്, ഹാഫിസ് ഷറഫുദ്ദീൻ ബാഖവിചിറ്റാറ്റ് മുക്ക്, അർഷുദ്ദീൻ മുസ്ലിയാർ പറയത്തുകോണം സുലൈമാൻ സഖാഫി വിഴിഞ്ഞം,മുഹമ്മദ് ഷഫീഖ് ബാഖവികല്ലമ്പലം, ഹാഫിളുറഹ്മാൻ തുടങ്ങിയവർ സംസാരിച്ചു.

സമ്മേളനത്തിൽ ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കൗൺസിൽ 10 ലക്ഷം രൂപ ധനസഹായം നൽകിക്കൊണ്ട് ജില്ലയിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട മദ്രസ അധ്യാപകന് 2023 ൽ നിർമ്മിച്ച് നൽകിയ മുഅല്ലിം മൻസിൽ വീടിൻറെ താക്കോൽദാന കർമ്മവും, ഈ വർഷം 2024 ൽ സൗജന്യ ഭവന നിർമ്മാണ പദ്ധതിക്ക് വിഴിഞ്ഞത്തു നിന്നും തെരഞ്ഞെടുക്കപ്പെട്ട മദ്രസാ അധ്യാപകന് അനുവദിച്ച ഭവനത്തിന്റെ ആദ്യഘട്ട തുക കൈമാറലും ,ജില്ലയിലെ മുതിർന്ന ഉസ്താദുമാരെ ആദരിക്കലും കഴിഞ്ഞ വാർഷിക പരീക്ഷയിൽ ടോപ് പ്ലസ് നേടിയ വിദ്യാർത്ഥികളെ അനുമോദിക്കലും നടന്നു.ജില്ലാ ജനറൽ സെക്രട്ടറി ബീമാപള്ളി പീരുമുഹമ്മദ് മുസ്ലിയാർ സ്വാഗതവും അർശുദ്ദീൻ മുസ്ലിയാർ പറയത്ത് കോണം നന്ദിയും പറഞ്ഞു.

## ഇരട്ടകളുടെ എണ്ണം കൊണ്ട് ഈ സ്കൂൾ ശ്രദ്ധേയമാകുന്നു

പാലോട്: കൊല്ലയിൽ എസ്.എൻ.യു.പി സ്കൂളിൽ 10 ജോഡി ഇരട്ടകൾ. കൊല്ലായിൽ എസ്.എൻ.യു.പി സ്കൂൾ ഇരട്ട കുട്ടികളുടെ എണ്ണം കൊണ്ട് ശ്രദ്ധേയമാവുകയാണ്. 10 ജോഡി ഇരട്ടകളാണ് ഇവിടെ പഠിക്കുന്നത്.

ആറാം ക്ലാസിൽ 4 ജോഡി, അഞ്ചാം ക്ലാസിൽ 4 ജോഡി, ഏഴാം ക്ലാസിൽ 2 ജോഡി ഇരട്ടകളാണുള്ളത്. ആറാം ക്ലാസിൽ അമാൻ, അമാന ഫാത്തിമ, മുഹമ്മദ് ഹസൻ, മുഹമ്മദ് ഹുസൈൻ, ആദർശ്, അനാമിക, അഹന, അജൽന എന്നിവരും അഞ്ചാം ക്ലാസിൽ ഇവ, ഇവാൻ, റിഷിൻകൃഷ്ണ, ശ്രീലക്ഷമി, ഐതിനാസ്, ഇതിഹാസ്, ആരതി, ആരമി എന്നിവരും ഏഴാം ക്ലാസിൽ ധനശ്രീ, ആത്മി, മുംതാസ്, മുഹ്സിന എന്നിവരാണ് ഇരട്ടകളായുള്ളത്. പുറമെ നിന്ന് കാണുന്നവർക്ക് ഒറ്റനോട്ടത്തിൽ പരസ്പരം മനസിലാവില്ലെങ്കിലും അദ്ധ്യാപകർക്ക് ഇവരെ തിരിച്ചറിയാൻ പ്രയാസമില്ല. കുട്ടികൾ എല്ലാവരും മിടുക്കരും പഠന കാര്യങ്ങളിൽ സജീവമായി പങ്കെടുക്കുന്നവരുമാണെന്ന് പ്രഥമാദ്ധ്യപകൻ മുഹമ്മദ് നിസാം പറയുന്നു.



*കൊല്ലയിൽ എസ്.എൻ.യു.പി സ്കൂളിലെ ഇരട്ടകൾ*

## കാറ്റിലും മഴയിലും പനച്ചമൂട്ടിൽ വ്യാപക നാശനഷ്ടം

വെള്ളറട: ഇന്നലെ ഉച്ചയോടെ ശക്തമായ മഴയ്ക്കൊപ്പം വീശിയടിച്ച ചുഴലി കൊടുങ്കാറ്റിൽ വ്യാപക നാശനഷ്ടം. പനച്ചമൂട് ലക്ഷംവീട് ലക്ഷം വീട് കോളനിയിൽ പഞ്ചായത്ത് അംഗം ഷാമിന്റെ വീടിന്റെ പുറത്ത് സമീപ പുരയിടത്തിലെ മരം കടപുഴകി വീണ് വീടിന് കേടുപാട് സംഭവിച്ചു.

വീടിന്റെ പുറത്ത് സ്ഥാപിച്ചിരുന്ന ഷീറ്റുകൾ പൊട്ടി ജനൽ ചില്ലുകൾ തകർന്നു. സൺ സൈഡ് വളർന്നു വ്യാപക നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. സമീപത്ത് പല വീടുകളുടെയും സമീപത്തായി നിൽക്കുന്ന മരങ്ങൾ കടപുഴകിവീണ് വ്യാപക നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.



*പനച്ചമൂട് ലക്ഷംവീട് ലക്ഷം വീട് കോളനിയിൽ ഷാമിന്റെ വീടിന്റെ പുറത്ത് മരം വീണപ്പോൾ*

വൈദ്യുതി ലൈനിന്റെ പുറത്തുകൂടെ മരംവീണ മരങ്ങൾ കെഎസ്ഇബി ജീവനക്കാർ എത്തി മുറിച്ച് മാറ്റി വൈദ്യുതി ബന്ധം പുന:സ്ഥാപിക്കാനുള്ള തയ്യാറെടുപ്പിലാണ്. ഇന്നലെ ഉച്ചയോടെ ഉണ്ടായ കാറ്റിലും മഴയിലും പ്രദേശത്ത് വ്യാപകമായ കൃഷിനാശം സംഭവിച്ചിട്ടുണ്ട്.

## റോഡ് തകർന്നു; നൂറോളം കുടുംബങ്ങൾ ദുരിതത്തിൽ

വിളപ്പിൽശാല:നൂറോളം കുടുംബങ്ങളുടെ ആശ്രയമായ റോഡ് വർഷങ്ങളായിട്ടും പൊട്ടി പൊളിഞ്ഞിട്ടും നന്നാക്കാൻ അധികൃതകർക്ക് മടി. സിപിഐ ജില്ലാ കമ്മിറ്റി അംഗവും ജില്ലാ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി അംഗവുമായ വിളപ്പിൽ രാധാകൃഷ്ണൻ താമസിക്കുന്ന വിളപ്പിൽ പഞ്ചായത്തിലെ ചൊവ്വള്ളൂർ വാർഡിൽ ഉൾപ്പെടുന്ന അഞ്ചു കിലോമീറ്ററിൽ അധികം ദൂരമുള്ള നെടുങ്കുഴി പരുത്തൻപാറ -മൈലാടി റോഡാണ് തകർന്നത്. കിഴക്കാം തുക്ക് കയറ്റിറക്കങ്ങൾങ്ങളും വളവുകളും നിറഞ്ഞ പ്രദേശത്ത് കനത്ത മഴയിൽ റോഡിന്റെ ഭാഗങ്ങൾ ഒക്കെ ഒലിച്ചു പോകുകയും വശങ്ങളിൽ അപകടകരമാം വിധം മുട്ടോളം ആഴത്തിൽ ഗർത്തങ്ങൾ രൂപപ്പെട്ട് ഗതികേട് ആയിട്ടും വിളപ്പിൽ പഞ്ചായത്തിനും ജില്ലാ പഞ്ചായത്തിനും പൊതുമരാമത്ത് വകുപ്പിനും അനക്കമില്ല. നാട്ടുകാരുടെ നിരന്തരമായ പരാതികൾക്ക് ഒടുവിൽ എംഎൽഎ ഫണ്ടിൽ നിന്ന് 6 കോടി ചെലവഴിച്ച് റോഡ് നവീകരണത്തിന് തീരുമാനം ആയെങ്കിലും പണി തുടങ്ങിയില്ല. കുടിവെള്ളത്തിനായി ജല ജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിച്ചു മാസങ്ങൾ പിന്നിട്ടിട്ടും അനുബന്ധ പണികൾ പൂർത്തികരിക്കാത്തതും, പൈപ്പ് ഇടുന്നതിനായി റോഡ് പൊളിച്ച ഭാഗം റീടാറിങ് ചെയ്യാനുള്ള പണം വാട്ടർ അതോറിറ്റി അനുവദിക്കാൻ തയാറാകാത്തതും കാരണമാണ് റോഡ് നവീകരണം നടക്കാത്തതെന്നാണ് പൊതുമരാമത്ത് വകുപ്പ്വിശദീകരണം. വാട്ടർ അതോറിട്ടി ആരോപണം നിഷേധിച്ചു. ഇതോടെ വെട്ടിലായിരിക്കുന്നത് ഈ റോഡിനെ ആശ്രയിക്കുന്ന ആയിരക്കണക്കിന് ആളുകളാണ്. നിലവിൽ രണ്ടു സർവീസ് കെഎസ്ആർടിസി നടത്തിയിരുന്നതിൽ റോഡ് താറുമാറായതോടെ ഒന്നാക്കി. വെള്ളനാട് ഡിപ്പോയിൽ നിന്നും വരുന്ന ഈ സർവീസും നിറുത്താനുള്ള ആലോചനയിലാണ്.



*നെടുങ്കുഴി പരുത്തൻപാറ-മൈലാടി റോഡ് തകർന്ന നിലയിൽ*




*നഗരത്തിൽ തൈക്കാട്ടെ പഴക്കമുള്ള കെട്ടിടം ഇടിഞ്ഞുവീണപ്പോൾ*

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 13 വ്യാഴം
ഗൾഫ് ചന്ദ്രിക



കുവൈറ്റിലെ അഗ്നിബാധ വേദനാജനകമാണ്... മലയാളികൾ ഉൾപ്പെടെ നിരവധി പേരാണ് മരണപ്പെട്ടിരിക്കുന്നത്. ധാരാളം പേർക്ക് പരുക്കേറ്റിരിക്കുന്നു. സംഭവത്തിന്റെ ദൃശ്യങ്ങൾ ഉള്ളുലക്കുന്നതാണ്. അടിയന്തിരമായി ഭരണകൂടങ്ങൾ രംഗത്തിറങ്ങി പ്രവർത്തിക്കണം. പ്രവാസികൾ നമ്മുടെ നാടിന്റെ ജീവവായുവാണ് എന്ന കാര്യം എല്ലാവർക്കുമറിയാം. ജീവിതം തേടി പോയവർക്കാണ് ദാരുണാനുഭവം സംഭവിച്ചിരിക്കുന്നത്. നമ്മളെല്ലാം അവർക്കൊപ്പം നിൽക്കണം.

– പി.കെ.കുഞ്ഞാലിക്കുട്ടി



കേരളത്തിൽ എൽ.ഡി.എഫിന് ഒപ്പവും കേന്ദ്രത്തിൽ എൻ.ഡി.എ മന്ത്രിയും ഉള്ള ഒരു പാർട്ടി ഇടതുമുന്നണിയിലുണ്ട്. അതിലാർക്കും ഒരു പ്രശ്നവുമില്ല. കേന്ദ്രമന്ത്രിയായി എച്ച്.ഡി കുമാരസ്വാമി സത്യപ്രതിജ്ഞ ചെയ്തു. ഇവിടെ അതേ ചിഹ്നവും പേരും കൊടിയും ഉപയോഗിക്കുന്നു. ഇവിടുത്തെ ജെ.ഡി.എസ് എൻ.ഡി.എയുടെ ഭാഗമാണെന്നല്ല പറഞ്ഞത്. പക്ഷേ, സാങ്കേതികമായി അവർ ആ പാർട്ടിയുടെ ഭാഗമാണ്. അവരുടെ നേതാവാണ് കേന്ദ്രത്തിൽ എൻ.ഡി.എ സർക്കാരിൽ മന്ത്രിയായിട്ടുള്ളത്. ജെ.ഡി.എസിന് എഴുപതോളം സ്ഥാനങ്ങൾ നൽകി. ഞങ്ങൾക്ക് അർഹമായതു പോലും നൽകുന്നില്ല.

– എം.വി ശ്രേയാംസ് കുമാർ



# തിങ്ങിനിറഞ്ഞ് പുക
# കോണിപ്പടിയിൽ വരെ മൃതദേഹങ്ങൾ

കുവൈത്ത് സിറ്റി: മലയാളികളടക്കം നിരവധി ഇന്ത്യക്കാരുടെ മരണത്തിനിടയാക്കിയ ദുരന്തത്തിന്റെ നടുക്കുന്ന കാഴ്ചകൾ വിവരിച്ച് ദൃക്സാക്ഷികൾ. പ്രാണ രക്ഷാർത്ഥം പുറത്തേക്ക് കടക്കാൻ പലരും നടത്തിയ ശ്രമങ്ങൾ വേദനാജനകമായിരുന്നുവെന്നാണ് ദൃക്സാക്ഷികൾ വിവരിക്കുന്നത്. തീപിടിത്തമുണ്ടായതിനു പിന്നാലെ കെട്ടിടത്തിന്റെ ഉൾവശമാകെ പുക നിറഞ്ഞതോടെ ശ്വാസം കിട്ടാതെ പലരും പ്രാണനു വേണ്ടി പിടഞ്ഞു. ചിലർ കെട്ടിടത്തിന്റെ നാലും അഞ്ചും നിലകൾക്ക് മുകളിൽ നിന്ന് പുറത്തേക്ക് ചാടി. രക്ഷപ്പെടാനുള്ള ഈ ശ്രമത്തിനിടെ ചിലർക്ക് ജീവൻ തന്നെ നഷ്ടമായി. മറ്റു ചിലർക്ക് ഗുരുതരമായി പരിക്കേറ്റു. നട്ടെല്ല് തകർന്നവർ വരെ ഇക്കൂട്ടത്തിലുണ്ടെന്നാണ് വിവരം. മറ്റു ചിലർ ജനലഴികൾക്കുള്ളിലൂടെ തല പുറത്തേക്കിട്ട് പ്രാണവായുവിന് പിടയുന്നത് കാണാമായിരുന്നു.

ഒരേ മുറിയിൽ തന്നെ ഒന്നിലധികം പേരുടെ ചേതനയറ്റ ശരീരങ്ങൾ കണ്ടെത്തി. പുറത്തേക്ക് ഓടി രക്ഷപ്പെടാനുള്ള ശ്രമത്തിനിടെ ജീവനറ്റ് കോണിപ്പടിയിലാണ് ചിലരുടെ മൃതദേഹങ്ങൾ കണ്ടെത്തിയത്.

ദുരന്തവിവരം അറിഞ്ഞയുടൻ തന്നെ രാജ്യത്തിന്റെ പല ഭാഗങ്ങളിൽ നിന്നുള്ള അഗ്നിശമന സേനാ യൂണിറ്റുകൾ കുതിച്ചെത്തിയിരുന്നു. അതിവേഗം തന്നെ തീ നിയന്ത്രണ വിധേയമാക്കാനും രക്ഷാ പ്രവർത്തകർക്ക് കഴിഞ്ഞു. അതേസമയം കെട്ടിടത്തിനകത്തും പുറത്തും നിറഞ്ഞ പുകയാണ് രക്ഷാ പ്രവർത്തനം ദുഷ്കരമാക്കിയത്. കനത്ത പുകയിൽ ശ്വാസം മുട്ടിയാണ് കൂടുതൽ പേരും മരിച്ചതെന്നാണ് വിവരം. ജീവൻ പണയം വച്ചാണ് രക്ഷാ പ്രവർത്തകർ കെട്ടിടത്തിന് അകത്ത് കുടുങ്ങിയവരെ പുറത്തെത്തിച്ചത്. രക്ഷാപ്രവർത്തനത്തിനിടെ അഞ്ച് അഗ്നിശമന സേനാംഗങ്ങൾക്ക് പരിക്കേറ്റു. പെട്ടെന്നു തന്നെ തീയണച്ച അഗ്നിശമന സേന അകത്ത് കുടുങ്ങിയവർക്ക് രക്ഷപ്പെടാനുള്ള മാർഗങ്ങൾ നിർദേശിച്ചു കൊണ്ടിരുന്നു. താഴേക്ക് ചാടുന്നതിനു പകരം കെട്ടിടത്തിന്റെ മുകൾ നിലയിലേക്ക് നീങ്ങാനാണ് ആദ്യം നിർദേശിച്ചത്. ഇതു വഴിയാണ് ഒട്ടേറെ പേർക്ക് ജീവൻ തിരിച്ചുകിട്ടിയത്. തുടർന്ന് കൂറ്റൻ ക്രെയിനുകൾ ഉപയോഗിച്ച് മുകൾ നിലയിൽ നിന്ന് ആളുകളെ ഒഴിപ്പിക്കുകയായിരുന്നു.

ദുരന്തം നടക്കുമ്പോൾ പലരും നല്ല ഉറക്കത്തിലായിരുന്നു. കറുത്ത നിറത്തിലുള്ള പുക കെട്ടിടത്തിനുള്ളിലാകെ നിറഞ്ഞതോടെ പലർക്കും കണ്ണു പോലും തുറക്കാൻ പറ്റാത്ത സ്ഥിതിയായി. എങ്ങോട്ട് ഓടി രക്ഷപ്പെടണമെന്നോ എന്ത് ചെയ്യണമെന്നോ അറിയാതെ തളർന്നു. 30 – 40 സെക്കന്റ് പോലും പിടിച്ചു നിൽക്കാൻ കഴിയാത്ത തരത്തിലാണ് കെട്ടിടത്തിന്റെ ഉൾവശമാകെ പുക നിറഞ്ഞതെന്ന് പരിക്കുകളോടെ രക്ഷപ്പെട്ടവരിൽ ചിലർ പറഞ്ഞു.

## കെട്ടിടത്തിലുണ്ടായിരുന്നത് 196 പേർ

### ഏറെയും മലയാളികൾ

കുവൈത്ത് സിറ്റി: രാജ്യത്തെ നടുക്കിയ ദുരന്തമുണ്ടായ മംഗഫിലെ തൊഴിലാളി ക്യാമ്പിൽ സംഭവം നടക്കുമ്പോൾ താമസിച്ചിരുന്നത് 196 പേരെന്ന് വിവരം. ഇതിൽ നല്ലൊരു പങ്കും മലയാളികൾ ആണന്നാണ് വിവരം. ആറു നില കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തൊഴിലാളി ക്യാമ്പിൽ താമസിച്ചിരുന്നവരെല്ലാം ഒരേ കമ്പനിയുടെ തൊഴിലാളികളാണ്. താഴെ നിലയിൽ പ്രവർത്തിക്കുന്ന അടുക്കളയിൽ നിന്നാണ് തീ പടർന്നതെന്നാണ് അഗ്നിശമനസേന നൽകുന്ന വിവരം. പാചക ആവശ്യത്തിനായി അടുക്കളയിൽ സംഭരിച്ചിരുന്ന 20ഓളം ഗ്യാസ് സിലിണ്ടറുകൾ പൊട്ടിത്തെറിച്ചതാണ് ദുരന്തത്തിന്റെ വ്യാപ്തി വർധിപ്പിച്ചത്. നിമിഷ നേരം കൊണ്ടു തന്നെ കെട്ടിടവും പരിസരവും പൂർണമായും പുകയിൽ മൂടി. കനത്ത പുക കാരണം ശ്വാസം മുട്ടിയാണ് ഭൂരിഭാഗം പേരും മരിച്ചത്. മരിച്ചവരിൽ പ്രാണ രക്ഷാർത്ഥം കെട്ടിടത്തിന്റെ മുകൾ നിലകളിൽ നിന്ന് താഴേക്ക് ചാടി രക്ഷപ്പെടാൻ ശ്രമിച്ചവരും ഉൾപ്പെടും. താഴേക്കു ചാടിയ മറ്റു ചിലർക്ക് ഗുരുതരമായി പരിക്കേറ്റു. മരിച്ചവരെല്ലാം 20നും 50നും ഇടയിൽ പ്രായമുള്ളവരാണെന്നാണ് ആരോഗ്യ മന്ത്രാലയം നൽകുന്ന വിവരം.

തൊഴിലാളികളിൽ ഭൂരിഭാഗം പേരും ഉറക്കത്തിലായിരുന്നു. എന്താണ് സംഭവിച്ചതെന്നറിയാതെ പകച്ചു നിന്നതും താഴെ നിന്ന് തീപടർന്നതിനാൽ രക്ഷപ്പെടാനുള്ള എല്ലാ വഴികളും അടഞ്ഞതും ദുരന്തത്തിന്റെ വ്യാപ്തി വർധിപ്പിച്ചു. വിവരമറിഞ്ഞ് അഗ്നിശമന സേന സ്ഥലത്തെത്തുമ്പോഴേക്കും കെട്ടിടവും പരിസരവും പൂർണമായും പുകയാൽ മൂടപ്പെട്ടിരുന്നു. ഇത് രക്ഷാ പ്രവർത്തനം ദുഷ്കരമാക്കി.

### ആശ്വാസമെത്തിക്കണം:ഇ.ടി

കോഴിക്കോട്: കേന്ദ്ര കേരള സർക്കാരുകൾ ഫലപ്രദമായി ഇടപെട്ട് ആശ്വാസ നടപടികൾ ത്വരിതപ്പെടുത്തണമെന്ന് മുസ്‌ലിംലീഗ് ദേശീയ ഓർഗനൈസിംഗ് സെക്രട്ടറി ഇ.ടി മുഹമ്മദ് ബഷീർ എം.പി. പരിക്കേറ്റവരുടെ തുടർചികിത്സക്കും മറ്റ് അടിയന്തിര സഹായങ്ങൾക്കുമായി പ്രത്യേക സൗകര്യം ഉറപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

### സഹായം ഉറപ്പ് വരുത്തണം: പി.എം.എ സലാം

മലപ്പുറം: കുവൈറ്റ് അഗ്നിബാധയിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബത്തിനും പരുക്കേറ്റവർക്കും എല്ലാ സഹായവും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഉറപ്പ് വരുത്തണമെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന ജന. സെക്രട്ടറി പി.എം.എ സലാം ആവശ്യപ്പെട്ടു. കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്ക് ചേരുന്നു. ആശുപത്രിയിലും മറ്റും ആവശ്യമായ സഹായ സഹകരണങ്ങൾക്ക് നേതൃത്വം നൽകാൻ കുവൈത്ത് കെ.എം.സി.സിക്ക് നിർദ്ദേശം നൽകി.



അപകടത്തിൽ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുന്നവരെ ഇന്ത്യൻ സ്ഥാനപതി ആദർശ് സൈക്യ സന്ദർശിക്കുന്നു. കുവൈത്ത് കെ എം സി സി പ്രസിഡണ്ട് സയ്യിദ് നാസർ അൽ മഷ്ഹൂർ തങ്ങൾ, ജനറൽ സെക്രട്ടറി മുസ്തഫ കാരി സമീപം.

## വിദേശകാര്യ സഹമന്ത്രി കുവൈത്തിലേക്ക് തിരിച്ചു

കുവൈത്ത് സിറ്റി: കുവൈത്തിൽ തൊഴിലാളികളുടെ ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ 21 ഇന്ത്യക്കാർ മരിച്ചെന്ന സ്ഥിരീകരണത്തിന് പിന്നാലെ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിങ് കുവൈത്തിലേക്ക് തിരിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മരിച്ചവരുടെ ഭൗതിക ശരീരങ്ങൾ വിട്ടു കിട്ടുന്നതിനും നാട്ടിലെത്തിക്കുന്നതിനുമുള്ള നടപടികൾ ഏകോപ്പിക്കുന്നതിനും വേണ്ടിയാണ് മന്ത്രി ഇന്നലെ വൈകീട്ടോടെ തന്നെ കുവൈത്തിലേക്ക് തിരിച്ചത്. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചിച്ചു. ദുരന്തത്തിൽ അനുശോചനം രേഖപ്പെടുത്തുന്നതായി കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജെയ്ശങ്കർ അറിയിച്ചു. മലയാളി മാധ്യമ പ്രവർത്തകരുടെ കൂട്ടായ്മയായ മീഡിയ ഫോറം അനുശോചിച്ചു. കുവൈത്ത് കെ.എം.സി.സി സംസ്ഥാന കമ്മിറ്റി അഗാധമായ ദു:ഖം രേഖപ്പെടുത്തി.

## ആകാശ് മരണത്തിന് കീഴടങ്ങിയത് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടെ

പന്തളം: രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിലാണ് ആകാശ് എസ്. നായർ മരണത്തിന് കീഴടങ്ങിയത്. താഴത്തെ നിലയിൽ തീപിടുത്തമുണ്ടായപ്പോൾ നാലാം നിലയിലെ താമസക്കാരായ ആകാശ് എസ്.നായരും സുഹൃത്തുക്കളായ രണ്ടു മലയാളികളുമുൾപ്പെടെ നാലു പേരായിരുന്നു ഉണ്ടായിരുന്നത്. തീപിടുത്തത്തെ തുടർന്നുള്ള പുക ശ്വസിച്ച് പലരും അസ്വസ്ഥരായപ്പോൾ ആകാശും സുഹൃത്ത് ശങ്കരനും കെട്ടിടത്തിന്റെ പുറത്തേക്ക് ഓടി രക്ഷപ്പെടാൻ ശ്രമിച്ചു. ഇതിനിടയിൽ ആകാശ് കുഴഞ്ഞു വീഴുകയായിരുന്നു.

### സഹായമെത്തിക്കണം: സമസ്ത

കോഴിക്കോട്: കുവൈറ്റ് സംഭവത്തിൽ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ അനുശോചനവും ദുഃഖവും രേഖപ്പെടുത്തി. മരിച്ചവരുടെ കുടുംബങ്ങൾക്ക് ക്ഷമയും ചികിത്സയിൽ കഴിയുന്നവർക്ക് രോഗശമനവും ഉണ്ടാവട്ടെയെന്ന് പ്രസിഡന്റ് സയ്യിദ് മുഹമ്മദ് ജിഫ്‌രി മുത്തുക്കോയ തങ്ങളും ജനറൽ സെക്രട്ടറി പ്രഫ. കെ. ആലിക്കുട്ടി മുസ്‌ലിയാരും പ്രാർഥിച്ചു.

## പാർട്ടി കോട്ടകളിലെ സന്ദർശനത്തിൽ ഞെട്ടി സി.പി.എം

### കണ്ണൂരും തരണമെന്ന് സുരേഷ് ഗോപി

കണ്ണൂർ: പാർട്ടി കോട്ടകളിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ സന്ദർശനത്തിൽ ഞെട്ടി സി.പി.എം. കല്യാശ്ശേരിയുൾപ്പെടെ പാർട്ടി കേന്ദ്രങ്ങളിലാണ് ഇന്നലെ സുരേഷ് ഗോപി സന്ദർശനം നടത്തിയത്. പാർലമെന്റ് തിരഞ്ഞെടുപ്പിൽ തങ്ങളുടെ ശക്തി ദുർഗങ്ങൾ എന്നറിയപ്പെടുന്ന കേന്ദ്രങ്ങളിൽ വ്യാപകമായി വോട്ട് ചോർന്നതുമായി ബന്ധപ്പെട്ട ഞെട്ടലിനിടെയാണ് ബി.ജെ.പി നേതാവായ സുരേഷ് ഗോപിയുടെ സന്ദർശനം. കണ്ണൂരിലെത്തിയ സുരേഷ് ഗോപി കല്യാശ്ശേരിയിൽ മുൻ മുഖ്യമന്ത്രി ഇ.കെ നായനാരുടെ ഭാര്യ ശാരദ ടീച്ചറെയും സന്ദർശിച്ചു. കണ്ണൂർ ജില്ലയോട് തനിക്ക് പ്രത്യേക താൽപര്യമുണ്ടെന്നും കണ്ണൂരും തനിക്ക് തരണമെന്നുമാണ് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞത്.



അൽ ജസാ അക്കാദമിയുടെ 2024-25 അധ്യായന വർഷത്തെ പ്രവേശനോത്സവ ചടങ്ങിൽ ഇബാദ് സംസ്ഥാന സമിതി അംഗം മുനവ്വർ മലപ്പുറം ക്ലാസ് നയിക്കുന്നു

## അൽജസാ പ്രവേശനോത്സവം

അമ്പലപ്പുഴ:ദാറുൽ ഹുദാ ഇസ്ലാമിക് യൂണിവേഴ്സിറ്റിയുടെ കീഴിൽ നീർക്കുന്നം ഇജാബ ക്യാമ്പസിൽ പ്രവർത്തിക്കുന്ന അൽ ജസാ അക്കാദമിയുടെ 2024-25 അധ്യായന വർഷത്തെ പുതിയ ബാച്ച് വിദ്യാർഥികളുടെ പ്രവേശനോത്സവം സംഘടിപ്പിച്ചു.

മത ഭൗതിക സമന്വയ വിദ്യാഭ്യാസം നൽകുന്ന തെക്കൻ കേരളത്തിലെ പ്രമുഖ സ്ഥാപനമായ അൽ ജസാ അക്കാദമിയിൽ അഡ്മിഷൻ നേടിയ പ്ലസ് വൺ ഹ്യൂമാനിറ്റീസ് കൊമേഴ്സ് ഡിഗ്രി ബി.എ അറബിക് ബി.കോം വിദ്യാർത്ഥികളുടെ ക്ലാസ് ഉദ്ഘാടനം എസ്.കെ.എസ്.എസ്.എഫ് കൊല്ലം ജില്ല പ്രസിഡന്റ് സയ്യിദ് അലിയ്യുൽ ബുഖാരി തങ്ങൾ നിർവഹിച്ചു.

ഡയറക്ടർ ഹിലാൽ ഹുദവി അധ്യക്ഷനായി.ഇബാദ് സംസ്ഥാന സമിതി അംഗം മുനവ്വർ മലപ്പുറം ക്ലാസ് നയിച്ചു.മുജീബ് നിസാമി ഫാത്തിമ സനഇയ്യ ഫിദാ സനാഇയ്യ ഇഹ്സാന സനാഇയ്യ തസ്നി ടീച്ചർ മണ്ണഞ്ചേരി പങ്കെടുത്തു.

## തെക്ക് വടക്ക് സിനിമയുടെ പുതിയ ടീസർ പുറത്തുവിട്ടു

കൊച്ചി: സുരാജിന്റെ മുഖത്ത് അടിക്കുന്ന വിനായകൻ, തിരിച്ചടിക്കുന്ന സുരാജ് ആമുഖ വീഡിയോകൾ കൊണ്ട് ശ്രദ്ധേയമാകുന്ന തെക്ക് വടക്ക് സിനിമയുടെ ഏറ്റവും പുതിയ ടീസർ പ്രേക്ഷകരിലെത്തി. മൂന്നാമത്തെ ആമുഖ വീഡിയോ ഇരു താരങ്ങളുടേയും സിനിമയിലെ ഗെറ്റപ്പ് കൂടുതൽ വ്യക്തമാക്കുന്നതാണ്. സിനിമയുടെ ഴോണർ കൂടുതൽ വ്യക്തമാകുന്നതാണ് ഈ ആമുഖം. ഓഗസ്റ്റിൽ റിലീസ് ചെയ്യുന്ന സിനിമയുടേതായി പുതുമയുള്ള പ്രചാരണമാവുകയാണ് ഈ വീഡിയോകൾ. പ്രേം ശങ്കർ സംവിധാനം ചെയ്യുന്ന സിനിമ എസ്.ഹരീഷിന്റെ രാത്രി കാവൽ എന്ന കഥയെ ആസ്പദമാക്കിയാണ്. കോട്ടയം രമേഷ്, മെറിൻ ജോസ്, മെൽവിൻ ജി ബാബു, ഷമീർ ഖാൻ, വിനീത് വിശ്വം, സ്നേഹ, ശീതൾ, മഞ്ജുശ്രീ, ബാലൻ പാലക്കൽ, ജെയിംസ് പാറക്കൽ തുടങ്ങി മലയാള സിനിമയിലെ പുതിയ ചിരിത്താരങ്ങളാണ് വിനായകനും സുരാജിനുമൊപ്പം അണിനിരക്കുന്നത്. സാം സി.എസ് ഗാനങ്ങൾ ചിട്ടപ്പെടുത്തി പശ്ചാത്തല സംഗീതം ഒരുക്കുന്നു. സുരേഷ് രാജനാണ് ഡിഒപി. കിരൺ ദാസാണ് ചിത്രസംയോജനം. പ്രൊഡക്ഷൻ ഡിസൈൻ: രാഖിൽ, വരികൾ: ലക്ഷ്മി ശ്രീകുമാർ.

### വൃക്ഷപരിപാലനം

കാലടി: നടുവട്ടം സെന്റ് ആന്റണീസ് എൽ.പി സ്കൂളിൽ വൃക്ഷ പരിപാലനയജ്ഞത്തിനുതുടക്കമായി. സാഹിത്യകാരനും പരിസ്ഥിതി പ്രവർത്തകനുമായ ശ്രീമൻ നാരായണൻ ഉദ്ഘാടനം നിർവഹിച്ചു. .സെന്റ് ആന്റണീസ് സ്കൂൾ സ്ഥാപിതമായി 42 വർഷങ്ങൾ പൂർത്തിയാക്കിയതിൻെറ സ്മരണക്കായി 42 വൃക്ഷത്തൈകൾ നട്ടായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം. വികാരി ഫാ.തോമസ് നരികുളം അധ്യക്ഷത വഹിച്ചു. പ്രധാനാധ്യാപിക ജയ ടി. പോൾ,വാർഡ് മെമ്പർ പി.ജെ ബിജു, സുരേഷ്,വി. എഫ് മനു,കെ.ഒ ജോസഫ്,ജിൻസി ബിജു,കെ.എസ് ആന്റണി,ജനത പ്രദീപ്,സംസാരിച്ചു.



ചെട്ടികുളങ്ങര ദേവീക്ഷേത്രത്തിലെ ശ്രീദേവി പൗർണമി സംഘത്തിന്റെ ആഭിമുഖ്യത്തിലുള്ള സംഘടിപ്പിച്ച തിരുവാതിര ഉത്സവം

## വളർത്തുനായ പേവിഷബാധയേറ്റ് ചത്തു

### വീട്ടുടമക്കും നിരവധി മൃഗങ്ങൾക്കും കടിയേറ്റു

വീയപുരം: പേവിഷബാധയേറ്റ വളർത്തു നായ ചത്തു.

വെള്ളംകുളങ്ങരയിൽ വിഷ്ണുവിഹാറിൽ സതീഷ് കുമാറിന്റെ വളർത്തുനായ ആണ് ചത്തത്.

ഇതിന് മുമ്പ് തൊടൽ പൊട്ടിച്ച് നിരവധി തെരുവ് നായ്ക്കളെ കടിച്ചു.

വീട്ടുടമക്കും കടിച്ചു. കൂടാതെ പശു, പോത്ത് എന്നിങ്ങനെ നിരവധി വളർത്തു മൃഗങ്ങളെയും കടിച്ചിട്ടുള്ളതായി സ്ഥിരീകരിച്ചിട്ടുണ്ട്. വെള്ളംകുളങ്ങര, വാത്തുകുളങ്ങര പ്രദേശത്താണ് രാത്രിയിൽ ഇതിന്റെ ഉപദ്രവംഉണ്ടായത്.

വായിൽക്കൂടി നുരയുംപതയും വന്ന് ചത്ത നായ പേവിഷബാധയേറ്റതാണെന്ന മൃഗഡോക്ടറുടെ നിർദേശത്തെ തുടർന്ന് തിരുവല്ലയിലെ മഞ്ഞാടിയിലെ പക്ഷിനിരീക്ഷണ കേന്ദ്രത്തിലെ ലാബിൽ പോസ്റ്റ് മോർട്ടംചെയ്ത നായക്ക് പേവിഷബാധയാണെന്ന് സ്ഥിരീകരിച്ചത്.

വാർഡ് അംഗങ്ങളായ സുമതി, ജയകൃഷ്ണൻ, പൊതുപ്രവർത്തകൻ അനൂപ്ശേഖർ എന്നിവരുടെ നേതൃത്വത്തിൽ തെരുവ് നായ്ക്കളെ കണ്ടെത്തി പേവിഷബാധക്ക് എതിരെയുള്ള കുത്തിവെപ്പ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

മാസങ്ങളായി വീയപുരം ഗ്രാമപഞ്ചായത്തിൽ നായ്ക്കളുടെ ശല്യം രൂക്ഷമാണ്.

കഴിഞ്ഞ മാസം പള്ളിപ്പാട്ട് സ്കൂൾ കുട്ടി തെരുവ്നായുടെ കടിയേറ്റ് മരണപ്പെട്ടിരുന്നു.

കഴിഞ്ഞ ദിവസം നടുവട്ടം ഭഗവതിപ്പറമ്പിൽ മുരളീധരന്റെ കറവപശു പേവിഷബാധയേറ്റ് ചത്തിരുന്നു.

വീയപുരത്ത് ഒന്നാംവാർഡിൽ പിഞ്ചുകുഞ്ഞിനും രണ്ടാം വാർഡിൽ തൊഴിലുറപ്പ് തൊഴിലാളിക്കും ഒമ്പതാം വാർഡിൽ സ്കൂൾ വിദ്യാർഥിനിക്കും നായ്ക്കളുടെ കടിയേറ്റിരുന്നു.

ലൈസൻസില്ലാതെ വീടുകളിൽ നായ്ക്കളെ വളർത്തുന്നവരുടെ എണ്ണം ദിനംപ്രതി കൂടിവരികെയാണ്.

അതുപോലെ മറ്റ് പഞ്ചായത്തുകളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ വീയപുരത്തെ ആളൊഴിഞ്ഞ സ്ഥലങ്ങളിൽ കൊണ്ടുവിടുന്നതും തീറ്റ കിട്ടാതെവരുന്നതോടെ ഇവറ്റകൾ അക്രമാസക്തരാകുകയുംചെയ്യുന്നതായി നാട്ടുകാർ പരാതിപ്പെടുന്നു.

കഴിഞ്ഞമാസം 224 നായ്ക്കൾക്കും 23 പൂച്ചകൾക്കും പ്രതിരോധകുത്തിവെപ്പ് നടത്തിയതായി വെറ്ററിനറി ഡോക്ടർ അറിയിച്ചു.

എ.ബി.സി പദ്ധതിയിലേക്ക് വർഷാവർഷം ജില്ലാപഞ്ചായത്ത് നിർദേശിക്കുന്ന പണം അടക്കാറുണ്ടെന്നും ജില്ലാപഞ്ചായത്തുകൾ പ്രതിഷേധം വ്യാപകമാകുന്നതോടെ തെരുവു നായ്ക്കളെ പിടികൂടികൊണ്ടു പോയി വന്ധ്യകരണം നടത്തുകയും പിടിക്കപ്പെടുന്നതിനെക്കാൾകൂടുതൽനായ്ക്കളെ പിടിക്കപ്പെടുന്ന സ്ഥലങ്ങളിൽ കൊണ്ടുവിടുന്നതായും ആക്ഷേപമുണ്ട്.

വന്ധീകരണം ഫലപ്രദമല്ലെന്നും പ്രദേശവാസികൾ ആരോപിക്കുന്നു. അതേസമയം മൃഗങ്ങൾക്ക് പേവിഷബാധയേറ്റാൽ കുത്തിവെപ്പിനുള്ള വാക്സിൻ ആശുപത്രിയിലില്ലെന്നും പരാതി ഉയർന്നു.

കടിയേറ്റ മൃഗങ്ങൾക്ക് 200രൂപയോളംവിലയുള്ള വാക്സിൻ പുറത്തുനിന്ന് വാങ്ങിയെന്ന് നാട്ടുകാർപറയുന്നു.

ഈ പരാതി അടിസ്ഥാനരഹിതമാണെന്നും ആവശ്യത്തിന് വാക്സിൻ സ്റ്റോക്കുണ്ടെന്ന് പഞ്ചായത്ത് പ്രസിഡന്റ്ഷീജ സുരേന്ദ്രൻ അറിയിച്ചു.

## ഊട്ടി ടൂറിസത്തിന് ഉണർവേകി എം.കെ.ടി.എ വാർഷിക സമ്മേളനം

ആലപ്പുഴ: കേരളത്തിലെ ടൂർ ഓപ്പറേറ്റർമാരുടെ സംഘടനയായ മൈ കേരള ടൂറിസം അസോസിയേഷന്റെ (എം.കെ.ടി.എ) 22-ാമത് വാർഷിക സമ്മേളനം ഊട്ടി വിൻഡ്സർ ഹെയ്ഗ്ഡ്സ് ഹോട്ടലിൽ നടന്നു. ഊട്ടി ടൂറിസം ഡെസ്റ്റിനേഷൻ പ്രോമോഷന്റെ ഭാഗമായി മൂന്നു ദിവസങ്ങളിലായി നടന്ന മീറ്റിംഗിൽ കേരളത്തിലെ അറുപതോളം ടൂർ ഓപ്പറേറ്റർമാർ പങ്കെടുത്തു.

എം.കെ.ടി.എ പ്രസിഡന്റ് അനി ഹനീഫ്, സെക്രട്ടറി ദിലീപ് കുമാർ, രക്ഷാധികാരി രവികുമാർ, ജോയിന്റ് സെക്രട്ടറി പ്രദീപ് കുമാർ, വൈസ് പ്രസിഡന്റ് സുബോധ് ജോർജ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഡിക്രൂസ് ജോസ്, ജോജോ ജോർജ്, അരുൺ ബി.പിള്ള എന്നിവർ നേതൃത്വം നൽകി. സമ്മേളനത്തിന്റെ ഭാഗമായി ഉട്ടിയിലെ വിവിധ മേഖലകളിലുള്ള റിസോർട്ടുകളുടെയും ഹോട്ടലുകളുടെയും പ്രോപ്പർട്ടി പ്രദർശനവും അവതരണവും ഉണ്ടായിരുന്നു.




ഹാശിമിയ്യ ലാങ്ക്വേജ് സിറ്റിംഗ് എ.ടി.സി ഇന്റർ നഷണൽ ജനറൽ മാനേജർ ഇ.എൻ റിൻഷാദ് റബ്ബാനി ഉദ്ഘാടനം ചെയ്യുന്നു

## ഹാശിമിയ്യ 'ലാങ്ക്വേജ് സിറ്റിംഗ് 2024'

ആലപ്പുഴ: മത പണ്ഡിതൻമാർക്ക് വിവിധ ഭാഷാ പരിജ്ഞാനം ലക്ഷ്യം വച്ച് പ്രവർത്തിക്കുന്ന ഹാശിമിയ്യ ലാങ്ക്വേജ് സിറ്റിംഗ് എ ടി സി ഇന്റർ നഷണൽ ജനറൽ മാനേജർ ഇ എൻ റിൻഷാദ് റബ്ബാനി ഉദ്ഘാടനം ചെയ്തു.

പി കെ ബാദ്ഷ സഖാഫി അദ്ധ്യക്ഷത വഹിച്ചു. സയ്യിദ് ഹസൻ ബുഖാരി തങ്ങൾ, സയ്യിദ് റാസി ബുഖാരി, സയ്യിദ് നിസാർ അൽഹാദി, ആർ ഉമറുൽ ഫാറൂഖ് മഞ്ചേശ്വരം, എസ് സുബൈർ ഹാശിമി, പി എം ഖലീഫ ഹാശിമി, ഠ നൗഫൽ നർലടുക്ക, ഹാഫിസ് സെയ്നുൽ ആബിദീൻ, എ ത്വൽഹത്ത്, പ്രസംഗിച്ചു. ബുധൻ ,വ്യാഴം , വെള്ളി , ദിവസങ്ങളിലും ഉച്ചക്ക് 2 മുതൽ 4 വരെ സിറ്റിംഗ് ഉണ്ടായിരിക്കും. കെ ജാബിർ മുഹമ്മദ്, അഷ്റഫ് സഖാഫി റസ് വി, നേതൃത്വം നൽകും.

## സിവിൽ സർവീസ് പരിശീലനം

മുവാറ്റുപുഴ : നിർമ്മല കോളജ് സിവിൽ സർവീസ് അക്കാദമിയും എഎൽഎസും ചേർന്ന് വിദ്യാർഥികൾക്കായി സിവിൽ സർവീസ് പരിശീലനം നൽകുന്നു. എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂൾ കുട്ടികളുടെ ഫണ്ടമെന്റൽസ് ബാച്ച്, കോളജ് വിദ്യാർഥികൾക്കായുള്ള ഫൗണ്ടേഷൻ, റെഗുലർ ബാച്ചുകളിലേക്കാണ് അഡ്മിഷൻ. വിദ്യാർഥികൾക്കായി സ്കോളർഷിപ്പുകൾ, ഹോസ്റ്റൽ സൗകര്യം, ലൈബ്രറി, എ സി റീഡിങ് റൂം, വ്യക്തിഗത പരിശീലനം, മെന്ററിങ് എന്നീ സൗകര്യങ്ങളും ലഭ്യമാണ്. ഫോൺ : 9496065457, 9142396705.

## സ്വയം തൊഴിൽ പദ്ധതി

ആലപ്പുഴ: എംപ്ലോയ്മെന്റ് വകുപ്പ് അശരണരായ സ്ത്രീകൾക്ക് വേണ്ടി നടപ്പിലാക്കിവരുന്ന ശരണ്യ സ്വയം തൊഴിൽ പദ്ധതിയുടെ ആലപ്പുഴ ജില്ലാതല കമ്മിറ്റി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ എ.ഡി.എം. വിനോദ് രാജിന്റെ അധ്യക്ഷതയിൽ നടന്നു. ആകെ ലഭിച്ച 192 അപേക്ഷകളിൽ ഹാജരായ 112 അപേക്ഷകൾക്കു കമ്മിറ്റി പ്രാഥമിക അംഗീകാരം നൽകി. ജില്ല എംപ്ലോയ്മെന്റ് ഓഫീസർ ജി. ദീപു, അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ എം. ദീപ, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ സൗമ്യ ചന്ദ്രൻ, സെൽഫ് എംപ്ലോയ്മെന്റ് ഓഫീസർ മഞ്ജു വി. നായർ, കുടുംബശ്രീ പ്രോഗ്രാം മാനേജർമാരായ മിധു, പ്രഭ, പുറക്കാട് ഗവ.ഐ.ടി.ഐ. സീനിയർ ക്ലർക്ക് പി.ബി. സജി എന്നിവർ കമ്മിറ്റിയിൽ പങ്കെടുത്തു.

## മോഡൽ പോളിടെക്നിക്കിൽ ലക്ചർ

ആലപ്പുഴ: കരുനാഗപ്പള്ളി മോഡൽ പോളിടെക്നിക് കോളജിൽ സംവരണ വിഭാഗത്തിൽ ലക്ചർ ഇൻ ഇലക്ട്രോണിക്സ്, ലക്ചർ ഇൻ കമ്പ്യൂട്ടർ, ഡെമൺസ്ട്രേറ്റർ ഇൻ കമ്പ്യൂട്ടർ, ഡെമൺസ്ട്രേറ്റർ ഇൻ മെക്കാനിക്കൽ, ഡെമൺസ്ട്രേറ്റർ ഇൻ ഇലക്ട്രിക്കൽ, ട്രേഡ്സ്മാൻ ഇൻ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ പ്രോഗ്രാമർ തസ്തികകളിൽ താൽക്കാലിക ഒഴിവുണ്ട്. 24ന് 10.30ന് അഭിമുഖം. ഫോൺ: 9447488348.